

അധികാരം ജനങ്ങളിലേക്ക്

# കുണ്ടറ ഗ്രാമ പഞ്ചായത്ത്

## വികസന പത്രിക 1996

# നാന്ദി

ബന്ധങ്ങളുടെ ബലവും, സ്വപ്നങ്ങളുടെ നിറവും നഷ്ടമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം. അറിവും, ആത്മാർത്ഥതയും, അർപ്പണ ബോധവും നഷ്ടമാകുന്നിടത്ത്, ഉപഗ്രഹ ടി. വി. യും, ഷെയർമാർക്കറ്റും, മുലക്കുപ്പി - മാതൃത്വവും തഴച്ചു വളരുന്നു. വികസനമെന്നാൽ കച്ചവടവും, വിവേകശൂന്യമായ ഉപഭോഗ ഉല്പന്ന ഉല്പാദനവുമാണിന്ന്. ഇവിടെ നാം കണ്ണികൂടിക്കാൻ വകയില്ലാത്തവർ, കംപ്യൂട്ടറിന് മുന്നിലിരുന്ന് വികസന വിപ്ലവം സ്വപ്നംകാണുന്ന ജനതയായി മാറിയിരിയ്ക്കുന്നു. പ്രതീക്ഷ നഷ്ടപ്പെട്ട സാധാരണക്കാർ വ്യത്യസ്തങ്ങളായ അനേകം പ്രത്യയശാസ്ത്ര പരീക്ഷണങ്ങൾക്ക് വിധേയമായി തളർന്നിരിക്കുന്നു. ലോകത്താകെ സാധാരണക്കാരന്റെ പ്രതിസന്ധി അതിരൂക്ഷമായിരിക്കുന്നു. ഭാരതത്തിലാകട്ടെ സങ്കീർണമായ സാംസ്കാരിക, ഭാഷാ, സാമ്പത്തിക പ്രകൃതി, സംഘട്ടനത്തിന്റേയും, സഹവർത്തിത്വത്തിന്റേയും സമന്വയത്തിനായി പ്രവാചകനേയും കാത്തിരിക്കുന്നു.

ശാസ്ത്രത്തിന്റേയും, സാങ്കേതിക വിദ്യയുടേയും നേട്ടങ്ങൾ, മനുഷ്യ പ്രകൃതിയ്ക്ക് വിരുദ്ധമായി കച്ചവടസംസ്കാരം ലോകത്താകെ മാനവരാശിയ്ക്ക് എതിരായി പ്രയോഗിയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ലോകം വിരൽത്തുമ്പിലെന്ന് അഭിമാനിക്കുമ്പോൾ, അതിന്റെ അർത്ഥം കുമ്പിളിൽ കഞ്ഞികുടിക്കുന്ന കോരനും, അമേരിക്കൻ പ്രസിഡന്റ് ക്ലിന്റനും, സെല്ലുലാർ ഫോണിൽ കിന്നാരം പറഞ്ഞു ചിരിക്കുന്ന സമത്വസുന്ദര ലോകമെന്നല്ല, ലോകക്രമം ഗുരുതരവും അപകടകരവുമായ കേന്ദ്രീകരണത്തിലേക്ക് അതിവേഗം പാഞ്ഞടുക്കുന്നു

എന്നതാണ്. കേന്ദ്രീകരണം അധികാര ദുർവിനിയോഗത്തിനും, അഴിമതിയ്ക്കും, അസമത്വത്തിനും, ദാരിദ്ര്യത്തിനും കാരണമാകും. ലോകക്രമമാകെ കേന്ദ്രീകൃതവ്യവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യസ്നേഹവും, അഭിലാഷവുമുള്ള ജനതയാകെ ഒരു ജനകീയ രീതിയ്ക്കായുള്ള പ്രതീക്ഷയിലാണ്. കമ്മ്യൂണിസ്റ്റ് ചൈനയിൽപോലും വില്ലേജു ഗവണ്മെന്റുകൾ എന്ന ആശയം പരീക്ഷിക്കപ്പെടുന്നു. അധികാരത്തിന്റെ കൈവശാവകാശത്തിന് ഗൗരവതരവും, സങ്കീർണ്ണവുമായ ധാരാളം താത്വികമാനങ്ങളുണ്ട്. അതിന്റെ നീതിശാസ്ത്രങ്ങളും ഗൗരവതരങ്ങളാണ്. അധികാരം ജനങ്ങളിലേയ്ക്കു എത്തുമ്പോൾ, ഒപ്പം ആശങ്കകളും, താത്വിക തർക്കങ്ങളും ഉത്കണ്ടകളും അകമ്പടിക്കാരാകുന്നു. മുൻപ് പരിചിതമല്ലാതിരുന്ന ഒരു പുതിയ പന്ഥാവിലൂടെ കേരളം കടന്ന് പോവുകയാണ്. ആസൂത്രണത്തിന് പുതിയ കല്പന നൽകുമ്പോൾ പരമ്പരാഗതമായ രീതികളുടെ ഉടച്ചുവാർക്കൽ അനിവാര്യമാകുന്നു. ആകുലതകൾ ശേഷിക്കുന്നു. " സാമൂഹ്യമാറ്റം, ഒരു ആകസ്മിക പ്രക്രിയയല്ല, അത് ബോധപൂർവ്വം ചിട്ടപ്പെടുത്തേണ്ട പ്രവർത്തനമാണ്". സാമൂഹ്യമാറ്റത്തിന്, ഒറ്റ മൂലികളില്ല. പ്രതീക്ഷനിർഭരമായ ചിട്ടപ്പെടുത്തിയ പ്രവർത്തനമാണാവശ്യം.


ഭരണഘടനയുടെ 73, 74 ഭേദഗതികൾ മുൻപില്ലാതിരുന്ന ചില മാറ്റങ്ങൾക്ക് കാരണമായിരിക്കുന്നു. വോട്ടറന്മാരും ജനപ്രതിനിധികളും തമ്മിൽ വർഷത്തിൽ കുറഞ്ഞത് രണ്ടുതവണയെങ്കിലും, നാടിന്റെ കാര്യങ്ങൾ ചർച്ചചെയ്യാൻ 'ഗ്രാമസഭ' ചേരുന്നു എന്നത് ഒരു നല്ല മാറ്റമാണ്. ഈ അധികാരത്തിന് അനുബന്ധമാണ് ജനകീയാസൂത്രണപരിപാടി. ജനങ്ങളുടെ പരിപാടികൾ, ജനങ്ങൾ, ആവിഷ്കരിച്ച് ജനകീയമായി നടപ്പിലാക്കുന്ന പുതിയ ക്രമത്തിന്റെ ക്രമീകരണത്തിലാണ് കേരളം. ഈ പുതുയ സംരഭത്തെ തികഞ്ഞ ആത്മാർത്ഥതയോടെ ജനങ്ങൾ ഏറ്റെടുക്കുന്നു.' ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തെരഞ്ഞെടുത്ത, ജനങ്ങളുടെ 'ജനാധിപത്യ' വന്ന് ചേർന്നിട്ടുള്ള അപചയം ജനകീയാസൂത്രണ പ്രസ്ഥാനത്തെ കടന്നാക്രമിക്കുകയില്ലെന്ന് പ്രത്യാശിയ്ക്കുന്നു.

വിമർശനങ്ങൾ ഏറെയുണ്ടെങ്കിലും വളരെ പ്രത്യാശയോടെയാണ് ബഹുഭൂരിപക്ഷം വരുന്ന കേരള ജനത ജനകീയാസൂത്രണ പ്രസ്ഥാനത്തെ നോക്കിക്കാണുന്നത്. നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടന്ന് വരുന്ന പ്രവർത്തനങ്ങളിൽ ഒരു വിഭാഗം ജനങ്ങൾപോലും സംതൃപ്തരല്ല. ഭരണപരവും, നിയമപരവുമായ ഒട്ടനവധി പ്രശ്നങ്ങൾ, വികസനത്തിനും, നീതിപൂർവമായ വിതരണത്തിനും സാദ്ധ്യത നൽകുന്നതായിരുന്നില്ല. കേരള സംസ്ഥാന ആസൂത്രണസമിതിയും, ജനകീയാസൂത്രണ സമിതിയും, പദ്ധതി ആസൂത്രണത്തിലും, നടത്തിപ്പിലും ഒരു പുതിയ രീതി ആവിഷ്കരിക്കുകയും, അതിന്റെ സുഗമമായ നടത്തിപ്പിനായി ഭരണതലത്തിൽ, നിയമങ്ങളിലും, ചട്ടങ്ങളിലും എന്തൊന്നു മാറ്റങ്ങളാണ് വരുത്തേണ്ടതെന്നു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്ന പണിയിലാണ് 'ഡോ. സെൻ കമ്മിറ്റി'. ഈ രണ്ടുമേഖലയിലേയും പ്രവർത്തനം ഒരു പുതിയ സാമൂഹ്യമാറ്റത്തിന് തുടക്കമാകും. സാമൂഹ്യകാര്യങ്ങളിൽ ജനങ്ങൾക്ക് കുറെ കൂടി ഉത്തരവാദിത്വവും, പങ്കാളിത്തവും ഉണ്ടായിരിക്കുന്നു. ഈ ജനജാഗ്രത പദ്ധതി നടത്തിപ്പിലും ഉണ്ടായാൽ അഴിമതിയും, കാലതാമസവും, ഭരണപരമായ അലസതയും, ഒരു പരിധിവരെയെങ്കിലും ഒഴിവാക്കാൻ കഴിയും.

ജനകീയാസൂത്രണ പരിപാടിയുടെ ആവേശകരമായ തുടക്കമാണ് നമ്മുടെ ഗ്രാമ പഞ്ചായത്തിൽ കുറിച്ചത്. ഒന്നാംഘട്ട ശില്പശാലയിൽ മുഴുവൻ വാർഡുകളുടെ പങ്കാളിത്വവും ഉണ്ടായിരുന്നു. പുരുഷൻമാരും, സ്ത്രീകളും, ഉദ്യോഗസ്ഥൻമാരും പങ്കെടുത്തവരിൽ ഉൾപ്പെടുന്നു. ഗ്രാമ സഭകൾ സജീവമായിരുന്നു. ഉദ്യോഗസ്ഥപങ്കാളിത്വം ജനകീയാസൂത്രണപരിപാടിയിലാകെ ആശാവഹമായതോതിൽ തൃപ്തികരമായിരുന്നു.

ജനാധികാരജാഥ ഒരു ദിവസം പഞ്ചായത്തിൽ പര്യടനം നടത്തി. നവംബർ ഒന്നിന്റെ പുനരർപ്പണ ദിനത്തിൽ പഞ്ചായത്തിലെ അഞ്ചാം വാർഡിലെ റോഡിന്റെ പണി ആരംഭിച്ചു. രണ്ടാം ഘട്ട ശില്പശാല മോശമായിരുന്നു. പങ്കാളിത്വം വളരെ കുറവായിരുന്നു. റിപ്പോർട്ടു തയ്യാറാക്കലിന്റെ ഭാഗമായി ഉദ്യോഗസ്ഥ സംഗമം ചേരുകയും, വിവിധവകുപ്പുമേധാവികൾ എഴുതി തയ്യാറാക്കിയ രേഖകൾ എത്തിക്കുകയും ചെയ്തു. കാരണവയോഗം ചേരാൻ കഴിഞ്ഞില്ലെങ്കിലും, കാരണവൻമാരെ അവരവരുടെ വീടുകളിൽ ചെന്ന് കണ്ട് വിവരങ്ങൾ ശേഖരിയ്ക്കുകയുണ്ടായി. ഇത് ഒരു ആവേശകരമായ അനുഭവമായിരുന്നു. നമ്മുടെ ഗ്രാമത്തിന്റെ അറിയപ്പെടാത്ത ചരിത്രത്തിന്റെ വിസ്മയം വിതറുന്ന ധാരാളം ഏടുകൾ, രേഖകൾ, ചരിത്ര സ്മരണകൾ എല്ലാം വരും തലമുറയ്ക്ക് കൈമാറാനായി ഗ്രാമപഞ്ചായത്ത് ലൈബ്രറി 'പ്രാദേശികചരിത്ര പഠനകേന്ദ്ര'മായി ഉയർത്തുകയും, അതിന് പ്രസിഡന്റ് ചെയർമാനായി വിദഗ്ദ്ധരുടെ ഒരു കമ്മിറ്റി ഉണ്ടാവുകയും, ചരിത്രത്തിന് ഒരു സ്മാരകമാവുകയും ചെയ്യണം.

റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നിരവധിപേരുടെ സഹായം പല സന്ദർഭങ്ങളിലായി ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് സ്റ്റാഫിന്റെയും, പഞ്ചായത്ത് കമ്മിറ്റിയുടേയും, പഞ്ചായത്തുമായി ബന്ധപെട്ട വകുപ്പുമേധാവികളുടേയും സഹായവും സഹകരണവും ജനകീയാത്രൂസണ പരിപാടിയിലെ വിശാലമായ സഹകരണ പങ്കാളിത്തിന് നല്ലൊരു തുടക്കമാണ്. റിപ്പോർട്ട് സമഗ്രമാക്കാൻ സഹായിച്ച ജനകീയാസൂത്രണസമിതി ബ്ലോക്ക്തല കൺവീനറും, സംസ്ഥാനഫാക്കൾട്ടി അംഗവുമായ പി. വൈ. വർഗ്ഗീസ്, സെസ്സിലെ ശാസ്ത്രജ്ഞ ശ്രീമതി ഓ. ഗീത, പി.സി. രശ്മി എന്നിവരുടെ സഹായം വിലപ്പെട്ടതാണ്. ഇതിന്റെ വിവിധ ഘട്ടങ്ങളിൽ ഒരു ചെറു സഹായമെങ്കിലും നൽകിയ മുഴുവൻ പേരെയും, ജനകീയാ സൂത്രണാരംഭത്തിലെ സെക്രട്ടറി ശ്രീമതി ആർ. ബൃഹന്നള, പഞ്ചായത്ത് സ്റ്റാഫംഗങ്ങൾ എന്നിവരെയും സ്നേഹത്തോടെ ഓർക്കുന്നു. ജനകീയാസൂത്രണ പ്രസ്ഥാനം ഒരു പുതിയ ജനാധികാര സമ്പദ്ഘടനയ്ക്ക് തുടക്കം കുറിയ്ക്കുമെന്ന് ആഗ്രഹിക്കുന്നു.



" ഐക്യത്തിനാവശ്യം മൂലധനം
ഏതാനും ചേരിൽ
കേന്ദ്രീകരിക്കലല്ല; ആയിരത്തി
തൊള്ളായിരം തൈമൽ നീളവും
ആയിരത്തി അഞ്ഞൂറ് തൈമൽ
വീതിയുമുള്ള ഈ
ഭൂഖണ്ഡത്തിലെ ഏഴര ലക്ഷം
ഗ്രാമങ്ങൾക്കും എങ്ങുച്ചരത്തിൽ
ലഭിക്കാവുന്ന വിധത്തിൽ
വിതരണം ചെയ്യലാണ്. "

# ദേശ ചരിത്രത്തിന്റെ പൂർവ സ്മൃതികൾ

" കർമ്മണി
വ്യഞ്ജ്യതേ
പ്രജ്ഞ "

(മുദ്രാരാക്ഷസം)

## കുണ്ടറ

നാട്ടുപേരിൽ പഠിക്കാനൊന്നുമില്ലെന്നു പറയാറുണ്ടെങ്കിലും അവയിൽ ചരിത്രം, ഭൂമിശാസ്ത്രം, വൃക്ഷ-സസ്യ ശാസ്ത്രം, ആചാരങ്ങൾ, വിശ്വാസങ്ങൾ, സൗന്ദര്യ ശാസ്ത്രം ഇവയൊക്കെ ഉണ്ടായിരിക്കും. ഏതു വാക്കും ഒരനുഭവമാകുന്നത് അതിന്റെ പിന്നിലെ ചരിത്രം അറിയുമ്പോഴാണ്. പഴമയും പായലും പേരുകളിൽ അവ്യക്തതയുണ്ടാക്കി കാലം കടന്നു പോകുമ്പോൾ ഗവേഷണ ബുദ്ധിയോടെ ദേശ നാമത്തെ കാണണം. കുണ്ടറയെന്ന ദേശനാമ സംബന്ധിയായി പല അഭിപ്രായങ്ങളുമുണ്ട്. അത് ചുരുക്കത്തിലൊന്നു സൂചിപ്പിക്കാം.

കുണ്ഡ + അറ എന്നും കുണ്ട + അറ എന്നും ശബ്ദം പിരിച്ച് അർത്ഥം കല്പിക്കുന്നുണ്ട്. സന്ധി ചെയ്തു വരുമ്പോൾ 'യ' യോ 'വ' യോ ചേരേണ്ടതാണ്. എന്നാൽഅർത്ഥ തലത്തിൽ 'കുണ്ഡ' എന്ന ശബ്ദത്തിന് ദുർഗ്ഗയെന്നാണർത്ഥം. 'അറ' യെന്നാൽ ചെറിയ ക്ഷേത്രം. ദുർഗ്ഗാക്ഷേത്രം (ഇളമ്പള്ളൂർ) ഉള്ള സ്ഥലമായതിനാൽ കുണ്ഡറ - കുണ്ടറയായെന്നാണ് ഒരഭിപ്രായം. 'കുണ്ട' എന്ന ശബ്ദത്തിന് ചീത്ത സ്ത്രീ (വേശ്യ) എന്നർത്ഥമുണ്ട്. വേശ്യാലയം ഉണ്ടായിരുന്ന (ഫ്യൂഡൽ കാലഘട്ടത്തിൽ വേശ്യയക്ക് മാന്യ പദവിയായിരുന്ന ചരിത്ര വസ്തുത ഓർക്കുക) സ്ഥലം എന്ന അശയം സ്വീകരിച്ച് 'കുണ്ടറ' എന്ന ശബ്ദത്തിന്റെ നിഷ്പത്തി കല്പിക്കുന്നു ചിലർ.

ഇതിൽ നിന്ന് വ്യത്യസ്തമായ ഒരഭിപ്രായമാണ് 'ഗുണ്ട് + അറ' എന്ന പദച്ഛേദം. (ഗുണ്ട് - വെടിയുണ്ട, ഏതോ രാജാക്കൻമാരുടെ സൈനികാവശ്യത്തിനുള്ള വെടിയുണ്ടകൾ സൂക്ഷിച്ചിരുന്ന നിലവറകളുള്ള പ്രദേശമെന്ന അർത്ഥമാണ് ഇവിടെയുള്ളത്). ഏ.ഡി. 800-ാം മാണ്ട് മുതൽ തമിഴ്നാട്ടിൽ നിന്നും പലവ്യഞ്ജനങ്ങളും മറ്റുസാധനങ്ങളും കൊല്ലം തുറമുഖത്തും ഇടത്താവളങ്ങളിലും കൊണ്ട്വന്ന് കച്ചവടം ചെയ്തിരുന്നു. കാളകളുടെ ഇരുപുറത്തും ഭാണ്ഡങ്ങളാക്കിയാണ് അത് കൊണ്ടുവന്നിരുന്നത്. കാട്ടുമൃഗങ്ങളിൽ നിന്നും, കള്ളൻമാരിൽനിന്നും കച്ചവടവസ്തുക്കൾ രക്ഷിക്കുന്നതിന് ഇടത്താവളങ്ങളിൽ ഭൂമിയ്ക്കടിയിലെ അറകളാണ് ഉപയോഗിച്ചിരുന്നത്. പുളിയറ, വിലങ്ങറ, പരുത്തിയറ എന്നിങ്ങനെയുള്ള അറകൾക്കുശേഷം കുണ്ടറയും കേന്ദ്രമായി. കുണ്ടിലുള്ള അറ കുണ്ടറയായി. (കുണ്ട് = കുഴി) തമിഴിൽ കുണ്ടൈ എന്നതിന് ചട്ടി, കാള എന്നിങ്ങനെ അർത്ഥമുള്ളതും ഓർക്കാം.

ഇനിയൊന്നുള്ളത് ഭൂമിശാസ്ത്രപരമായ നിഷ്പത്തിയാണ്. അതനുസരിച്ച് കുന്ന് + തറ എന്ന പദച്ഛേദമാണ് സ്വീകാര്യം. കുന്നും സമതലങ്ങളുമുള്ള (പാടവും കരയും) നിമ്നോന്നതപ്രദേശമാണ് ഇവിടെയുള്ളത്. കുന്ന് + തറ = കുണ് + തറ = കുണ് + ടറ = കുണ്ടറ, ഭാഷാ ശാസ്ത്രപരമായി പറഞ്ഞാൽ പരസവർണ്ണനവും (പിന്നിലെ വർണം മുന്നിലെ വർണത്തെ സദൃശീകരിക്കുന്നതാണ് പരസവർണനം) ആദേശ സന്ധിയും (തകാരത്തിന് ടകാരം വരുന്നത്) പ്രസക്തമാകുന്നു.

## ചരിത്രം

കുണ്ടറദേശം മുമ്പ് ദേശിങ്ങനാട്ടു രാജ്യത്തിൽപ്പെട്ടിരുന്നു. (കൊല്ലം ആറ്റിങ്ങൽ കൊട്ടാരക്കര എന്നീ പ്രദേശങ്ങൾക്കുള്ളിലുള്ള രാജ്യമായിരുന്നു ദേശിങ്ങനാട്. മലയാള രേഖകളിൽ ചേതങ്ങനാട് എന്നും സംസ്കൃത കൃതികളിൽ ജയസിംഹ നാട് എന്നും കാണുന്നു. തിരുവിതാംകോടു വാണ മാർത്താണ്ഡവർമ്മ (1729 - 1758) ദേശിങ്ങനാട് ആക്രമിച്ചു കീഴടക്കി തിരുവിതാംകോടിനോടു ചേർത്തു. 1741 ൽ ദേശിങ്ങനാട് തിരുവിതാംകൂറിൽ ചേർത്തു.) രാജഭരണത്തെ സൂചിപ്പിക്കുന്ന ചില ശബ്ദങ്ങൾ കുണ്ടറയിൽ വീട്ടുനാമങ്ങളായുണ്ട്. പടവിളയും കുതിരപ്പന്തിയും മറ്റും അത്തരം സൂചനകൾ നൽകുന്നു. ഭൂപ്രഭുക്കൻമാരുടെ സ്ഥാനമാനങ്ങളും പറഞ്ഞുകേൾക്കാനുണ്ട്. മാടമ്പിമാരും പിള്ളമാരും അന്ന് ആദരണീയരായിരുന്നുവത്രേ. കാവും കളരിയുമുള്ള നായർ ഭവനങ്ങളും മറ്റും ഇതിന്റെ അടയാളങ്ങളായിരുന്നു.

## ചരിത്രത്തിന്റെ ഏടുകളിൽ നിന്ന്....

### വേലുത്തമ്പിദളവ

സ്വാതന്ത്ര്യത്തിനുവേണ്ടി ആത്മാഹൂതി ചെയ്ത ദേശ സ്നേഹിയാണ് വേലുത്തമ്പിദളവ. തലക്കുളത്തു വലിയ വീട്ടിൽ വള്ളിയമ്മപ്പിള്ള തങ്കച്ചിയുടേയും മണക്കര കുഞ്ഞുമായിറ്റിപ്പിള്ളയുടേയും പുത്രനായി 1765 ൽ ജനിച്ചു. രാജാകേശവദാസന്റെ മരണാനന്തരം ബാലരാമവർമ്മ മഹാരാജാവിന്റെ അപ്രാപ്തിക്കെതിരെ ബഹുജന പ്രക്ഷോഭത്തിനു നേതൃത്വം നൽകി, ജയന്തൻ ശങ്കരൻ നമ്പൂതിരി ദളവാ സ്ഥാനം ദുരുപയോഗപ്പെടുത്തി. ജനങ്ങളെ ശ്വാസം മുട്ടിച്ചിരുന്നു. പ്രഭുക്കൻമാരോടും മറ്റും പണമാവശ്യപ്പെടുകയും അതു കൊടുക്കാതിരുന്നാൽ അവരെ ശിക്ഷിക്കുകയും ചെയ്യുന്ന നമ്പൂതിരി വേലുത്തമ്പിയോടും പണമാവശ്യപ്പെട്ടിരുന്നു. ഈ വേളയിലാണ് ആവേശകരമായ ജനമുന്നേറ്റമുണ്ടായത്. ഒടുവിൽ രാജാവ് ജയന്തൻ ശങ്കരനെ ദളവാ സ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും അയാളുടെ സഹായികളായിരുന്ന

ശങ്കരനാരായണൻ ചെട്ടി മാത്തുതരകൻ എന്നിവർക്ക് കഠിന ശിക്ഷ നൽകുകയും ചെയ്തു. ഉപ്പു നികുതി തുടങ്ങിയവ പിൻവലിക്കുകയും ചെയ്തു. അധികം താമസിയാതെ തമ്പിയെ വാണിജ്യകാര്യം ഏൽപ്പിക്കുകയും ചെയ്തു. 1801 ൽ കേണൽ മെക്കാളയുടെ നിർദ്ദേശപ്രകാരം രാജാവ് തമ്പിയെ ദളവയാക്കി.

വേലുത്തമ്പി സമർത്ഥനായ ഭരണാധികാരിയായിരുന്നു. രാജ്യത്തു കണ്ടെഴുത്തു നടത്തുകയും ആലപ്പുഴ തുറമുഖം വികസിപ്പിക്കുകയും ചെയ്തു. 1805 ൽ ഈസ്റ്റിന്ത്യാക്കമ്പനിയുമായുണ്ടായ ഒരു ഉടമ്പടി പ്രകാരം ബ്രിട്ടീഷുകാർക്ക് തിരുവിതാംകൂറിന്റെ അഭ്യന്തര കാര്യങ്ങളിൽ ഇടപെടുവാനുള്ള അനുമതിയുണ്ടായി. തുടർന്ന് ബ്രിട്ടീഷ് മേൽക്കോയ്മയുള്ള ഒരടിമ രാജ്യമായി തിരുവിതാംകൂർ അധ:പതിച്ചു.

വേലുത്തമ്പിയുടെ ഉത്തരവുകളിൽ ചിലതു മെക്കാളെ റദ്ദാക്കി. അപ്രകാരം മാത്തൂത്തരകന്റെ സ്വത്തുക്കൾ കണ്ടു കെട്ടാനുള്ള നടപടി റദ്ദായി. വേലുത്തമ്പി പ്രതിഷേധിച്ചപ്പോൾ തിരിവിതാംകൂർ അടയ്ക്കേണ്ടിയിരുന്ന കപ്പം തീർത്തടയ്ക്കാൻ റസിഡന്റ് ആവശ്യപ്പെട്ടു. ഇതിൽ കുപിതനായ വേലുത്തമ്പി ബ്രിട്ടീഷുകാർക്കെതിരായി പടപൊരുതാൻ തയ്യാറായി. മെക്കാളെയുമായി വിരോധമുണ്ടായിരുന്ന കൊച്ചിയിലെ പാലിയത്തച്ചനുമായി ആലോചിച്ച് കലാപത്തിനൊരുങ്ങിയ തമ്പിയുടെ ലക്ഷ്യം ബ്രിട്ടീഷുകാരെ തിരുവിതാംകൂറിൽ നിന്ന് നിഷ്കാസനം ചെയ്യുകയായിരുന്നു. അതിനു വേണ്ടി 1809 ജനുവരി 11 ന് കുണ്ടറയിൽ വച്ച് ബ്രിട്ടീഷ് രാജാവിനെ വെല്ലുവിളിച്ചുകൊണ്ട് തമ്പി ഒരു വിളംബരം നടത്തി. ജനങ്ങൾ പ്രക്ഷുബ്ധരായി കലാപ സന്നദ്ധരായി. കൊല്ലത്തു വച്ച് ബ്രിട്ടീഷ് പട്ടാളവും തിരുവിതാംകൂർ സേനയും ഏറ്റുമുട്ടി. തിരുവിതാംകൂർ പട്ടാളം പരാജയപ്പെട്ടു. പാലിയത്തച്ചൻ ചേരി മാറിയപ്പോൾ ബ്രിട്ടീഷുകാർ തിരുവിതാംകൂറിൽ കേന്ദ്രീകരിച്ചു. മഹാരാജാവിതിനിടെ വേലുത്തമ്പിയെ ദളവാസ്ഥാനത്തുനിന്നു നീക്കി ഉമ്മിണിത്തമ്പിയെ ആ സ്ഥാനത്തു നിയോഗിച്ചു. സേനയെ പിരിച്ച് തിരുവിതാംകൂർ ഗവൺമെന്റും വേലുത്തമ്പിയെ തെരഞ്ഞു പിടിയ്ക്കാൻ സഹായിച്ചു. 50,000 രൂപ പാരിതോഷികം പ്രഖ്യാപിച്ച് അന്വേഷണം ത്വരിതപ്പെടുത്തുകയും ചെയ്തു.

ജീവനോടെ താൻ ബ്രിട്ടീഷുകാർക്ക് കീഴടങ്ങുകയില്ലെന്ന് അദ്ദേഹം പ്രതിജ്ഞ ചെയ്ത് ഒളിവിൽ നടക്കുന്നതിനിടെ കിളിമാനൂർ കോയിത്തമ്പുരാനെ സന്ദർശിച്ച് തന്റെ വാൾ അദ്ദേഹത്തിനു സമ്മാനിച്ച് അതിഥിയായി കഴിഞ്ഞു. ചെമ്പിൽ അനന്തപദ്മനാഭൻ വലിയ അരയൻ അദ്ദേഹത്തിന്റെ സഹായിയായിരുന്നു. മണ്ണടിക്ഷേത്രത്തിൽ അഭയം തേടിയിരുന്നപ്പോൾ ശത്രുക്കൾ അതറിഞ്ഞദ്ദേഹത്തെ വളഞ്ഞു. ഇതു മനസ്സിലാക്കി തമ്പി ആത്മഹത്യ ചെയ്തു (1809 മാർച്ച്). അമർഷം പൂണ്ട ബ്രിട്ടീഷുകാർ തമ്പിയുടെ മൃതദേഹം തിരുവനന്തപുരത്ത് കണ്ണമ്മൂലയിൽ കൊണ്ടുചെന്ന് കഴുകേറ്റി പകതീർത്തു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി ഇന്ത്യയിൽ നടന്ന ആദ്യകാല കലാപങ്ങളിലൊന്നായി ഈ കലാപത്തെ ആദരിക്കുന്നു. രാജ്യ സ്നേഹത്തിന്റെ പ്രതീകമായി വേലുത്തമ്പി ജനഹൃദയങ്ങളിൽ സ്ഥാനം പിടിയ്ക്കുകയും ചെയ്തു.

ഇളമ്പള്ളൂർ ക്ഷേത്ര മൈതാനത്തുവച്ചാണ് വേലുത്തമ്പി ദളവാ കുണ്ടറ വിളംബരം നടത്തിയത്. കുണ്ടറ പള്ളിമുക്കിൽ ഇപ്പോൾ Y.M.A സ്ഥിതി ചെയ്യുന്ന

സ്ഥിതി ചെയ്യുന്ന സ്ഥലം) വച്ചാണ് ദളവാവിളംബരം നടത്തിയതെന്നും അഭിപ്രായമുണ്ട്. അവിടെ നിന്നാണ് കടയാറ്റ് ഭവനത്തിലേക്ക് അദ്ദേഹം പോയത്. കൊല്ലിനും കൊലയ്ക്കും അധികാരമുള്ള ഭവനമായിരുന്നു കടയാറ്റ്. ജനങ്ങളുടെ ആവലാതി കേട്ട് തീർപ്പു കല്പിക്കുകയും കുറ്റക്കാർക്ക് മരണ ശിക്ഷ വരെ കൊടുക്കുകയും ചെയതിരുന്നു. ഈ കുടുംബത്തിന് സമീപസ്ഥമായി പരിഹാരക്കോടും കൊല്ലുകോണവും ഉള്ളത് സ്മരണീയമാണ്. വൈദ്യം, ജ്യോതിഷം മന്ത്രവാദം എന്നീ വിഷയങ്ങളിൽ നിഷ്ണാതരായവർ ഇവിടെയുണ്ടായുരുന്നു. "കൊല്ലവർഷം പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാമാന്ത്രികൻ കടയാറ്റ് ഉണ്ണിത്താന്റെ കുടുംബം കുണ്ടറയാണ് സ്ഥിതി ചെയ്യുന്നത്" എന്നാണ് വിശ്വവിജ്ഞാന കോശത്തിൽ രേഖ പ്പെടുത്തിയിരിയ്ക്കുന്നത്. പുന്നത്തടത്തിൽ ഒരു ഗുഹാമുഖം കണ്ടെത്തിയിട്ടുള്ളത് സ്മരണീയ്മാണ്. നീരൊഴുക്കൽ കായൽഭാഗം വരെയുണ്ടെന്ന് പറയപ്പെടുന്ന ഗുഹയുടെ ചരിത്ര പശ്ചാത്തലം അറിയേണ്ടതുണ്ട്. രാമവർമ്മ മഹാരാജാവിന്റെ കാലത്താണ് (1805 - 1809) ദളവാ ബ്രിട്ടീഷുകാർക്കെതിരെ സമരം നടത്തിയത്. നാട്ടുരാജാക്കൻമാരുടെ അനൈക്യം തമ്പിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയാണുണ്ടായത്. " ഇപ്പോൾ എല്ലാപേരും കൂട്ടമായിട്ടിളകി ഒരു മനസ്സോടെ ആയുധമെടുത്തു പ്രവർത്തിക്കുമെങ്കിൽ മേലിൽ യൂറോപ്യൻമാരുടെ ആശ്രയത്തിൽ കഴിയേണ്ട ആവശ്യമേ ഉണ്ടാവുകയില്ല " എന്ന് കോഴിക്കോട്ട് സാമൂതിരിയ്ക്ക് അദ്ദേഹം എഴുതി. പക്ഷേ ഒരു മനസ്സായി നിൽക്കാൻ ആരും സന്നദ്ധമായില്ല. കുണ്ടറയിൽ മുഴങ്ങിയ ആ ധീരനാദം നമുക്കു ശ്രദ്ധിക്കാം.

[ വിളംബരത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു ]

" ശ്രീമതു തിരുവിതാംകോടു സംസ്ഥാനത്തു നിന്നും ഈ സമയത്ത് യത്നം ചെയ്തല്ലാതെ നില നിൽക്കയില്ലെന്നു കണ്ടു നിശ്ചയിച്ചു തുടങ്ങേണ്ടി വന്ന കാര്യത്തിന്റെ നിർണ്ണയവും അവസരവും ഈ രാജ്യത്തുള്ള മഹത്തുക്കൾ, മഹാബ്രാഹ്മണർ, ഉദ്യോഗസ്ഥൻമാർ ശൂദ്രർ മുതൽ കീഴ് പരിഷവരെയും ഉള്ള പലജാതി കൂടിയാനവൻമാരും പരബോധം വരേണ്ടതിനായിട്ട് എഴുതി പ്രസിദ്ധപ്പെടുത്തുന്ന വിളംബരമാമിതു :

പരശുരാമ പ്രതിഷ്ഠയാൽ ഉണ്ടായ മലയാളവും ഈ സംസ്ഥാനവും തോന്നിയ നാൾ മുതൽ ചേരമാൻ പെരുമാൾ വംശം വരെയും പരിപാലനം ചെയ്ത കാലത്തും അതിൻ കീഴ് തൃപ്പാദ സ്വരൂപത്തുങ്കലേക്കു തിരുമുപ്പും അടങ്ങി ബഹുതലമുറയായിട്ട് ചെങ്കോൽ നടത്തി അനേകായിരം സംവൽസരത്തിനിടയിലും ഈ രാജ്യം ഇടപെട്ടു ഒരു ചോദ്യത്തിനും ശല്യത്തിനും ഇടവന്നിട്ടും ഇല്ല. 933 - ാ മാണ്ടു നാടുനീങ്ങിയ തിരുമനസ്സുകൊണ്ട് കല്പിച്ച ദൂരദൃഷ്ടിയാൽ മേൽക്കാലം വരവിന്റെ വിപരീതം കണ്ടും ഇനി ഈ ഭാരം നമ്മുടെ വംശത്തിലുള്ളവർ വഹിക്കയില്ലെന്നും വച്ചു നിശ്ചയിച്ചു രാജ്യത്തിനെ പൂവോടും നീരോടും കൂടെ ശ്രീ പത്പനാഭസ്വാമിയുടെ തൃപ്പടിയിൽ ദാനവും ചെയ്തു. മേൽപ്പട്ടം വീഴുന്ന തമ്പുരാക്കൻമാരും അവിടുത്തെ ആളായിട്ട് ഇരുന്നു കാര്യം വിചാരിക്കയും അവർക്കു രാജ്യഭോഗ ഭാഗ്യങ്ങളെക്കാളും അധികം തപോനിഷ്ഠയായിട്ടു വ്രത നിയമങ്ങളും അനുഷ്ഠിച്ചും താൻ ദു:ഖിച്ചും കുടികൾക്ക് സുഖം വരുത്തിയും അതിന് ഒരു കുറവും വരാതെ ഇരിക്കേണ്ടതിന് മേൽ രക്ഷക്കായിട്ട് ഈശ്വരസേവ, ഭദ്ര ദീപം, മുറ ജപം, അന്ന സത്രം ആദിയായിട്ടുള്ള സകല സത്ക്കർമ്മങ്ങളും നടത്തി കാലം കഴിച്ചു കൊള്ളുകയെന്നും വച്ച് നിശ്ചയിച്ചിട്ടു ചട്ടം കെട്ടി കുടികൾക്കും സുഭിക്ഷമായിട്ടു കഴിഞ്ഞു വരുന്നതിനാൽ ഇപ്പോൾ ഈ കലിയുഗത്തുങ്കൽ ഹിമവൽസേതു പര്യന്തം ഇതുപോലെ ധർമ്മ സംസ്ഥാനം ഇല്ലെന്നുള്ള കീർത്തി പൂർണ്ണമായി ഇരിക്കപ്പെട്ടതു സർവ്വ പേരും പ്രസിദ്ധമായിട്ടു അറിഞ്ഞിരിക്കുന്നതല്ലോ ആകുന്നു.

+ മമ്മു ദല്ലിവാൻ ആർക്കാട്ടു സുബ്ബയും കെട്ടി തൃച്ചിനാപ്പള്ളിയിൽ വന്നു ദക്ഷിണ ശീമയും ഒതുക്കിയതിന്റെ ശേഷം അവിടത്തേക്കു മിത്ര ഭാവമായിട്ടു ചെല്ലണമെന്നും വച്ചു ആണ്ടൊന്നിനു ആറായിരം രൂപയും

ഒരു ആനയും നദിരായിട്ടു കൊടുക്കത്തക്കവണ്ണം പറഞ്ഞുവച്ചു കൊടുത്തുവന്നതല്ലാതെ ഈ രാജ്യം ഇടപെട്ടു ഒരു ചോദ്യത്തിനും ശല്യത്തിനും ഇടവന്നിട്ടും ഇല്ല. അങ്ങനെയിരിക്കുന്ന സംഗതിയിങ്കൽ ഡിപ്പു സുൽത്താനും ഇങ്കിരീസ് ++കൊമ്പഞ്ഞിയും പ്രബലരായിട്ടു വരികകൊണ്ട് അതിൽ രണ്ടിൽ കൊമ്പത്തി ആളുകൾക്ക് നേരും വിശ്വാസവും ഒണ്ടെന്നും അവരെ വിശ്വസിച്ചാൽ ചതിക്കയില്ലെന്നും നിശ്ചയിച്ചു ആദിപൂർവ്വമായിട്ട് അഞ്ചു തെങ്ങിൽ കോട്ടയിടുന്നതിനു സ്ഥലവും കൊടുത്തു അവരെ അവിടെ ഒറപ്പിച്ചു സ്വാധീനവും വിശ്വാസവും ഒണ്ടായിരിക്കുമെന്നും നിശ്ചയിച്ചു. ആ നിനവിനാൽ ഡിപ്പു സുൽത്താനോട് പകച്ചു പടയെടുത്തു ഇവരെ സ്നേഹിപ്പാൻ ഇടവരികയും ചെയ്തു. പിന്നത്തതിൽ കാര്യവശാൽ ഒള്ള അനുഭവത്തിൽ ഇവരെ സ്നേഹിച്ചത് നാശത്തിനും വിശ്വസിച്ചത് ദോഷത്തിനും മൂലമായിട്ടു തീർന്നു. സർവപ്രപഞ്ചത്തിനും ദ്രോഹവും വിശ്വാസ പാതകവും നിറഞ്ഞിരിക്കുന്ന ജാതി ഇവർക്ക് സമാനം ഇതിനു മുമ്പിൽ ഒണ്ടായിട്ടില്ലെന്നും ഇനി ഒണ്ടാകയില്ലെന്നും പ്രസിദ്ധമായിട്ട് അറികയും ചെയ്തു.

അതിന്റെ വിവരങ്ങൾ എന്തെന്നാൽ ഇവർക്ക് രക്ഷകൊടുത്തു ഇത്രമേൽ പ്രബലതയും ആക്കിത്തീർന്ന നവാബിനെ നാൾക്കു നാൾ വഞ്ചനയായിട്ടു ബലം കുറച്ചും വംശനാശം വരുത്തി പിന്നത്തതിൽ അടുത്ത രാജ്യങ്ങളിൽ സുഖ വാഴ്വായിട്ടു എരിഞ്ഞുവന്ന ദീപങ്ങളേയും അണച്ചു വാഴ് മനകളെ പാഴ്മനകളും ആക്കി ആ ദ്രോഹബുദ്ധിയോടും കൂടെ ഈ സംസ്ഥാനത്തു കടന്നു ആദിയിങ്കൽ ഉപായമായിട്ടും ക്രമത്താൽ ബലമായിട്ടും തുടങ്ങി ഇപ്പോൾ സർവസവും നിർമ്മൂലം വരുത്തുന്നതിനായിട്ടു യത്നപ്പെട്ടിരിക്കുന്നു.

ആയതിന്റെ വിവരങ്ങൾ കുറഞ്ഞൊന്നു വെളിവായിട്ടു ചുരുക്കത്തിൽ എഴുതുന്നതെന്തെന്നാൽ ഡിപ്പു സുൽത്താനോട് യുദ്ധം ഒണ്ടായ നിമിത്തം ഇവരെ സഹായത്തിനായിട്ട് കൈക്കൊണ്ടപ്പോൾ തൽക്കാലസമയത്ത് ചതിവായിട്ട് മുട്ടിച്ചു പത്തു ലക്ഷം വരാഹൻ വാങ്ങിച്ചുകൊള്ളുകയും ചെയ്തു. അതിന്റെ ശേഷം നയവും ഭയവും കാട്ടി ആണ്ടൊന്നിന് ആറുലക്ഷം രൂപാ വീതം ഇവർക്കു കൊടുക്കണമെന്നും ഇങ്കിരീസു ജാതിയും തിരുവിതാങ്കോട്ടു സംസ്ഥാനവും ഒള്ള കാലം വരെയും അതിന്മണ്ണം വാങ്ങിച്ചു കൊള്ളുന്നതല്ലാതെ അധികം ഒരു ചക്രം പോലും ചോദിക്കയില്ലെന്നും രാജ്യകാര്യം എടപെട്ട് അല്പകാര്യത്തിനുപോലും സഞ്ചരിക്കയില്ലെന്നും 968 - ാ മാണ്ട് പറഞ്ഞുവച്ച് സത്യപ്രമാണമായിട്ട് ഉടമ്പടി കടദാസും എഴുതിത്തരികയും ചെയ്തു.

ആയതിനെ അനുസരിച്ച് വ്യത്യാസം കൂടാതെ കൊടുത്തുവരുമ്പോൾ ആയതിനും മാറ്റങ്ങളായിട്ട് ഈ രാജ്യത്തിൽ റസിഡണ്ടിനെയും ആക്കിപ്പാർപ്പിച്ചു. അവരുടെ വകയിൽ മൂന്ന് പട്ടാളം കൊല്ലത്തിറക്കിയതിനെയും സഹിച്ച് പാമ്പിന് പാലു കൊടുത്തതുപോലെ അവർക്ക് പാർക്കാൻ കോത്തുകളും വീടുകളും കെട്ടിക്കൊടുത്തു നാളു തോറും അവർ ചെയ്തു വരുന്ന അക്രമങ്ങളെയും സഹിച്ച് എങ്ങും ഒരു വ്യത്യാസം വരുത്തരുതെന്നും വച്ചു ആകുന്നതും സൂക്ഷിച്ചു പാർത്തുവന്നു. പിന്നെത്തതിൽ മുമ്പിലത്തെ ഉടമ്പടിപ്രകാരമല്ലാതെ രണ്ടു ലക്ഷം രൂപാ വീതം കൂട്ടിക്കൊടുക്കണമെന്നും ആയതു അല്ലെങ്കിൽ യുദ്ധം ചെയ്യുമെന്നും 980 - ാ മാണ്ടു മകരമാസത്തിൽ അന്യായമായിട്ടു തുടങ്ങി നാലു ദിക്കിലും ഭീരങ്കിരാണുക്കളേയും ഇറക്കി വിപരീതത്തിനുള്ള വട്ടങ്ങൾ തുടങ്ങുകകൊണ്ടും അന്നു വേറിട്ടു ഒരു സഹായം കാണാഴികയാലും ദുഷ്കല ഗതിയുടെ ശക്തി എന്നും നിശ്ചയിച്ചു അവരു പറഞ്ഞതിന്മണ്ണം രണ്ടു ലക്ഷം രൂപ കൂടെ കൊടുത്തു വന്നു.

ഇപ്പോൾ ആ നിലയും വിട്ടു ഈ രാജ്യത്തുള്ള പുള്ളിപ്പട്ടാളം, ഈശ്വരസേവ, വഴിയൂട്ടം ആദിയായിട്ടുള്ള സകല സൽക്കർമ്മങ്ങളും നിറുത്തി ആ വകയിൽ കൂടുതലും ഇവർക്ക് കൊടുക്കണമെന്നും രാജ്യ കാര്യം ഇടപെട്ടുള്ളതൊക്കെയും റെസിഡണ്ടു മക്കാളെയെ

ബോധിപ്പിച്ചു നടക്കണമെന്നും ഒള്ള ചട്ടവട്ടങ്ങൾ തുടങ്ങുകകൊണ്ടു അങ്ങനെ ഒള്ളതൊന്നും ഈ രാജ്യത്തിൽ സംഭവിക്കയില്ലെന്നും ആകുന്ന വിധത്തിലും സങ്കടം പറഞ്ഞിട്ടും ഭൂമി വരെയും താണുവണങ്ങിയിട്ടും സമ്മതിക്കാതെ ഈ കഴിഞ്ഞ ധനു മാസത്തിൽ നമ്മുടെ പേർക്കു എഴുതി വന്ന കടദാസിൽ നാം ഇക്കാര്യങ്ങക്ക് വികൽപമായി തുടങ്ങിയിരിക്ക കൊണ്ടും നാം ഈ ഉദ്യോഗം വിട്ടു നാമും നമ്മുടെ കുടുംബത്തിൽ ഒള്ളവരും കൂടെ കൂടിയിട്ടുള്ള കാര്യസ്ഥൻമാരിൽ ചിലരും കൊമ്പഞ്ഞി രാജ്യത്തിൽ ചെന്നു പാർത്തുകൊള്ളണമെന്നും അവിടെച്ചെന്നു പാർത്താൽ ഇവർക്കു വേണ്ടുന്ന ശമ്പളവും മാനമര്യാദയായി നടത്തിക്കൊടുക്കുമെന്നും അതിന്റെ ശേഷം രാജ്യ കാര്യം ഇടപെട്ടുള്ളതൊക്കെയും റസിഡണ്ടു മക്കാളെ തന്നെ പുത്തനായിട്ടു ചട്ടം കെട്ടി നടത്തിക്കൊള്ളുമെന്നും ആയതിന് താമസം കാണുന്നുവെങ്കിൽ യുദ്ധത്തിന്റെ ആരംഭമാകുന്നുവെന്നും എഴുതി. ഇപ്രകാരം തന്നെ തിരുമനസറിയുന്നതിനും കായിതം കൊടുത്തയക്കകൊണ്ടും പ്രാണഹാനി വരെയും വരുമെന്ന് ആകിലും ഇങ്ങനെയുള്ള രാജ ദ്രോഹത്തിനും ജന ദ്രോഹത്തിനും ഉൾപ്പെടുകയില്ലെന്നു പറഞ്ഞു തള്ളിക്കളകയാൽ രണ്ടാമതു റസിഡണ്ടു മക്കാളെ ഈ രാജ്യത്തിനു ഉടയതാതിരിക്കുന്ന തിരുമനസ്സിലേയും ശേഷം കാര്യസ്ഥൻമാരെയും ബോധിപ്പിക്കാതെ കടലുവഴിക്കു ഏതാനും സോൾജർ വെള്ളക്കാരെയും കൊല്ലത്തു എറക്കി അവരുടെ വകയിൽ അവിടെ ഒണ്ടായിരുന്ന സ്ത്രീജനങ്ങളേയും വസ്തു വകകളേയും മറ്റു ദിക്കിലും ഒതുക്കി അക്രമമായിട്ടു ഇപ്പോൾ ഇതാ യുദ്ധം തുടങ്ങിയിരിക്കുന്നു.

ഈ സംസ്ഥാനത്തുനിന്നും ഇതിനുമുമ്പിലും ഇപ്പോഴും അവരോട് യുദ്ധം ചെയ്യണമെന്ന് നിരൂപിച്ചിട്ടില്ലാഴികകൊണ്ടും ഇപ്പോൾ ഇവരു തുടങ്ങിയിരിക്കുന്നതിന് പ്രതിക്രിയയായിട്ടു ചെയ്തു നിലനിൽക്കാതെ മുമ്പിച്ചു സംശയിച്ചാൽ പിന്നത്തതിൽ അതു കൊണ്ടു വരുന്ന വൈഷമ്യങ്ങളെ ഈ രാജ്യത്തിൽ ആരും സഹിപ്പാനും കാലം കഴിപ്പാനും നിർവ്വാഹം ഒണ്ടായി വരുന്നതും അല്ല. അതിന്റെ വിവരങ്ങൾ ചുരുക്കത്തിൽ എഴുതുന്നത് എന്തെന്നാൽ ചതി മാർഗ്ഗത്തിൽ രാജ്യം അവരുടെ കൈവശത്തിൽ ആക്കുന്നത് അവരുടെ വംശപാരമ്പര്യം ആകകൊണ്ടും അതിന്മണ്ണം രാജ്യം അവരുടെ കൈവശത്തിൽ ആയാൽ കോയിക്കൽ, കൊട്ടാരം. കോട്ടപ്പടി ഉൾപ്പെടെ സ്ഥലങ്ങളിൽ അവരുടെ പാറാവും വരുതിയും ആക്കിത്തീർത്തു. രാജമുദ്ര, പല്ലക്കു, പൗരുഷം ഉൾപ്പെട്ട ബഹുമാനങ്ങളും, കുറച്ചു ദേവാലയം, ബ്രഹ്മാലയം സംബന്ധിച്ചുള്ള ചട്ടവട്ടങ്ങളും നാട്ടുകൂട്ടവും നിറുത്തി ഉപ്പുമുതൽ സർവ്വസവും കുത്തകയായിട്ടു ആക്കിത്തീർത്തു തരിശു കിടക്കുന്ന നിലവും പുരയിടവും അളന്നു കൂട്ടി കുത്തകയായിട്ടും കെട്ടി നിലവരി, തെങ്ങുവരി ഉൾപ്പെട്ട അധിക കരങ്ങളും കൂടികളിൽ കൂട്ടിവച്ചു അല്പം പിഴക്കു നീചൻമാരെക്കൊണ്ടു ശിക്ഷയും കഴിപ്പിച്ചു ക്ഷേത്രങ്ങളിൽ കുരിശും കൊടിയും കെട്ടി വർണ്ണഭേദം ഇല്ലാതെ ബ്രാഹ്മണസ്ത്രീ മുതലായ സംസർഗ്ഗവും ചെയ്തു യുഗ ഭേദം പോലെ അധർമ്മങ്ങളായിട്ടുള്ള ചട്ട വട്ടങ്ങൾ ആക്കിത്തീർക്കയും ചെയ്യും.

അങ്ങനെയുള്ളതു ഒന്നും ഈ രാജ്യത്തിൽ സംഭവിക്കാതെ രാജധർമ്മത്തെ നടത്തി നാട്ടിൽ ഒള്ള മര്യാദക്കു അഴിവു വരാതെ ഇരിക്കേണ്ടതിനു മനുഷ്യ യത്നത്തിൽ ഒന്നും കുറഞ്ഞു പോയെന്നുള്ള അപഖ്യാതി ഒണ്ടാകാതെ ഇരിപ്പാനായിട്ടു ആകുന്നേടത്തോളവും ഒള്ള പ്രയത്നങ്ങൾ ചെയ്കയും പിന്നെത്തതിൽ വരുന്നതൊക്കെയും സഹിക്കയും ചെയ്യുന്നത് യുക്തമെന്നു നിശ്ചയിച്ചു അത്രെ അവർ തുടങ്ങിയിരിക്കുന്നതിനു പ്രതിക്രിയ ആയിട്ടു ചെയ്യേണ്ടി വന്നു എന്നു 984 - ാ മാണ്ടു മകര മാസം 1 - ാം തീയതി കുണ്ടറ വച്ചു. "

- ദളവ തമ്പി ചെമ്പകരാമൻ വേലായുധൻ.

+ഹൈദരാലി ++ഈസ്റ്റിന്ത്യാക്കമ്പനി

ആധീരയോദ്ധാവിന്റെ മുമ്പിൽ ഒരു നിമിഷം നമുക്കു നിൽക്കാം. പരാജയത്തിൽ കലാശിച്ച സമര മായിരുന്നെങ്കിലും ബ്രിട്ടീഷ് സാമ്രാജ്യ ത്വത്തിനെ തിരായി ഇന്ത്യ യിൽ നടന്ന ആദ്യകാല കലാപങ്ങളിലൊന്നായിരുന്നു അത്.

*" അദ്ദേഹത്തിന്റെ കുണ്ടറവിളംബരം നമ്മുടെ 'മാഗ്നാകാർട്ടാ' ആണ്. നാം ഓരോരുത്തരും ദിവസവും പാരായണം ചെയ്യേണ്ട വിശിഷ്ട പ്രമാണമാണ്. "*

*- കേരള ഡയറക്ടറി പി. ഫെലിക്സ്.*

എന്നാൽ ആ ധീര ദേശാഭിമാനിയ്ക്ക് കുണ്ടറയിൽ നാമമാത്രമായ ഒരു സ്മാരകം മാത്രമാണുള്ളത്. (കൊറ്റങ്കര പഞ്ചായത്താഫീസിനോടു ചേർന്നുള്ളത്.) അദ്ദേഹത്തിന്റെ ലോഹപ്രതിമ തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുമ്പിൽ സ്ഥാപിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉടവാൾ ദൽഹിയിലെ നാഷണൽ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഡോ. രാജേന്ദ്ര പ്രസാദായിരുന്നു അതിവിടെ നിന്നും ഏറ്റുവാങ്ങി ക്കൊണ്ടുപോയത്

[ " സചിവോത്തമ സർ. സി.പി. മെമ്മോറിയൽ ആയി കുണ്ടറ മുക്കടയിൽ ഒരു ദീപസ്തംഭം ഉണ്ടായിരുന്നത് ഇവിടെ ഓർക്കുമ്പോൾ വിസ്മയം തോന്നും." ]

കുണ്ടറയിലെ അഞ്ചലാപ്പീസ് (തിരുവിതാം കൂറിനുള്ളിലേക്കുള്ളത്) ആശുപത്രിമുക്കിനു സമീപം ഇപ്പോൾ ടെലിഫോൺ എക്സ്ചേഞ്ച് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ഒരു മാസ്റ്ററും നാലിൽ കുറയാതെ ശിപായിമാരും അന്നുണ്ടായിരുന്നു. പള്ളിമുക്കിനപ്പുറം (തിരുവിതാംകൂറിനു പുറത്തേയ്ക്കുള്ളത്) ഒരു പോസ്റ്റോഫീസും പ്രവർത്തിച്ചിരുന്നു.

അമ്പലംമുക്കിൽ റോഡരുകിൽ രണ്ടുമുറികളുള്ള ഒരു ചെറിയ കെട്ടിടത്തിൽ ഒരു ഹെഡ്കോൺസ്റ്റബിളും രണ്ടു പോലീസുകാരും ഉള്ള ഔട്ട് പോസ്റ്റ് സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചു. ഇപ്പോഴത്തെ പോലീസ് സ്റ്റേഷൻ ഉദ്യോഗസ്ഥൻമാരുടെ സത്രമായിരുന്നു. പഴയ പോലീസ് ഔട്ട് പോസ്റ്റിനോടനുബന്ധിച്ച് വിള നശിപ്പിക്കുന്ന കന്നു കാലികളെ സൂക്ഷിക്കാനുള്ള ഇടവും വാച്ചുമാനുമുണ്ടായിരുന്നു. ഉടമ സൂക്ഷിപ്പുകൂലി അടച്ച് കാലികളെ മോചിപ്പിക്കണമായിരുന്നു. A.D. 1908 ൽ ആറുമുറിക്കടയ്ക്ക് കിഴക്കായിയിരുന്നു സബ് രജിസ്റ്റർ കച്ചേരി. ഇപ്പോഴത്തെ വില്ലേജാഫീസ് വർഷങ്ങൾക്ക് മുൻപ് റയിൽവേ എൻജിനീയറുടെ ബംഗ്ലാവും കുതിരാലയവുമായിരുന്നു. ആദ്യ അച്ചടിശാല - സാഹിത്യവിലാസം പ്രസ്സാണ്. മറുതായത്ത് കോശിസാർ പള്ളിമുക്കിൽ സ്ഥാപിച്ചു പ്രവർത്തനം നടത്തിയതാണത്.

അഷ്ടമുടിക്കായലിന്റെ ഒരു മുടി കാഞ്ഞിരോട്ടുകായലാണ്. കുണ്ടറപഞ്ചായത്തിന്റെ ഒന്നാം വാർഡ് അതിർത്തി ഈ കായലാണ്. എത്ര പിടിച്ചാലും കുറയില്ല കായൽമത്സ്യമെന്ന് കേൾവിപ്പെട്ടിരുന്നു. തീൻമേശമേൽ കാഞ്ഞിരോട്ടുകായലിലെ കരിമീൻ ഇന്നും വിശിഷ്ട വിഭവമാണ്.

കുണ്ടറ വലിയപള്ളിയുടെ സഹസ്രാബ്ദി യാഘോഷം 1970 ൽ ആണ് നടന്നത്. അത്രത്തോളം പഴക്കമുള്ള ഈ പള്ളി ഹൈന്ദവമാതൃകയിലുള്ള ആരാധനാലയമായിരുന്നു. ഇളയിടത്ത് മഹാരാജാവിന്റെ കാലത്ത് ട്രസ്റ്റിയായി നിയോഗിച്ചത് പിള്ളവീട്ടുകാരെയായിരുന്നുവത്രെ. ഇപ്പോഴും ശ്രാദ്ധദിവസം പിള്ളവീട്ടുകാർക്ക് കാണിക്ക നൽകുന്ന പതിവുണ്ട്. ഭദ്രകാളിയുടേയും മറ്റും കൊത്തുപണിയുള്ള ഒരു ഉത്തരം പുതിയ പള്ളിയിലും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ചെപ്പേട് ഭാഷാമാതൃകയിലുള്ള ലിഖിതങ്ങളും ഇതിലുണ്ട്. (അതിൽ 693 മേടം 24 എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിൽനിന്ന് 15-ാം നൂറ്റാണ്ടവസാനത്തിൽ ക്രിസ്ത്യാനികൾ ഇവിടെ കൂടിപ്പാർപ്പു തുടങ്ങി എന്ന് ഊഹിക്കുന്നു.) ക്ഷേത്രമാതൃകയിലുള്ള കൽവിളക്കും ഇവിടെയുണ്ട്. പ്രവേശന മന്ദിരം പഴയമാതൃകയിൽ തന്നെ ഇപ്പോഴുമുണ്ട്. മാർ ആന്ത്രയോസ് ബാവ (വലിയപ്പൂപ്പൻ) യെയാണ്

ഇവിടെ ആരാധിക്കുന്നത്. പള്ളിശ്രാദ്ധവും തൊട്ടടുത്ത ഇണ്ടിളയപ്പൻ ക്ഷേത്രത്തിലെ ഉത്സവവും അടുത്തടുത്ത ദിവസങ്ങളിലാണിപ്പോഴും നടക്കുന്നത്. മത സൗഹൃദത്തിന്റെ മഹനീയമാതൃകയായി ഇത് കണക്കാക്കുന്നതിൽ തെറ്റില്ല. [കൊല്ലത്ത് സ്ഥാണു രവിവർമ്മ തരിസാപള്ളിക്ക് ചില അവകാശങ്ങൾ അനുവദിച്ച് എഴുതികൊടുത്ത ശാസനങ്ങൾ - തരിസാപള്ളിശാസനം - മതമൈത്രിയുടെ മുദ്രയായി പലരും ചൂണ്ടിക്കാട്ടാറുള്ളതും ഓർമ്മിക്കാം.]

ഇപ്രകാരം ദേശചരിത്രവുമായി ബന്ധമുള്ള ഒട്ടേറെ വസ്തുതൾ ഒളിഞ്ഞും, തെളിഞ്ഞും കുണ്ടറയിലുണ്ട്. അത് അന്വേഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് പുതിയ തലമുറയ്ക്ക് ഒരു മുതൽകൂട്ടുതന്നെയാണ്. അതൊരു കടമയായി സ്വീകരിക്കേണ്ടത് ദേശസ്നേഹികളുടേയും അധികാരികളുടെയും ബാധ്യതയുമാണ്.

## കുണ്ടറ ഗ്രാമപഞ്ചായത്ത് ചരിത്രം

1953-54 കാലഘട്ടത്തിലാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്നത്. കുണ്ടറ പേരയം പഞ്ചായത്തുകൾ ചേർന്നു കിടന്നിരുന്ന ആദ്യ പഞ്ചായത്തിന്റെ പേര് മുളവന പഞ്ചായത്ത് എന്നായിരുന്നു.

**ആദ്യത്തെ ഭരണസമിതിഅംഗങ്ങൾ**

1. കെ. മാധവൻപിള്ള.
2. എസ്. ബർണാഡ്.
3. വി. പി. ലാസ്സർ
4. പി. സൈമൺ
5. പി. എം. മാത്തൻ പണിയ്ക്കർ.
6. കറുമ്പൻ മാധവൻ
7. പി. ഭാസ്കരനുണ്ണിത്താൻ
8. എൽ. ആഞ്ചലോസ്
9. കെ. മൈതീൻ കുഞ്ഞ്
10. കെ. ആർ. മത്തായി
11. എൻ. ബാഹുലേയൻ

മുളവന ചന്തയ്ക്ക് സമീപം കടയാറ്റുവക കെട്ടിടത്തിലാണ് പഞ്ചായത്ത് കമ്മിറ്റിയുടെ ആദ്യയോഗം (1953 ഓഗസ്റ്റ് 14 ന്) മുളവന ജംഗ്ഷനിൽ പ്രതിമാസം 8 രൂപയ്ക്ക് വാടകയ്ക്ക് കോട്ടുരഴികത്ത് ശ്രീ. കെ. ഗീവർഗ്ഗീസ് മുതലാളിയുടെ ഇരുനിലകെട്ടിടത്തിന്റെ മുകളിലത്തെ നിലയിലായിരുന്നു പഞ്ചായത്ത് കമ്മിറ്റി പ്രവർത്തിച്ചിരുന്നത്. 30/12/62 ൽ ആദ്യ പഞ്ചായത്ത് സമിതിയുടെ കാലാവധി തീർന്നു. തുടർന്ന് സ്പെഷ്യൽ ഓഫീസർ ഭരണം ഏറ്റെടുത്തു. (31/12/1962 - 21/1/1963 സ്പെഷ്യൽ ഓഫീസർ ഭരണം).

26-2-1962 - ലെ കമ്മിറ്റി മുതൽ കുണ്ടറയും പേരയവും ചേർന്ന് മുളവന എന്ന് അറിയപ്പെട്ടിരുന്ന പഞ്ചായത്തിന്റെ പേര്, കുണ്ടറ എന്നാക്കി രേഖപ്പെടുത്തിയിരിയ്ക്കുന്നു.

കുണ്ടറ പഞ്ചായത്ത് കുണ്ടറ - പേരയം പഞ്ചായത്ത്കളായി വിഭജിച്ചത് 1969 ലാണ്. 9-9-1969 ലെ No. 7352/Pt Sp / 11 / 69 / DD നോട്ടീസ് കമ്മിറ്റി ചർച്ചചെയ്ത് അംഗീകാരം ഗവ. അറിയിക്കുകയും, 22/9/69 ലെ G.O, M.S 270/3/69 DD ഉത്തരവ് പ്രകാരം പഞ്ചായത്ത് വിഭജനം പ്രാബല്യത്തിൽ വരികയും ചെയ്തു. 10-10-1969 ൽ ചിറ്റുമല ബ്ലോക്ക് ഓഫീസർമാരുടെ അധ്യക്ഷതയിൽ കുണ്ടറ പഞ്ചായത്ത് കമ്മിറ്റി സത്യപ്രതിജ്ഞ ചെയ്തു.

കുണ്ടറ പഞ്ചായത്ത് മുളവന പഞ്ചായത്തായിരുന്നപ്പോൾ കെ. മാധവൻപിള്ള ആദ്യ പ്രസിഡന്റായി. എസ്. ബർണാർഡ് അവസാന പ്രസിഡന്റുമായിരുന്നു. തുടർന്ന് പഞ്ചായത്തിന്റെ പേര് കുണ്ടറ എന്നാവുകയും ആദ്യപ്രസിഡന്റായി എസ്. ജോസഫ് സ്ഥാനമേൽക്കുകയും ചെയ്തു. 1965 മുതൽ എം. ഗോപിനാഥൻപിള്ള പ്രസിഡന്റായി സ്ഥാനമേറ്റു. തുടർന്ന് എം. ജോസുകുട്ടി പ്രസിഡന്റായി. നിലവിലുള്ള കമ്മിറ്റിയുടെ പ്രസിഡന്റ് കെ. രാജമ്മയാണ്.

# ഭൂപ്രകൃതി
# ജലപ്രകൃതി
# ജനപ്രകൃതി

ഭൂവിഭവങ്ങളുടെ പരിരക്ഷണത്തിന്റെ പ്രാധാന്യവും അർത്ഥവ്യാപ്തിയും വളരെ പ്രസക്തമായിരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയ്ക്കൊപ്പം നശിച്ചുകൊണ്ടിരിക്കുന്ന മൂന്ന് വിഭവങ്ങളാണ് ജലം, മണ്ണ്, ജീവജാലങ്ങൾ തിങ്ങിപ്പാർക്കുന്ന നിബിഡവനങ്ങൾ, മലിനമായ ജലപാതകൾ, മരിക്കുന്ന മണ്ണ്, അപ്രത്യക്ഷമാകുന്ന നിത്യഹരിത വനങ്ങൾ മുതലായവ മനുഷ്യന്റെ നിത്യജീവിതത്തെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങളെയെല്ലാം ഒരു പരിധിവരെ തരണം ചെയ്ത് വികസനത്തിലേയ്ക്ക് എത്തിക്കാനുള്ള മുന്നോടിയായിട്ടാണ് പഞ്ചായത്തുകളെക്കുറിച്ചുള്ള ഈ പഠനം.

മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്കെല്ലാം ഒരുദാഹരണമാണ് കൊല്ലം ജില്ലയിലെ കുണ്ടറ പഞ്ചായത്ത്. ചിറ്റുമല ബ്ലോക്കിൽപ്പെടുന്ന ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 11.07 ചതുരശ്ര കിലോമീറ്ററാണ്.

## സവിശേഷതകൾ

വ്യാവസായിക സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ള കുണ്ടറ കേരളത്തിലെ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിലൊന്നാണ്. അഷ്ടമുടിക്കായലിന്റെ ശാഖയായ കാഞ്ഞിരോട്ടുകായലും, കായലോരത്തെ കളിമണ്ണും (ചൈനാക്ലേ) കുണ്ടറയിലെ വ്യാവസായിക സാധ്യതകൾക്ക് ആക്കം കൂട്ടുന്നു. പഞ്ചായത്തിന്റെ

പടിഞ്ഞാറൻ അതിർത്തിയായ കായലോരങ്ങൾ താരതമ്യേന അവികസിത പ്രദേശങ്ങളാണ്. ഈ പഞ്ചായത്തിന്റെ അയൽ പഞ്ചായത്തുകൾ പവിത്രേശ്വരം (വടക്ക്) എഴുകോൺ (കിഴക്ക്) കരീപ്ര, കൊറ്റങ്കര (തെക്ക്), പേരയം, പെരിനാട് (പടിഞ്ഞാറ്) എന്നിവയാണ്.

രണ്ട് പ്രധാന റോഡുകളും ഒരു പ്രധാന റെയിൽവേ പാതയുമാണ് ഈ പഞ്ചായത്തിന്റെ എടുത്തു പറയത്തക്ക ഗതാഗതമാർഗ്ഗങ്ങൾ. കൊല്ലം,ചെങ്കോട്ട തീവണ്ടിപ്പാതയുടെ ദൈർഘ്യം 4.76 കിലോമീറ്ററാണ് ഈ പഞ്ചായത്തിനുള്ളിൽ. ഈ പഞ്ചായത്തിലെ പ്രധാന റോഡ് കൊല്ലം, ചെങ്കോട്ട റോഡാണ്. പള്ളിമുക്ക് കല്ലട, കുണ്ടറ, ഭരണിക്കാവ് എന്നിവയാണ് മറ്റു പ്രധാന റോഡുകൾ.

## ജലലഭ്യത

ജലത്തിന്റെ അഭാവത്തിൽ ജീവജാലങ്ങളുടെ നിലനിൽപ്പ് സാധ്യമല്ല. ഭൂമിയിലെ ജലത്തിന്റെ 97 ശതമാനവും സമുദ്രജലമാണല്ലോ. ബാക്കി മൂന്ന് ശതമാനമാണ് നമുക്ക് വിവിധ രീതികളിൽ ലഭ്യമാകുന്നത്. 44 നദികളും അനേകം തോടുകളും കുളങ്ങളും, കായലുകളും മറ്റു ജലാശയങ്ങളുമുള്ള കേരളത്തിൽ സമൃദ്ധമായ മഴക്കാലത്തിന് തൊട്ടുപിറകിലായി വരൾച്ചയുടെ കെടുതികൾ അനുഭവിക്കേണ്ടുന്ന ഗതികേടാണ് ഉള്ളത്. കുണ്ടറ പഞ്ചായത്തും ഇതിൽ നിന്നും ഒട്ടും ഭിന്നമല്ല.

## ഭൗതികഘടന

കൊല്ലം പട്ടണത്തിൽ നിന്നും 13 കിലോമീറ്റർ കിഴക്കാണ് കുണ്ടറ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. കുണ്ടറയുടെ ഭൗതികഘടന അക്ഷാംശം $8^0$58"നും $9^0$0'N ഉം രേഖാംശം $76^0$40"നും $76^0$42" E നും ഇടയിലാണ്. ഈ പഞ്ചായത്തിനെ ഒൻപത് 9 വാർഡുകളായി തിരിച്ചിരുക്കുന്നു.

## ഭൂപ്രകൃതി


ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ പ്രധാനമായും മൂന്നായി തിരിച്ചിരിക്കുന്നു. മലനാട്, ഇടനാട്, തീരപ്രദേശം. 80 മീറ്റർ സമോച്ചരേഖയിൽ നിന്നും ഉയർന്ന സ്ഥലമുള്ളതാണ് മലനാട്. തീരദേശമാകട്ടെ കായൽതീരത്തും, കടൽത്തീരത്തും കാണുന്ന 20 മീറ്ററോ അതിൽ ഉയരമുള്ള സ്ഥലങ്ങളിൽപ്പെടും. ഇവയ്ക്കിടയിൽപ്പെടുന്ന 20 - 80 മീ വരെ സമോച്ചരേഖ വരുന്നതുമായ പ്രദേശങ്ങളാണ് ഇടനാട്. സമുദ്രനിരപ്പിൽ നിന്നും 60 മീറ്റർ ഉയരം രേഖപ്പെടുത്തിയിരിക്കുന്ന കുണ്ടറ പഞ്ചായത്തിനെ ഇടനില പഞ്ചായത്തുകളിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ 60 മീറ്റർ സമോച്ചരേഖ രേഖപ്പെടുത്തിയിരിക്കുന്നത് പഞ്ചായത്തിന്റെ തെക്കുകിഴക്ക് ഭാഗത്ത് കുണ്ടറ റെയിൽവേ സ്റ്റേഷനനടുത്താണ്. തെക്കുകിഴക്കായി ഉയരമുള്ള പഞ്ചായത്തിന്റെ ചരിവ് വടക്കു ഭാഗത്തോട്ടാണ്. പഞ്ചായത്തിൽ കാണപ്പെടുന്ന വിവിധ സമോച്ചരേഖകൾ രേഖപ്പെടുത്തിയിരിക്കുന്ന ചിത്രം ഭൂപടം (2) ൽ കൊടുത്തിരിക്കുന്നു. ഇതിൽനിന്നും വിവിധ സമോച്ചരേഖയ്ക്കുള്ളിൽ ഒതുങ്ങുന്ന പഞ്ചായത്തിന്റെ വിസ്തീർണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമനമ്പർ | നിമ്നോന്നതി | വിസ്തീർണ്ണം | ശതമാനം |
|---|---|---|---|
| I | >20 | 240.2 | 21.6 |
| II | 20 - 40 | 544.1 | 49.1 |
| III | 40 - 60 | 320.8 | 28.9 |
| IV | <60 | 1.9 | 00.4 |

# പട്ടിക 1

| നമ്പർ | ആസ്തികൾ | | എണ്ണം |
|---|---|---|---|
| 1 | ഫാക്ടറികൾ | (അലിന്റ്,K.E.L) | 3 |
| | | (സിറാമിക്സ്) | 1 |
| | | (കാഷ്യൂ) | 3 |
| 2. | സ്കൂളുകൾ | ഹൈസ്കൂൾ | 1 |
| | | ഗേൾസ് ഹൈസ്കൂൾ | 1 |
| | | യു.പി. സ്കൂൾ | 1 |
| | | എൽ.പി. സ്കൂൾ | 3 |
| | | പ്രീപ്രൈമറി | 1 |
| | | അംഗൻ വാടികൾ | 20 |
| | | ഐ.ടി.സി. | 2 |
| 3. | വൈദ്യുതി ഓഫീസുകൾ | | 3 |
| 4. | ആയുർവ്വേദ ആശുപത്രി | | 1 |
| 5. | പി.എച്ച്. സെന്റർ | | 1 |
| 6. | പി.എച്ച്. സബ്സെന്റർ | | 1 |
| 7. | സ്വകാര്യ ആശുപത്രികൾ | | 2 |
| 8. | മൃഗാശുപത്രികൾ | | 2 |
| 9. | പോലീസ് സ്റ്റേഷൻ | | 1 |
| 10. | ഫയർ സ്റ്റേഷൻ | | 1 |
| 11. | റേയിൽവേ സ്റ്റേഷൻ | | 1 |
| 12. | ടെലികോം ഓഫീസുകൾ | | 3 |
| 13. | ബാങ്കുകൾ | | 3 |
| 14. | സെയിസ് ടാക്സ് ഓഫീസ് | | 1 |
| 15. | ചുമട്ടുതൊഴിലാളി ക്ഷേമനിധി ഓഫീസ് | | 1 |
| 16. | ഫിഷറീസ് ഓഫീസ് | | 1 |
| 17. | ഐ.സി.ഡി.എസ് ഓഫീസ് | | 1 |
| 18. | കെ.ഐ.പി. ഓഫീസ് | | 1 |
| 19. | കൃഷിഭവൻ | | 1 |
| 20. | വില്ലേജ് ഓഫീസ് | | 1 |
| 21. | വാട്ടർ അഥോറിറ്റി ഓഫീസ് | | 1 |
| 22. | സബ്ബ് രജിസ്റ്റാർ ഓഫീസ് | | 1 |
| 23. | അസി.എ.ഇ.ഒ. ഓഫീസ് | | 1 |
| 24. | പോസ്റ്റാഫീസ് | | 1 |
| 25. | പഞ്ചായത്താഫീസ് | | 1 |
| 26. | ക്ഷേത്രങ്ങൾ | | 14 |
| 27. | കൃസ്ത്യൻ പള്ളികൾ | | 8 |
| 29. | മുസ്ലീം പള്ളികൾ | | 2 |
| 30. | സിനിമാ തീയറ്റർ | | 1 |
| 31. | ഷോപ്പിംഗ് കോംപ്ലക്സ് | | 1 |
| 32. | പൊതു സ്മശാനം | | 1 |
| 33. | പബ്ലിക്മാർക്കറ്റ് | | 1 |
| 34. | ലൈബ്രറികൾ | | 4 |
| 35. | പൊതുകളിസ്ഥലം | | 1 |


# ഭരണതന്ത്ര ഭൂപടം




RS - Railway Station
PAN - Panchayat Office
VO - Village office
PS - Police Station
PS - Primary School
UPS - Upper Primary School
SRO - Sub Registrar Office
KEL - Kerala Engg & Allied Industries Limited
HS - High School
PHC - Primary Health Centre
VH - Veterinary Hospital
CI - Ceramic Industries
KSEB - Electricity Office
AI - Aluminium Industries
FS - Fire Station

ഭൂപടം 2

## നിമ്നോന്നതി, നീരൊഴുക്ക് ഭൂപടം



## പട്ടിക 2

| വാർഡ് | പേര് |
|---|---|
| 1 | കാഞ്ഞിരകോട് A |
| 2 | കാഞ്ഞിരകോട് B |
| 3. | കാഞ്ഞിരകോട് C |
| 4. | കാഞ്ഞിരകോട് D |
| 5. | മുളവന A |
| 6. | മുളവന B |
| 7. | മുളവന C |
| 8. | മുളവന D |
| 9. | മുളവന E |

## നീരോഴുക്ക്

പഞ്ചായത്തിൽ രണ്ട് പ്രധാന തോടുകൾ കാണുവാൻ സാധിക്കും. ഇതിലെ പ്രധാന തോട് ചാമുണ്ഡിമൂല മുതൽ ഓലഭരണിമുക്ക്വരെയുള്ള വലിയ തോടാണ്. മറ്റൊന്ന് കുണ്ടുകുളത്തിൽ നിന്ന് കാഞ്ഞിരകോട് ഏലായിലേയ്ക്ക് പടിഞ്ഞാറോട്ട് ഒഴുകുന്ന തോട്. ഈ രണ്ട് വ്യത്യസ്ഥതോടുകളും കൂടി പഞ്ചായത്തിനെ രണ്ട് ജലസംഭരണികളായി തിരിക്കുന്ന- എ. ബി, ഇവ രണ്ടും പഞ്ചായത്തിലെ നീർമറി വികസന സാദ്ധ്യത ചൂണ്ടിക്കാട്ടുന്നു.

*ജലസംഭരണി എ :*

ഈ സംഭരണിയുടെ മൊത്തം വിസ്തീർണ്ണം 612.5 ഹെക്ടർ ആണ്. പ്രസ്തുത ഭാഗത്ത് ഒന്നാം ക്രമത്തിൽപ്പെടുന്ന 10 തോടുകളും രണ്ടാം ക്രമത്തിൽപ്പെടുന്ന മൂന്ന് (3) തോടുകളും മൂന്നാം ക്രമത്തിൽപ്പെടുന്ന ഒരു തോടും ഉണ്ട്. [First order, Second order, Third order]. ഇവയുടെ ദൈർഘ്യം യഥാക്രമം 10 കി.മി., 2 കി.മി. 2 കി.മി. ആകുന്നു. Drainage Density അഥവാ അപവാഹ സാന്ദ്രത 1.31 കി.മി. ചതുരശ്ര കി.മി. ആണ്. ഇതിൽനിന്നും ഈ ഭാഗത്തെ നീരൊഴുക്ക് കുറവാണെന്ന് കാണാം. ഇവിടത്തെ Stream frequency അഥവാ അപവാഹ ആവൃത്തി 2.29 എണ്ണം/ ചതുരശ്ര കി.മി. ആണ്. ഇതിൽനിന്നും ഉദ്ദേശിക്കുന്നത് ഒരു ചതുരശ്ര കി.മിറ്ററിൽ ശരാശരി 2 തോടുകളുണ്ട് എന്നാണ്.

*ജലസംഭരണി ബി :*

ഈ സംഭരണിയുടെ മൊത്തം വിസ്തീർണ്ണം 362.5 ഹെക്ടർ ആകുന്നു. ഇവിടെ രണ്ടാം ക്രമത്തിൽപ്പെടുന്ന രണ്ട് തോടും, ഒന്നാം ക്രമത്തിൽപ്പെടുന്ന രണ്ട് തോടുകളും ഉണ്ട്. അവയുടെ നീളം ഒന്ന് (1) കി.മീ. ഉം, 2.5 കി.മീ. ഉം, ആകുന്നു. ഇവിടത്തെ (Drainage Density) അഥവാ അപവാഹ സാന്ദ്രത 0.97 കി.മി/ ചതുരശ്രകിലോമീറ്റർ ആണ്. ഇതിൽ നിന്നും ഇവിടുത്തെ നീരോഴുക്ക് വരെ മോശമാണെന്ന് അനുമാനിക്കാം. ഇവിടത്തെ Stream frequency അഥവാ അപവാഹ ആവൃത്തി 0.83 എണ്ണം/ ചതുരശ്രകിലോമീറ്റർ ആണ്.

മേൽപ്പറഞ്ഞ എ. ബി. ജലസംഭരണികളുടെ പട്ടിക (3) ചുവടെ ചേർക്കുന്നു. ഭൂപടം 2 ൽ മേൽപ്പറഞ്ഞ കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക 4

| Basin A | Stream Order | No.of Stream Segments | Stream length (KM) | Area ($KM^2$) | Drainage Density ($KM/KM^2$) | Stream frequency $No/KM^2$ |
|---|---|---|---|---|---|---|
| A | 1 | 10 | 4 | 6.125 | 1.31 | 2.29 |
| | 2 | 3 | 2 | | | |
| | 3 | 1 | 2 | | | |
| B | 1 | 2.5 | 2.5 | 3.625 | 0.97 | 0.83 |
| | 2 | 1 | 1 | | | |

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ മൂന്ന് ഭാഗങ്ങളായി തിരിക്കാം. ഉയർന്ന പ്രദേശം, താഴ്ന്ന പ്രദേശം, ചരിഞ്ഞ പ്രദേശം. ഭൂപടം 3, പഠനപര്യടന ചിത്രം.

## 1. ഉയർന്ന പ്രദേശം

40 മീറ്ററിൽ ഉയർന്ന സമോച്ചരേഖയുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്നയാണിവ. ഇതിൽ തന്നെ നമുക്ക് രണ്ട് വ്യത്യസ്ഥ ഭൂപ്രകൃതി കാണാം. T1, T2,. T1 എന്നു പറയുന്നത് ഉയർന്ന സമതലവും, T2 എന്നത് കുന്നുകളുമാണ്. ഈ ഉയർന്ന സമതലം വളരെ വിസ്തീർണ്ണമുള്ള നീണ്ടു പരന്നുകിടക്കുന്ന ഒന്നാണ്..

## 2. ചരിഞ്ഞ പ്രദേശം

ഉയർന്ന പ്രദേശത്തുനിന്നും താഴ്ന്ന പ്രദേശത്തേയ്ക്കു വരുമ്പോൾ ഓരോ സ്ഥലങ്ങളും ഓരോ ദിശയിലോട്ടു ചരിഞ്ഞുകിടക്കുന്നു. ഭൂമിയുടെ സമതലപ്രദേശത്തുനിന്നുള്ള ചരിവുകളുടെ തോത് അനുസരിച്ച് വിവിധ മേഖലകളായി വിഭജിച്ചിരിക്കുന്നു. $0^0$ മുതൽ $5^0$ വരെ ചെറിയ ചരിവുള്ള സ്ഥലങ്ങളെ S1 എന്നും ഇടത്തരം $5^0$ മുതൽ $10^0$ ചരിവുള്ള സ്ഥലങ്ങളെ S2 എന്നും സാമാന്യം $10^0$ മുതൽ $18^0$ വരെ ചരിവുള്ള സ്ഥലങ്ങളെ S3 എന്നും $18^0$ മുതൽ $27^0$ വരെ നല്ല ചരിവുള്ള പ്രദേശങ്ങളെ S4 എന്നും തിരിച്ചിരിക്കുന്നു.

കുണ്ടറ പഞ്ചായത്തിലെ പ്രധാനമായ ചരിവു പ്രദേശങ്ങൾ S1, S2 വിഭാഗത്തിൽപ്പെടുന്നു. S3 വിഭാഗത്തിൽപ്പെടുന്നത് കാഞ്ഞിരോട്ടുകായലിനുചേർന്ന് കിടക്കുന്ന തെക്ക് പടിഞ്ഞാറ് വശമാണ്. S4 വളരെ ചെറിയ ഭാഗത്തുമാത്രമേ കാണാൻ സാധിക്കുന്നുള്ളു. പള്ളിമുക്കിൽ നിന്നും മുളവനയ്ക്ക് പോകുന്ന റോഡിന്റെ പടിഞ്ഞാറെ വശമായിട്ടാണ് S4 കാണപ്പെടുന്നത്. S4 ഉൾപ്പെടുന്ന ഭാഗമാണ് മണ്ണൊലിപ്പിന് ഇരയാകുന്ന സ്ഥലം

## 3. താഴ്ന്ന പ്രദേശം

പ്രധാനമായും രണ്ടായിതിരിച്ചിരിക്കുന്നു. താഴ്വരത്തിട്ട് (V1) അടിവാരത്തിട്ട് (IP)

### *(i) താഴ്വരത്തിട്ട് (V1)*

താഴ്ന്ന പ്രദേശങ്ങളിലെ പ്രധാനഭാഗം താഴ്വരത്തിട്ടാണ്. കുണ്ടറ പഞ്ചായത്തിലെ നിലങ്ങൾ മുഴുവനും ഉൾപ്പെടുന്നത് ഈ V1 ലാണ്. മഴസമയത്ത് ഉയർന്ന പ്രദേശങ്ങളിൽ നിന്നും വരുന്ന വെള്ളം V1നെ വെള്ളത്തിൽ ആഴ്ത്തുന്നു.

### *(ii) ഉൾത്തിട്ട് (Interior Plane)*

S1 ചരിവുപ്രദേശത്ത് V1 ലേയ്ക്ക് എത്തുന്നതിനിടയിൽ ചെറിയ ഭാഗം ആണ് ഉൾത്തിട്ട്. ഈ ഉൾത്തിട്ടിൽ V1ൽ കാണുന്ന പല സവിശേഷതകളും ഇല്ല. എന്നാൽ താഴ്ന്ന പ്രദേശത്തിൽ തന്നെ പെടുന്നു ഇത്.


### *(iii) നികത്തിയ കായൽ പ്രദേശം* (Reclaimed Kayal)

കാഞ്ഞിരോട്ടുകായലിന്റെ ചെറിയൊരു ഭാഗം നികത്തി കൃഷി ചെയ്തിരിക്കുന്നു. ഈ ഭാഗത്തോട് ചേർന്ന് വളരെ കുത്തനെയുള്ള ചെറിയ ഒരു തുണ്ട് ഭൂമിയുണ്ട്. ഇതിനെ കീഴ്ക്കാം തൂക്കായ (Scarp face) എന്നുപറയുന്നു. വിവിധ ഭൂരൂപങ്ങളുടെ വിസ്തീർണ്ണം പട്ടിക 5 ൽ ചേർത്തിരിക്കുന്നു.

പട്ടിക 5

| ക്രമനമ്പർ | ഭൂപ്രകൃതി | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|---|
| I | T1 | 313.8 | 28.34 |
| II | T2 | 12.9 | 1.17 |
| III | S1 | 268.2 | 24.22 |
| IV | S2 | 250.1 | 22.59 |
| V | S3 | 15.3 | 1.38 |
| VI | S4 | 3.1 | 0.28 |
| VII | V1 | 236.2 | 21.34 |
| VIII | IP | 4.3 | 0.38 |
| IX | RK | 3.1 | 0.28 |

## പഠന പര്യടന ചിത്രം
## കുണ്ടറ പഞ്ചായത്ത്




പള്ളിമുക്ക് ←3 കി.മീ→ മുളവന

| മേഖലകൾ | ഭൂപ്രകൃതി | മണ്ണ് | ഭൂവിനിയോഗം |
|---|---|---|---|
| B.F.I | T1 | വെട്ടുകല്ല് | MC.MT.CO |
| K | T2 | വെട്ടുകല്ല് | MC.MT.CO |
| A. L | S2 | ചരൽ വെട്ടുകല്ല് | MC.MT.CO |
| C.H | S1 | ചരൽ വെട്ടുകല്ല് | MC.MT.CO |
| E,G,J | V1 | ചരൽ | P1, P2 |
| D | S3 | ചരൽ വെട്ടുകല്ല് | MC.MT.CO |

### കാലാവസ്ഥ

38589 ച. കി. മീ. വിസ്തീർണ്ണമുള്ള കേരളത്തിന്റെ പ്രതിവർഷ മഴ 3 മീറ്ററാണ്. തെക്കൻ ഇടനാട് കാർഷിക മേഖലയിൽ ഉൾപ്പെട്ടതാണ് കുണ്ടറ പഞ്ചായത്ത്. ഇവിടുത്തെ ശരാശരി മാസവർഷപാതം ഏറ്റവും കുറവു ജനുവരിയിലും ഏറ്റവും കൂടുതൽ ജൂലൈയിലുമാണ്. വടക്കുകിഴക്കൻ മൺസൂണിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഈ പഞ്ചായത്തുകൂടി ഉൾപ്പെടുന്ന കൊല്ലം ജില്ലയിലാണ്. ഇവിടത്തെ ശരാശരി വാർഷിക മഴ 241.6 മില്ലി. മീറ്ററാണ്. ഏറ്റവും കൂടുതൽ താപനില അനുഭവപ്പെടുന്ന മാസം ഏപ്രിലും കുറഞ്ഞ താപനില അനുഭവപ്പെടുന്നത് ജനുവരിയിലുമാണ്.

### ജല ലഭ്യത

ജല ലഭ്യത, ഭൂപ്രകൃതിയും അവിടത്തെ ഉപരിതലമണ്ണുമനുസരിച്ച് മാറുന്നു. പൊതുവായി നമുക്ക് ഈ പഞ്ചായത്തിനെ ജലലഭ്യതയുടെ കാര്യത്തിൽ രണ്ടായി തിരിക്കാം. ജലലഭ്യതയുള്ള സ്ഥലങ്ങളും, വേനൽസമയത്ത് വെള്ളം ലഭ്യമാകാത്ത സ്ഥലങ്ങളും.

ജലലഭ്യതയുള്ള സ്ഥലങ്ങളെ വെള്ളം സുലഭമായി കിട്ടുന്ന സ്ഥലങ്ങളെന്നും, ചെറിയതോതിൽ ജലലഭ്യതയുള്ള സ്ഥലങ്ങളെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. V1 ഉം IP യും സുലഭമായി വെള്ളം കിട്ടുന്ന സ്ഥലങ്ങളാണ്.

ആകെ 682 കിണറുകൾ ഉള്ള ഈ പഞ്ചായത്തിൽ 496 വറ്റാത്ത കിണറുകയും 186 വറ്റുന്ന

കിണറുകളുമാണ് ഉള്ളത്. ഏറ്റവും കൂടുതൽ കിണറുകളുള്ളത് 5-ാംവാർഡിലാണ്. അവിടെ 110 വറ്റാത്തതും 102 വറ്റുന്ന കിണറുകളും ഉണ്ട്. ഒൻപതാം (9) വാർഡിലാണ് കിണറുകളുടെ എണ്ണം ഏറ്റവും കുറവുള്ളത്. S1 ലും V1 ലും ആണ് വറ്റാത്ത കിണറുകൾ ഉള്ളത്. മിക്കവാറും എല്ലാകിണറുകളിലേയും വെള്ളത്തിന്റെ ആഴം എന്നുപറയുന്നത് 1 മുതൽ 3 മീറ്റർവരെ ഉണ്ട്.

വാർഡുതലത്തിൽ കിണറുകളുടെ എണ്ണത്തെക്കുറിച്ചും, ആഴത്തെക്കുറിച്ചുമുള്ള വിവരണം താഴെ പട്ടികകളിൽ കൊടുത്തിരിക്കുന്നു. ഗ്രാഫ് 1, 2, 3.

പട്ടിക 7

| വാർഡ് | വറ്റാത്തകിണർ | വറ്റുന്നകിണർ | ആകെകിണറുകൾ |
|---|---|---|---|
| I | 66 | 109 | 175 |
| II | 36 | 30 | 66 |
| III | 41 | 49 | 90 |
| IV | 33 | 16 | 49 |
| V | 110 | 102 | 212 |
| VI | 70 | 69 | 139 |
| VII | 96 | 14 | 110 |
| VIII | 38 | 22 | 60 |
| IX | 6 | 24 | 30 |

പട്ടിക 8 ആഴം

| സമതരത്തിൽ നിന്നുള്ള വെള്ളത്തിന്റെ ആഴം | വാർഡുതലത്തിരുള്ള കിണറുകളുടെ എണ്ണം (വിവിധ ആഴത്തിൽ) | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | I | II | II | IV | V | VI | VII | VIII | IX |
| 0-1 മീറ്റർ | 15 | 4 | 4 | 1 | 4 | | | 2 | 1 |
| 1-2 മീറ്റർ | 67 | 15 | 8 | 2 | 6 | | | 9 | |
| 2-3 മീറ്റർ | 50 | 23 | 10 | 6 | 10 | | | 12 | 16 |
| 3-4 മീറ്റർ | 8 | 8 | 19 | 4 | 17 | | | 15 | 1 |
| 4-5 മീറ്റർ | 21 | 10 | 11 | 5 | 27 | | | 15 | 6 |
| 5-6 മീറ്റർ | 4 | 2 | 13 | 14 | 20 | | | 5 | 5 |

വാർഡ് 6, 7 വിവരം ലഭിച്ചിട്ടില്ല.

കുളങ്ങളുടെയും നീരുറവകളുടേയും വിവരണം പട്ടിക 9,10 ൽ ചേർക്കുന്നു.

കിണറുകളുടെ ആഴം കാണിക്കുന്ന രേഖാചിത്രത്തിൽ നിന്ന് 5-ാംവാർഡിലാണ് ഏറ്റവും കൂടുതൽ ആഴം കൂടുതലുള്ള കിണറുകളുള്ളത്. താരതമ്യേന വറ്റുന്ന കിണറുകളുടേയും വറ്റാത്ത കിണറുകളുടേയും എണ്ണത്തിൽ വ്യത്യാസം കാണുന്നില്ല. ഭൂപ്രകൃതി നോക്കുകയാണെങ്കിലും 60 മീറ്റർ സമോച്ചരേഖയിൽ നിന്നും ഉയർന്ന സ്ഥലമാണിത്. ഇതുപോലെ ഒന്നാം വാർഡിലെ കച്ചേരിമുക്കിലും വെള്ളത്തിന് ക്ഷാമമുണ്ട്. ഇവിടെ വറ്റുന്ന കിണറുകൾ 109 വറ്റാത്തത് 66 എണ്ണവുമുണ്ട്. ഇവിടെയും ഉയർന്ന സമതലമാണ് ഭൂപ്രകൃതി. അങ്ങനെ ഭൂപ്രകൃതിയുമായി ചിട്ടപ്പെടുത്തി ജലത്തിന്റെ ലഭ്യതയെക്കുറിച്ച് പഠിച്ചപ്പോൾ ലഭിച്ച വിശദാംശങ്ങൾ ഭൂപടം 4 ജലലഭ്യതയിൽ കൊടുത്തിരിക്കുന്നു. ഇതിൽ നിന്നും പഞ്ചായത്തിനെ നാലായിട്ട് ഭാഗിക്കാം.

# കുണ്ടറ ഗ്രാമപഞ്ചായത്ത് പട്ടിക 9

| വാർഡ് | കുളങ്ങൾ | ഉപയോഗം |
|---|---|---|
| 1 | 1. ഇളംപള്ളൂർ ചിറ<br>2. അലിന്റ് കുളം (2) | രണ്ടും ഉപയോഗിക്കുന്ന അവസ്ഥയിലല്ല |
| 2. | 3. സിറാമിക്സ് കുളം<br>4. കുണ്ടുകുളം 1<br>5. കുണ്ടുകുളം 2 | സിറാമിക്സ് ആവശ്യത്തിന് ജലം സംഭരിക്കുന്നു.<br>രണ്ടും തുണി കഴുകുന്നതിനും,<br>കുളിക്കുന്നതിനും ഉപയോഗിക്കുന്നു. |
| 3. | 6. ഉരിയരിക്കുന്ന് കുളം<br>7. തെങ്ങയ്യം കുളം | കുളിക്കുന്നതിനും തുണികഴുകുന്നതിനും |
| 4. | 8. തണ്ടാകുളം (കുളത്തിൻകര)<br>9. വെള്ളിയാനോട്കുളം(കന്നിമേൽമുക്ക്)<br>10. കാവനാട്ടു കുളം | കുടിക്കുന്നതിന് |
| 5. | 11. കട്ടശ്ശേരി കുളം<br>12. ക്ഷേത്രക്കുളം<br>13. N.S.S കുളം | കുളിയ്ക്കാനും, ആലക്കാനും<br>ക്ഷേത്രാവശ്യം |
| 6. | 14. കടയാറ്റുകുളം<br>15. മുല്ലശ്ശേരി കുളം<br>16. പാറയിൽ കുളം | |
| 7. | 17. ആശാന്റഴികത്ത് കുളം | |
| 8. | 18. മേലോട്ട് കുളം 1<br>19. മേലോട്ട് കുളം 2 | |

## കുണ്ടറ ഗ്രാമപഞ്ചായത്ത് പട്ടിക 10

### നീരുറവകൾ

| വാർഡ് | നിലനിൽക്കുന്നത് | നശിച്ചുപോയത് |
|---|---|---|
| 2 | പനയംകോട് ഊറ്റുകുഴി (സ്വകാരം) | തോട്ടത്തിൽ കിഴക്കതിൽ, കുരീക്കാട് ഉറവകൾ (10 സെന്റ്) |
| | തെങ്ങയ്യം ഊറ്റുകുഴി (സ്വകാരം) | മാടമ്പിശ്ശേരി ഇറ (പുലക്കുളം) (സ്വകാര്യം) |
| 3 | | കുളപ്പൊയ്ക ഊറ്റുകുഴി (സ്വകാരം) |
| 4 | | ചെട്ടിയാരഴികം (മൈൻസ്) |
| 5 | പെള്ളിറയാനോട് പുലിപ്രഭാഗം | |
| 6 | പുതുവീട്ടിൽ താഴെ, പള്ളിയ്ക്കമുക്ക് താഴെ, N.S.S. ന് താഴെ | |
| 7 | മുല്ലശ്ശേരി, പള്ളിയറ, ചാമുണ്ഡി താഴെ | |
| 8. | കരിപ്പുറം | |
| 9. | മേലേമുക്ക് | |

1. ജലം ധാരാളമുള്ള പ്രദേശങ്ങൾ
2. ജലലഭ്യത തരക്കേടില്ലാത്ത പ്രദേശങ്ങൾ
3. വളരെകുറഞ്ഞ ജലലഭ്യതയുള്ള സ്ഥലം
4. വരൾച്ചയുള്ള മേഖലകൾ

ഈ വിവിധ മേഖലകളുടെ വിസ്തീർണ്ണം ചുവടെ പട്ടിക (11) ൽ ചേർത്തിരിക്കുന്നു.

പട്ടിക 11

| ജലലഭ്യത | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| ധാരാളം | 236.2 |
| തരക്കേടില്ലാതെ | 822.7 |
| കുറഞ്ഞത് | 38.2 |
| വരണ്ടത് | 9.9 |

## ഉപരിതലമണ്ണ്

വൈവിദ്ധ്യമാർന്ന ഒരു ഭൂവിഭവമാണ് മണ്ണ്. കാറ്റ്, മഴ എന്നീ മണ്ണൊലിപ്പിനെ സഹായിക്കുന്ന ഘടകങ്ങളെ തടഞ്ഞ് ഭൂമിയുടെ ഉപരിതലത്തിലുള്ള സസ്യാവരണം മണ്ണിനെ സംരക്ഷിക്കുന്നു. സസ്യാവരണമില്ലാത്ത ഭൂഭാഗത്തെ മണ്ണൊലിപ്പ് 100 ഇരട്ടിയോളം വർദ്ധിക്കുന്നു. ഇതിൽ നിന്ന് എല്ലാ ഭൂപ്രദേശങ്ങളെയും രക്ഷിക്കുക എന്നത് ഒരത്യാവശ്യമാണ്. മണ്ണിന്റെ ഭൗതികഗുണങ്ങൾ അറിഞ്ഞിരിക്കേണ്ടത് ഒരാവശ്യവുമാണ്. (ഭൂപടം 5)

കുണ്ടറ പഞ്ചായത്തിൽ പ്രധാനമായും മൂന്ന് തരത്തിലുള്ള മണ്ണ് കാണാം. വെട്ടുകല്ല്, എക്കൽ മണ്ണ്. കൊളൂവിയം (colluvium).

വെട്ടുകല്ലിൽ തന്നെ ചരൽ കൂടുതൽ കാണുന്ന ലോം (grawelly Loam) ചരൽ ഇല്ലാത്തത് (Loam) എന്നുരണ്ടുവിധം. ഉയർന്ന പ്രദേശങ്ങളിലും ചരിഞ്ഞ പ്രദേശങ്ങളിലുമാണ് ഇത്തരം മണ്ണ് സാധാരണയായി കാണപ്പെടുന്നത്. ഈ മണ്ണിന്റെ ആഴം കുറവാണ്. ജലസംഭരണശക്തി, അന്തർസ്രവണനിരക്ക് എന്നിവ മികച്ചതാണ്.

എക്കൽ മണ്ണ് കാണുന്നത് താഴ്ന്ന പ്രദേശങ്ങളിലാണ്. ഇവിടെ മണ്ണിന് ആഴം കൂടുതലാണ്. ജലസംഭരണശക്തിയും അന്തർസ്രവണനിരക്കും കൂടുതലാണ്. നല്ല ഫലപുഷ്ടിയുള്ള ഈ മണ്ണ് കൃഷിക്ക് വളരെ അനുയോജ്യമാണ്.

കൊളൂവിയം കാണുന്നത് താഴ്ന്ന വരത്തിട്ടിലാണ്. ഇവിടെ എക്കൽ മണ്ണിന്റെയും ഉയർന്ന പ്രദേശത്തുനിന്ന് വീഴുന്ന മണ്ണിന്റെയും ഒരു സമ്മിശ്രം കണ്ടുവരുന്നു. ഇവിടെ ജലത്തിന്റെ അന്തർസ്രവണ നിരക്കും ജലസംഭരണശക്തിയും വളരെ കൂടുതലാണ്.

പൊതുവെ പഞ്ചായത്തിൽ കളിമണ്ണിന്റെ അംശം കൂടുതലുള്ളതായിട്ടാണ് കാണുന്നത്. ഉപരിതലമണ്ണിനെക്കുറിച്ചുള്ള വിശദാംശം ഭൂപടം (6) കാണിച്ചിരിക്കുന്നു.

## ഭൂവിനിയോഗം

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിലെ കൃഷി രീതി മാറും, ഇവിടെ ഒരു കൃഷിയ്ക്കും പ്രത്യേക ആധിപത്യമുണ്ട് എന്ന് പറയാൻ സാധിക്കില്ല. 299.41 ഹെക്ടറിൽ കാണപ്പെടുന്ന വിളകളാണ് പഞ്ചായത്തിലെ ഏറ്റവും വിസ്തീർണ്ണമുള്ള കൃഷി (35 %). 192.11 ഹെക്ടർ സ്ഥലത്ത് മിശ്രിതവിളകളും, പാഴ്മരങ്ങളും കാണാം. (22 ശതമാനം) തെങ്ങാണ് ഏറ്റവും കൂടുതലുള്ള ഒറ്റ വിളകൃഷി-120.54 ഹെക്ടർ (13.77 ശതമാനം). ഇവിടുത്തെ നെൽകൃഷിക്കാണ് ഏറ്റവും കൂടുതൽ ക്ഷീണം അനുഭവപ്പെട്ടിരിക്കുന്നത്. നെൽകൃഷിക്കാർ നിലം നികത്തി വേറെ കൃഷിചെയ്യുവാനോ അല്ലെങ്കിൽ സഹകാര്യമേഖലയിലുള്ളവർക്ക് കളിമണ്ണ് ഖനനം ചെയ്യാൻ പാട്ടത്തിന് കൊടുക്കാൻ താത്പര്യപ്പെടുന്നതോ ആയി കാണാം. ഇത് വളരെ ദോഷകരമായിട്ടാണ് നീങ്ങുന്നത്.

ഭൂഗർഭജലത്തിന്റെ ആഴം വളരെ താഴുന്നതിന് ഇത് കാരണമാകുന്നു. ചരിഞ്ഞ പ്രദേശത്തുനിന്നും വളരെ താഴ്ന്നപ്രദേശമായ ഈ നിലങ്ങളിലേയ്ക്ക് വെള്ളം ഒഴുകുന്നതിനാൽ അയൽപക്കത്തുള്ള കിണറുകൾ വറ്റുന്നു. ഭൂവിനിയോഗത്തിന്റെ വിശദാംശവിവരങ്ങൾ പട്ടിക 12 ൽ ചേർത്തിരിക്കുന്നു.

ഭൂവിനിയോഗത്തിന്റെ രേഖാചിത്രം ഗ്രാഫ് 5 ൽ കൊടുത്തിരിക്കുന്നു.

## *പരിസ്ഥിതി മേഖലകളും അവയുടെ അവലോകനവും പരിഹാരമാർഗ്ഗങ്ങളും*

മേൽ വിവരിച്ച എല്ലാ പ്രശ്നങ്ങളും ഈ പഞ്ചായത്തിന്റെ 4 പരിസ്ഥിതി മേഖലകളായി തിരിക്കുന്നു. പരിസ്ഥിതി മേഖല (1) EZI : ഉയർന്ന പ്രദേശങ്ങൾ, വെട്ടുകല്ല് ഉപരിതലമണ്ണ് ആയിട്ടുള്ളതുമാണ്

ഈ EZI. ഇവിടത്തെ ജലലഭ്യത കുറവാണ്. ഭൂവിനിയോഗം പ്രധാനമായി മിശ്രിതകൃഷി, പാഴ്മരങ്ങൾ, തെങ്ങ് എന്നിവയാണ്. ഈ മേഖലയിലെ പ്രധാനപ്രശ്നം ജലലഭ്യതകുറവും മണ്ണൊലിപ്പും ആണ്. ഭൂപടങ്ങളുടെ എല്ലാം വിശദാംശങ്ങൾ നോക്കുമ്പോൾ ഇവിടെ ജലലഭ്യതകുറവ് പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

1. പുന്നത്തടം ജംഗ്ഷനിൽ നിന്ന് 300 മീറ്റർ പള്ളിമുക്കിലേക്ക് നടന്നാൽ അവിടെ ഒരു വറ്റാത്ത കുളം (കുണ്ടുകുളം) ഉള്ളതായി കാണാം. ഒരു സ്വകാര്യ വ്യവസായ സ്ഥാപനത്തിനടുത്ത് ഇവിടെ അടുത്തുള്ള ചെട്ടിയാർ കോളനിയിലെ ജലക്ഷാമം ഈ കുളത്തിന്റെ പരിപാലനത്തിൽ നിന്ന് ഒരു പരിധിവരെ നീക്കം ചെയ്യാം.

2. ഇളംപള്ളൂരിലെ വറ്റാത്ത ചിറ ഉപയോഗ ശൂന്യമായ സ്ഥിതിയിലാണ്. ഈ കുളത്തിന്റെ വൃത്തിയാക്കലിൽ നിന്ന് ഒന്നാം വാർഡിലെ ജലക്ഷാമം പരിഹരിക്കാം.

3. മുളവന ജംഗ്ഷനടുത്തുള്ള ജലക്ഷാമം പരിഹരിക്കാൻ അവിടത്തെ കടയാറ്റുകുളം പ്രയോജനപ്പെടുത്താം.

4. കന്നിമേൽ മുക്കിലുള്ള ജലക്ഷാമം അവിടെയുള്ള നീരുറവയിൽ നിന്ന് വെള്ളം പമ്പ് ചെയ്യുക വഴി പരിഹരിക്കാം.

ഇതു കൂടാതെ ഈ മേഖലയിലെ വെള്ളക്ഷാമം ഒഴിവാക്കാൻ വേറെയും രീതികൾ അവലംബിക്കാം.

1. വെള്ളക്കെട്ടനുഭവപ്പെടുന്ന പറമ്പുകളിൽ അവിടവിടെയായി മഴക്കാലത്തിനു മുൻപ് ഒരു മീറ്റർ ആഴമുള്ള ചെറിയ ചെറിയ കുഴികൾ നിർമ്മിക്കുക. ഇത് മഴസമയത്ത് വെള്ളം കെട്ടിനിറുത്താനും അതുവഴി ഭൂഗർഭജലത്തിന്റെ ജലനിരപ്പ് വർദ്ധിപ്പിക്കുവാനും സാധിക്കും.

2. പുരപ്പുറത്തുനിന്ന് മുറ്റത്ത് വീഴുന്ന വെള്ളം പ്രത്യേക ചാലുകളിലോട്ട് ഒഴുക്കി ഏതെങ്കിലും കുഴിയിൽ തടഞ്ഞുനിറുത്തുക.

3. 50. സെ മീ. ആഴവും വീതിയുമുള്ള ട്രെഞ്ചുകൾ ഉണ്ടാക്കി അതിൽ ചകിരിത്തൊണ്ട് മേലോട്ട് മലർത്തി വയ്ക്കുക. ഈ ചകിരിത്തൊണ്ടിന് മഴവെള്ളത്തെ ഒരു സ്പോഞ്ചുപോലെ പിടിച്ചുനിറുത്തുവാനുള്ള കഴിവുണ്ട്. ഇങ്ങനെ മലർത്തി വയ്ക്കുന്നതുവഴി മഴവെള്ളം ഒരു പാത്രത്തിലെന്നപോലെ ഉൾക്കൊള്ളുന്നു. ഇങ്ങനെ പല തട്ടുകൾ ഉണ്ടാക്കി മുകളിൽ വയ്ക്കുന്ന രണ്ട് നിര തൊണ്ടുകൾ കമഴ്ത്തി വയ്ക്കേണ്ടതാണ്.

4. തെങ്ങിന് തടമെടുക്കുന്നവഴിയും ജലനിരപ്പ് വർദ്ധിക്കും.

വിവിധ തരത്തിലുള്ള അണകൾ കെട്ടി നീർച്ചാലുകളുടെ സംരക്ഷണവും ജലസംരക്ഷണവും ഉറപ്പുവരുത്താം. കുന്നിന്റെ മുകളിൽ നിന്നും താഴേയ്ക്ക് ഒഴുകുന്ന ചെറിയ നീർച്ചാലുകളിൽ മണ്ണ് ജലസംരക്ഷണ ചെക്ക് ഡാമുകൾ കെട്ടുക.

5. ബ്രഷ് വുഡ് ഡാം. 1 മീറ്റർ വരെ വീതിയുള്ള ആഴം കുറഞ്ഞ ചെറിയ ചാലുകളിൽ ചാലുകൾക്ക് കുറുകെ ഏതാണ്ട് 30 40 സെന്റീമീറ്റർ അകലത്തിൽ രണ്ടുവരികമ്പുകൾ നാട്ടി അവ തമ്മിൽ ബന്ധിപ്പിക്കുക. ഇതിനിടയിൽ ഉണങ്ങിയ കമ്പും മറ്റും നിറച്ച് വെള്ളത്തിന്റെ ഒഴുക്കിന് തടസ്സം സൃഷ്ടിക്കുക.

ഇതുപോലെ ചെലവില്ലാത്ത മാർഗ്ഗങ്ങൾ വഴി വെള്ളത്തിന്റെ ലഭ്യത കൂട്ടാൻ കഴിയും.

മണ്ണൊലിപ്പ് ഉയർന്ന പ്രദേശങ്ങളുടെ പാർശ്വഭാഗങ്ങളിലാണ് കൂടുതലായി കാണപ്പെടുന്നത്. മദ്ധ്യഭാഗത്ത് കുറവാണ്. കുന്നുകളിൽ ഉയർന്ന സമതലങ്ങളിൽ ഉള്ളതിലും കൂടുതൽ മണ്ണൊലിപ്പ് കാണാൻ സാധിക്കും. മണ്ണൊലിപ്പിന് പ്രധാനകാരണം ആപ്രദേശത്തെ നീരൊഴുക്കാണ്. അപ്പോൾ നീരൊഴുക്കിനെ

നിയന്ത്രിക്കുന്ന ഏതു മാർഗ്ഗവും മണ്ണൊലിപ്പ് തടയാനും സഹായിക്കും. ഇതു കൂടാതെ നല്ല ആഴത്തിൽ വേരുകൾ ഇറങ്ങുന്ന മരങ്ങളും മറ്റു സസ്യങ്ങളും ഇതിന് പരിഹാരമുണ്ടാക്കും. പാഴ്മരങ്ങൾ എല്ലാം തന്നെ മണ്ണ് പിടിച്ചുനിർത്താൻ ശേഷിയുള്ളതാകുന്നു. മണ്ണിന്റെ ജലസംഭരണശേഷി കൂട്ടുവാൻ ക്ലേദത്തിന് സാരമായ കഴിവുണ്ട്. ഇതിനാൽ ചപ്പുചവറുകൾ കത്തിക്കാതെ പുതപ്പായി ഉപയോഗിക്കുക വഴി ക്ലേദത്തിന്റെ അംശം നമുക്ക് കൂട്ടുവാൻ സാധിക്കും.

## 2. പരിസ്ഥിതി മേഖല - II EZ II

പഞ്ചായത്തിലെ എല്ലാ ചരിഞ്ഞ പ്രദേശങ്ങളേയും വെട്ടു കല്ലും ചരലും ചേർന്നതായ ഉപരിതല മണ്ണും ഉള്ള ഇടങ്ങളേയും EZ II ൽ പെടുത്താം. ഇവിടുത്തെ ജല ലഭ്യത സാമാന്യം ഭൂ വിനിയോഗം മിശ്രിത കൃഷി, തെങ്ങ് തുടങ്ങിയതു മാകുന്നു. ഈ പരിസ്ഥിതി മേഖലയിലെ പ്രധാന പ്രശ്നം മണ്ണൊലിപ്പു തന്നെയാണ്. $S_1$, $S_2$, $S_3$, $S_4$ൽ $S_4$ ഭാഗത്ത് ഈ പ്രശ്നം അതി രൂക്ഷമാണ്. നമ്മുടെ പഞ്ചായത്തിൽ അങ്ങനെയുള്ള ഭാഗം 3.1 ഹെക്ടറാണെങ്കിലും അതിനെ വേണ്ട രീതിയിൽ പരിരക്ഷിച്ചില്ലെങ്കിൽ അടുത്തുള്ള പ്രദേശങ്ങൾക്ക് ദോഷമാകും.

### *1. കോണ്ടൂർ കൃഷി*

സമോച്ചരേഖയിലൂടെയുള്ള കൃഷിരീതി അനുവർത്തിക്കുക വഴി കൂടുതൽ ചെലവില്ലാതെ തന്നെ മണ്ണും വെള്ളവും സംരക്ഷിക്കാം.

### *2. സമ്മിശ്രകൃഷി*

തെങ്ങ്, പ്ലാവ്, കൊക്കോ,ചേമ്പ് എന്നിവ ഒരുമിച്ചു കൃഷി ചെയ്യും വഴി മഴവെള്ളം പലതട്ടുകളായി പതിച്ചു മാത്രമേ ഭൂമിയിലെത്തുകയുള്ളു. തൻമൂലം ജലസംരക്ഷണം, മണ്ണു സംരക്ഷണം ഇവ രണ്ടും പ്രാബല്യത്തിൽ വരുത്താം.

### *3. വിള പരിവർത്തനം*

ഒരു വിളവെടുപ്പിനുശേഷം അതേ വിളവു തന്നെ ഇറക്കാതെ മറ്റൊരു വിള ഇറക്കിയാൽ മണ്ണിന്റെ ഗുണത്തിന് അനുകൂലമായി വ്യത്യാസം വരും.

### *4. ഇടവിളകൃഷി*

തെങ്ങിൻതോപ്പിലും മറ്റും മറു കൃഷി ചെയ്യുന്നതിന് ഇടവിള കൃഷിയെന്നു പറയാം. കൂടുതലാവരണം ഇതു മൂലം മണ്ണിന് കിട്ടും. മേൽപ്പറഞ്ഞ എല്ലാ രീതികളും ഇവിടുത്തെ പരിസ്ഥിതി മേഖലയിൽ പ്രാവർത്തികമാക്കണം.

## 3. പരിസ്ഥിതി മേഖല 3EZ3.

താഴ്ന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന ഈ ഭൂരൂപത്തിൽ വളരെ വ്യത്യസ്ത സ്വഭാവങ്ങൾ കാണാം. ഉപരിതല മണ്ണ്, എക്കൽ മണ്ണ്, കൃഷിയിടം നികത്തിയ സ്ഥലങ്ങൾ, കളി മണ്ണ് ഖനനം ചെയ്ത ഇടങ്ങൾ എന്നിവയാണ്.

മഴസമയത്ത് വെളപ്പൊക്കം, വേനൽക്കാലത്ത് ചെറിയ തോതിൽ വരൾച്ച, കളിമണ്ണ് ഖനനം ചെയ്യൽ, നിലം നികത്തൽ എന്നിവയും ഇവിടുത്തെ പരിസ്ഥിതി പ്രശ്നങ്ങളാണ്.

വെള്ളപ്പൊക്കവും,വരൾച്ചയും EZ1, EZ2 എന്നിവയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുക വഴി ഒരു പരിധിവരെ നിയന്ത്രിയ്ക്കാം. ഭൂഗർഭ ജലനിരപ്പിന്റെ വർദ്ധന ഇതിനു രണ്ടിനും പരിഹാരമാകും.

കളിമണ്ണിന്റെ ഖനനം നിയന്ത്രിച്ചില്ലെങ്കിൽ ഭാവിയിൽ വെള്ളത്തിന്റെ നിരപ്പ് താഴുകയും പഞ്ചായത്തിനെ മൊത്തത്തിൽ വരൾച്ചയിലേക്ക് എത്തിക്കുകയും ചെയ്യും. നിലം നികത്തുന്നത് നിരോധിക്കുകയും ഭക്ഷ്യോല്പാദനത്തിന് നാണ്യ വിളകളേക്കാൾ പ്രാധാന്യം കൊടുക്കുന്ന കൃഷിക്രമം

നടപിലാക്കുകയും വഴി അന്യ സംസ്ഥാനങ്ങളോടുള്ള ഭക്ഷ്യ ആശ്രയത്വം കുറയ്ക്കുവാൻ കഴിയും.

## 4. പരിസ്ഥിതി മേഖല 4EZ4

ഇവിടുത്തെ പരിസ്ഥിതി പ്രശ്നങ്ങൾ മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ഇവിടെ ഒരു ഭാഗം കായലിലേക്ക് കുത്തനെ ഇറങ്ങി നിൽക്കുന്നതായി കാണാം. ഇത് കല്ലു കെട്ടി സംരക്ഷിച്ചില്ലെങ്കിൽ മണ്ണൊലിപ്പു വർദ്ധിക്കുകയും കൃഷിയും ജനജീവിതവും ദുഃസഹമായിത്തീരുകയും ചെയ്യും. (പട്ടിക 12 കാണുക.)

### ഈ മേഖലയിൽപ്പെടാത്ത പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ 0.89 ഹെക്ടർ ഭൂമി തരിശാണ് (0.12%). മണ്ണിന്റെ പോരായ്മകൾ പഠിച്ചു പരിഹാരം കണ്ട് കൃഷിക്ക് ഉപയുക്തമാക്കാം.

2. കാവുകൾ :

| വാർഡ് | കാവ് |
|---|---|
| 2 | പിള്ളവീട് കാവ് |
| 2 | തത്തോടത്ത് കാവ് |
| 3 | നല്ലൂർ കാവ് |
| 4 | തുണ്ടയ്യത്ത് കാവ് |
| 4 | കല്ലേലയ്യത്ത് കാവ് |
| 5 | പുലിപ്പറ കാവ് |
| 5 | പയറ്റുവിള കാവ് |
| 7 | മാടൻ കാവ് |

ജൈവവൈവിദ്ധ്യങ്ങളുടെ സംരക്ഷണത്തിന് കാവുകൾ നിലനിർത്തേണ്ടതാവശ്യമാണ്.

3. കാഞ്ഞിരകോട് കായൽത്തീരദേശം മത്സ്യ സമ്പാദനത്തിന് പര്യാപ്തമാണ്.

# ജനപ്രകൃതി

പഞ്ചായത്തിലെ ജനസംഖ്യ 1991 ലെ കാനേഷുമാരി കണക്കു പ്രകാരം 17644 ആണ്. ഇതിൽ 8656 പുരുഷൻമാരും 8988 സ്ത്രീകളും 1966 കുട്ടികളുമാണ്. കുട്ടികളിലെ ആൺ പെൺ അനുപാതം 1010 : 956 എന്നാണ്. ഇവിടെ കാണുന്ന പ്രത്യേകത പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകൾക്ക് മുൻ തൂക്കമുള്ളപ്പോൾ, കുട്ടികളുടെ കണക്കുകൾ കാണിക്കുന്നത് പെൺ കുട്ടികളുടെ എണ്ണം ആൺ കുട്ടികളെ അപേക്ഷിച്ച് കുറയുന്നുവെന്നാണ്. ഈ പ്രത്യേകത ശ്രദ്ധേയവും പഠനാർഹവുമാണ്.

ആകെ വീടുകൾ 3636 ആണ്. ശരാശരി വീടൊന്നിന് 4.81 ആളുകൾ വീതമുണ്ട്. പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 3636 ആണ്. ഇതിൽ 1813 പേർ പുരുഷൻമാരും 1823 സ്ത്രീകളുമാണ്. പഞ്ചായത്തിലാകെ 14 പട്ടികവർഗ്ഗക്കാരാണുള്ളത്, 6 - ാം വാർഡിൽ. സാക്ഷരർ 14481 പേരുള്ളതിൽ 7313 പുരുഷൻമാരും 7168 സ്ത്രീകളും പെടുന്നു. ജില്ലാ സാക്ഷരത 79.35 % മാകുമ്പോൾ പഞ്ചായത്ത് സാക്ഷരതാ ശതമാനം 82.07 ആണ്.

വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ മെച്ചപ്പെട്ട സ്ഥിതിയാണ് പഞ്ചായത്തിലേത് എങ്കിലും, പഠനനിലവാരത്തകർച്ചയും, രോഗാതുരതയും ഗുരുതരമായ പ്രശ്നങ്ങളാണ്. ഇതിനു പരിഹാരം കാണേണ്ടതുണ്ട്. അഭ്യസ്തവിദ്യരായ ധാരാളംപേർ തൊഴിൽ രഹിതരായുണ്ട്. തൊഴിൽ ചെയ്യാൻ കഴിവും സന്നദ്ധതയും ഉള്ളവരുടെ എണ്ണവും കുറവല്ല. ഒരു "വ്യവസായ പഞ്ചായത്താ"യിരുന്ന കുണ്ടറ ഇന്ന് പരാധീനതകളുടെ നടുവിലാണ്. തൊഴിൽ ശാലകളുടെ തകർച്ച പുതിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ പൊതുസ്ഥിതി വ്യക്തമായും വിലയിരുത്തുന്നതിന് നിലവിലുള്ള സ്ഥിതി വിവരക്കണക്കുകൾ പര്യാപ്തമല്ല. സന്നദ്ധസേവനം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര സർവേ

പഞ്ചായത്ത് നേരിട്ടു നടത്തി വിവരശേഖരം കൂറ്റമറ്റതാക്കേണ്ടതാണ്.

ഫാക്ടറി ജീവനവും സർക്കാർ ജീവനവും കൃഷിപ്പണിയും മുഖ്യ തൊഴിൽ സ്രോതസ്സുകളായിരുന്നു. ഫാക്ടറികളുടെ അടച്ചുപൂട്ടലും കാർഷികരംഗത്തെ തകർച്ചയും തൊഴിൽ നഷ്ടമായവരുടെ നീണ്ട നിര തീർക്കുന്നു. വിദ്യാസമ്പന്നതയും തൊഴിൽ തല്പരതയും കാര്യക്ഷമതയുള്ള പഞ്ചായത്തിലെ മനുഷ്യശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണം. (സെസ്സിൽ നിന്ന് തയ്യാറാക്കി ലഭിച്ച റിപ്പോർട്ട്)

| വാർഡ് | ആകെവീടുകൾ | കുടുംബങ്ങൾ |
|---|---|---|
| 1 | 514 | 520 |
| 2 | 401 | 403 |
| 3 | 299 | 299 |
| 4 | 362 | 362 |
| 5 | 464 | 467 |
| 6 | 455 | 455 |
| 7 | 428 | 425 |
| 8 | 404 | 404 |
| 9 | 309 | 311 |

പട്ടിജാതി പട്ടികവർഗ്ഗ ജനസംഖ്യ

| | പട്ടികജാതി | | പട്ടികവർഗ്ഗം | |
|---|---|---|---|---|
| വാർഡ് | ആൺ | പെൺ | ആൺ | പെൺ |
| 1 | 43 | 47 | 0 | 0 |
| 2 | 183 | 193 | 0 | 0 |
| 3 | 248 | 273 | 0 | 0 |
| 4 | 370 | 353 | 0 | 0 |
| 5 | 137 | 155 | 0 | 0 |
| 6 | 219 | 201 | 8 | 6 |
| 7 | 342 | 341 | 0 | 0 |
| 8 | 205 | 193 | 0 | 0 |
| 9 | 66 | 67 | 0 | 0 |



" പ്രകൃതിയുടെ മേൽ മനുഷ്യരായ നാം നടത്തുന്ന

ഈ ആക്രമണമെത്രപ്പറ്റി അത്ര വലിയ

പ്രത്യാശകളൊന്നും പുലർത്തരുത്. നമ്മുടെ

ഓരോ വിജയത്തിനും പ്രതികാരം

ചെയ്യുവാൻ അവൾക്കു കഴിയും. "

- ഏംഗൽസ്

# പട്ടിക 12

| കൃഷി | വിസ്തീർണ്ണം (ഹെക്ടറിൽ) | ആകെ ശതമാനം |
|---|---|---|
| 1. മിശ്രിതകൃഷി (MC) | 299.41 | 34.37 |
| 2. തെങ്ങ് (Co) | 120.54 | 13.77 |
| 3. മിശ്രിതകൃഷി+പാഴ്മരങ്ങൾ(Mc+Mt) | 192.11 | 22.05 |
| 4. പാഴ്മരങ്ങളും + തെങ്ങും (Mc+Co) | 104.72 | 12.02 |
| 5. ഇരുപ്പുകൃഷി (P1+P2) | 88.12 | 10.11 |
| 6. പാഴ്മരങ്ങൾ (Mt) | 46.05 | 5.28 |
| 7. റബ്ബർ (PLR) | 4.78 | 0.548 |
| 8. ഉപയോഗയുക്തമായ ഭൂമി(WL) | 0.89 | 0.102 |
| 9. മരച്ചീനി (T) | 6.84 | 0.785 |
| 10. തെങ്ങ്+മരച്ചീനി (Co+T) | 4.50 | 0.464 |
| 11. കശുമാവ് (CA) | 3.49 | 0.400 |

" ജനം ബിഭർത്തി ബഹുധാ വിവാചസം
നാനാധർമ്മാണാം പൃഥിവീ യഥൌകസം
സഹസ്രം ധാരാ ദ്രവിണസ്യ മേ ദുഹാം
ധ്രുവേവാ ധേനു : അനപസ്ഫുരന്തീ. "

( XII.1.45)

[ " അല്ലയോ ഭൂമീ, നീ ഒരു കുടുംബമെന്നപോലെ,
വിവധമായി സംസാരിക്കുകയും വൈവിധ്യമാർന്ന
ധർമ്മങ്ങളനുസരിക്കുകയും ചെയ്യുന്ന എല്ലാ
ജനങ്ങളേയും പുലർത്തിയാലും., പശു ധാരമുറിയാതെ
പാൽ തരുന്നതുപോലെ നീ സമ്പത്തിന്റെ
ഒരായിരം ധാരകൾ എന്നിലേക്ക് പ്രവഹിപ്പിച്ചാലും. "]

- ഋഗ്വേദം

# കൃഷിയും ജലസേചനവും



കുണ്ടറയെ ഇന്ത്യയുടെ വ്യാവസായിക ഭൂപടത്തിലെ സുവർണ്ണതാരകമായാണ് കേരളമറിയുക. എന്നാൽ ഭൂപ്രകൃതിയും തൊഴിലും വച്ചുനോക്കുമ്പോൾ ഇതൊരു കാർഷികപ്രദേശമാണ്. സിറാമിക്സിന്റെയും, അലിന്റിന്റെയും, അലൈഡിന്റേയും മറ്റും വരവോടെ തദ്ദേശവാസികളായ കുറച്ചുപേർ ഫാക്ടറി ജീവനക്കാരായെങ്കിലും പ്രദേശത്ത് നിന്ന് വിവാഹം കഴിച്ച് കുടുംബങ്ങൾ സ്ഥാപിച്ചവർ ഫാക്ടറി ജീവനത്തോടൊപ്പം കൃഷിയിലും ശ്രദ്ധിക്കുന്നവിധത്തിൽ നമ്മുടെ കാർഷിക മേഖല സജീവമായിരുന്നു. സമൃദ്ധമായ പാടശേഖരങ്ങളും, ഫലഭൂയിഷ്ടമായ മണ്ണിനവും, അദ്ധ്വാനത്തോട് വിമുഖതയില്ലാതിരുന്ന ജനതയും മണ്ണിൽ പൊന്നുവിളയിച്ചിരുന്ന ഒരു കാലം. കൊയ്ത്തും, മെതിയും മിക്ക വീടുകളിലും സാധാരണമായിരുന്നു. വയലേലകളിലെ പ്രധാന കൃഷി നെല്ലുതന്നെയായിരുന്നു. സമൃദ്ധമായ ജലലഭ്യതയും, വെള്ളപ്പൊക്കവും, വരൾച്ചയും ബാധിക്കാത്ത ഏറെ അനുയോജ്യമായ പ്രകൃതിക്രമമാണ് നമ്മുടെ പഞ്ചായത്തിലെ കൃഷിയിടങ്ങൾക്കുണ്ടായിരുന്നത്. കോളനികളും, കോട്ടേഴ്സുകളും ഒഴിച്ചാൽ അഞ്ചുമൂട്തെങ്ങെങ്കിലും ഇല്ലാത്ത വീടുകൾ പഞ്ചായത്തിൽ ഇല്ലെന്ന് പറയാം. തെങ്ങ്കൃഷി സർവ്വസാധാരണമാണ്. ഒപ്പം പറങ്കിമാവും, മാവും, പ്ലാവും, കമുകും, ഒക്കെ പോറ്റിയിരുന്ന കുടുംബങ്ങൾ നിരവധിയാണ്. ഇടയ്ക്ക് കശുവണ്ടിയുടെ വിലകുറഞ്ഞപ്പോഴും കൊക്കോയും, മാഞ്ചിയവും, റബ്ബറുമൊക്കെ പ്രലോഭനങ്ങളായപ്പോൾ കശുമാവുകൾ ബഹുഭൂരിപക്ഷംപേരും വിറക്വിലയ്ക്ക് വെട്ടിവിറ്റു. പച്ചപ്പുകളുടെ നടുവിലെവീട് എന്ന കാഴ്ച ഇന്ന് ശുഷ്കമായിക്കൊണ്ടിരിക്കുന്നു. വേഗതയുടെ സംസ്കാരത്തിന് നമ്മുടെ ഇടയിൽ വേഗം കൂടിയെപ്പോൾ നമ്മുടെ ജീവിതക്രമമാകെ ദ്രുതതാളത്തിലായി. ചക്കയിൽനിന്നും, ചക്കക്കുരുവിൽനിന്നും, മാങ്ങയിൽനിന്നും, മഞ്ഞളിൽനിന്നും നാം സംശുദ്ധവും പ്രകൃതിദത്തവുമായ പോഷകമൂല്ല്യങ്ങൾ നേടിയിരുന്നെങ്കിൽ ഇന്ന് നാം വൈറ്റമിൻ ക്യാപ്സൂളുകളുടെ നിറക്കൂട്ടുകളിൽ അന്തസ്സിന്റെ ആശ്വാസം കാണുന്നു. ജീവന്റെ നിലനിൽപ്പിന്റെ ആധാരശിലയോന്നോണം നാം കാത്ത് പരിപാലിച്ചുപോന്നിരുന്ന കാർഷികമേഖല ഇന്ന് അന്നം എന്ന ലക്ഷ്യം മാറി അർത്ഥം ആർജ്ജിക്കുവാനുള്ള കച്ചവടസങ്കേതമാക്കാൻ നാം മത്സരിക്കുന്നു. ഈ ചുവടുമാറ്റം നമ്മുടെ സംസ്കാരത്തിൽ ബാധിച്ചിരിക്കുന്നു. കൃഷിഭൂമിയും, മനുഷ്യനും തമ്മിലുള്ള ജൈവബന്ധം നഷ്ടമായിരിക്കുന്നു. പാടശേഖരങ്ങൾ നികത്തുകയും ചെളിയെടുപ്പിന് നൽകുകയും ചെയ്യുമ്പോൾ ലാഭക്കൊതിമൂലം നഷ്ടമാവുന്നത് ഭൂമിയുടെ ജൈവജീവനാണ്. കടന്നുപോയ

കാലം പോലെ തിരിച്ചുനേടാനാവാത്ത തീരാ നഷ്ടമാണിവിടെ സംഭവിക്കുന്നത്. നമ്മുടെ മനുഷ്യത്വവും സാമൂഹികബോധവും ഉയരാതെ ഇതിനൊരു ശാശ്വതപരിഹാരമില്ല.

കേരളത്തിന്റെ പൊതുസ്ഥിതി പോലെ കുണ്ടറ പ്രദേശത്തും കൃഷിഭൂമി കുറച്ച് കുടുംബക്കാരുടെ കൈവശമായിരുന്നു. ഭൂമിയും, നിലവും, ഫലവൃക്ഷങ്ങളും പാട്ടത്തിനെടുത്ത രീതി ഇവിടെയും വ്യാപകമായിരുന്നു. ഭൂപരിഷ്കരണനിയമത്തിന്റെ സ്വാധീനം ഇവിടെയും ഉണ്ടായി. ഇന്ന് ഒരു ഹെക്ടറിനുമുകളിൽ ഭൂമിയുള്ള കർഷകരുടെ എണ്ണം കുറവാണ്. കാർഷികവൃത്തിമാത്രം ജീവനോപാധിയാക്കിയിരുന്ന തൊഴിലാളിവർഗ്ഗം ഇന്ന് അത് അനാകർഷക മേഖലയായിക്കണ്ട് മറ്റ് മേഖലകളിലേയ്ക്ക് തിരിഞ്ഞിട്ടുണ്ട്. കൃഷിഭൂമി ഉടമസ്ഥതയിലും, ഉല്പാദനോപാധികളുടെ ഉടമസ്ഥതയിലും വന്നിട്ടുള്ള മാറ്റം പുരോഗമനപരമാണെങ്കിലും അതിന്റെ ഗുണവശം കാർഷികാഭിവൃത്തിയ്ക്കും, ഉല്പാദന വർദ്ധനവിനും കാരണമായിട്ടില്ല. ഓരോ വീടിനും ആവശ്യമായിരുന്ന ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിച്ചിരുന്ന ഗ്രാമവാസികൾ ഇന്ന് അവയൊക്കെ പായ്ക്കറ്റുകളിൽ വാങ്ങാൻ താല്പര്യം കാണിക്കുന്നു. ഗൃഹ വൈദ്യത്തിനാവശ്യമായ ഔഷധസസ്യങ്ങൾ സമൃദ്ധമായിരുന്ന വീട്ടുപറമ്പുകളിൽ അലങ്കാരച്ചെടികൾക്ക് പ്രമുഖസ്ഥാനമാണിന്ന്. ഈ മാറ്റം ഒരു സാംസ്കാരികാധഃപതനത്തിന്റെ ആരംഭമായി കാണുന്നത് അസ്ഥാനത്താവില്ല.

ഒന്നാം വാർഡും, എട്ടാം വാർഡും ഒഴിച്ചാൽ ബാക്കി ഏഴുവാർഡുകളിലും സമൃദ്ധമായ പാടശേഖരവുമുണ്ട്. രണ്ടും, മൂന്നും പൂവ് കൃഷി ചെയ്തിരുന്ന നിലങ്ങൾ കാഞ്ഞിരകോട് ഏലായിൽ ഏതാണ്ട് 33 - 35 ഹെക്ടർ ഇരുപ്പൂനിലമുണ്ടായിരുന്നത് ഇന്ന് പകുതിയോളം നികത്തി പുരയിടമാക്കിയിരിക്കുന്നു. കൃഷിക്ക് പര്യാപ്തമായ നീരൊഴുക്ക് കിട്ടിയിരുന്ന ഈ ഏലായിൽ ഇപ്പോൾ വർഷത്തിൽ ആറുമാസവും വരൾച്ച അനുഭവപ്പെടുന്നു. ഇതിന്റെ പ്രധാനകാരണം വടക്കെ ഏലായിൽ തണ്ണിക്കോട് ഭാഗത്ത് ക്ലേമൈൻസ് വന്നതുമൂലം ഉയർന്ന പ്രദേശത്തെ നീരുറവകൾ വറ്റിയതാണ്. മൈൻസിനു ചുറ്റുമുള്ള നിലങ്ങൾ മൈനിംഗിനായി ഏറ്റെടുത്ത് തരിശായിട്ടതും, അരിക് തോടിന്റെയും, നടുത്തോടിന്റെയും പാർശ്വങ്ങൾ സംരക്ഷിക്കാതിരുന്നതിനാൽ 'മടാ' വീണ് നീരൊഴുക്കിന് തടസ്സമായി. നടുത്തോടിന്റെ മുകളിൽനിന്നുള്ള ഇരുതോടുകളും ചേരുന്നിടത്ത് നീരുറവകളും, നീർസംഭരണികളും ഉണ്ടായിരുന്ന 'പടിയാങ്ങതിൽ' കുളം ഇന്ന് നികത്തിയ നിലയിലാണ്. ഇത് പുനർനിർമ്മിച്ചാൽ കാർഷികാവശ്യത്തിന് ഉപയോഗപ്രദമാക്കാവുന്നതാണ്. ഏലായിലെ പ്രധാന കൃഷി നെല്ലാണെങ്കിലും ജലലഭ്യതയ്ക്കനുസരിച്ച് രണ്ടാം കൃഷിയായി പയർ കൃഷിചെയ്യുമായിരുന്നു. അത് ലാഭകരമല്ലാത്തതിനാൽ കർഷകർ പയർ കൃഷി വേണ്ടെന്നുവച്ചനിലയിലാണ്. വിതയ്ക്കുന്ന പയർ വിത്തുകൾ മുളച്ചുവരുന്നു എന്നല്ലാതെ പൂക്കുകയോ, കായ്ക്കുകയോ ചെയ്യാത്ത അവസ്ഥയിലാണ് ഭൂരിഭാഗവും. ഇതിന്റെ കാരണം ശാസ്ത്രീയമായി അന്വേഷിച്ച് കണ്ടെത്തിയിട്ടില്ല. മുൻപൊക്കെ മുതിരകൃഷി ഏലായിൽ ഉണ്ടായിരുന്നെങ്കിലും ഇന്ന് മുതിരകൃഷി കാണുന്നില്ല. വിദഗ്ധരായ കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം രൂക്ഷമാണ്. ഇതുമൂലം വിളവെടുക്കാൻ കഴിയാതെ വിളകൾ വയലിൽ തന്നെ നശിച്ചുപോകുന്ന അവസ്ഥയും ഉണ്ടാകാറുണ്ട്. വർദ്ധിച്ചുവരുന്ന കൃഷിച്ചെലവും അശാസ്ത്രീയമായ കൃഷി രീതിയും കൃഷിയെ ലാഭകരമല്ലാത്ത അവസ്ഥയിൽ എത്തിച്ചു. ഏലായിൽ ചിലയിടങ്ങളിൽ തരിശിടുന്നത് ചുറ്റുമുള്ള വിളകൾക്ക് നാശവും, തരിശിടുന്നനിലങ്ങളിൽ അനിയന്ത്രിതമായി കളകൾ വളർന്ന് കീടങ്ങളുണ്ടാവുകയും, അത് കൃഷിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും ഒപ്പം സുഗമമായ നീരൊഴുക്കിനെ തടയുകയും ചെയ്യും.

മണ്ണിനങ്ങളിൽ 93.47% ചെങ്കൽ മണ്ണും, 4.91% ചരൽകലർന്ന ചെളിമണ്ണും, 1.64% മണൽ കലർന്ന ചെളിമണ്ണുമാണ്. കൃഷിയോഗ്യമായ പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ കൃഷിചെയ്തിരിക്കുന്നത് തെങ്ങാണ്. തൊട്ടടുത്ത് നിൽക്കുന്നത് മരച്ചീനി കൃഷിയാണ്. മരച്ചീനി കഴിഞ്ഞാൽ നെല്ല്, വാഴ, പയർ, പച്ചക്കറി, ഇഞ്ചി, കുരുമുളക്, കശുമാവ് എന്നിങ്ങനെയാണ് വിളക്രമം.

നാളികേര ഉല്പാദനത്തിന്റെ കേരള ശരാശരി ഒരു ഹെക്ടറിന് 5843 ആണ്. കുണ്ടറ പഞ്ചായത്തിന്റേത് 3400 എണ്ണവുമാണ്. മരച്ചീനി ഉല്പാദനം സംസ്ഥാനശരാശരി ഹെക്ടറിന് 19470 ഉം കുണ്ടറയുടേത് 12000കിലോഗ്രാമുമാണ്. നെല്ലുല്പാദനത്തിൽ നാം ഇന്ത്യൻ ശരാശരിയെക്കാളും (1800 കിലോഗ്രാം) കേരള ശരാശരിയെക്കാളും (2018 കിലോഗ്രാം) മുന്നിലാണ് (2311 കിലോഗ്രാം). എന്നാൽ ലോകത്തിലെ മികച്ച നെല്ലുല്പാദകമായ ഈജിപ്റ്റിനേക്കാൾ (5600 കിലോഗ്രാം) പിറകിലുമാണ്. വാഴകൃഷിയിലും കുരുമുളകുല്പാദനത്തിലും നമുക്ക് വലിയ നേട്ടങ്ങളൊന്നും അവകാശപ്പെടാനില്ല. പഞ്ചായത്തിലെ പ്രധാനപ്പെട്ട 6 ഏലാകൾക്കുമായി 82.4 ഹെക്ടർ വിസ്തൃതിയുണ്ട്. ഇവിടെ 316 കൃഷിക്കാർ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നതായി കൃഷിഭവൻ രേഖകൾ പറയുന്നു. പഞ്ചായത്തിലെ 5835 പേർക്ക് 0.1 ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. എന്നാൽ 2 ഹെക്ടറിനു മുകളിൽ ഭൂഉടമാവകാശമുള്ള 7 പേരും നമ്മുടെ പഞ്ചായത്തിലുണ്ട്. 1993 ലെ കണക്കനുസരിച്ച് പഞ്ചായത്തിന് ലഭിച്ച ശരാശരി മഴ 326.5 മി.മീ. ആണ്. ഏറ്റവും കൂടുതൽ മഴ ലഭിച്ചത് ജൂലൈ മാസത്തിലാണ്. 587.3 മി.മീ. ഏറ്റവും കുറവ് മഴ ലഭിച്ചത് മാർച്ചു മാസത്തിലാണ്. 49.1 മി.മീ. മഴ ഒട്ടും ലഭിക്കാത്ത മാസം ജനുവരിയാണ്.

### കൃഷിയെ സംബന്ധിച്ച് വിവിധ ഗ്രാമസഭകളിൽ നിന്നു വന്ന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

1. എല്ലാ പ്രധാന ഏലാകളിലും ജലസേചന സൗകര്യമില്ല. ജലദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ കൃഷി തകർച്ചയിലാണ്.

2. പഞ്ചായത്തിൽ ശാസ്ത്രീയമായ മണ്ണ് പരിശോധനയും അതിന്റെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ കൃഷി രീതിയും പ്രയോഗിക്കാനുള്ള നടപടിയുണ്ടാകണം.

3. തെങ്ങ് കൃഷി ഉല്പാദനക്ഷമത കുറഞ്ഞു വരുന്നു. വേരുചീയൽ, മണ്ടചീയൽ, ചെല്ലിയുടേയും, മണ്ടപ്പുഴുവിന്റേയും, എലിയുടേയും, വാവലിന്റേയും ഉപദ്രവം എന്നിവ വ്യാപകമാണ്. പ്രശ്നങ്ങൾ യഥാസമയം കണ്ടെത്തി ശാസ്ത്രീയ പരിഹാരം നൽകി കൃഷിയെ രക്ഷിക്കാനുള്ള ശ്രമം നിലവിലില്ല.

4. പഞ്ചായത്തിൽ ജലസേചനസൗകര്യങ്ങൾ വളരെ മോശമാണ്.

5. വാട്ടർഷെഡ് പദ്ധതിയുടെ ഗുണഭോക്തൃമേഖല നിശ്ചയിക്കുന്നതിലെ അപാകതകൾ ശാസ്ത്രീയമായി പരിഹരിക്കുകയും, ബഹുജനങ്ങളുടെ അറിവിനായി മാനദണ്ഡങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുക.

6. തെങ്ങിന്റെ സെൻസസ് എടുക്കുക. രോഗമുള്ളവയും, ഫലശേഷിനഷ്ടപ്പെട്ടവയും മുറിച്ചുമാറ്റി പുതിയത് വച്ചുപിടിപ്പിക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കുക.

7. കൃഷിയ്ക്ക് സൗജന്യമായി വൈദ്യുതി നൽകുക.

8. കാർഷികവിള വില്പനചന്തയും, വളവില്പനശാലയും കൃസ്ത്രാജ് ജംഗ്ഷനിൽ സ്ഥാപിക്കുക.

9. പഞ്ചായത്തിലെ മുഴുവൻ ഏലായിലും, വിസ്തൃതികൂടിയ പുരയിടങ്ങളിലും കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക.

10. നാളീകേരസഹകരണസംഭരണ യൂണിറ്റ് സ്ഥാപിക്കുക.

11. തെങ്ങുകയറ്റം കാർഷികോപകരണങ്ങയുടെ ഉപയോഗം എന്നിവയിൽ വിദഗ്ധപരിശീലനം നൽകുക.

12. ആധുനികകൃഷിസങ്കേതങ്ങൾ ഉപയോഗപ്പെടുത്തുക.

13. ട്രാക്റ്റർ, ട്രില്ലർ, എന്നിവയുൾപ്പെടെയുള്ള കാർഷികോപകരണങ്ങളും, കൃഷിസാമഗ്രികളും പാടങ്ങളിൽ എത്തിക്കുന്നതിന് താഴെപറയുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുക.

a. ഏലാമുഖത്ത് വന്ന് അവസാനിക്കുന്ന റെയിൽവേകലുങ്ക് മുതൽ അമ്പലംവിളമുക്കുവരെയുള്ള റോഡ് യാത്രായോഗ്യമാക്കുക.

b. കട്ടകൾശേരി ഇറിഗേഷൻ ടാങ്കിലേയ്ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കുക. കൂടാതെ ഓവർ ഹെഡ് ടാങ്ക് സ്ഥാപിച്ച് കുടിവെള്ളമെത്തിയ്ക്കണം. ജലസേചനത്തിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുക.

c. മുളവന പള്ളിമുക്ക്മുതൽ മുല്ലശ്ശേരി ഏലാവരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

d. മുളവന ചാമുണ്ഡീറോഡിന്റെ ഇരുവശങ്ങളിലേയ്ക്കുള്ള പാടശേഖരങ്ങളിലേയ്ക്ക് കൃഷിയന്ത്രങ്ങൾ ഇറക്കുന്നതിനായി മാടൻകാവ് റോഡ് മുല്ലശ്ശേരി ഏലായിൽ അവസാനിയ്ക്കുന്ന ഭാഗത്ത് തോടിന് കുറുകെ സ്ലാബിടുക.

- വേന്നിയോട് ഏലായിലേയ്ക്ക് തോടിന് കുറുകെ സ്ലാബിടുക.
- പാറത്തോടിന് താഴ്വശം തോടിന് കുറുകെ സ്ലാബിടുക.
- മുല്ലശ്ശേരി പാടത്തേയ്ക്ക് തോടിന് കുറുകെ സ്ലാബിടുക.
- ചാമുണ്ഡീമൂലപാലത്തിന് താഴെ തോടിന് കുറുകെ സ്ലാബിടുക.
- മുളവന പരുത്തുംപാററോഡിൽ പാറത്തോടിന്റെ പടിഞ്ഞാറുഭാഗത്ത് ഏലായിലേയ്ക്ക് ഒരു വഴി നിർമ്മിക്കുക.
- കടമാൻതടം പള്ളിയുടെ പടിഞ്ഞാറോട്ടു പോകുന്ന റോഡ് മുളവനറോഡുമായി ബന്ധിപ്പിക്കുക.

14. പുന്നത്തടത്തിന് താഴെ ക്ലേ എടുത്ത കുളത്തിൽ മത്സ്യകൃഷി നടത്തുക.

15. പഞ്ചായത്തിൽ ചരിവുള്ള പ്രദേശങ്ങളിൽ കശുമാവ്കൃഷി വ്യാപിപ്പിക്കുക.


16. കുരുമുളക്കൃഷിക്ക് പ്രോത്സാഹനം.

17. ജലം നഷ്ടപ്പെടാതെ സൂക്ഷിക്കാനുള്ള സംവിധാനം.

## ജലസേചനത്തിനുള്ള നിർദ്ദേശങ്ങൾ

പൊതുസ്വകാര്യകൈവശത്തിലായി 20 കുളങ്ങളും ഏതാണ്ട് അത്രതന്നെ നീരുറവകളും പഞ്ചായത്തിലുണ്ട്. ഇവയൊക്കെ ശാസ്ത്രീയമായി പരിപാലിക്കുകയും ജനകീയമായി സംരക്ഷിക്കപ്പെടുകയും, വൈദഗ്ദ്യത്തോടെ ഉപയോഗപ്പെടുത്തുകയും ചെയ്താൽ കുടിവെള്ളത്തിന്റേയും, കാർഷികാവശ്യങ്ങളുടേയും കാര്യത്തിൽ പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുവാൻ കഴിയും. ഒരു മാതൃക പദ്ധതി എന്ന നിലയിൽ കുണ്ടുകുളത്തിലെ ഒരു നീരുറവ കുടിവെള്ളത്തിനായി ചിലവുകുറഞ്ഞരീതിയിൽ പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. ജലമെത്തിക്കുന്ന പ്രദേശത്തു നിന്ന് ഏകദേശം 40 അടിയിലധികം മുകളിലാണ് കുണ്ടുകുളം സ്ഥിതിചെയ്യുന്നത്. അവിടെ തറനിരപ്പിലുള്ള ടാങ്കിൽ ശേഖരിക്കുന്ന ജലം പൈപ്പുവഴി പമ്പുസെറ്റിന്റെയോ വൈദ്യുതിയുടേയോ സഹായം

കൂടാതെ എത്തിക്കാവുന്നതാണ്. ഇതുമൂലം മെയിന്റനൻസ്, വൈദ്യുതി എന്നീ ഇനങ്ങളിൽ ഒരു വലിയ തുക വർഷാവർഷം ലാഭിക്കാവുന്നതാണ്. ശുദ്ധമായ നീരുറവയായതിനാൽ ജലം വീണ്ടും ശുദ്ധീകരിക്കേണ്ട ആവശ്യമില്ല. സ്കീമിന്റെ രേഖാചിത്രം താഴെ.




ഇരുവശങ്ങളിലുള്ള മുന്നൂറിലധികം വീടുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഇതിന്റെ ജനകീയ സഹകരണത്തിനായി പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സഹായം ലഭ്യമാക്കുന്നത് ഗുണകരമാണ്. ഈ വിധത്തിൽ മുഴുവൻ കുളങ്ങളും, കിണറുകളും, നീരുറവകളും സംരക്ഷിച്ച്, പരിപാലിച്ച് ജനകീയ സഹകരണത്തോടെ ജലസേചനത്തിനും, ഗൃഹാവശ്യങ്ങൾക്കും വേണ്ട ജലം സ്ഥിരമായി കണ്ടെത്താവുന്നതാണ്.

## പൊതുനിർദ്ദേശങ്ങൾ.

പഞ്ചായത്തിലെ പ്രധാന നാണ്യവിളയായ തെങ്ങ് എല്ലാ വീട്ടുവളപ്പിലും സുലഭമാണ്. കുണ്ടറ കൃഷിഭവന്റെ കീഴിൽ ഒരു കേരകർഷകസമിതിയുണ്ടെങ്കിലും ഇന്നത്തെ മാനദണ്ഡം കുറെക്കൂടി ലഘൂകരിച്ച് ഒരു തെങ്ങ് ഉള്ള ആൾക്ക് പോലും അത് പരിപാലിക്കാനും മെച്ചപ്പെട്ട വിളവെടുപ്പ് നടത്താനും സഹായകമായ തരത്തിൽ ഇതിന്റെ പ്രവർത്തനം ജനകീയമാകേണ്ടതുണ്ട്. വൃക്ഷപരിപാലനവും, വിളസംരക്ഷണവും ഫലപ്രദമാക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് യഥാസമയം പ്രയാസം കൂടാതെ ലഭിക്കാൻ നടപടികൾ ഉണ്ടാകണം. ഈ നടപടിക്രമങ്ങൾ സുതാര്യമായിരിക്കുകയും, ഫലപ്രദമായി നടപ്പിലാക്കുന്നതിന് കഴിയുകയും വേണം.

മറ്റ് കൃഷിയിനങ്ങളുടെ വികസനത്തിനായി സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. പഞ്ചായത്തിന്റെ കാർഷികവികസനം മുന്നിൽ കണ്ടുകൊണ്ട് പഞ്ചായത്ത്തല കാർഷിക വികസനസമിതി രൂപീകരിയ്ക്കുക. ഈ സമിതികൾക്ക് വാർഡ് അടിസ്ഥാനത്തിൽ കൺവീനറൻമാരെ നിശ്ചയിക്കുകയും അവർ നിയമപ്രകാരമുള്ള ഗ്രാമസഭകളിലെത്തി നടന്ന പ്രവർത്തനങ്ങളെ കുറിച്ച് ഗ്രാമസഭ ഉന്നയിക്കുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകുക തുടങ്ങിയ നടപടികൾ കൈക്കൊണ്ടാൽ അഴിമതികുറച്ച്, കൂടുതൽ ഫലപ്രദമായി കാർഷികമേഖലയിൽ ഇടപെടലുകൾ നടത്താൻ കഴിയും. ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരും, വിദഗ്ധൻമാരും അടങ്ങിയ ഈ സമിതിക്ക് സ്കീമുകൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. കൃഷിയും, മൃഗസംരക്ഷണവും, വളർത്ത്പക്ഷി പരിപാലനവും സമാനമായിക്കൊണ്ടുപോകേണ്ട മേഖലകളാകയാൽ ഈ

വകുപ്പുകളും, കർഷകർ തമ്മിലുള്ള നിരന്തരസമ്പർക്കവും, ആശയവിനിമയവും, സഹകരണവും വേണ്ടതാണ്.

കാർഷികവികസനപദ്ധതികൾ നടപ്പിലാക്കുമ്പോൾ തെരഞ്ഞെടുപ്പ് നീതിപൂർവ്വമായിരിക്കാൻ മാനദണ്ഡം പ്രസിദ്ധീകരിക്കുകയും, തെരഞ്ഞെടുത്തവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പദ്ധതികളുടെ മോണിട്ടറിംഗ് തൃപ്തികരമായി നടത്തുകയും, പദ്ധതി ദുരുപയോഗപ്പെടുത്തുന്നവരെയും അതിന് കൂട്ടുനിൽക്കുന്നവരെയും മാതൃകാപരമായി ശിക്ഷിക്കുകയും വേണം. വിത്ത്, വളം, യന്ത്രസാമഗ്രികൾ എന്നിവ ഗുണമേൻമ ഉറപ്പുവരുത്തി സൗജന്യനിരക്കിൽ വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കുക.

വർദ്ധിച്ച കൂലി നിരക്കും, കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിനായി തൊഴിലാളിസൗഹൃദ സംഘങ്ങൾ രൂപീകരിച്ച് പണികൾ സംഘം ഏറ്റെടുത്ത് നടത്തുന്ന രീതി പരീക്ഷിക്കണം. കാർഷികോല്പന്നങ്ങൾ വില്പന നടത്താനായി കർഷകർ തന്നെ നേരിട്ട് നടത്തുന്ന വിപണനകേന്ദ്രങ്ങളും, വിപണന മേളകളും സംഘടിപ്പിക്കണം. പച്ചക്കറി കൃഷിയും, ഔഷധസസ്യകൃഷിയും പ്രത്യേക പരിഗണന നൽകി പ്രോൽസാഹിപ്പിക്കണം.

കുണ്ടറ പഞ്ചായത്തിന്റെ നാലാം വാർഡിലെ രണ്ടു പ്രധാന നീരുറവകളാണ് കുണ്ടുകുളം 1 ഉം കുണ്ടുകുളം 2 ഉം. കടുത്ത വേനൽക്കാലത്തുപോലും മേപ്പടി കുളങ്ങളിൽ വെള്ളം വറ്റാറില്ല. കാഞ്ഞിരകോട് ഏലായുടെ ഏറ്റവും ഉയർന്ന ഭാഗത്ത് സ്ഥിതിചെയ്യുന്നടി. കുളങ്ങളിലെ വെള്ളം കൃഷി ആവശ്യത്തിന് വളരെ ലാഭകരമായി പ്രയോജന പ്പെടുത്താവുന്നതാണ്. രണ്ടുകുളങ്ങൾക്കും ആവശ്യമായ സംരക്ഷണപണികൾ നടത്തി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമൂലം കാഞ്ഞിരകോട് ഏലായിലെ 16.4 ഹെക്ടർ സ്ഥലത്ത് മൂന്നുകൃഷിചെയ്യുന്നതു കൂടാതെ 20 ഹെക്ടർ കരപ്പുരയിടത്തിലും ജലസേചന സൗകര്യം ലഭ്യമാക്കാൻ കഴിയും. ഇതിന്റെ നടത്തിപ്പിനായി ഗുണഭോക്താക്കളായ കർഷകരുടെ സമിതി രൂപീകരിച്ച് ഇതിന്റെ മേൽനോട്ടവും പ്രവർത്തനവും സമിതിയെ ഏല്പിക്കാവുന്നതാണ്. പഞ്ചായത്തിന്റെ കുളം, അതും കൂടി പമ്പ്സെറ്റ് വച്ച് കൃഷിയ്ക്ക് ഉപയോഗിക്കാം.

കുണ്ടറ പഞ്ചായത്തിന്റെ മിക്കവാറും എല്ലാഭാഗങ്ങളിലും വരൾച്ചക്കാലത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടായിക്കോണ്ടിരിക്കുകയാണ്. 1968 ൽ കുണ്ടറ പഞ്ചായത്തിന്റെയും പൊതുജനാരോഗ്യ വകുപ്പിന്റെയും (വാട്ടർ അതോറിട്ടി) സംയുക്താഭിമുഖ്യത്തിൽ കുണ്ടറ പഞ്ചായത്ത് ശുദ്ധജല വിതരണപദ്ധതി ആവിഷ്കരിച്ച് തുടക്കം കുറിച്ചു. ഇതിനായി M.G.D. സ്കൂളിൽ താഴ്വശത്ത് ഉരിയരിക്കുന്നിൽ 10' വ്യാസവും 45' താഴ്ചയിലും ഒരു കിണറും നിർമ്മിച്ചു. ഈ കിണറുകളിൽ ധാരാളം വെള്ളം ലഭ്യമാണ്. ഏഴുലക്ഷം രൂപ ആടങ്കൽ തുകയിൽ പണി ആരംഭിച്ച് പൂർത്തിയാക്കാതെ ഉപേക്ഷിക്കുകയാണുണ്ടായത്. ഈ പദ്ധതി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പൊതുജനപങ്കാളിത്തത്തോടെ ഏറ്റെടുത്ത് ഈ പഞ്ചായത്തിലെ 3, 4, 5 എന്നീ വാർഡുകളിൽ കുറെയെങ്കിലും കുടിവെള്ളക്ഷാമം പരിഹരിയ്ക്കാനാകുന്നതാണ്.

കുണ്ടറ പഞ്ചായത്ത് പ്രദേശത്ത് ഭൂഗർഭജലം ലഭ്യമല്ലാത്ത സ്ഥിതിയാണുള്ളത്. 1995 ലെ വരൾച്ചകാലത്ത് ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ റോഡുകടവിനു സമീപമുള്ള ഒരു സ്വകാര്യവ്യക്തിയുടെ കിണറിൽ നിന്നും ഈ പഞ്ചായത്ത് പ്രദേശത്ത് ഒട്ടാകെ വിതരണം ചെയ്യുന്നതിനായി പ്രതിദിനം ശരാശരി 25000 ലിറ്റർ ശുദ്ധജലം ശേഖരിക്കുന്നതിനുകഴിഞ്ഞു. ഭൂഗർഭജലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ റോഡുകടവിനു സമീപം ഓപ്പൺ വെല്ലുകൾ കുഴിച്ച കുടിവെള്ളം ലഭിക്കുന്നതിന് ആവശ്യമായ അന്വേഷണം നടത്താവുന്നതാണ്.

പഞ്ചായത്തിൽ 20 കുളങ്ങളുണ്ട്. ഇതിൽ പകുതിയിൽ അധികവും വറ്റാത്തവയാണ്. ഈ കുളങ്ങൾ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്ത് പമ്പുസെറ്റുകൾ പ്രവർത്തിപ്പിച്ച് പ്രധാനതോടുകൾ വഴി ഏലാകളിലേയ്ക്കും, പൈപ്പ് ലൈൻ വഴി കരപുരയിടങ്ങളിലേയ്ക്കും ജലമെത്തിക്കാൻ പദ്ധതി തയ്യാറാക്കേണ്ടതാണ്. പഞ്ചായത്തിൽ ആകെ 682 കിണറുകളുണ്ട്. ഓരോ വാർഡിനും ശരാശരി 75 കിണറുകൾ വീതം. ഇതിൽ 496 ഉം വറ്റാത്തവയാണ്. വറ്റുന്ന കിണറുകളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തി ജലലഭ്യത വർദ്ധിപ്പിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുകയും മറ്റ് കിണറുകൾ സംരക്ഷിക്കുകയും ഇതിനെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും, പഞ്ചായത്ത് ഒരു ജലനയം പ്രഖ്യാപിച്ച് ജലപദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

M.G.D. റോഡിന്റെ താഴെ കരിപ്പാം റോഡ് ഇറിഗേഷൻ വകുപ്പിനെകൊണ്ട് ഏറ്റെടുപ്പിച്ച് റോഡും, തോടും നിർമ്മിച്ച് കൃഷിയും ഗതാഗതവും മെച്ചപ്പെടുത്തണം.

പഞ്ചായത്തിൽ വ്യാപകമായിരുന്ന കുരുമുളക്കൃഷി ഇന്ന് സാധാരണമല്ല. കുരുമുളക്കൃഷി വ്യാപകവും, മെച്ചപ്പെട്ടതുമാക്കാൻ പദ്ധതി ഉണ്ടാക്കുക.

മഴക്കാലത്ത് ലഭിക്കുന്ന ജലം സംരക്ഷിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.


*കൃഷി*
*അർത്ഥശാസ്ത്രത്തിൽ*

*കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ കൃഷി സംബന്ധമായി പലതുമുണ്ടായിരുന്നു. കൃഷി ചെയ്യാത്തവരുടെ ഭൂമി ഒഴിപ്പിച്ചെടുത്ത് കൃഷിക്കാർക്കു നൽകണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. ഏറ്റുവാങ്ങി കൃഷി ചെയ്യാഞ്ഞാൽ നഷ്ടം (അപഹീനം) കൊടുക്കണം. വിളവർദ്ധിപ്പിക്കാൻ ധനസഹായം (പരിഹാരം) നൽകുകയും ചെയ്തിരുന്നു. കൃഷിക്ക് ഭൂമി വിട്ടുകൊടുക്കാത്തവൻ ശിക്ഷാർഹനാണ്. പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുമ്പോൾ കർഷകനെ അറസ്റ്റ് ചെയ്തുകൂടാ. വെള്ളം കെട്ടിനിൽക്കുന്ന പൊതുച്ചിറ വെട്ടിത്തൂർക്കുന്ന ഗ്രാമദ്രോഹിയെ വെള്ളത്തിലിട്ടുമുക്കിക്കൊല്ലും. മേച്ചിൽ സ്ഥലം തീയിട്ടു നശിപ്പിക്കുന്നവനെ തീയിലിട്ടുകൊല്ലും. കൃഷി അത്രമാത്രം ശുദ്ധവും ശ്രേഷ്ഠവും ജീവദായകവുമായ ഒരു തൊഴിലായി അന്ന് ഗണിക്കപ്പെട്ടിരുന്നു.*

## ഉപസംഹാരം

കൃഷി നമ്മുടെ അന്നമാണ്. വളരെ പ്രാധാന്യം കൊടുക്കേണ്ട മേഖലയും. നമ്മുടെ പഞ്ചായത്തിൽ കൃഷിക്കിന്ന് പ്രഥമസ്ഥാനമില്ല. ഇത് പരിഹരിക്കണം. പരമ്പരാഗത കൃഷിരീതിയുടെ മേൻമകളും ആധുനികകാർഷിക ഗവേഷണത്തിന്റെ സത്ഫലങ്ങളും കൂട്ടിയിണക്കി ഒരു പുതിയ കാർഷിക സംസ്കാരം നമുക്ക് നേടണം. ഓരോ കുടുംബത്തിനും അവരവർക്ക് ആവശ്യമായത് കൃഷിചെയ്ത് ഉണ്ടാക്കാനെ കഴിയണം. ഏറെ തൊഴിലവസരം ലഭിയ്ക്കുന്ന ഈ മേഖല വനിതകൾക്കും ഏറെ സാധ്യത നൽകുന്നു. കൃഷി നമുക്ക് പ്രാണനാകണം, കൃഷിയില്ലാതെ നാമില്ല, നമ്മുടെ നാടില്ല, പുരോഗതിയില്ല എന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം.

❑ *ഗ്രാഫുകളും, ചാർട്ടുകളും തുടർപേജുകളിൽ...*



# മൃഗസംരക്ഷണവും മനുഷ്യവിഭവവും

മനുഷ്യന്റെ ബുദ്ധിപരവും പ്രായോഗികവുമായ ജീവിതത്തിൽ മൃഗസംരക്ഷണത്തിന് പ്രാധാന്യം വന്നുതുടങ്ങിയത് അവൻ അവയെ ഇണക്കി ഉപയോഗിക്കാൻ തുടങ്ങിയതോടെയാണ്. ചരിത്രപരമായി ശ്രദ്ധിച്ചാൽ മാനവജീവിതത്തെ ആയാസരഹിതമാക്കാൻ അവൻ മൃഗങ്ങളെ ഉപയോഗപ്പെടുത്തുകയായിരുന്നുവെന്ന് കാണാം. കൃഷിക്കും വാഹനത്തിനും ഭാരം വലിക്കുന്നതിനും മനുഷ്യൻ മൃഗങ്ങളെ ഉപയോഗപ്പെടുത്തിയത് അവന്റെ പരിഷ്കാരജീവിതത്തിന്റെ ഒരു നാഴികക്കല്ലായിരുന്നു. ഇച്ചാശക്തിയുടെ വികാസം പ്രപഞ്ചത്തെ കൈപ്പിടിയിലൊതുക്കാൻ അവനെ പ്രേരിപ്പിക്കുകയായിരുന്നു. മൃഗങ്ങൾ അവനെ സഹായിക്കുകയും ചെയ്തു. മാംസത്തിനും പാലിനും തോലിനും വളത്തിനും പിന്നീട് മനുഷ്യൻ കന്നുകാലികളെ ഉപയോഗിച്ചുതുടങ്ങി. പുതിയ ചുറ്റുപാടിൽ മൃഗങ്ങളെ കാർഷികാവശ്യങ്ങളിലേക്കാണ് ഉപയോഗപ്പെടുത്തുന്നത്. യന്ത്രവൽകൃതവാഹനങ്ങൾ സ്ഥാനം നേടിയതോടെ ഉഴുതുന്ന ആവശ്യം പോലും യന്ത്രങ്ങൾ കൈയടക്കിത്തുടങ്ങി. യാത്രയ്ക്ക് മൃഗങ്ങളെ ഉപയോഗപ്പെടുത്തുന്ന രീതി ഒഴിഞ്ഞുപോയി. കുതിരസവാരി വിനോദമായിരിക്കുന്നു. ഭാരം വഹിക്കുന്ന മൃഗങ്ങളെന്ന സങ്കല്പവും മറഞ്ഞിരിക്കുന്നു. കാളവണ്ടികൾ സമൃദ്ധമായിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ പേരിനും മാത്രം അങ്ങിങ്ങ് അദ്ഭുതം ജനിപ്പിച്ച് നീങ്ങുന്നതുകാണാം. പണ്ട് പശുക്കൾ കുടുംബത്തിലെ ലക്ഷ്മി (ഐശ്വര്യം) ആയിരുന്നത് ഇന്ന് പണാധിഷ്ഠിതഘടകമായി പരിഗണിക്കുന്നു. കുട്ടികൾക്കും, മുതിർന്നവർക്കും ലാളിക്കാൻ നായ്ക്കളും, പൂച്ചയും ആവശ്യഘടകമായിരുന്നു. ഇന്ന് ഉയർന്ന ഇനത്തിൽപ്പെട്ട നായ്ക്കളെ വളർത്തുന്നതും പ്രദർശിപ്പിക്കുന്നതും സമ്പന്നർക്കിടയിലെ ഒരു ശീലമാണ്. അതുപോലെ നാടൻ ശൈലിയിൽ കിളികളെ (തത്ത, മൈന, കുരുവി) വളർത്തിയിരുന്ന രീതിമാറി ഇന്ന് വിപണിയിൽ കിട്ടുന്ന ഇനങ്ങളെ വളർത്തുന്നുണ്ട്. (തത്ത, മൈന, കുരുവി എന്നിവയെയും വിപണിയിൽ കിട്ടും). കുണ്ടറ പഞ്ചായത്തിന്റെ പരിധിയിൽ നിന്ന് ഇക്കാര്യം നമുക്ക് പരിശോധിക്കാം.

കുണ്ടറ ഗ്രാമ പഞ്ചായത്തിൽ ആകെ 8538 വളർത്തുമൃഗങ്ങളാണുള്ളത്. വാർഡിനും ശരാശരി 949 മൃഗങ്ങൾ. ഏറ്റവും കൂടുതൽ വളർത്തുനായ്ക്കളാണ് (3080) തൊട്ടു താഴെ ആടുകൾ (1875) ഏറ്റവും കുറവ് കാവയുള്ള എരുമകളാണ് (19) വിശദമായ വിവരം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു. ആദായം നൽകുന്ന മൃഗങ്ങളുടെ എണ്ണം 5458. മൂന്ന് പേർക്ക് ഒരു മൃഗം മാത്രമാണുള്ളത്. തീരെക്കുറവല്ലെങ്കിലും നമ്മുടെ ആവശ്യം വച്ച് നോക്കുമ്പോൾ തൃപ്തികരമല്ല. മാത്രമല്ല ആകെ മൃഗങ്ങളുടെ മുന്നിൽ ഒന്ന് ഭാഗത്തിൽ അധികം വരുന്ന പട്ടികളുടെ എണ്ണം. ഇത് വീടുകളിൽ സംരക്ഷിക്കപ്പെടുന്നവയുടെ എണ്ണംകൂടി പരിശോധിച്ചാൽ സംഖ്യ ഇനിയും വലുതാകും. ഇവയുടെ പരിപാലനത്തിന് നിലവിലുള്ള സംവിധാനം പര്യാപ്തമല്ല.

പഞ്ചായത്തിലെ പ്രധാന വളർത്തു പക്ഷികൾ കോഴിയും, താറാവുമാണ്. ആകെ എണ്ണം 59404 ആണ്. വിശദമായ വിവരം പട്ടിക രണ്ടിൽ ചേർത്തിരിക്കുന്നു. തത്ത, മൈന, പ്രാവ് തുടങ്ങിയ മറ്റ് വളർത്തുപക്ഷികളുടെ കണക്ക് ലഭ്യമല്ല. കോഴികളുടെ കണക്കനുസരിച്ച് പൂവൻകോഴികളുടേയും (9150) മുട്ടയിടാത്ത പിടക്കോഴികളുടേയും (27750) എണ്ണത്തിൽ താഴേയാണ് മുട്ടയിടുന്ന കോഴികളുടെ എണ്ണം (22400). ഒരാൾക്ക് ശരാശരി 1.34 കോഴി. ഇത് കുടുംബങ്ങളുടെ സ്വന്തം ആവശ്യത്തിനുപോലും പര്യാപ്തമല്ല. കോഴി വളർത്തൽ നമ്മുടെ പഞ്ചായത്തിൽ ഒരു വരുമാനമാർഗ്ഗമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഒരു പ്രത്യേക പദ്ധതിതന്നെ മൃഗസംരക്ഷണവകുപ്പുമായിചേർന്ന് നടപ്പിലാക്കണം.

മൃഗാരോഗ്യബോധവൽക്കരണവും, ബഹുജനങ്ങളുടെ ഇടയിൽ ഇതിനെക്കുറിച്ചുള്ള അവബോധവും ഫലപ്രദമല്ലെന്നതിന് തെളിവാണ് പേവിഷബാധയ്ക്ക് എതിരായ പ്രതിരോധത്തിന്റെയും, ചികിൽസയുടേയും കാര്യത്തിൽ ലഭ്യമായിട്ടുള്ള കണക്കുകൾ. നമ്മുടെ പഞ്ചായത്തിൽ വളർത്തുമൃഗങ്ങളിൽ 3080 വളർത്തുനായ്ക്കളുള്ളതിൽ കേവലം 460 എണ്ണത്തെ മാത്രമാണ് പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കിയിട്ടുള്ളത്. ഏകദേശം 7%. എന്നാൽ പശു, ആട്, എരുമ തുടങ്ങിയ മറ്റ് വളർത്തു മൃഗങ്ങളിൽ ഒരെണ്ണത്തിന് പോലും പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടില്ല. ഈ വിഷയത്തിൽ ജനങ്ങൾക്കിടയിലുള്ള അജ്ഞതയാണ് പ്രധാനകാരണം. സമഗ്രമായ ബോധ വൽക്കരണം ആവശ്യമാണ്. (പട്ടിക മൂന്ന് കാണുക) നാടൻ കാലികളെ അപേക്ഷിച്ച് സങ്കരയിനം കാലികളാണ് പഞ്ചായത്തിൽ കൂടുതൽ.

പഞ്ചായത്തിൽ രണ്ട് മൃഗാശുപത്രികളുണ്ട്. ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഒന്നു മുതൽ നാലുവരെ വാർഡുകൾക്കും, ഏഴാം വാർഡിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ സേവനം അഞ്ചുമുതൽ ഒമ്പതുവരെ വാർഡുകൾക്കുമാണ്. ഒരു പാൽസൊസൈറ്റി ഉള്ളത് രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്നു. കാലിത്തീറ്റകളുടേയും, കോഴിത്തീറ്റകളുടേയും ലഭ്യതക്കുറവ്, വിലവർദ്ധന എന്നിവ പ്രധാന പ്രശ്നങ്ങളാണ്. മുഴുവൻ സമയവും പ്രവർത്തിക്കുന്ന മൃഗാശുപത്രി ഇല്ലാത്തതും, ആശുപത്രിയ്ക്ക് വാഹനം, ടെലിഫോൺ ഇവ ഇല്ലാത്തതും മൃഗപരിപാലർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

## ഗ്രാമസഭകളിൽ നിന്നുള്ള ആവശ്യങ്ങളും നിർദ്ദേശങ്ങളും.

1. കുണ്ടറ പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള ഉൾനാടൻ മത്സ്യമാർക്കറ്റ് ഒന്നാം വാർഡിൽ സ്ഥാപിക്കുക.
2. ഐസ് പ്ലാന്റ് റോഡുകടവിൽ സ്ഥാപിക്കണം.
3. കാലിവളർത്താൻ താല്പര്യമുള്ളവർക്ക് വായ്പാ സൗകര്യം ഏർപ്പെടുത്തണം.
4. കാലിത്തീറ്റ നിയന്ത്രിത വിലയ്ക്ക് നൽകാൻ നടപടി.
5. മൃഗാശുപത്രിയുടെ സേവനം എട്ടുമണിയ്ക്കും ലഭ്യമാക്കുക.
6. മൃഗങ്ങൾക്കുണ്ടാകുന്ന രോഗത്തിന് ഡോക്ടർ കുറിച്ചുനൽകുന്ന മരുന്നുകൾ സാർവത്രികമായി കിട്ടുന്നതും, അമിത വിലവരാത്തതുമായിരിയ്ക്കണം.
7. മൃഗസംരക്ഷണത്തിന് ആവശ്യമായ പ്രാഥമിക കുത്തിവയ്പും മരുന്നുകളും സൗജന്യമായി വിതരണം ചെയ്യുക.

8. നിലവിലുള്ള പാൽ സൊസൈറ്റിയിലെ അപാതകതകൾ പരിഹരിയ്ക്കുക.
9. മിൽമയുടെ ഒരു സംഭരണശാല തുറക്കണം.
10. മാതൃകാ തൊഴുത്തുകൾ നിർമ്മിച്ചുനൽകണം.
11. പന്നിവളർത്തൽ യൂണിറ്റിന് സഹായം.
12. മുയൽ വളർത്തൽ യൂണിറ്റ് ഉണ്ടാക്കണം.
13. കോഴിവളർത്തലിന് ധനസഹായം നൽകുക.
14. പേപ്പട്ടി ശല്യം തടയാൻ നടപടിയുണ്ടാവണം.
15. മൃഗാശുപത്രിയുടെ ഒരു യൂണിറ്റ് 3 - ാം വാർഡിൽ സ്ഥാപിക്കുക.
16. മുട്ട സംരക്ഷണ യൂണിറ്റുകൾ സ്ഥാപിക്കുക.
17. കുണ്ടറ പള്ളിമുക്കിൽ ഒരു ക്ഷീരസഹകരണസംഘം ആരംഭിക്കുക.
18. കാലിത്തീറ്റയ്ക്കും, കന്നുകാലികൾക്കും സബ്സിഡി അനുവദിക്കുകയും ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും ചെയ്യുക.
19. പച്ചപ്പുല്ല് ലഭിക്കുന്നതിന് കൃഷിക്ക് പ്രോൽസാഹനം നൽകുക. കൃഷി ഭവന്റെ കീഴിൽ സ്ഥലമെടുത്ത് പുൽകൃഷി നടത്തി കർഷകന് വിലകുറച്ച് നൽകുക.
20. കന്നുകാലിരോഗത്തിനുള്ള മരുന്നുകൾ സൗജന്യമായി നൽകുക.
21. കന്നുകാലി വർഗ്ഗോദ്ധാരണത്തിന് പള്ളിമുക്കിൽ KDP സബ്സെന്റർ അനുവദിക്കുക.
22. മൃഗസംരക്ഷണവകുപ്പുവഴി എല്ലാ വീട്ടിലും കോഴികളെ വിതരണം ചെയ്യുക.
23. കോഴിവളർത്തൽ സഹകരണസംഘം ആരംഭിക്കുക.
24. കുറഞ്ഞ ചെലവിൽ കോഴിത്തീറ്റ വിതരണം ചെയ്യുക. കോഴികൾക്കുണ്ടാകുന്ന പകർച്ചവ്യാധികൾ ഫലപ്രദമായി തടയുക.
25. ഉടമയില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ വേണ്ട നടപടിയെടുക്കുക.
26. വീട്ടുനായ്ക്കൾക്ക് ലൈസൻസും, പ്രതിരോധകുത്തിവയ്പ്പും നിർബന്ധമാക്കുക.
27. നാലാം വാർഡിലെ അനധികൃത കശാപ്പുശാല മാറ്റാൻ നടപടിയെടുക്കുക.
28. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വീടുവീടാന്തരം എത്തി രോഗപ്രതിരോധകുത്തിവയ്പു നടത്താൻ സംവിധാനമുണ്ടാക്കുക. (വളർത്തു - മൃഗപക്ഷി ഉടമകളിൽ നിന്ന് നിച്ചിത ഫീസ് ഈടാക്കുകയും ചെയ്യാം.)
29. കാലിരോഗ പ്രതിരോധത്തിന് സൗജന്യ പദ്ധതി ഉണ്ടാക്കുക.
30. മുട്ടക്കോഴി വളർത്തലിനും, ഇറച്ചികോഴി വളർത്തലിനും വേണ്ട ധന സഹായം നൽകുക.

മുളവന വെറ്റിനറി ഡിസ്പൻസറി പ്രവർത്തിക്കുന്നത് കാലപ്പഴക്കം വന്ന കെട്ടിടത്തിലാണ്. അടിയന്തിരമായും അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുക. ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക്കൂടി ചാർജ് നൽകുന്നു. ഇത് ഒഴിവാക്കാൻ നടപടി വേണം. പോരായ്മകൾ ചൂണ്ടിക്കാട്ടി പഞ്ചായത്ത് കമ്മിറ്റിയ്ക്കും. കമ്മിറ്റി വഴി ബന്ധപ്പെട്ട അധികാരികൾക്കും നിവേദനം നടത്തിയിട്ടുണ്ട്. നടപടി ഊർജിതമാക്കുകയും ഓഫീസ് പ്രവർത്തനം നന്നായി നടത്തുന്നതിന് മുളവന V H - ൽ ഒഴിവുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തികയിൽ ഉടൻ നിയമനം നടത്തണം. കുണ്ടറ മുളവന വെറ്റിനറി സ്ഥാപനങ്ങളുടെ ജോലി ഭാരം കണക്കിലെടുത്ത് രണ്ട് ക്ലാർക്കുമാരെ നിയമിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

## പൊതുനിർദ്ദേശങ്ങൾ

1. ഉല്പാദനക്ഷമതയുള്ള പശുക്കളേയും, കന്നുകുട്ടികളേയും ഇറച്ചിയ്ക്കായി കശാപ്പുചെയ്യുന്നത് നിയമം മൂലം നിരോധിക്കുക. ഇത് ഉല്പാദനക്ഷമതയുള്ള പശുക്കളുടെ സംരക്ഷണത്തിനാവശ്യമാണ്.
2. പശുക്കളുടെ ബീജസങ്കലനത്തിന് കന്ന് കർഷകരെ പരിശീലിപ്പിച്ച് അവർക്ക് വേണ്ട സഹായങ്ങൾ മൃഗ സംരക്ഷണ വകുപ്പിൽ നിന്ന് നൽകുക.

3. പഞ്ചായത്തോ, ക്ഷീരസംഘങ്ങളോ, ഗവൺമെന്റ് സ്ഥലമോ, പാട്ടത്തിനെടുത്ത സ്ഥലമോ പുല്ലു കൃഷിയ്ക്ക് ഉപയോഗപ്പെടുത്തി ന്യായമായ വിലയ്ക്ക് കർഷകന് നൽകുക.

4. മൃഗസംരക്ഷണ വകുപ്പുവഴി ഇപ്പോൾ പഞ്ചായത്തിൽ 102 കന്നു / കുട്ടികൾക്കാണ് 50% സബ്സിഡി നിരക്കിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്നത്. അർഹരായ മുഴുവൻ കർഷകർക്കും ഈ ആനുകൂല്യം ലഭിക്കുന്നതിനായി ക്ഷീര സംഘങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തുക.

5. പഞ്ചായത്തിൽ ശുദ്ധമായ മാംസം ലഭിക്കുന്നിനുവേണ്ടി ആധുനിക സൗകര്യങ്ങളും വൃത്തിയുമുള്ള അറവുശാല സ്ഥാപിയ്ക്കുകയും, വെറ്റിനറി സർജൻ പരിശോധിച്ച് സീലു വച്ച മൃഗങ്ങളെ മാത്രമേ കശാപ്പു നടത്താൻ പാടുള്ളു എന്ന നിയമം കർശനമായി നടപ്പിലാക്കുകയും ചെയ്യുക. ചീഞ്ഞ മാംസ വിൽപ്പന തടയുക. പഞ്ചായത്തുവക മീറ്റ് സ്റ്റാൾ തുറന്നു തൊഴിലവസരം സൃഷ്ടിക്കുക.

6. മൃഗപരിപാലന സൗഹൃദ കമ്മിറ്റി രൂപീകരിച്ച് മൃഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

7. സന്നദ്ധ സംഘടനകളുടെയും ക്ലബുകളുടേയും സഹകരണത്തോടെ ഊർജ്ജിത പേവിഷ നിർമ്മാർജന പ്രവർത്തനവും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിക്കാവുന്നതാണ്.

8. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് മൂന്നു പശുക്കളടങ്ങുന്ന മിനി ഡയറി യൂണിറ്റുകൾ സ്ഥാപിയ്ക്കാവുന്നതാണ്. പദ്ധതിയുടെ പകുതി ബാങ്ക് വായ്പയായും നാലിലൊന്ന് ധന സഹായമായും ലഭ്യമാക്കി ബാക്കി ഗുണഭോക്താവിന്റെ വിഹിതവും.

9. പതിനഞ്ചു വനിതകളെ ചേർത്തു വനിതാ പശുവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും ഡി. ഡബ്ല്യു. സി. ആർ. ധന സഹായം നേടുകയും ചെയ്യണം.

10. കോഴി വളർത്തലിന്, വീട്ടുമുറ്റത്തെ കോഴി വളർത്തൽ, എഗ്ഗർ നഴ്സറി, സ്കൂൾ പൗൾട്രി ക്ലബ്, വ്യാപാരാടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ എന്നിവയ്ക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

11. ആടു വളർത്തലിനും, പന്നി വളർത്തലിനും പ്രോത്സാഹനമുണ്ടാക്കുക.

## മത്സ്യ ബന്ധനം

കുണ്ടറ പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ വടക്കു പടിഞ്ഞാറായി കാണപ്പെടുന്ന കായലോരപ്രദേശമുണ്ട്. അഷ്ടമുടിക്കായലിന്റെ ഒരു ശാഖയായ കാഞ്ഞിരകോട് കായൽത്തീരമാണത്. അലിന്റ്, കേരള ഇലക്ട്രിക്കൽ ആന്റ് എൻജിനിയറിംഗ് ലിമിറ്റഡ് (KEL), കേരള സെറാമിക്സ്, ലക്ഷ്മി സ്റ്റാർച്ച് ഫാക്ടറി, ട്രാവൻകൂർ കെമിക്കൽസ് ഫാക്ടറി എന്നീ വ്യവസായ ശാലകളിലെ മാനിന്യങ്ങൾ ഈ കായലിൽ അടിഞ്ഞുകൂടുകയാൽ മത്സ്യബന്ധനത്തിനുള്ള സാദ്ധ്യതകൾ മറഞ്ഞു തുടങ്ങിയിരിക്കുന്നു.

മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ വളരെ ചുരുക്കമാണ്. കായലിൽ നിന്ന് കക്ക വാരുന്നവരും കുറച്ചുപേർമാത്രമാണ്. ഇറച്ചി കക്കയാണ് ശേഖരിക്കുന്നത്. വ്യാവസായികാവശ്യത്തിന് കക്ക ശേഖരിക്കുന്നില്ല. മത്സ്യക്കച്ചവടം തൊഴിലായി സ്വീകരിച്ചുട്ടുള്ളവർ മറ്റു വാർഡുകളിലുമുണ്ട്. ജൂൺ ജൂലായ് മാസങ്ങളിലാണ് മത്സ്യം പൊതുവേ കുറയുന്നത്. കാഞ്ഞിരോട്ടു കായലിലെ കരിമീൻ പ്രസിദ്ധമാണ്. മുമ്പ് മഴക്കാലത്ത് കായലിൽ നിന്ന് വയലിലേയ്ക്ക് മത്സ്യം കയറി വരുന്നത് (അലിന്റ് ഗ്രൗണ്ടിനരികിലുള്ള നടുത്തോടു വഴി) ഒരു പതിവായിരുന്നു. ഇന്ന് അത് വിദൂരസ്മൃതിയായിരിയ്ക്കുന്നു. ഒന്നാം വാർഡിലെ കുളത്തിൽ ഓരും ഉപ്പു രസവുമുണ്ട്. ഈ പഞ്ചായത്ത് അതിർത്തിയിൽ ഒരു മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് പ്രവർത്തിക്കുന്നുണ്ട്.


### മത്സ്യബന്ധനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ.

1. ഉൾനാടൻ ശുദ്ധജല മത്സ്യകൃഷിയ്ക്ക് പര്യാപ്തമായ കുളങ്ങൾ കണ്ടെത്തി വികസിപ്പിച്ച് കൃഷി പ്രാത്സാഹിപ്പിക്കുക.
2. കൊറ്റങ്കര പഞ്ചായത്തിന്റെ നിയന്ത്രണമുള്ള കുണ്ടറ പള്ളിമുക്കിലെ മാർക്കറ്റ് വിട്ടുകിട്ടാൻ നടപടിയെടുക്കുക.
3. എല്ലാ വാർഡിലും മത്സ്യമാർക്കറ്റ് ഉണ്ടാക്കി മത്സ്യവിതരണം നടത്താൻ വ്യവസ്ഥയുണ്ടാക്കുക.
4. അനധികൃത ചന്തപ്പിരിവ് തടയുക.
5. ചെമ്മീൻ കൃഷിചെയ്യാവുന്ന ചതുപ്പു നിലങ്ങൾ പ്രയോജനപ്പെടുത്തുക.

## ഉപസംഹാരം

കുണ്ടറ വ്യാവസായിക മേഖലയാണെങ്കിലും നാൾക്കുനാൾ ക്ഷയോൻമുഖമാകുന്ന ആ രംഗത്തെ ശുഭാപ്തി വിശ്വാസം നഷ്ടപ്പെട്ടും അല്ലാതെയും പലരും ഇപ്പോൾ കൃഷിയിൽ താല്പര്യം കാട്ടുന്നുണ്ട്. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്കും കൃഷി താല്പര്യമാണ്. സാമ്പത്തിക പരാധീനത കൊണ്ടും മറ്റും കുഴങ്ങുകയാണ്. ലോണുകളും മറ്റും യഥാ ക്രമം കിട്ടാത്തത് അതിന്റെ പരിമിതിയുമാണ്. കാലികളെ വളർത്തുന്നവർ അതു ലാഭകരമായ ഒരു തൊഴിലായി പറഞ്ഞു കേൾക്കാത്തത് പതുതായി ഈ മേഖലയിലേയ്ക്ക് വരുന്നവരെ നിരുത്സാഹപ്പെടുത്തുന്നുണ്ട്. പണ്ട് കാലികൾക്കു മേയാനുണ്ടായിരുന്ന മേച്ചിൽപ്പുറങ്ങൾ ഇന്ന് വീടും റോഡും ഓഫീസുകളുമായിരിയ്ക്കുന്നു. അതു പോലെ നാടൻ പശുക്കളുടെ വംശം അന്യം നിന്നു പോകാതിരിയ്ക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. പ്രതിരോധ ശക്തിയുള്ള, തീറ്റ വളരെ കുറവു മാത്രം വേണ്ട ഇണക്കമുള്ള കാലിവർഗ്ഗത്തെ ഈ പഞ്ചായത്തിൽ മാതൃകാ കൃഷിക്കാർക്ക് ദാനം ചെയ്ത് വംശ വർദ്ധനവിനും വിതരണത്തിനും സ്കീം ഉണ്ടാക്കിയാൽ സാധാരണക്കാർക്ക് താല്പര്യപൂർവ്വം ഈ തൊഴിലിൽ കടന്നുവരാനാവും. മത്സ്യസമ്പത്ത് അന്യം നിന്നു പോകുന്നതും നാം ഓർക്കണം.

2000-ാ മാണ്ട് കഴിയുമ്പോഴേക്ക് കൊഞ്ച്, ഞണ്ട്, കക്ക തുടങ്ങിയ വിഭാഗത്തിലുള്ള സമുദ്ര ഭക്ഷ്യങ്ങൾ കുറഞ്ഞു കുറഞ്ഞ് രണ്ടുപതിറ്റാണ്ടിനിടയ്ക്ക് പൂർണമായി ഇല്ലാതാകുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. വയൽ ഞണ്ടുപോലും നമ്മുടെ നാട്ടിൽ വൻതോതിൽ ഇല്ലാതായിരിക്കുന്നു. തവളകൾ കർഷകന്റെ സുഹൃത്തായിരുന്നെങ്കിലും അവയും പാടങ്ങളിൽ ഇന്ന് അപൂർവ്വം. കൃഷി മെച്ചപ്പെടുത്തുകയും പാടങ്ങൾ നികത്തുന്നത് ഫലപ്രദമായി തടയുകയും ചെയ്താൽ വയലുകളിൽ ഇവയുടെ സാന്നിദ്ധ്യം നില നിൽക്കും. മാലിന്യംകൊണ്ട് ജലസമ്പത്ത് നശിച്ചാൽ മത്സ്യ വിഭവങ്ങൾ മാത്രമല്ല, ജീവ വായുപോലും നമുക്കു നഷ്ടപ്പെടുമെന്നും പഠനങ്ങൾ പറയുന്നു.



"കർഷകൻ ഭൂമിയുടെ ഉപ്പാണ്".

ഗാന്ധിജി

"ഇന്ത്യ കർഷകന്റെ നാടും വിശപ്പിന്റെ വീടുമാണ്"

സുകുമാർ അഴീക്കോട്

"മനുഷ്യന്റെ സംസ്കാരത്തിനു
ചെലവഴിക്കുന്ന ചണമാണ്
ഏറ്റവും മഹത്തായ ധനനിക്ഷേപം"

- ആൽഫ്രഡ് മാർഷൽ.



# സംസ്കാരം

ഏതു പ്രദേശത്തിന്റെയും സാംസ്കാരിക നിലവാരം ആ പ്രദേശത്തെ സാമൂഹ്യ ജീവിതത്തിന്റെ ആണിക്കല്ലാണ്. വൈജ്ഞാനികവും വിദ്യാഭ്യാസപരവുമായി കുണ്ടറ മുൻപന്തിയിലെന്ന് പറയുന്നെങ്കിലും സജീവമായി പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകൾ അംഗുലീ പരിമിതമാണ്. കുണ്ടറ അലിന്റ് ഫാക്ടറിയിലെ അലിന്റ് റിക്രിയേഷൻ ക്ലബ്ബാണ് മലയാളത്തിലെ തലയെടുപ്പുള്ള സാഹിത്യ നായകൻമാരെ നാട്ടുകാർക്ക് പരിചയപ്പെടുത്തിയത്. മൂല്യമുള്ള നാടകങ്ങളും അവിടെ അരങ്ങേറിയിരുന്നു. 1950 ജനുവരി 26-ാം തീയതി ബി.വി.ഡി. മേനോൻ രക്ഷാധികാരിയായും വി.ജി.ജി. നായർ പ്രസിഡന്റായും കല്യാണകൃഷ്ണൻ സെക്രട്ടറിയായും പ്രവർത്തനമാരംഭിച്ച അലിന്റ് റിക്രിയേഷൻ ക്ലബ്ബിൽ 50 അംഗങ്ങൾ ആദ്യം ഉണ്ടായിരുന്നു. 1954 ൽ ലൈബ്രറിയും റീഡിംഗ് റൂമും പ്രവർത്തനം ആരംഭിച്ചു. 1960 ൽ ബാലഭാരതം 1962 ൽ ബെസ്റ്റ് ക്ലബ്ബ് 1966 ൽ മ്യൂസിക് ക്ലബ്ബ് 1970 ൽ ബാലവാടി എന്നിങ്ങനെ പ്രവർത്തനമേഖല വികാസം പ്രാപിച്ചു.

പലചടങ്ങുകളായി മലയാളത്തിലെ രാഷ്ട്രീയ സാമൂഹിക സാഹിത്യനായകൻമാർ പങ്കെടുത്തിട്ടുണ്ട്. വി.കെ. കൃഷ്ണമേനോൻ, ഡോ. വി. പി. രാമസ്വാമി അയ്യർ, ജി.എൽ. മേത്ത, ശ്രീമതി ലക്ഷ്മി, എൻ. മേനോൻ, നടരാജ ഗുരു, നിത്യചൈതന്യയതി, കൈനിക്കര, മുണ്ടശ്ശേരി, പ്രൊഫസർ സാമുവൽ മത്തായി, എം. പി. മൻമഥൻ, ജി. കുമാരപിള്ള, കെ. ബാലകൃഷ്ണൻ, കാമ്പിശ്ശേരി കരുണാകരൻ, സത്യൻ, സസീർ, നാഗവള്ളി, അടൂർ ഭാസി, എൻ. എൻ. പിള്ള,

എൻ. പി. ചെല്ലപ്പൻ നായർ, തിക്കോടിയൻ, വേളൂർ കൃഷ്ണൻ കുട്ടി, ആനന്ദകുട്ടൻ, എൻ. കൃഷ്ണ പിള്ള, എം. ടി, ഗുപ്തൻ നായർ, വൈക്കം ചന്ദ്രശേഖരൻ നായർ, തകഴി, കേശവ ദേവ്, ഉറൂബ്, ഒ.എൻ.വി, പുതുശ്ശേരി, വിഷ്ണു നാരായണൻ നമ്പൂതിരി, എം. ആർ. ചന്ദ്രശേഖരൻ. എം.കൃഷ്ണൻ നായർ, സി.എൻ.ശ്രീകണ്ഠൻ നായർ, ജി. ശങ്കരപിള്ള, പി.കെ. വിക്രമൻ നായർ, എം.കൃഷ്ണൻ നായർ, ടി. ആർ. സുകുമാരൻ നായർ, പട്ടത്തുവിള കരുണാകരൻ,സ്വാമി ബ്രഹ്മവ്രതൻ, കാവാലം, ഒ. മാധവൻ, കെ. പി. അപ്പൻ എന്നിങ്ങനെ ഈ പട്ടിക നീളുന്നു.

ക്ലബ്ബിന്റെ കായിക വിഭാഗം അന്നേ സജീവമായിരുന്നു. ഇൻഡോർ - ഔട്ടഡോർ പരിപാടിയിൽ എന്നും ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കിയിരുന്നു. ഫുട്ബാൾ, ബാറ്റ്മിന്റൻ എന്നീ കളികളിലാണ് ആദ്യം ശ്രദ്ധവച്ചത്. 1955 മെയ് 26 ന് H & C യുമായി ഏറ്റുമുട്ടി വിജയം കുറിച്ചു. 1968 ആയപ്പോഴേയ്ക്കും 4 അഖിലേന്ത്യാട്രാഫികൾ ഒരു വർഷം തന്നെ നേടാൻ കരുത്താർജ്ജിച്ചു.

ധാരാളം പുസ്തകത്തോടെ ഒരു ലൈബ്രറി സജീവമായി നടന്നു വന്നു. വിദേശ പ്രസിദ്ധീകരണങ്ങളുൾപ്പെടെ 50 ൽ അധികം ആനുകാലിക പ്രസിദ്ധീകരണങ്ങൾ ക്ലബ്ബംഗങ്ങൾക്ക് വായിക്കാൻ ലഭിച്ചിരുന്നു. ബാലസാഹിത്യ കൃതികളും പ്രത്യേകം സഞ്ജീകരിച്ചിരുന്നു. സമഗ്രമായി തയ്യാറാക്കിയ കാറ്റലോഗും ലഭ്യമായിരുന്നു. ഇപ്പോൾ കമ്പനിയുടെ പരിതാപകരമായ അവസ്ഥയിൽ ഇതു മങ്ങിയ രീതിയിലായി. 1952 ൽ മിന്നൽ പ്രണയം (എൻ.പി.) എന്ന നാടകം അവതരിപ്പിച്ചുകൊണ്ട് നാടകരംഗത്ത് ചുവട് വച്ചു. '58 ൽ സ്ഥിരം നാടക സംഘം രൂപീകരിച്ചു. '59 ൽ "മാർത്താണ്ഡവർമ്മ" എന്ന ചരിത്ര നാടകം അവതരിപ്പിച്ചു. തുടർന്ന് പല നാടകങ്ങളും പുറം സ്റ്റേജുകളിലും അവതരിപ്പിച്ചു. '63 മുതൽ നാടക മത്സരവും നടത്തിയിരുന്നു.

ശാസ്ത്രസാഹിത്യപരിഷത്ത്, കേരളയുക്തിവാദി സംഘം, പുരോഗമന കലാസാഹിത്യ സംഘം തുടങ്ങിയ സംഘടനകളുടെ യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നവീനബോധത്തിന്റെ ഉണർവ് പ്രദാനം ചെയ്യാൻ ഈ സംഘങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പൗരസമിതികൾ, N.S.S, M.E.S യൂത്ത് വിംഗ്, തുടങ്ങിയവയും പ്രവർത്തിക്കുന്നു. ബ്രദേഴ്സ് ക്ലബ്ബ്, യുവശക്തി എന്നീ സമിതികൾ എന്നിവ ഒന്നാം വാർഡിലും ആൾവിൻ സ്കൂൾ ഓഫ് ഫൈൻ ആർട്സ്, സഹൃദയ കലാകേന്ദ്രം എന്നിവ രണ്ടാം വാർഡിലും പ്രവർത്തിക്കുന്നു. വിജയേശ്വരി ആർട്സ് ക്ലബ്ബ് (കാഞ്ഞിരകോട്), വിജയേശ്വരി (ആൽത്തറമുകൾ), മുളവന J.Y.S, നവ ചേതന ആർട്സ് & സ്പോർട്സ് ക്ലബ്ബ് (മുളവന) Y.M.A (മുക്കൂട്) തുടങ്ങിയ സാസ്കാരിക സംഘടനകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ജനതാ വായനാശാല (എട്ടാം വാർഡ്) J.M.Y.M.A വായനാശാലയും പ്രവർത്തിക്കുന്നു. പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ഏറ്റവും പഴക്കം ചെന്ന ഗ്രന്ഥശാലയാണ് മുളവനയിലുള്ള J.M.Y.M.A. ലൈബ്രറി റീഡിംഗ് റൂം, ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്. രജി. നമ്പർ. 1172. 1950 ൽ സ്ഥാപനമായ ഗ്രന്ഥശാല സ്വന്തമായി. 6.5 സെന്റ് സ്ഥലവും, കെട്ടിടവും ഉണ്ട്. നിലവിൽ 1662 അംഗങ്ങൾ ഉള്ളതിൽ പുരുഷൻമാർ 1608 ഉം, സ്ത്രീകൾ 54 ഉം ആണ്. 30 ആനുകാലികകൾ വരുന്ന ഗ്രന്ഥശാലയിൽ 5612 പുസ്തകങ്ങളുണ്ട്. ഗ്രന്ഥശാല സംഘത്തിന്റെ അഫിലിയേഷനുള്ള പഞ്ചായത്തിലെ ഏക ഗ്രന്ഥശാലയാണിത്. ഗ്രന്ഥശാലയ്ക്ക് സ്വന്തമായി റേഡിയോയും, ടെലിവിഷനും ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനകീയസമിതി ഭരണം നടത്തുന്നു. കുണ്ടറ പഞ്ചായത്തിന്റെ സംസ്കാരിക നിലയവും ഒപ്പം ഗ്രന്ഥശാലയും പ്രവർത്തിക്കുന്നു. പഞ്ചായത്ത് ലൈബ്രറിയുടെ ഒരു ശാഖ അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്നുവെങ്കിലും സൗകര്യങ്ങൾ പരിമിതമാണ്. ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷാവസരങ്ങളിൽ കൂണുപോലെ മുളയ്ക്കുകയും പണപ്പിരിവും കലാ

പരിപാടിയും (സമ്മാനം സ്പോൺസർ ചെയ്തതായിരിക്കും) ലാഭം വീതം വെക്കലുമായി പൊലിഞ്ഞു പോകുന്ന സംഘങ്ങൾ ഈ പഞ്ചായത്തിലുമുണ്ട്. ഇത് സാംസ്കാരിക ജീർണതയുടെ മുഖ മാണ് പ്രകടിപ്പിക്കുന്നത്. വായനാ ശീലവും ലക്ഷ്യബോധവും ചിന്താശക്തിയും ആത്മാർത്ഥതയുമുള്ളവരുടെ സജീവ സാന്നിദ്ധ്യമാണ് ഇതിനെ തടയേണ്ടത്. സാമ്പത്തിക പരിമിതികൊണ്ടും നല്ല നേതൃത്വ മില്ലാത്തതുകൊണ്ടും സാംസ്കാരിക പ്രവർത്തനങ്ങൾ പലപ്പോഴും ദുർബലമായിപ്പോകുന്നു.. അർപ്പണബോധമുള്ളവർ കുറയുകയും ചെയ്യുന്നു. കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയും വേണ്ട നിർദേശങ്ങൾ നൽകാൻ കമ്മിറ്റിയെനിയോഗിക്കുകയും ചെയ്ത് പ്രവർത്തനങ്ങൾ സജീവമാക്കാവുന്നതാണ്. വാർഡുകൾതോറും പരിശീലന ക്ലാസുകൾ നടത്താൻ തയ്യാറാവുകയും പ്രതിഭാധനരായവരെ അത്തരം കാര്യങ്ങളിൽ ഭാഗഭാഗാക്കുകയും വേണം. വാർഡുകളിൽ സാംസ്കാരിക നിലയത്തിന്റെ ശാഖകൾ സ്ഥാപിച്ചാൽ ഇതു കൂടുതൽ സൗകര്യമാകും. നല്ല സമിതികളെ കണ്ടെത്തി അവയുടെ പ്രവർത്തനം ദുർബല മേഖലകളിൽ വ്യാപിപ്പിക്കാവുന്നതാണ്.

ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചമാക്കാൻ ഉള്ളവയ്ക്ക് ഗ്രാന്റ് മെച്ചപ്പെടുത്തുകയും സംസ്ഥാന ഗ്രന്ഥശാലാ സംഘവുമായി അഫിലിയേറ്റു ചെയ്യുകയും വേണം. എല്ലാ വാർഡിലും ഗ്രന്ഥശാലയുണ്ടാക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും Full Time Paid ലൈബ്രേറേിയൻമാരെ നിയോഗിക്കുകയും വേണം. സ്ത്രീകളുടെ വായന മെച്ചപ്പെടുത്താൻ വനിതാ സംഘങ്ങൾ രൂപീകരിക്കുകയോ വീടു വീടാന്തരം പുസ്തക വിതരണം ചെയ്യുകയോ വേണം. സ്ത്രീകൾക്ക് ബോധവൽക്കരണ ക്ലാസ് നൽകണം. ഒരു വീട്ടിൽ നിന്ന് ഒരു സ്ത്രീയെങ്കിലും ഗ്രന്ഥശാലയിൽ അംഗത്വം സ്വീകരിക്കണം. സ്ത്രീയാണ് കുടുംബത്തിന്റെ അടിസ്ഥാന ഘടകം. അവരുടെ വായന തലമുറയ്ക്ക് വെളിച്ചം പകരുമെന്ന് പറയേണ്ടതില്ലല്ലോ. അമ്മയുടെ വായനാ ശീലം കുട്ടികൾക്കും പകർന്നു കിട്ടുകയും ചെയ്യും.

ടെലിവിഷന്റെ തരംഗം കുട്ടികളിൽ ചില്ലറയൊന്നുമല്ല സ്വാധീനം ചെലുത്തുന്നത്. രക്ഷാകർത്താക്കൾ ശ്രദ്ധ വച്ചാൽ കുട്ടികളുടെ അഭിരുചിയെ പരിഷ്കരിക്കാനാകും. വായനയുടേയും സൗഹൃദത്തിന്റേയും പുതിയ ലോകം അവർക്ക് പരിചയപ്പെടുത്തണം. സ്കൂൾ തലത്തിൽ ബോധ വൽക്കരണവുമാകാം. സമയം ക്രമീകരിച്ച് അവശ്യമുള്ളതു കാണാൻ കുട്ടികളെ പ്രേരിപ്പിക്കുകയും അവധി ദിവസങ്ങളിൽ കുട്ടികൾക്കുള്ള പരിപാടികൾക്ക് കൂടുതൽ സമയം ദൂരദർശൻ ക്രമീകരിക്കുകയും ചെയ്യണം. സാംസ്കാരിക വകുപ്പ് കർശനമായി സെൻസർ ചെയ്ത പരിപാടികളെ ദൂരദർശനിൽ സംപ്രേക്ഷണം ചെയ്യാൻ അനുവദിക്കാവൂ. കേബിൾ ടി. വി. യുടെ അതിപ്രസരവും മുതിർന്നവരുടെ അഭിരുചിയെ ആസ്പദിച്ചിരിക്കുന്നു. മുതിർന്നവരുടെ നിയന്ത്രണം തന്നെ പ്രധാനം.

ഈ പ്രദേശത്തുമാത്രമായി പ്രചാരത്തിലുള്ള നാടൻ പാട്ടുകൾ കണ്ടെത്തുന്നതിന് ഫലപ്രദമായ സർവേ നടത്തുകയും അവ ക്രോഡീകരിച്ച് പഞ്ചായത്തു ലൈബ്രറിയിൽ സൂക്ഷിക്കുകയും ചെയ്യാവുന്നതാണ്. വർഗ്ഗ വ്യവസ്ഥ കേരളത്തിലെമ്പാടുമായപ്പോൾ കീഴാളരെ ചുറ്റിപ്പറ്റി നാടൻ പാട്ടുകളും കലാരൂപങ്ങളും വളരുകയുമാണല്ലോ ഉണ്ടായത്. അധ:സ്ഥിതരുടെ ചരിത്രത്തോടൊപ്പം ഉപരിവർഗ്ഗത്തിന്റെ സ്ഥിതിയും നാം മനസ്സിലാക്കുകയാണ് ചെയ്യുന്നത്. വിശപ്പിന്റെ വേദന, ആത്മാലാപം, ജാതി വ്യവസ്ഥയ്ക്ക് എതിരെയുള്ളവ ആനന്ദവേളകളിലെ പാട്ടുകൾ എന്നിങ്ങനെ ചിലവ ഇവിടെയും പ്രചരിച്ചിട്ടുണ്ട്. തനതെന്നു പറയാൻ കഴിയുമോ എന്നു സംശയമാണ്. ഓണപ്പാട്ടുകൾ, തുമ്പിതുള്ളൽപ്പാട്ട്, വിൽപ്പാട്ട്, കൊയ്ത്തുപാട്ട് എന്നിവയും സീതകളി, കരടി കളി. പുലികളി മറ്റ് ഓണക്കളികൾ എന്നിവയും നില നിൽക്കുന്നുണ്ട്. എന്നാൽ കാലാതി പാതത്തിൽ പലതും മങ്ങി മറയുകയും ചെയ്യുന്നു.

ഓണത്തോടനുബന്ധിച്ചുള്ള മങ്കമാരുടെ കളികളിൽ പണ്ടുൾപ്പെട്ടിരുന്ന ചില പാട്ടുകൾ ശ്രദ്ധിക്കുക :

"പാർവള്ളിക്കളിയാണേ
തിന്ത തെയ് തെയ്
ഇവിടൊരു കളിതുടങ്ങി
തിന്ത തെയ് തെയ്.....(പാർവള്ളിക്കളി)

അശകൊശലേ പെണ്ണുണ്ടോ
ഒരു കോശാലും പെണ്ണുണ്ടോ
സ്വാമിരണ്ടുക്കും പെണ്ണുണ്ടോ
തൃക്കാവേലി മാപ്പിളയ്ക്ക്.....(പെണ്ണുചോദിപ്പ്)

1 പശുവേ പശുവേ പുല്ലിന്നാ
2. പുലിയേ പുലിയേ കല്ലിന്നാ
1 ഈ പശുവിനെ തിന്നണമിപ്പം
ഈ വെള്ളം കുടിക്കേണം
2 ഈ പശുവിനെ തിന്നുകയില്ല
ഈ വെള്ളം കുടിക്കേമില്ല.....(പശുവും പുലിയും)

അക്കയ്യിലിക്കയ്യിലോ
മാണിക്കചെമ്പഴുക്ക
പൊട്ടനറിയാതേം
മാണിക്കചെമ്പഴുക്ക
അറുകയ്യിലിറുകയ്യിലോ
മാണിക്കചെമ്പഴുക്ക.....(പഴുക്ക കളി)

മുണ്ടിടാം തുമ്പീ മുറുവിടാം തുമ്പീ
മുണ്ടും കൊണ്ടീവഴ്യേ പാമോ പാമോ
കല്ലടയാറു കഴിഞ്ഞേ പാവൂ
വള്ളക്കൂലി കൊടുത്തേ പാവൂ.....(തുമ്പിക്കളി)"

ഈ പാട്ടുകൾ പോലും ഇന്ന് നാട്ടിൻപുറങ്ങളിൽ നിന്ന് മറഞ്ഞുകൊണ്ടിരിക്കുന്നു. സമൃദ്ധമായ കൃഷിപ്പാടങ്ങളില്ലെങ്കിലും പഴയ തലമുറ കണ്ടങ്ങളിൽ പാട്ടുമൂളിയിരുന്നു. കൃഷിപ്പാട്ടും ഇന്ന് അന്യം നിൽക്കുന്നു. ഇവ കണ്ടെത്തി കാലാനുസൃതമായ ഭേദങ്ങൾ പരിശോധിച്ച് പ്രാകൃതവും ആധുനികവുമായ രൂപങ്ങൾ സംരക്ഷിക്കണം.

പഞ്ചായത്തുതലത്തിലും മറ്റുമുള്ള കലാമത്സരങ്ങളിൽ നാമമാത്രമായ പങ്കാളിത്തമാണ് ഉണ്ടാകുന്നത്. സാംസ്കാരിക സംഘടനകളുടെ ഭാഗഭാഗിത്വത്തോടെ പരിപാടികൾ സഞ്ജീകരിച്ചാൽ കുറെക്കൂടി പങ്കാളിത്തം ഉണ്ടാകും. പ്രതിഭകളെ കണ്ടെത്താൻ സമിതികളുടെ കൂട്ടായ്മ ഉണ്ടാക്കുന്നത് ഫലപ്രദമായിരിക്കും. സ്കൂൾ കോളേജ് തലങ്ങളിലൊക്കെ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്യുന്ന കലാകാരൻമാർ ധാരാളം പേരുണ്ട്. അവരുടെ പേരുകൾ ചാർട്ടു ചെയ്യാൻ സംവിധാനമുണ്ടാക്കണം

പഞ്ചായത്തിലെ മിക്ക വാർഡിലും ആരാധനാലയങ്ങളുണ്ട്. കാവും ചെറു ക്ഷേത്രങ്ങളും കുരിശ്ശടികളും കൂടാതെ കച്ചേരിമുക്ക് ശ്രീകൃഷ്ണക്ഷേത്രം, തെറ്റിക്കുന്ന് ശ്രീശങ്കരനാരായണ ക്ഷേത്രം, വേലായുധമംഗല ക്ഷേത്രം (8 - ാം വാർഡ്), തൈക്കാവ്-ഇളമ്പള്ളൂർ, മുസ്ലീം പള്ളി പുന്നത്തടം, മാർത്തോമ്മ പള്ളി, അസ്സീസി പള്ളി (6 - ാം വാർഡ്) മുളവന ശിവ ക്ഷേത്രം ഇവയും ആരാധനാ സ്ഥലങ്ങളാണ്. പെന്തക്കോസ്തു മിഷന്റെ പ്രാർത്ഥനാ കേന്ദ്രവും പഞ്ചായത്തിലുണ്ട്. അഷ്ടമിരോഹിണി, മീനത്തിരുവാതിര, ശിവരാത്രി യാഘോഷം, തൈപ്പൂയം, തിരുനാളാഘോഷങ്ങൾ എന്നിങ്ങനെ ഉത്സവാഘോഷങ്ങൾ നടക്കുന്നുണ്ട്. തണ്ണിക്കോട് ആയിരവില്ലൻ ക്ഷേത്രത്തിൽ കുതിരയെടുപ്പ് പ്രധാനപ്പെട്ട ഒരു സംഭവമാണ്. ഇടത്തിങ്ങൽ വയലിൽ നിന്ന് കെട്ടുകുതിരകൾ ക്ഷേത്രത്തിലേക്ക് തോളിലേറ്റി വയലിലൂടെ കൊണ്ടുപോകുന്നത് ഇരു കരകളിൽ നിന്നും ആളുകൾ ഉത്സാഹത്തിമിർപ്പോടെ കാണുന്നു. (ഇടത്തിങ്ങൽ വീട്ടുകാർക്ക് സ്വന്തമായി കെട്ടുകുതിരയുണ്ടായിരുന്നതും സ്മരണീയമാണ്.) കുതിര തോളിലേറ്റിപ്പോകുമ്പോൾ "ശർറോ പർറോ, ശർറോ പർറോ, അർരോ അർരോ" എന്ന് ഒച്ച വക്കുന്നത് കേൾക്കാനും ഇമ്പമാണ്. വയൽകൃഷിയ്ക്ക് മെരുക്കിയെടുക്കാൻ ഉത്സവാനന്തരം എളുപ്പമാണ്. അത്രമാത്രം ഈർപ്പമാർന്ന മണ്ണ് ചവിട്ടിക്കുഴച്ചിട്ടുണ്ടാവും.

കെട്ടുകാഴ്ചയും, നാടകം കഥാപ്രസംഗം തുടങ്ങിയ കലാ പരിപാടികളും ജനപങ്കാളിത്തത്തോടെ ആഘോഷ ക്കമ്മിറ്റികൾ നടത്തിവരുന്നുണ്ട്. ശ്രാദ്ധങ്ങളും പള്ളികളിൽ നടക്കാറുണ്ട്.

S.N.D.P. യോഗത്തിന്റെ നേതൃത്വത്തിൽ ചതയാഘോഷം ഗുരുമന്ദിര(അമ്പലംമുക്ക്-കുണ്ടറ, മുളവന)ത്തിലും മറ്റും നടക്കുന്നുണ്ട്. ഓണാഘോഷവും, ക്രിസ്തുമസ് ആഘോഷവും, നബിദിനം, ചന്ദനക്കുടം തുടങ്ങിയ ആഘോഷങ്ങളും ദീപാവലിയാഘോഷവും നടന്നു വരുന്നുണ്ട്. ഇത്തരം ആഘോഷങ്ങളിൽ നാനാ വിഭാഗത്തിലുള്ളവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകാറുമുണ്ട്. ജാതിമത ചിന്തകൾക്കതീതമായി സൗഹൃദം വളർത്താൻ ഇത്തരം പരിപാടികൾ സഹായകമാകുന്നുണ്ട്. എന്നാലും ജാതീയമായ വകതിരിവുകൾ പൂർണമായി വിട്ടു പോയിട്ടില്ല. ജാതിപ്പേരു വിളിച്ച് കളിയാക്കുന്ന സംഭവവും അപൂർവമല്ല.

കലാസമിതികളും സ്കൂളുകളും വാർഷി കാഘോഷങ്ങൾ പതിവായി നടത്താറുണ്ട്. കുട്ടികളുടേയും മുതിർന്നവരുടേയും സഹായ സഹകരണങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. എങ്കിലും ഫലപ്രദമാക്കി നടത്താൻ പലപ്പോഴും കഴിയാതെ വരുന്നതും വസ്തുതയാണ്. ബാൾ ബാറ്റ്മിന്റൻ തുടങ്ങിയ മത്സരങ്ങളുടെ സംസ്ഥാനതല മത്സരങ്ങൾ ഉൾപ്പെടെ അഖിലകേരള ഏകാങ്ക നാടക മത്സരവും ലളിതഗാനമത്സരവും മറ്റും സംഘടിപ്പിക്കാറുമുണ്ട്. കുറെക്കൂടി ശ്രദ്ധേയമായ തലത്തിൽ അവ ആവിഷ്കരിച്ചു നടപ്പാക്കാൻ വേണ്ട മാതൃകകൾ ഉണ്ടാവുകയും വേണം.

നാടൻ കളികളായ കിളിത്തട്ട്, കബഡി, കോൽക്കളി, ഗോലികളി, കുട്ടിയും കോലും ഒക്കെ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ദൂരദർശനും ആധുനികവിദ്യാഭ്യാസരീതികളും കുട്ടികളെ കളിക്കളത്തിൽ നിന്ന് വീട്ടുമുറിയിൽ പിടിച്ചിരുത്തുന്നു. മുതിർന്നവർ കാര്യ വ്യഗ്രരായി ഓടി നടക്കുന്നു. ഓണക്കാലത്ത് കമ്പടിക്കളി അത്തം മുതൽ പത്തുവരെ തുടർച്ചയായി നടത്തിയിരുന്ന കാലമുണ്ടായിരുന്നു. പഴയ കളികളികളുടെ സ്ഥാനം പുതിയ കളികൾ ഏറ്റെടുക്കുകയും ചെയ്തു. അതു പോലെ കടങ്കഥയും കല്ലുകളിയും രാജാവും മന്ത്രിയും കളിയും മറ്റും മറവിയുടെ യവനികക്കുള്ളിലായിരിക്കുന്നു.

മതപരമായ പല ആചാരങ്ങളും നില നിന്നു വരുന്നുണ്ട്. മാടനൂട്ട്, ആറാട്ട്, പുള്ളുവൻ പാട്ടും നൂറും പാലും സേവ, കണിയൊരുക്കി വിഷുക്കാഴ്ച കാണുന്ന സമ്പ്രദായം, ഓശാനയാഘോഷം, നൊയ്മ്പാചാരം, കൈനേട്ടം കൊടുപ്പ് തുടങ്ങിയ ആചാരങ്ങളൊക്കെ പൊതുവേയുണ്ട്.

## നിർദ്ദേശങ്ങൾ

1. ഗ്രന്ഥശാലയെ കേരളഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റു ചെയ്യുക. എല്ലാ സർക്കാർ പീരിയോഡിക്കൽസും സൗജന്യമായി ഗ്രന്ഥശാലയ്ക്ക് അയച്ചു കൊടുക്കുക.
2. അനധികൃതമായി പിരിവു നടത്തുന്ന ക്ലബ്ബുകൾക്കെതിരെ പഞ്ചായത്തു കമ്മിറ്റി നിയമം പാസാക്കുക.
3. സമിതി പിരിവു നടത്തുന്നതിന് പഞ്ചായത്തിൽ നിന്ന് അനുമതിനേടുക - അതിന് രജിസ്ട്രഷൻ ഏർപ്പെടുത്തുക.
4. ചിത്ര പഠനം, സംഗീത പഠനം തുടങ്ങിയവ സൗകര്യപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഏർപ്പെടുത്തുക.
5. വീടുവീടാന്തരം പുസ്തകമെത്തിയ്ക്കാൻ സംവിധാനം ലൈബ്രറിയിലുണ്ടാക്കുക.
6. സാംസ്കാരിക മന്ദിരത്തിന്റെ ഉപമന്ദിരങ്ങൾ വാർഡുകൾ തോറും സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക.
7. സാംസ്കാരിക നിലയം കേന്ദ്രമാക്കി, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രാദേശിക കലാ രൂപങ്ങൾക്കും മറ്റും സംരക്ഷണം ഏർപ്പെടുത്തുകയും

അവയുടെ പഠന-ഗവേഷണങ്ങൾക്കു സൗകര്യമുണ്ടാക്കുകയും രേഖകൾ ശേഖരിച്ചു സൂക്ഷിക്കാൻ സംവിധാനമുണ്ടാക്കുകയും ചെയ്യുക. പഞ്ചായത്തിന്റെ എല്ലാവാർഡിലും പഞ്ചായത്തു ചെലവിൽ ബോർഡുകൾ സ്ഥാപിച്ച് നോട്ടീസുകൾ യഥാസമയം പതിക്കുക.

9. വായനശാലകൾക്ക് സ്ഥലം വാങ്ങാൻ ധനസഹായം ചെയ്യുകയും കെട്ടിടം സ്ഥാപിക്കുകയും ചെയ്യുക.

10. ചരിത്രപുരുഷൻമാരെ ആദരിക്കാൻ സ്മാരകവും റഫറൻസ് ലൈബ്രറിയും സ്ഥാപിക്കുക, എഴുത്തുകാർക്ക് ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ ധനസഹായം നൽകുക.

11. പഞ്ചായത്തു പരിധിയിലുള്ള സിനിമാ തീയറ്ററിൽ അശ്ലീലചിത്രങ്ങൾ പ്രദർശിപ്പിക്കുന്നത് കർശനമായി തടയുക. അശ്ലീല പോസ്റ്ററുകൾ പതിക്കുന്നതും നീലച്ചിത്രങ്ങൾ വിതരണം ചെയ്യുന്നതും തടയുക.

12. കുട്ടികളുടെ വായനാ ശീലം, കലാശേഷി, ആസ്വാദനക്ഷമത ഇവ വികസിപ്പിക്കാൻ "കളിക്കൂട്ടങ്ങൾ" എല്ലാ വാർഡിലും കാര്യക്ഷമമായി സംഘടിപ്പിക്കുക.

13. കുട്ടികളുടെ സ്വഭാവ രൂപവൽക്കരണത്തിന് അംഗൻ വാഡികളിലും സാംസ്കാരിക നിലയങ്ങളിലും സമിതികളിലും കുട്ടികളുടെ സിനിമയും ഡോക്യുമെന്ററികളും ഫീൽഡ് പബ്ലിസിറ്റി ബ്യൂറോയുടെ സഹായത്തോടെ പഞ്ചായത്ത് അവതരിപ്പിക്കുക.

14. ശിശു പീഡനത്തിനും സ്ത്രീ പീഡനത്തിനുമെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിക്കാൻ സാംസ്കാരിക സമിതികൾക്ക് ഒത്താശ നൽകുക.

15. പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ഓരോ മാസവും ഓരോ സാംസ്കാരിക പരിപാടി നടത്താൻ പദ്ധതിയുണ്ടാക്കി കാര്യക്ഷമമായി നടത്തുകയും, നമ്മുടെ ഭാഷയേയും സംസ്കാരത്തെയും നിലനിർത്താൻ പര്യാപ്തമായ ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ചെയ്യുക.

16. കുണ്ടറയുടെ സാംസ്കാരികമായ മുഖച്ഛായ സംരക്ഷിക്കാവുന്ന തരത്തിൽ ഒരു റസ്റ്റ് ഹൗസ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കണം.



### പ്രാദേശിക ചരിത്ര-സംസ്കാര പഠനകേന്ദ്രം

പഞ്ചായത്ത് സാംസ്കാരിക നിലയം എന്ന പേര് അന്വർത്ഥമാകാൻ അത് ഒരു പ്രാദേശിക ചരിത്ര സംസ്കാര പഠനകേന്ദ്രമാക്കണം. ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തേണ്ടവ :

- ദേശചരിത്രത്തിന്റെ സത്യസന്ധമായ രേഖകൾ സമാഹരിക്കുക.
- രാഷ്ട്രചരിത്രത്തിൽ പ്രാദേശിക ചരിത്രത്തിന്റെ സ്വാധീനം വിലയിരുത്തുക.
- ദേശ പരിധിയിൽ സ്വാധീനം ചെലുത്തിയ ചരിത്രപുരുഷൻമാരെക്കുറിച്ചുള്ള രേഖകൾ ഉൾപ്പെടുത്തുക.
- ചരിത്ര പഠനത്തിനുള്ള പ്രാദേശിക സാമഗ്രികൾ സംഘടിപ്പിച്ച് ക്രമപ്പെടുത്തുക.
- ചരിത്ര പ്രാധാന്യമുള്ള ഭവനങ്ങൾ, സ്മാരകങ്ങൾ, ഗുഹ തുടങ്ങിയവ സംരക്ഷിക്കുകയും അവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സംക്ഷിക്കുകയും ചെയ്യുക.
- പ്രാദേശികമായി നിലനിൽക്കുന്നതും മായുന്നതുമായ പാട്ടുകൾ, ചൊല്ലുകൾ, കടങ്കഥകൾ, തുടങ്ങിയവ ശേഖരിക്കുക.
- പ്രാദേശിക കലാരൂപങ്ങളുടെ പൂർണ്ണ വിവരങ്ങൾ സമാഹരിക്കുക.
- പ്രാദേശിക ഭാഷാഭേദങ്ങളും സവിശേഷതകളും പഠിച്ചു വിലയിരുത്തി രേഖകളാക്കുക.
- സാമൂഹിക ജീവിതത്തെ സ്വാധീനിക്കുന്ന പ്രാദേശിക രാഷ്ട്രീയ സംഭവങ്ങൾ വിലയിരുത്തി വിവരങ്ങൾ സൂക്ഷിക്കുക.

17. വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഔദ്യോഗിക സ്ഥാപനങ്ങൾ ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിച്ച് അതിലേക്ക് മാറ്റണം.

18. സ്വന്തം ഭാഷയറിയാതെ സംസ്കാരമില്ല. അതു കൊണ്ട് ഭാഷയെ സംരക്ഷിക്കാനും നിലനിർത്താനും കുട്ടികൾക്കുകൂടി സൗകര്യപ്പെടുന്ന ലൈബ്രറി സംവിധാനമേർപ്പെടുത്തുക.

19. പഞ്ചായത്തിന്റെ പൊതുപ്രശ്നങ്ങൾ, ചരിത്രം, സംസ്കാരം മുതലായവ ഉൾപ്പെടുത്തി വീഡിയോഡോക്കുമെന്ററികൾ നിർമ്മിച്ച് പ്രദർശിപ്പിക്കുക.

## ഉപസംഹാരം

നമുക്ക് സാംസ്കാരികരംഗം സജീവമായിരുന്ന ഒരു കാലമുണ്ടായിരുന്നു. കർഷകപ്രസ്ഥാനത്തിന്റേയും രാഷ്ട്രീയ നവോത്ഥാനത്തിന്റേയും നാടക - കാവ്യ സമിതിയുടേയും കാലം. ഇന്ന് ഈ രംഗങ്ങളിൽ ജീർണത കടന്നുകയറി എല്ലാം തകിടം മറിച്ചു. സിനിമയും നാടകവും കച്ചവട രംഗമായി. പരീക്ഷണം പരിക്ഷീണതയിലെത്തിച്ചു. ക്ലീഷേകൾ സാഹിത്യലോകം കൈയടക്കി. ഇലക്ട്രോണിക് മാധ്യമങ്ങളുടെ വിസ്മയങ്ങളിൽ നാം ഭ്രമിച്ചുപോയതിനാൽ നമ്മുടെ മാനുഷിക ഭാവം മാറി യാന്ത്രിക സ്ഥാനം പിടിച്ചു. പുതിയ തലമുറയ്ക്ക് മുഖസൗന്ദര്യവും ഫാഷനും മതിയെന്നായി. ഇത് ആശാവഹമല്ല. മാധ്യമങ്ങൾ സത്യ സന്ധത പുലർത്തുകയും സാമൂഹ്യരംഗത്ത് ഉത്തമ മാതൃകകളായി സാമൂഹ്യ പ്രവർത്തകർ ഉണ്ടാവുകയും വേണം. സ്വന്തം അഭിരുചിയെ ചിട്ടപ്പെടുത്താനും ബോധവൽക്കരിക്കാനും നാം ശ്രമിക്കണം. ഗവൺമെന്റു സമിതികളും വ്യക്തിയും ഒരു സാംസ്കാരിക നവോത്ഥാനത്തിന് തുടക്കം കുറിക്കണം.

" ഇന്ത്യയിലെ മഹാനിധികൾക്കുവേണ്ടിപ്പോലും
എന്റെ അമൂല്യമായ ഗ്രന്ഥപ്രേമത്തെ
ഞാൻ പകരം കൊടുക്കില്ല "


- ഫ്രാൻസിസ് ബേക്കൺ

# ഗ്രാഫ് - 1


## ആകെയുള്ള കിണറുകൾ (വാർഡ് തലത്തിൽ)

# KUNDARA PANCHAYAT

## TOTAL NUMBER OF WELLS




Based on volunteer data



# പൊതുജനാരോഗ്യവും കുടിവെള്ളവും

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്തെന്നകാര്യം എല്ലാവരും അംഗീകരിക്കുന്ന യാഥാർത്ഥ്യമാണ്. ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സുണ്ടാവും. ആരോഗ്യമുള്ളവന്റെ ചിന്ത ശക്തവും പ്രായോഗികതലം തേടുന്നതുമായിരിക്കും. അതുകൊണ്ട് ആരോഗ്യമുള്ള ശരീരം നിലനിർത്താൻ ഒട്ടേറെക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ആദ്യം രോഗം വരാതെ സൂക്ഷിക്കുകയാണു വേണ്ടത്. രോഗമുണ്ടാകാൻ സാദ്ധ്യതയുള്ള പരിസരത്തെക്കുറിച്ചും ചെയ്തികളെക്കുറിച്ചും ഒരാൾക്കത്യാവശ്യമായും പ്രാഥമിക ജ്ഞാനമുണ്ടാവണം. അതിന് ശക്തമായ ബോധവൽക്കരണപരിപാടിയുമുണ്ടാകണം. ശാസ്ത്രത്തിന്റെ കൈപിടിച്ച് രോഗപ്രതിരോധവും ചികിത്സയും ശക്തിപ്പെടുമ്പോൾത്തന്നെ അതിന്റെ നേട്ടത്താലുണ്ടായ വ്യവസായ വിഷയങ്ങളിലും യന്ത്രവാഹനങ്ങളുടെ മാലിന്യത്തിലും പെട്ട് നമ്മുടെ ആയുസ്സ്കുറയുന്നുവെന്ന് ശാസ്ത്രം അംഗീകരിക്കുന്നു. നാം കുടിക്കുന്ന വെള്ളത്തിൽ ശ്വസിക്കുന്ന വായുവിൽ കഴിക്കുന്ന ആഹാരത്തിൽ – എല്ലാം മാലിന്യമായിരിക്കുന്നു. ചിന്തയിലെ മാലിന്യം അതിന് ആക്കം കൂട്ടുകയും ചെയ്യുന്നു. ശരീരാധിഷ്ഠിതമാണ് മനസ്സും ക്രിയകളും അതുകൊണ്ട് ശാരീരികവും മാനസികവുമായ അസുഖങ്ങളെ തടഞ്ഞ് ജനതയെ ചൈതന്യത്തോടെ നിലനിർത്തേണ്ടതാവശ്യമാണ്. രോഗങ്ങൾ വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ കാക്കുകയാണ്. അതിന് കുണ്ടറപ്പഞ്ചായത്തിലെ ജനതയ്ക്ക് എന്താണ് പറയാനുള്ളതെന്ന് കേൾക്കാം.

അലോപ്പതി, ഹോമിയോ, ആയുർവേദം എന്നീ ചികിത്സാ സമ്പ്രദായങ്ങളാണ് പൊതുവേ സ്വീകാര്യം. എന്നാൽ പഞ്ചായത്തുപരിധിയിൽ ഒരു ഗവണ്മെന്റ് പി.എച്ച്. സെന്ററും അതിന്റെ ഒരുപകേന്ദ്രവും, ഗവണ്മെന്റ് ആയുർവേദിക് സെന്ററും മറ്റു ചില സ്വകാര്യസ്ഥാപനങ്ങളുമാണുള്ളത്. എന്നാൽ കുണ്ടറയുമായി ബന്ധപ്പെട്ട് വിഖ്യാതമായ ഒരു ആശുപത്രി ലണ്ടൻ മിഷൻ ആശുപത്രിയാണ്. (L.M.S.B.B. Hospital) മദ്ധ്യതിരുവിതാംകൂറിലെ ആദ്യത്തെ ആതുരാലയമായിരുന്നു ഇത്. പഞ്ചായത്തതിർത്തിയിലുള്ളവർ ഇപ്പോഴും ഈ ആശുപത്രിയുടെ സഹായം തേടുന്നുണ്ട്. കാലം വളരെ പിന്നിട്ടെങ്കിലും അതിനനുസൃതമായി ഈ ആശുപത്രി വികസിച്ചിട്ടില്ല.

ആരോഗ്യമുള്ള ശരീരം ആത്മാവിന്റെ സ്വീകരണമുറിയാണ്. അനാരോഗ്യമുള്ള ശരീരം തടവറയും.
*– ബേക്കൺ*

കുണ്ടറ പഞ്ചായത്തിന്റെ നവപരിച്ഛേദങ്ങളും പരിശോധിച്ചാൽ തൃപ്തികരമായ ആരോഗ്യപരിപാലനമല്ല നടക്കുന്നതെന്ന് മനസ്സിലാക്കാം. സർക്കാർ ആശുപത്രികളിലെ അപര്യാപ്തമായ ചികിത്സാ നിലപാടുകൾകൊണ്ട് സ്വകാര്യാശുപത്രികളിലേക്ക് പ്രാണരക്ഷാർത്ഥം പോകുന്നവരാണ് സർക്കാർതലത്തിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ പ്രാഥമികകേന്ദ്രം മൂന്നാം വാർഡിലാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ ഉപകേന്ദ്രം കരിപ്പുറം കൊല്ലൂർകോണത്ത് 8 - ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. ഏകദേശം രണ്ടേക്കറോളം വരുന്നപ്രദേശത്താണ് കാഞ്ഞിരകോട് പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. കേരള സിറാമിക്സ് ഫാക്ടറിയിലെ തൊഴിലാളികളുടെ സൗകര്യാർത്ഥം കമ്പനിക്കു സമീപം പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനത്തിന് സ്ഥിരം ഭൂമി നൽകിയത് കത്തോലിക്കാ സഭയുടെ പള്ളിയധികാരികളാണ്. അപ്പോഴേക്ക് പുറത്തെയാളുകൾക്കും ചികിത്സ ലഭിച്ചുതുടങ്ങി, (സെറാമിക്സ് തൊഴിലാളികളുടെ മാത്രം ഉപയോഗത്തിലിരുന്നപ്പോൾ വിളിച്ചുവന്നതാണ് 'ചേടിയാശുപത്രി' എന്നത്) ഇപ്പോൾ പഞ്ചായത്തിലെ 5 വാർഡുകൾക്കു മാത്രമേ ഈ സ്ഥാപനം ഉപയോഗപ്പെടുത്താൻ കഴിയുന്നുള്ളൂ. സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെ അഞ്ച് ഡോക്ടർമാർ ഉള്ള ഈ ആശുപത്രിയിൽ ഒരു ഡോക്ടർ പോലും കൃത്യമായി എത്തുന്നില്ലെന്ന് പരാതിയുണ്ട്. കൂടാതെ ഉച്ചയ്ക്ക് പതിനൊന്ന് മണിയ്ക്ക് ശേഷം ആരോഗ്യപ്രവർത്തകരാരുമില്ലാത്ത അവസ്ഥയാണ്. രണ്ട് ഡോക്ടർമാർക്കും നാല് നേഴ്സുമാർക്കും താമസിക്കാൻ പര്യാപ്തമായ ക്വാർട്ടേഴ്സ് ഉണ്ടായിരുന്നിട്ടും ആരും തന്നെ ഇവിടെ താമസിക്കാൻ കൂട്ടാക്കുന്നില്ല. ഓപ്പറേഷൻ തിയേറ്റർ, എക്സറേ യൂണിറ്റ്,ലെപ്രസികൺട്രോൾ യൂണിറ്റ്, ലബോറട്ടറി, നേത്രരോഗവിഭാഗം, പോസ്റ്റ്മോർട്ടംവിഭാഗം മുതലായവയ്ക്ക് കെട്ടിടങ്ങളും ഉപകരണങ്ങളുമുണ്ടെങ്കിലും നാമമാത്രമായിപോലും ഇവ പ്രവർത്തിക്കുന്നില്ല. ഇരുപതോളം കിടക്കകൾ ഉള്ള വാർഡ് ഉണ്ടെങ്കിലും ഇവിടെ കിടത്തി ചികിത്സകാണുന്നില്ല. ആശിപത്രിയിൽനാമമാത്രമായ് കിടക്കുന്ന രോഗികൾക്ക് മുമ്പ് അനുവദിച്ചിരുന്ന ആഹാരപദാർത്ഥങ്ങളും കിട്ടുന്നില്ല. സംഭരണശേഷിയുള്ള നല്ല വാട്ടർടാങ്ക് നിലവിലുണ്ടെങ്കിലും ഇതും പ്രവർത്തിപ്പിക്കുന്നില്ല. എട്ടാം വാർഡിലുള്ള ഉപകേന്ദ്രത്തിന്റെ സ്ഥിതിയും വളരെ ശോചനീയമാണ്. ഗവൺമെന്റ് തലത്തിലുള്ള ആയുർവേദാശുപത്രി7-ാം വാർഡിൽ വാടക കെട്ടിടത്തിലുണ്ട്. ഒട്ടും ചികിത്സാസൗകര്യമില്ലാത്ത സ്ഥാപനമായ് ഇപ്പോൾ അതും അധ:പതിച്ചിച്ചിരിക്കുന്നു. സ്വകാര്യാശുപത്രികൾ വിരളമാണ്. 6-ാം വാർഡിൽപ്രവർത്തിക്കുന്നജോയൽ ആശുപത്രിയും 2-ാം വാർഡിൽ മുക്കട റെയിൽവേസ്റ്റേഷനടുത്തുള്ള ഡോ.കോശിപ്പണിക്കരുടെ ചിൽഡ്രൻസ് ക്ളീനിക്കുമാണ് അലോപ്പതി വിഭാഗത്തിൽ ശ്രദ്ധേയമായവ. കന്നിമുക്കിൽ മുളവന 6-ാം വാർഡിൽപ്രവർത്തിക്കുന്ന കരുണ ആശുപത്രി ആയുർവേദരംഗത്തുള്ളതാണ്. ബി.ജി.എം.ട്രസ്റ്റിന്റെ ഒരു ഹോമിയോ ആശുപത്രി എം.ജി. ഡി. സ്കൂളിനു സമീപം 5-ാം വാർഡിലുണ്ട്. ചെറിയ ഹോമിയോസ്ഥാപനങ്ങളും ആയുർവേദ വൈദ്യശാലകളും മെഡിക്കൽഷോപ്പുകളും പഞ്ചായത്തിൽ ആരോഗ്യരംഗത്തുണ്ട്. ഇവയെല്ലാമുണ്ടെങ്കിലും കാര്യമായ ആരോഗ്യപരിരക്ഷ ഉറപ്പാക്കാൻ പറ്റുന്നില്ല.

പൊതുജനങ്ങളുടെ ശുചിത്വകാര്യങ്ങളും ആരോഗ്യത്തിൽ സ്വാധീനം ചെലുത്തും. ഇപ്പോഴും 34 വീടുകളിലും പഞ്ചായത്തടിസ്ഥാനത്തിൽ - കക്കൂസില്ല.(4000ൽ 1400) കക്കൂസ് നിർമ്മാണവുമായി ബന്ധപ്പെട്ടു പഞ്ചായത്തിലാകമാനമുണ്ടായ കാര്യങ്ങൾ സൗകര്യത്തിന് ഇങ്ങനെ പട്ടികപ്പെടുത്താം.

| നിർമ്മാണത്തിനുള്ള തടസ്സം | പരിഹാരമാർഗ്ഗം |
|---|---|
| 1. സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ,സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെസഹകരണത്തിൽസാമ്പത്തിക സമാഹരണം |
| 2. സ്ഥല പരിമിതി | കുറെ കുടുംബങ്ങൾക്ക് പൊതുവായിസെപ്റ്റിക് ടാങ്ക് നിർമ്മിക്കുക |
| 3. ആവശ്യകതയെ കുറിച്ചുള്ള ബോധമില്ലായ്മ | ആരോഗ്യബോധവൽക്കരണം, ആരോഗ്യവിഭാഗത്തിലെഹെൽത്ത് വിസിറ്റർമാരുടെ പ്രവർത്തനംകർശനമാക്കുക,. വാർത്താവിനിമയങ്ങളിലൂടെയുള്ള ബോധവൽക്കരണം, സ്കൂൾ തല ബോധവൽക്കരണം. |

വ്യവസായികമാലിന്യങ്ങളുടെ പിടിയിലാണ് കുണ്ടറ പഞ്ചായത്ത്. എങ്കിലും മാരകമായ ഒരു ഭീഷണിയായി അനുഭവപ്പെട്ടിട്ടില്ല. അന്തരീക്ഷത്തെയുംപരിസരത്തെയും വ്യവസായിക യൂണിറ്റുകൾ മലിനീകരണത്തിലേക്കു നയിക്കുന്നുവെന്ന് പരിസ്ഥിതി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ പല പ്രദേശങ്ങളിലും വിശേഷിച്ച് പ്രധാന കവലകളിലും പരിസരങ്ങളിലും ചപ്പുചവറുകളും മറ്റും കുന്നുകൂടി മാലിന്യമുണ്ടാകുന്നു. രണ്ടാം വാർഡിന്റേയും ഒന്നാം വാർഡിന്റേയും അതിർത്തിയായ ആശുപത്രിമുക്കിൽ - കലുങ്കിനു സമീപം മാലിന്യക്കൂമ്പാരം പകർച്ചവ്യാധി വിതരണ സാമ്രാജ്യമായിരിക്കുന്നു. കുണ്ടറ മുക്കടയിൽ റോഡിനും റെയിൽവേലൈനുമിടയിൽ മാലിന്യം കുന്നുകൂടുന്നു. ഇവിടെ ഒരു കംഫർട്ട്സ്റ്റേഷനില്ലാത്തത് പലരും അദ്ഭുതമായിട്ടാണ് എണ്ണുന്നത്. ഈ ആവശ്യം അടിയന്തിരമായി പരിഹരിക്കേണ്ടത് ആരോഗ്യവും നാടിന്റെ മുഖവും രക്ഷിക്കാൻ ആവശ്യമാണ്. ഫല വാർഡിലും വ്യക്തമായ പ്ലാനിംഗ് ഇല്ലാതെയുണ്ടാക്കിയ ഡ്രെയിനേജ് സംവിധാനവും പരിസര മലിനീകരണത്തിന് കാരണമാകുന്നു. 4-ാം വാർഡിൽ കുണ്ടറയുടേയും കൊറ്റംകരയുടേയും പഞ്ചായത്ത് അതിർത്തിയിൽകിടക്കുന്ന കുണ്ടറ പള്ളിമുക്ക് പബ്ലിക് മാർക്കറ്റ് ശോചനിയാവസ്ഥയിലാണ്. പരിസര മലിനീകരണത്തിന്റെ ഒരു കേന്ദ്രമാണിതും. പഴകിയ മത്സ്യമാംസാദികൾ വിറ്റഴിക്കുന്നത് കർശനമായി തടയണം. അതുപോലെ രോഗം ബാധിച്ച ഉരുക്കളെ അറുക്കുന്നതും തടയണം. ഈ ചന്തയിൽ ഡ്രെയിനേജ് സംവിധാനത്തിന്റെ അപര്യാപ്തത ദുർഗ്ഗന്ധം നിറഞ്ഞ പരിസരമുണ്ടാക്കുന്നു. പഞ്ചായത്ത് പൊതുവായ ഒരു അറവുശാല സ്ഥാപിച്ച് അവിടെമാത്രം അറവു നടത്താനും അത് നിരന്തരം പരിശോധിക്കാൻ സംവിധാനമേർപ്പെടുത്തുകയുംവേണം. രോഗം ബാധിച്ചമൃഗങ്ങളെ അറുക്കുന്നതിനും കഠിനമായ ശിക്ഷ ഏർപ്പെടുകയും വേണം. മറ്റു മാർക്കറ്റുകളിലെ സ്ഥിതിയും ഇതു തന്നെയാകയാൽ അധികാരികളുടെ സത്വരശ്രദ്ധ ഇതിൽ പതിയണം.

വർഷകാലത്തും വരൾച്ചക്കാലത്തും പഞ്ചായത്തിൽ-കായലോര പ്രദേശത്തും വ്യവസായമേഖലയുടെ പരിസര വാർഡുകളിലും പകർച്ചവ്യാധികൾ ചെറിയതോതിൽ പടർന്നു പിടിക്കുന്നു.

പട്ടികാ ക്രമത്തിൽ

| വാർഡ് | രോഗങ്ങൾ / പകർച്ചവ്യാധികൾ |
|---|---|
| 1 | ചെങ്കണ്ണ്, പനി, വാതം, etc |
| 2 | " വിഷപ്പനി, ഛർദ്ദി, വയറിളക്കം, etc |
| 3 | ത്വക്ക രോഗങ്ങൾ, ശ്വാസകോശ സംബന്ധരോഗങ്ങൾ, etc |
| 4 | ചെങ്കണ്ണ്, ഛർദ്ദി, മഞ്ഞപ്പിത്തം, വയറിളക്കം, വയറുകടി, etc |
| 5 | ചെങ്കണ്ണ്, ചിക്കൻപോക്സ്, വയറുകടി |
| 6 | പനി, ചെങ്കണ്ണ്, വയറുകടി, etc |
| 7 | ചിക്കൻപോക്സ്, വയറുകടി, etc |
| 8 | ചിക്കൻപോക്സ്, വയറുകടി, etc |
| 9 | ചെങ്കണ്ണ്, മലമ്പനി, വയറുകടി, വയറിളക്കം, വാതം, etc |

## കുടിവെള്ളം

അതിവിദഗ്ദമായി സംവിധാനം ചെയ്തു സംരക്ഷിച്ചാൽ കുണ്ടറപഞ്ചായത്തിന് കുടിവെള്ള ക്ഷാമമില്ലാതെ കഴയാവുന്ന നീരുറവകളും കുളങ്ങളും കിണറുകളും ഇവിടെയുണ്ട്. ശുദ്ധജലം നമ്മുടെ ആരോഗ്യപരമായ നിലനിൽപ്പിന് അത്യാവശ്യം തന്നെ. പകർച്ചവ്യാധികൾ പലതും പടരാൻജലം സഹായഘടകമാണ്. അതുകൊണ്ട് ജലസംരക്ഷണം വളരെയാവശ്യമാണ്. വേണ്ട വിധംശ്രദ്ധിക്കതെ പദ്ധതികൾ തയാറാക്കി പല റോഡിലും രണ്ടും മൂന്നും വട്ടം പൈപ്പ് കുഴിച്ചിട്ടതാണ് സർക്കാർതലത്തിലുണ്ടായ പരിഹാരം. പല വാർഡിലും അങ്ങനെയുള്ള ജലം ഒരു സ്വപ്നമാണ്. ചെയ്യാവുന്നത് പ്രാദേശിക പദ്ധതികളുണ്ടാക്കുകയാണ്. പുനലൂരിൽനിന്നും ജലം കൊണ്ടുവരുന്നശ്രമകരമായ പദ്ധതിയാണ് ഇപ്പോൾ നടപ്പിലിരിക്കുന്നത്. അതു യാഥാർത്ഥ്യമാകാൻ ഇനി എത്ര കാലം വേണ്ടിവരും ?

വേനൽക്കാലത്ത് കുളിക്കാനും അലക്കാനും ജലം കിട്ടത്തതരത്തിൽ നമ്മുടെ പ്രാദേശിക നീർച്ചാലുകളും കുളങ്ങളും വറ്റിപ്പോകുന്നതും യാഥാർത്ഥ്യമാണ്. ജലസേചനപദ്ധതിയും ഇവിടെ ഉണ്ടായിട്ടില്ല. 4-ാം വാർഡിലെ കുണ്ടുകുളം ഉരിയരിക്കുന്ന്, ക്ലേ-മൈൻസ (അടുത്തവാർഡിൽ) എന്നിവിടങ്ങൾ ജലസ്രോതസ്സുകളാണ്. അവ ഉപയോഗയോഗ്യമാക്കിയാൽ കുടിവെള്ളത്തിന്റേയും മറ്റാവശ്യത്തിനുള്ള ജലത്തിന്റേയും ലഭ്യത യാഥാർത്ഥ്യമാകും. ഭൂഗർഭജലസമ്പത്ത് ഉപയോഗപ്പെടുത്താവുന്ന തരത്തിൽ കുഴൽക്കിണറുകൾ നിർമ്മിക്കുകയുമാകാം. കേരള ഭൂപടത്തിൽ കുണ്ടറയ്ക്ക് തിളക്കമുണ്ടെങ്കിലും പരാധീനതകൾ നമ്മുടെ മുഖം വിവർണ്ണമാക്കുന്നത് സത്യം തന്നെ.

## ഉപസംഹാരം.

ആരോഗ്യരക്ഷയുടെ കാര്യം വരുമ്പോൾ നാം മറന്നുപോകുന്ന ഒരുകാര്യം നമ്മുടെ ദുശ്ശീലങ്ങളാണ്. പുകവലി, മദ്യപാനം, മയക്കുമരുന്നുസേവ, അസാൻമാർഗ്ഗികബന്ധങ്ങൾ ഇവയും നമ്മുടെ ശാരീരികവും മാനസികവുമായ അസുഖങ്ങൾക്ക് കാരണമാകും. കേരളത്തിൽശരാശരി പുരുഷായുസ്സ് 69 ഉം സ്ത്രീകൾക്ക് 72 ഉം വർഷമാണ്. എങ്കിലും നാം അതിനെപ്പോലും വകവയ്ക്കാതിരിക്കുന്നത് അപകടമാണ്. കുടുംബക്ഷേമരംഗത്ത് തൃപ്തികരമായനേട്ടമുണ്ടെന്നു കണക്കുകൾ പറയുന്നു. ആരോഗ്യപാലനത്തിന് ഏറ്റവും കൂടുതൽ ശതമാനം പണം അലോപ്പതിയ്ക്കാണ് നീക്കി വയ്ക്കുന്നത്. മറ്റുചികിത്സാവിധികൾക്കും അർഹമായ പ്രാധാന്യം നൽകണം. ചികിത്സയില്ലാത്ത മഹാരോഗമായ എയ്ഡ്സ് കേരളത്തിലും മാരകമായവിധം പടർന്നുപിടിക്കുന്നുവെന്ന് ആരോഗ്യക്കുറിപ്പുകൾ സൂചിപ്പിക്കുന്നു.ലോകാരോഗ്യ സംഘടന (WHO) (NACO)യ്ക്ക് (National Aids Control Organisation) പ്രചാരവേലകൾക്ക് ഫണ്ട് നൽകുകയും ചെയ്യുന്നു. ഇത് പ്രയോജനപ്പെടുത്തികൊണ്ട് പഞ്ചായത്തുതലത്തിൽ പ്രചാര വേലകൾ വേണം. വിദേശത്ത് ജോലിയുള്ള ധാരാളം പേർ ഈ പഞ്ചായത്തിലുണ്ടെന്നും വിസ്മരിച്ചുകൂടാ. മലമ്പനി പോലെയുള്ളസാംക്രമികരോഗങ്ങൾ തടുക്കാൻ കൊതുക് നിവാരണം നിസ്സാരമായി തള്ളികളയരുത്. WHO യുടെ മുദ്രാവാക്യമായ എല്ലാവർക്കും ആരോഗ്യം എന്നത് ഓർമ്മിക്കാം.

നിർദേശങ്ങൾ മുന്നോട്ടു വക്കാനുള്ളത് ചുരുക്കത്തിൽ

1. കുണ്ടറ (കാഞ്ഞിരക്കോട്) ഗവ. P.H. C ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക
2. Inpatient സർവീസ് മെച്ചപ്പെടുത്തുന്നതിന് P. H. C യിൽ ഇപ്പോൾ നിലവിലുള്ള സ്റ്റാഫ് നേഴ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുക.
3. X - ray സംവിധാനം പ്രാവർത്തികമാക്കുക.
4. മോർച്ചറി സംവിധാനം പുനരുദ്ധരിക്കുക.
5. യഥാക്രമം വാർഡുമെയിന്റനൻസു നടത്തുക.
6. ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുക.
7. ഫീൽഡ് സറ്റാഫിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
8. പ്രതിരോധ കുത്തിവെയ്പു നടത്തുന്നതിനും, പകർച്ച വ്യാധികൾ തടയുന്നതിനും ബോധവൽക്കരണപരിപാടികൾ ആവിഷ്കരിക്കുക.
9. അത്യാവശ്യം വേണ്ടുന്ന മരുന്നുകൾ എങ്കിലും P. H. C വഴി വിതരണം ചെയ്യുക.
10. പൊതു സ്ഥലത്തുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലേക്ക് അധികൃതർ ശുഷ്കാന്തി കാട്ടുക.
11. മുക്കട ഭാഗത്ത് ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.
12. 7 - ാം വാർഡിലെ ആയുർവേദ ആശുപത്രിയ്ക്ക് സ്വന്തമായ ഒരു കെട്ടിടം നിർമ്മിക്കുക.
13. ആയുർവ്വേദ ആശുപത്രിയുടെ പ്രാധാന്യം ബോധവൽക്കരണത്തിലൂടെ ജനങ്ങളിൽ എത്തിക്കുക.
14. ആയുർവ്വേദ ആശുപത്രിക്കു വേണ്ടത്ര മരുന്നുകൾ ലഭ്യമാക്കുക.
15. കുണ്ടറ കാഞ്ഞിരകോട് P. H. C യ്ക്ക് ഒരു ആംബുലൻസ് സംഘടിപ്പിക്കുക
16. പകർച്ചവ്യാധികൾ തടയുന്നതിനും മറ്റും ക്ളോറിൻ പോലെയുള്ള വസ്തുക്കളോ ശുചീകരണ ഘടകങ്ങളോ ശുചിത്വമില്ലാത്ത പൊതുസ്ഥലങ്ങളിലും മറ്റും പ്രയോഗിക്കുക.
17. പൊതു സ്ഥലങ്ങൾ വൃത്തിയാക്കുന്നതിനുള്ള പഞ്ചായത്തുജീവനക്കാരുടെ അനാസ്ഥ ഒഴിവാക്കുക.
18. പഞ്ചായത്തു ചെലവിൽ പ്രധാന കേന്ദ്രങ്ങളിൽ കുപ്പത്തൊട്ടി

സ്ഥാപിച്ച് അതിലെ ചവറുകൾ രണ്ടു ദിവസം കൂടുമ്പോൾ നീക്കം ചെയ്യുക.

19. ശുചിത്വ സംരക്ഷണസമിതിയുണ്ടാക്കി പഞ്ചായത്തിന്റെ എല്ലാ വാർഡിലും സേവനമെത്തിക്കുക.

20. പുറം സ്ഥലത്തെ മല വിസർജനം ഒഴിവാക്കാൻ ബോധവൽക്കരണം നടത്തുകയും കക്കൂസില്ലാത്തവർക്ക് അതുണ്ടാക്കി നൽകുകയും ചെയ്യുക.

21. കുളിയ്ക്കാനും അലക്കാനുമുപയോഗിയ്ക്കുന്ന ജലത്തിൽ കാലികളെ കുളിപ്പിക്കുന്നതു തടയുക.

22. ജലമലിനീകരണം, അന്തരീക്ഷ മലിനീകരണം, ശബ്ദ മലിനീകരണം ഇവയെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

23. നാനാവിധ മലിനീകരണവും തടയാൻ കർശന നടപടിയെടുക്കുക.

24. സ്കൂളുകളിൽ ആഴ്ചയിൽ ഒരു പിരീഡെങ്കിലും ആരോഗ്യ ക്ലാസ്സെടുക്കുകയും കുട്ടികളുടെ ദുശ്ശീലങ്ങൾ പരിഹരിക്കാൻ നീക്കം നടത്തുകയും ചെയ്യുക.

25. മാധ്യമങ്ങൾ, ആളുകളെ ഏറ്റവും ആകർഷിക്കുന്ന പരിപാടികളോടൊപ്പം ഇത്തരം ബോധവൽക്കരണ പരസ്യങ്ങൾ നൽകുക.

26. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും, മെഡിക്കൽ ഷോപ്പുകളുടെയും പ്രവർത്തനങ്ങൾ പരിശോധിച്ച് കാര്യക്ഷമമാക്കുക.

27. അനധികൃതമായി നടക്കുന്ന സ്ഥാപനങ്ങളും മെഡിക്കൽ ഷോപ്പുകൾ, വൈദ്യശാലകൾ ഇവ നിരോധിക്കുക.

28. നിരോധിച്ച മരുന്നുകൾ വിൽക്കുകയോ സ്റ്റോക്കുചെയ്യുകയോ ചെയ്യുന്നവരെ മാതൃകാപരമായി ശിക്ഷിക്കുക.

29. ഗ്രാമീണ വൈദ്യത്തെ പരിക്ഷരിക്കാൻ പഠന പരിപാടി നടത്തുകയും ഗ്രാമീണ വൈദ്യന്മാർക്ക് ഗ്രാന്റ് അനുവദിക്കുകയും ചെയ്യുക.

30. ഹെൽത്ത് വിസിറ്റർമാർ, മിഡ് വൈഫുകൾ, നഴ്സുകൾ എന്നിവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

31. നേത്രദാനം, രക്തദാനം ഇവ പ്രോത്സാഹിപ്പിയ്ക്കാൻ യൂണിറ്റുണ്ടാക്കി പ്രവർത്തിപ്പിക്കുക.

32. മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയ്ക്ക് എതിരെ കാര്യക്ഷമമായ ബോധവൽക്കരണം നടത്തുക.

33. എയിഡ്സിനെ സംബന്ധിച്ച ബോധവൽക്കരണം NACO യുടെ സഹായത്തോടെ നടത്തുക.

34. ആരോഗ്യ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പഠനവും ബോധവൽക്കരണവും നടത്താൻ സംവിധാനമുണ്ടാക്കുക.

35. WHO പോലെയുള്ള സംഘടനകളുടെ കാലാകാലങ്ങളിലുള്ള സർക്കുലറുകളും പഠന റിപ്പോർട്ടും ആരോഗ്യ വകുപ്പ് മലയാളത്തിലാക്കി സാധാരണക്കാർക്കും അതറിയാനുള്ള സൗകര്യമുണ്ടാക്കുക.

36. മാതൃശിശു സംരക്ഷണത്തിന് കേന്ദ്രങ്ങളുണ്ടാക്കി പ്രവർത്തിപ്പിക്കുക.

37. കൊതുകുനിവാരണത്തിന് ബോധവൽക്കരണം നടത്തുകയും ഫോഗിംഗ് സ്പ്രേയിംഗ് മെഷീനുകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

38. ശുദ്ധജലവിതരണത്തിന് ഇപ്പോൾ നിലവിലുള്ള കുളങ്ങൾ സംരക്ഷിച്ച് മണ്ണാലിച്ചു വീഴാതെയും മാലിന്യം വീഴാതെയും മതിലും വലയും കെട്ടി സംരക്ഷിക്കുക.

39. മലിനജലം ഒഴുകിപ്പോകാൻ സംവിധാനമുണ്ടാക്കുക.

40. വീടും പരിസരവും കുടിവെള്ളവും സംരക്ഷിയ്ക്കാൻ കുടുംബങ്ങളെ ബോധവൽക്കരിയ്ക്കുക.

41. പ്രഥമ ശുശ്രൂഷയെ സംബന്ധിച്ചും അപകടമുണ്ടാകുമ്പോൾ എടുക്കേണ്ട നിലപാടുകളെക്കുറിച്ചും സാധാരണജനത്തെയുൾപ്പെടെ ബോധവൽക്കരിക്കുക.


42. ബോധവൽക്കരണത്തിന് സന്നദ്ധരായവരെച്ചേർത്ത് പ്രത്യേകയൂണിറ്റുണ്ടാക്കി പ്രവർത്തനം പഞ്ചായത്ത് നിയന്ത്രിക്കുക.

43. മന്ദബുദ്ധികളേയും വികലാംഗരേയും സംരക്ഷിക്കാനും അവർക്കു വിദ്യാഭ്യാസം നൽകാനും സ്കീം ഉണ്ടാക്കുക.

## ആരോഗ്യം - ജീവനക്കാരുടെ വിവരങ്ങൾ

| എണ്ണം | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ |
|---|---|---|---|---|
| സ്ഥാപനങ്ങൾ | 5 | 0 | 2 | 7 |
| ജീവനക്കാർ | 67 | 0 | 13 | 80 |





# വിദ്യാഭ്യാസം

"വിദ്യാവിഹീനഃപശുഃ" എന്നൊരു ചൊല്ലുണ്ട്. വിദ്യയില്ലാത്തവൻ മൃഗതുല്യനാണ്. സർവധനങ്ങളിലും പ്രധാനം വിദ്യാഭ്യാസമാണല്ലോ. ഭാരതീയപരിസരത്തിൽ മൂല്യാധിഷ്ഠിതമായ ഗുരുകുലസമ്പ്രദായത്തിനായിരുന്നു പ്രാധാന്യം. പിന്നീട് നാളന്ദ, തക്ഷശില എന്നിങ്ങനെ രൂപപ്പെട്ട് ടാഗോറിന്റെ വിശ്വഭാരതിപോലെ വികാസം പ്രാപിച്ചു. എന്നാൽ ഇന്ന് ഭാരതത്തിലെ വിദ്യാഭ്യാസം പരിതാപകരമായ അവസ്ഥയിലായി. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും, നിറവും മാറി. അറിവിന്റെ ഈ സ്ഫോടനകാലത്തും അതുകൊണ്ടുണ്ടാകേണ്ട നൻമ മാത്രം ഉണ്ടാകുന്നില്ല. ആധുനികകാലത്താണ് ആണവയുദ്ധങ്ങളും വംശകലാപങ്ങളും സാമൂഹ്യവും മതപരവുമായ ആക്രമണങ്ങളും നാം കാണുന്നത്. മൂല്യബോധവും, സൻമാർഗ്ഗവും, സൗഹൃദവും, വിജ്ഞാനവും, സംസ്കാരവും, വ്യക്തിവികാസവുമൊക്കെയാണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതൊക്കെ സാക്ഷാത്കരിക്കാൻ കഴിയുന്നുണ്ടോ ? ഇന്ന് ആ രംഗം മൊത്തക്കച്ചവടത്തിന് വിധേയമാവുകയാണ്. ആരാന്റെ നൻമയ്ക്ക് തലയെണ്ണി കുട്ടികളെ നിരത്തിവയ്ക്കുന്ന സമ്പ്രദായത്തിലേയ്ക്ക് വിദ്യാഭ്യാസം മാറിയിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ആസൂത്രണവും വീക്ഷണവും എന്തിന് ഉദ്ദേശ്യം ഉള്ളടക്കം എന്നിവയെല്ലാം വികലമായിരിക്കുന്നു.

പ്രാഥമിക വിദ്യാഭ്യാസത്തിന് നാം തീരെ പ്രാധാന്യം കല്പിക്കാത്തതായി. "മണ്ടയിൽ വളം വയ്ക്കുന്ന" വിഡ്ഢിത്തം വിദ്യാഭ്യാസത്തിൽ തന്നെ അനുവർത്തിക്കുന്നു. "തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കും" പോലെ ഭാരിച്ച സിലബസ്സാണ് ചെറിയ കുഞ്ഞുങ്ങൾക്കേല്പിച്ചു കൊടുക്കുന്നത്. "കുട്ടിക്കുരങ്ങിനെക്കൊണ്ട്

ചോറുവാരിക്കുന്നതു"പോലെ എന്തിനുമേതിനും കുട്ടികളെ തെരുവിലിറക്കുകയും ചെയ്യുന്നു. ചുണക്കുട്ടികൾ ആതുരാലയത്തിലും, ശ്മശാനത്തിലും ചെന്നെത്തുന്നു. രാഷ്ട്രത്തെ ഭരിക്കാൻ നാം അവരെ പ്രാപ്തരാക്കുകയായിരുന്നു. മറ്റൊന്ന് അന്ധമായ അനുകരണഭ്രമത്താൽ വിദേശത്തെ ഭരിഷ്കാമം ഇവിടെ വേണമെന്ന് ശഠിക്കുന്നതാണ്. സ്വത്വം നഷ്ടപ്പെട്ടാലും ഒരു തൊഴിൽ സാധ്യതയെങ്കിലും തെളിഞ്ഞുകിട്ടാത്ത വിധം ശിഥിലമായിരിക്കുന്നു രംഗം. ബിരുദമോ, ബിരുദാനന്തര ബിരുദമോ നേടി വിദ്യാഭ്യാസം നിർത്തി ലക്ഷ്യബോധമില്ലാതെ യലയുന്ന ചെറുപ്പക്കാർ എങ്ങനെ രാഷ്ട്രത്തിന്റെ സമ്പത്താവും ? തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ സാധ്യത അവിടെയാണുതെളിയുന്നത്.

ബ്രിട്ടീഷ് ആധിപത്യത്തിൽ രൂപംകൊണ്ട വിദ്യാഭ്യാസപ്രക്രിയ അതുപോലെ നാം നിലനിർത്തുന്നതിന്റെ വൈകല്യം നമ്മെ പിടിച്ചുലയ്ക്കുന്നു. നമ്മുടെ ഭാഷയും സംസ്കാരവും അറിയില്ലെന്ന് പറയുന്നത് ഒരു അഭിമാനമായി പലരും കരുതുന്നു. അഭ്യസ്തവിദ്യർക്കും പ്രാദേശിക സാക്ഷരതയില്ലെന്നതാണ് സത്യം. ശിക്ഷയും, ശിക്ഷണവും ഭീകരാന്തരീക്ഷം സൃഷ്ടിക്കുമ്പോൾ, അദ്ധ്യാപക വിദ്യാർത്ഥീ ബന്ധം ശിഥിലമായി. അദ്ധ്യാപകൻ ക്ലാസ്സിൽ വെറുമൊരുപകരണം മാത്രമാണ്. അവർ സമഭാവനയോടെ കുട്ടികളെ നോക്കാതായി. അദ്ധ്യാപകരിൽ ഉത്തമമാതൃകകൾ ഇല്ലാതായി. രാഷ്ട്രശില്പി അദ്ധ്യാപകനാണെന്ന് നാം പ്രസംഗിക്കുകയും അവർക്ക് ഒരു ദിവസം (സെപ്റ്റംബർ 5 അദ്ധ്യാപകദിനം) കനിഞ്ഞരുളുകയും ചെയ്തു. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രദ്ധവച്ചില്ല. അദ്ധ്യാപകർ വിദ്യാദാനത്തിൽ നിന്ന് അവകാശസമരങ്ങളിലേയ്ക്ക് പോയപ്പോൾ വിദ്യാർത്ഥികൾ മയിൽപീലിയിൽ നിന്ന് കാരയിലേയ്ക്ക് പോയി. പരിഷ്കാരം പദ്ധതിയിൽ നിന്ന് പണത്തിലേയ്ക്കും, വിദ്യാഭ്യാസം പാഠങ്ങളിൽ നിന്ന് കേട്ടിടത്തിലേയ്ക്കും, സ്ഥിതിവിവരക്കണക്കുകളിലേയ്ക്കും പരിണമിച്ചു. അനുസരണത്തിൽ നിന്ന് അഭിസാരണ ത്തിലേയ്ക്ക് നമ്മുടെ ബാലികമാർ ഓടിപ്പോകുന്നതിന്റെ പശ്ചാത്തലവും ഇതാണ്.

വിദ്യാഭ്യാസം പ്രത്യക്ഷാർത്ഥത്തിൽ ഉല്പാദനക്ഷമമല്ല. അത് ഉപയോഗക്ഷമമാണ്. അതുകൊണ്ട് അക്ഷരാഭ്യാസം മുതൽ ശ്രദ്ധ വയ്ക്കണം. എന്നാൽ അക്ഷരാഭ്യാസം മാത്രമാണ് വിദ്യാഭ്യാസം എന്ന് വിചാരിക്കരുത്. ഗാന്ധി പറഞ്ഞതുപോലെ വിദ്യാലയങ്ങൾ മെച്ചപ്പെട്ട തൊഴിലധിഷ്ഠിത പഠനകേന്ദ്രം കൂടിയാകണം. ധാരാം കമ്മീഷനുകൾ വിദ്യാഭ്യാസ മണ്ഡലത്തിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിച്ചിട്ടുണ്ട്. നാം അത് സൗകര്യപൂർവ്വം മുക്കിക്കളയുകയാണ് ചെയ്യുന്നത്. വൈകല്യങ്ങൾ പരിഹരിച്ച് വിദ്യാഭ്യാസനം പരിഷ്കരിച്ച് നടപ്പാക്കിയാൽ നമ്മുടെ നാടിന്റെ മുഖച്ഛായ മാറുക തന്നെ ചെയ്യും.

ഈ പശ്ചാത്തലത്തിൽ കുണ്ടറയുടെ വിദ്യാഭ്യാസ മണ്ഡലം പരിശോധിക്കാം. മത്തായി ഡിക്രൂസ് നടത്തിവന്നിരുന്ന ഒരു വിദ്യാലയമാണ് കുണ്ടറയിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. 1908 ൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി സെന്റ് : മാർഗരറ്റ് കോൺവെന്റ് എന്ന പേരിൽ ഒരു പ്രാഥമിക വിദ്യാലം പ്രവർത്തനം ആരംഭിച്ചു. 1921 മുതൽ ഇവിടെ ആൺകുട്ടികൾക്കും പ്രവേശനം നൽകിത്തുടങ്ങി. 1949 ൽ പെൺകുട്ടികൾക്കുള്ള മിഡിൽ സ്കൂളായി. 1953 ൽ അത് ഹൈസ്കൂളായി ഉയർത്തി. 1963 ആയപ്പോഴേയ്ക്കും ഇൻഡ്യാ ഗവൺമെന്റിന്റെ സഹായത്തോടെ ഒരു ആഡിറ്റോറിയം സ്ഥാപിക്കുകയും ചെയ്തു. ഇതാണ് പഞ്ചായത്തിലെ ആദ്യ സ്കൂൾ ആഡിറ്റോറിം. കുണ്ടറ എം.ജി.ഡി. ഹൈസ്കൂൾ പ്രശസ്തിയുടെ കൊടുമുടിയിലെത്തിയ ഒരു കാലമുണ്ടായിരുന്നു. 1972 ൽ എസ്. എസ്. എൽ. സി പരീക്ഷയ്ക്ക് മൂന്നാം റാങ്ക് നേടിയത് ഈ സ്കൂളിലെ പ്രദീപ് കുമാറായിരുന്നു (കരിപ്പുറം). കുട്ടികൾ കൊച്ചീലച്ചൻ എന്ന് വിളിച്ചിരുന്ന റവ: ഫാദർ എം.എം. ജേക്കബ്ബ് ബി. എ. ബി.റ്റി ആയിരുന്നു അന്ന് ഹെഡ്മാസ്റ്റർ. കുണ്ടറ ദേശത്തെ

ആദ്യ ബിരുദധാരി ശ്രീ. പി.ജി.വർഗ്ഗീസ് പ്ലാച്ചിവിള വീടാണ്. സതേൺ ഇൻഡ്യാ കാഷ്യൂ ഫാക്ടറി സ്ഥാപിച്ച് പ്രവർത്തിപ്പിച്ച അദ്ദേഹത്തോടൊപ്പം സി.കേശവനും, ടി.വി. തോമസും താമസിച്ച് രാഷ്ട്രീയ പ്രവർത്തനങ്ങളി ലേർപ്പെട്ടിട്ടുണ്ട്.

വാർഡുതലത്തിൽ ഒന്നു കണ്ണോടിക്കാം

ഒന്നാം വാർഡിൽ മുസ്ലീം എഡ്യൂക്കേഷൻ സൊസൈറ്റി നടത്തുന്ന ഒരു അൺ എയിഡഡ് എൽ.പി.എസ് ആണുള്ളത്. 175 കുട്ടികളും 7 അദ്ധ്യാപകരുമുള്ള ഈ സ്കൂളിൽ കുട്ടികൾ 90% വിജയം നേടുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 കുട്ടികളേയും ഇവുടെ പഠിപ്പിച്ചു വരുന്നു. തൊട്ടടുത്ത പഞ്ചായത്തുവാർഡുകളിൽ നിന്നും കുട്ടികൾ വരുന്നുണ്ട്.

എം.ഇ.എസ് സ്കൂളിന് അംഗീകാരം ലഭിക്കണമെന്നും, കംപ്യൂട്ടർ സെന്റർ സ്ഥാപിക്കണമെന്നും, സാക്ഷരതാ പ്രവർത്തനം തുടരണമെന്നും ആവശ്യമുണ്ട്.

രണ്ടാം വാർഡിൽ അംഗൻവാടികളും (നമ്പർ 4748) ട്യൂഷൻ സെന്ററും മാറ്റി നിർത്തിയാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. അടുത്തും അകലെയും കുട്ടികൾ പഠിക്കാൻ പോകുന്നുണ്ട്. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ യൂണിഫോം, കളിക്കോപ്പുകൾ എന്നിവ വിതരണം ചെയ്യണമെന്നും, അംഗൻവാടികളിൽ പഠിച്ച് നേടുന്ന സർട്ടിഫിക്കേറ്റില്ലാതെ ഒന്നാം ക്ലാസ്സിൽ പ്രവേശനം നൽകരുതെന്നും അങ്ങനെയെങ്കിൽ കുട്ടികളുടെ എണ്ണം നിലനിർത്താനാവുമെന്നും നിർദ്ദേശം വന്നിട്ടുണ്ട്. ഐ.ടി.ഐ. വിഭാഗത്തിൽ സ്ഥാപനം വേണമെന്ന അഭിപ്രായവുമുണ്ട്. ഗ്രന്ഥശാലകൾ മെച്ചപ്പെടുത്തണം. നടപടികൾ യഥാക്രമം നടക്കുന്നുണ്ടോ എന്നറിയാൻ ഒരു ജനകീയ വിദ്യാഭ്യാസ മോണിറ്ററിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തണം.

മൂന്നാം വാർഡിൽ അംഗൻവാടികളേ യുള്ളു. സമീപത്തുള്ള സ്കൂളുകളിൽ വിദ്യാഭ്യാസസൗകര്യവും ഗുണനിലവാരവും കുറവായതിനാൽ കുട്ടികൾ ദൂരെ സ്കൂളുകളിൽ പോകുന്നുണ്ട്. സമീപസ്ഥസ്കൂളുകളിൽ ഉച്ചഭക്ഷണം, യൂണീഫോം ഇവ നൽകണം. അദ്ധ്യാപകരെ ആവശ്യാനുസരണം നിയമിക്കണം. രക്ഷകർതൃ സംഘടനയുടെ സഹായത്തോടെ അച്ചടക്ക നിലവാരം ഉയർത്തണം. ശുചീകരണ - ആരോഗ്യ കാര്യങ്ങളിൽ സൗകരം ഏർപ്പെടുണം. പ്രൈമറി തലത്തിൽ ഇംഗ്ലീഷിന് പ്രാധാനം നൽകണം.

നാലാം വാർഡിൽ അംഗൻവാടികളല്ലാതെ സ്ഥാപനങ്ങളില്ല. ദൂരേയ്ക്ക് കുട്ടികൾ പഠിക്കാൻ പോകുന്നുണ്ട്. അംഗൻവാടിയ്ക്ക് സ്വന്തം കെട്ടിടമില്ല. തൊഴിൽ രഹിത അഭ്യസ്ത വിദ്യരെക്കൊണ്ട് സാക്ഷരതാ പ്രവർത്തനം നടത്തണം. ഇതിൽ തൊഴിൽ കായികം, കല തുടങ്ങിയ വിഭാഗളിൽ വിദ്യാഭ്യാസം വേണം. അനൗപചാരിക പഠനകേന്ദ്രം പ്രവർത്തിപ്പിക്കണം. ഒരു മിനി സ്റ്റേഡിയം സ്ഥാപിച്ച് കായിക പരിശീലനം നൽകണം.

അഞ്ചാം വാർഡിൽ രണ്ട് ഹൈസ്കൂ ളുകളും രണ്ട് എൽ.പി. സ്കൂളുകളുമുണ്ട്. രണ്ട് അംഗൻവാടിയും ഇവിടെ പ്രവർത്തിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഒരു ഐ.ടി.സി പ്രവർത്തിക്കുന്നുണ്ട്. നല്ല നിലവാരമാണ് വിദ്യാലയങ്ങൾക്ക് ഉള്ളത്.

അംഗൻവാടികളുടെ ഭൗതിക സ്ഥിതി മെച്ചമാക്കണ്. പി.ടി.എ. ശക്തമാക്കുകയും വിദ്യാഭ്യാസ ഓഫീസറൻമാരുടെ പരിശോധന ക്രമമായും, കാര്യക്ഷമമായും നടത്തുകയും അനാവശ്യ സമരങ്ങൾ ഒഴിവാക്കുകയും സ്കൂൾ പാർലമെന്റ് ഇല്ലാതാക്കുകയും ചെയ്താൽ നിലവാരം വളരെ മെച്ചപ്പെടും. അത്യാവശ്യമായും അംഗൻവാടികൾക്ക് സ്ഥിരം കെട്ടിടവും കളിക്കോപ്പുകളും സൗകര്യപ്പെടുത്തുക.

ആറാം വാർഡിൽ പ്രത്യേകിച്ച് സ്കൂളില്ല. അംഗൻവാടി മാത്രം. അംഗൻവാടികളിൽ യൂണിഫോം, കൂടുതൽ പോഷകാഹാരം, വൈദ്യപരിശോധന ഇവ

നടപ്പാക്കണം. സാക്ഷരതാപ്രവർത്തനം സജീവമാക്കണം. വായനശാല വിപുലീകരിക്കാൻ സഹായം വേണം. ഒരു ഗവ. എൽ.പി.എസ്. സ്ഥാപിക്കണം. മുളവന എൽ.പി.എസ്. ഒരു യു. പി.സ്കൂളായി ഉയർത്താൻ നടപടിയുണ്ടാക ണമെന്നും അഭിപ്രായമുണ്ട്.

ഏഴാം വാർഡിൽ ഒരു എൽ.പി.എസ്. ഗവ. വകയായുണ്ട്. പ്രൈവറ്റ് സ്കൂളുമുണ്ട്. നിലവിലുള്ള പി.ടി.എ. ശക്തിപ്പെടുത്തണമെന്നും പഠനോപകരണങ്ങൾ വിപുലീകരിക്കണമെന്നും ദൃശ്യ മാധ്യമങ്ങൾ പഠനസാമഗ്രികളാക്കണമെന്നും നിർദ്ദേശങ്ങൾ ഉണ്ട്.

എട്ടാം വാർഡിൽ ഒരു യു.പി. സ്കൂളുണ്ട്. അംഗൻവാടികളുമുണ്ട്. പഠനനിലവാരം മോശമായതുകൊണ്ട് അദ്ധ്യാപകരുടെ ആത്മാർത്ഥതയില്ലാത്തതുകൊണ്ടും ദൂരെ പോയാണ് കുട്ടികൾ പഠിക്കുന്നത്.

പ്രീ സ്കൂൾ വിദ്യാഭ്യാസം നിർബന്ധിതമാക്കുക, അംഗൻവാടിസൗകര്യം മെച്ചമാക്കുക, P.T.A കാര്യക്ഷമമാക്കുക, യു. പി. വിഭഗത്തിൽ മാസപരീക്ഷനടത്തുക, പഠനോപകരണങ്ങൾ ലഭ്യമാക്കുക, ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തുക, അദ്ധ്യാപകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കുട്ടികളെ നിയോഗിക്കുന്നത് തടയുക, പ്രവൃത്തിസമയങ്ങളിൽ അദ്ധ്യാപകർ സ്കൂളിൽ തന്നെയുണ്ടെന്ന് നിഷ്കർഷവരുത്തുക. ഒരു പഞ്ചായത്തിൽ ഒരു ഗവ. ഹൈസ്കൂൾ എന്ന തത്ത്വം അംഗീകരിച്ചു നടപ്പാക്കുക., മുക്കൂട് യു. പി. സ്കൂൾ അപ് - ഗ്രേഡ് ചെയ്യുക എന്നീ ആവശ്യങ്ങൾ വാർഡിന് മുൻപോട്ടുവയ്ക്കാനുണ്ട്.

ഒമ്പതാം വാർഡിൽ സ്വന്തമായി അംഗൻവാടികേയുള്ളു. കുട്ടികളോട് അദ്ധ്യാപകർ അവഗണനകാട്ടുന്നതിനാലും കൃത്യനിഷ്ഠയില്ലാത്തതിനാലും തൊട്ടടുത്ത സ്കൂളിൽ പോകാതെ ദൂരെ പഠിക്കാൻ പോകുന്ന കുട്ടികളുണ്ട്. സ്കൂൾസ്ഥിതി മെച്ചമാക്കുക, അദ്ധ്യാപകർ കൃത്യനിഷ്ഠപാലിക്കാൻ വ്യവസ്ഥയുണ്ടാക്കുക, പാഠപുസ്തകങ്ങളും സ്പോട്ട്സ് സാധനങ്ങളും സ്കൂളുകളിൽ ലഭ്യമാക്കുക തുടങ്ങിയ ആവശ്യമാണ് വാർഡിനുള്ളത്.

ചുരുക്കത്തിൽ ഇല്ലായ്മകളും പരാധീനതകളും കുണ്ടറ പഞ്ചായത്തിന് വിദ്യാഭ്യാസവിഷയത്തിലുണ്ട്. സാക്ഷരതയിലും, വിദ്യാഭ്യാസത്തിലും മുന്നിട്ടുനിൽക്കുന്ന കുണ്ടറയിലെ ഹൈസ്കൂൾ കുണ്ടറ എം. ജി. ഡി. യാണ്. പ്രശസ്തമായി നടന്നുവന്നിരുന്ന ഈ സ്കൂളിനും ഇപ്പോൾ പരീക്ഷീണമായ അവസ്ഥയാണ്. ഗേൾസ്, ബോയ്സ് എന്നിൾനെ രണ്ടായിത്തീർന്നതോടെ ഒരു സ്കൂളിന്റെ തന്നെ സൗകര്യം രണ്ടായിപങ്കിടുകയായിരുന്നു. ഒരു സർക്കാർ സ്കൂൾ ഉൾപ്പെടെ മൂന്നുവാർഡിലായി 5 എൽ. പി. സ്കൂളുണ്ട്. ഇവയും അത്ര തൃപ്തികരമല്ല. വിവിധ മതവിഭാഗങ്ങളുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ സ്മരണീയമാണ്. കുണ്ടറ ആശുപത്രിമുക്ക് കേന്ദ്രമാക്കി കുണ്ടറ കൊറ്റങ്കരപ്പഞ്ചായത്തതിർത്തിയിൽ പത്തിലധികം പാരലൽകോളേജുകൾ പ്രവർത്തിക്കുന്നു. ഗതാഗതസൗകര്യമുള്ളതിനാൽ വിദൂര മേഖലയിൽനിന്നുപോലും കുട്ടികൾ വന്നുപഠിക്കുന്നുണ്ട്. ഒട്ടേറെ സംഘടനകളും, നേതാക്കളും ഒരു കോളേജിന്റെ ആവശ്യകത മുന്നോട്ടുവച്ചെങ്കിലും കുണ്ടറയ്ക്ക് ഇന്നും അതൊരു സ്വപ്നം മാത്രമാണ്. ടെക്നിക്കൽ സ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷനൽ ഹയർസെക്കന്ററി വിഭാഗത്തിലൊന്നും പഠനസ്ഥാപനങ്ങൾ ഇവിടെയില്ല.

കുണ്ടറ പഞ്ചായത്തിലെ ഏക ഗവ. എൽ. പി. സ്കൂളായ മുളവന ഗവ. എൽ. പി. സ്കൂളിനെ സംബന്ധിച്ച വിവരങ്ങൾ - സംഗ്രഹിച്ചത്.

മലയാളവർഷം 1090 ൽ ആരംഭിച്ചു. 50 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്നു. 100' x 20', 80' x 20, നീളത്തിലുള്ള 2 ഹാൾ കെട്ടിടത്തിനുണ്ട്. ഉച്ചഭക്ഷണത്തിന് (Noon Feeding) ആവശ്യമായ അരി, പയർ സൂക്ഷിക്കാൻ സ്റ്റോർ റൂമും പാകം ചെയ്യുന്നതിന് അടുക്കളയുമുണ്ട്. വെള്ളം ധാരാളം കിട്ടുന്ന കിണർ ഉണ്ട്. കഴിഞ്ഞ അഞ്ചുവർഷമായി തൃപ്തികരമായി നടക്കുന്നുണ്ട്. 92 - 93 മുതൽ 96 - 97 വരെയുള്ള വർഷങ്ങളിൽ ഒന്നാം സ്റ്റാൻന്റേർഡിലെ കുട്ടികൾക്ക് സൗജന്യമായി സ്ലേറ്റും, പെൻസിലും വിതരണം ചെയ്തിട്ടുണ്ട്. അർഹതയുള്ള കുട്ടികൾക്ക് Lump - Sum Grant ഉം വിതരണം ചെയ്തിട്ടുണ്ട്. കുട്ടികുടെ എണ്ണവും അദ്ധ്യാപകരുടെ എണ്ണവും പട്ടികയിൽ.

| വർഷം | ആകെ കുട്ടികൾ | SC | OBC | Std 1 | Teachers | Ptcm |
|---|---|---|---|---|---|---|
| 92 - 93 | 236 | 94 | 18 | 53 | 10 | 1 |
| 93 - 94 | 244 | 89 | 28 | 64 | 10 | 1 |
| 94 - 95 | 234 | 82 | 25 | 52 | 10 | 1 |
| 95 - 96 | 238 | 70 | 30 | 54 | 10 | 1 |
| 96 - 97 | 228 | 60 | 21 | 56 | 10 | 1 |

ഈ സ്കൂളിന്റെ ആവശ്യങ്ങൾ

1 82 വർഷം പഴക്കമുള്ള സ്കൂളിന്റെ മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾ നടത്തണം.

2 ഭിത്തികെട്ടി ഓഫീസ്മുറി പ്രത്യേകം തിരിക്കണം.

3 ഓരോ ക്ലാസ് തിരിക്കാൻ സ്ക്രീൻ ആവശ്യമാണ്.

4 സ്കൂളിന് ചുറ്റുമതിൽകെട്ടി സാമൂഹികദ്രോഹികളുടെ ശല്യം ഒഴിവാക്കണം.

5 പമ്പുസെറ്റ് സ്ഥാപിച്ച് വെള്ളമെടുക്കാൻ സൗകര്യമുണ്ടാക്കണം.

6 സ്കൂളിലേക്കാലശ്യമായ ഫർണിച്ചർ എത്തിക്കണം.

7 വർഷം തോറും സ്കൂളും ഫർണിച്ചറും അറ്റകുറ്റപ്പണികൾ നടത്തി സൂക്ഷിക്കണം.

8 സ്കൂളിലേക്കാവശ്യമുള്ള സ്റ്റേഷനറിസാധനങ്ങൾ വാങ്ങിത്തരികയോ മുൻകൂറായി പണം തരികയോ വേണം.

9 100% കുട്ടികൾക്കും ഉച്ചക്കഞ്ഞികൊടുക്കുന്നതിനും പാവപ്പെട്ടവർക്ക് യൂണിഫോം കൊടുക്കുന്നതിനും നടപടി വേണം.

10. സ്കൂൾ വയറിംഗ് നടത്തിയിട്ടുണ്ട്. കണക്ഷൻ കിട്ടാൻ വേണ്ടത് ചെയ്യണം.

11. കുട്ടികൾക്കുവേണ്ടി ഒരു മൂത്രപ്പുരയും ഒരു റീഡിംഗ് റൂമും പണിയിച്ചുകിട്ടണം.

12. ഉച്ചഭക്ഷണം പാകംചെയ്യുന്നതിനുള്ള പാത്രം സൗജന്യമായി എത്തിച്ചുതരികയും പാകം ചെയ്യുന്നതിനുള്ള കൂലിയും മറ്റും മാസാമാസം കിട്ടാൻ നടപടിയുണ്ടാവുകയും വേണം.

കുട്ടികളുടെ എണ്ണം കുറയുന്നതുകൊണ്ട് Division fall ഉണ്ട്. ഓഫീസ് പ്രത്യേകം തിരിച്ചിട്ടില്ല. വേണ്ടത്ര ഫർണിച്ചറും ഇല്ല. സ്കൂൾ വഴി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ 80% ഗുണഭോക്താക്കളിലെത്തുന്നു. യൂണിഫോം, ആഹാരം, സാമ്പത്തികവിഷമതകൾ ഇവയ്ക്കുപരിഹാരം കൂടിയുണ്ടായാൽ പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും ഉപഭോക്താക്കളിലെത്തും. P.T.A. മാതൃസമിതി എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 10 പേരടങ്ങുന്ന ഒരു സ്കൂൾ സംരക്ഷണസമിതിയുണ്ടാക്കണം. സ്കൂൾ വാർഡിലെ സാംസ്കാരികപ്രവർത്തകർ, ഗ്രന്ഥശാലാപ്രവർത്തകർ, ശാസ്ത്രസാഹിത്യപരിഷത് പ്രവർത്തകർ, കലാകാരൻമാർ, ആശുപത്രി ഉദ്യോഗസ്ഥർ, റിട്ട. അധ്യാപകർ തുടങ്ങിയവർ സ്കൂളിന്റെ പൊതുവായ കാര്യങ്ങളിൽ പങ്കെടുക്കണം. ജനപങ്കാളിത്തത്തോടെ സ്കൂൾ കിണർ ഇറപ്പിക്കുകയും പാനക്ലാസ്, സെമിനാറുകൾ ഇവ സംഘടിപ്പിക്കുകയും ചെയ്താൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാകും.

നിർദ്ദേശങ്ങൾ

1 വിദ്യാഭ്യാസം പൗരന്റെ മൗലികാവകാശമെന്നനിലയിൽ പ്രാഥമികതലത്തിലെ വിദ്യാഭ്യാസത്തെ ഏകീകരിച്ച് നടപ്പിൽ വരുത്തുക.

2 സ്വന്തം ഭാഷയും സംസ്കാരവും പഠിക്കാവുന്നതരത്തിൽ അടിസ്ഥാനവിദ്യാഭ്യാസം ചിട്ടപ്പെടുത്തുക.

3 വിദ്യാഭ്യാസം കച്ചവടമായി തരംതാഴാതിരിക്കാൻ വേണ്ടനടപടികൾ കൈക്കൊള്ളുകയും അൺ എയ്ഡഡ് സ്കൂളുകളുടെ പഠനസൗകര്യം പൂർണ്ണമല്ലെങ്കിൽ അവയുടെ പ്രവർത്തനം നിർത്തലാക്കുകയും ചെയ്യുക.

4 വിദ്യാലയങ്ങളിൽ ആരോഗ്യപാലനത്തിനുള്ള നിർദ്ദേശം കൊടുക്കുകയും പോഷകാഹാരം നൽകുകയും ചെയ്യുക.

5. സ്കൂളും പരിസരവും ശുചീകരിച്ച് സൂക്ഷിക്കാൻ നടപടിയുണ്ടാകണം.

6. അധ്യാപക രക്ഷാകർതൃസംഘടനകൾ കാലാകാലം പുനഃസംഘടിപ്പിച്ച് പ്രവർത്തനം സജീനമാക്കണം.

7. പാഠ്യപദ്ധതി പരിഷ്കരിക്കുമ്പോൾ ദേശത്തിന് യോജിച്ച സമ്പ്രദായങ്ങൾക്കു പ്രാധാന്യം നൽകുകയും വിദ്യാഭ്യാസം ഭാരമായി തീരാതിരിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

8. മൂല്യനിർണ്ണയരീതിയിലും സമഗ്രമായ പരിഷ്കാരങ്ങൾ ഉണ്ടാക്കണം.

9. വിദ്യാലയത്തിന്റെ അക്കാദമിക് സ്വഭാവത്തെ ബാധിക്കാത്തവിധം ജന പങ്കാളിത്തമുണ്ടാകാൻ ശ്രദ്ധിക്കുകയും അതിനുള്ളപദ്ധതികളുണ്ടാക്കുകയും ചെയ്യുക.

10. സ്കൂളുകളിൽ നിയമിക്കുന്ന അധ്യാപകർക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുണ്ടോ എന്ന് ഉറപ്പുവരുത്തുക.

11. പഠനോപകരണങ്ങൾ പരിഷ്കരിക്കുകയും പുതിയ സങ്കേതങ്ങളും ദൃശ്യമാധ്യമങ്ങൾ പ്രയോജനപ്പെടുത്തുകയും വേണം.

12. സമാന്തരസ്ഥാപനങ്ങളിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും കാര്യക്ഷമമാക്കാൻ പദ്ധതികളുണ്ടാക്കുകയും ചെയ്യുക.

13. പാരലൽ കോളജിൽ അധ്യാപകരെ നിയമിക്കുമ്പോൾ വിദ്യാഭ്യാസയോഗ്യത പരിഗണിക്കുകയും പഞ്ചായത്തുകമ്മിറ്റി നിർദ്ദേശിക്കുന്നയാളിന്റെ സാന്നിധ്യത്തിൽ അപാകതകൾ പരിഹരിക്കുകയും ചെയ്യുക.

14. വിദ്യാഭ്യാസപരിഷ്കരണത്തിൽ അധ്യാപകരുടെ പ്രശ്നങ്ങൾകൂടി പരിഗണിച്ച് നിർദ്ദേശങ്ങളുണ്ടാക്കുക.

15. സാക്ഷരതാപ്രവർത്തനത്തിനും വിദ്യാഭ്യാസത്തിനും പദ്ധതിയുണ്ടാക്കുകയും വയോജനവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

16. മന്ദബുദ്ധി, ബധിരർ, മൂകർ, അന്ധർ, എന്നീവിഭാഗത്തിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള ഒരു സ്ഥാപനമുണ്ടാക്കുകയും താമസിച്ചുപഠിക്കാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യുക.

17. കുട്ടികളുടെ കായിക, കലാ, വികസനത്തിനാവശ്യമായ പദ്ധതി പഞ്ചായത്തുതലത്തിൽ രൂപീകരിച്ച് പരിശീലനം നൽകാനുള്ള സംവിധാനമുണ്ടാക്കുക.

18. കിരാതമായിനിലനിൽക്കുന്ന റാഗിംഗ് കർശനമായി നിരോധിക്കുക.

19. വിദ്യാലയങ്ങൾ കക്ഷിരാഷ്ട്രീയം വളർത്തൽ കേന്ദ്രങ്ങളാക്കാതിരിക്കാൻ കർശന നിർകർഷതപാലിക്കുക.

20. വിദ്യാഭ്യാസപരിഷ്ക്കാരം കക്ഷിരാഷ്ട്രീയ താല്പര്യങ്ങൾക്കതീതമാക്കാൻ സഹകരിക്കുക.

21. വിദ്യാഭ്യാസരംഗത്തെ ഉദാസീനതമാറ്റാൻ അധ്യാപകരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുക.

22. അധ്യാപകർ ആത്മാർത്ഥതയുള്ളവരും കർമതല്പരരുമായിരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

23. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസിലാക്കി അതി നടപ്പിൽ വരുത്താൻ പദ്ധതിയുണ്ടാക്കി പ്രയോഗിക്കുക.

24. കമ്മീഷനുകൾ മുന്നോട്ടുവയ്ക്കുന്ന വസ്തുനിഷ്ഠമായ നടപടികൾ നടപ്പിൽ വരുത്താൻ അമാന്തം കാണിക്കാതിരിക്കുക.

25. അധ്യാപക - വിദ്യാർത്ഥി ബന്ധം ആദർശപരമായ നിലനിൽക്കാൻ സംവിധാനം പരിഷ്കരിക്കുക.

26. ശിക്ഷയുടേയും ശിക്ഷണത്തിന്റേയും കാര്യത്തിൽ കലോചിതമായ പരിഷ്കാരം വരുത്തുക.

28. എന്തിനുമേതിനും കുട്ടികളെ തെരുവിലിറക്കുന്ന നടപടി കർശനമായി തടയുക. അവർക്കുവേണ്ട സഹായം ചെയ്ത്സ്കൂൾ വിദ്യാഭ്യാസം നൽകാൻ നടപടിയുണ്ടാക്കുക.

30. വിദ്യാർത്ഥികളുടെ എണ്ണവും വാഹന സൗകര്യവും സ്ഥല സൗകര്യവും പരിഗണിച്ച് കുണ്ടറയിൽ ഒരു ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുക.





# ഉപസംഹാരം

ജനകീയ വിദ്യാഭ്യാസകമ്മീഷന്റെ പ്രവർത്തനം ആശാവഹമാക്കുകയും അതിന്റെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് സംസ്ഥാനത്തെ ജനങ്ങൾക്കും സമ്പദ്ഘടനയ്ക്കും പര്യാപ്തമായ ഒരു വിദ്യാഭ്യാസപരിഷ്കാരവും പഞ്ചായത്തുതലത്തിൽ പ്രശ്നങ്ങളുടെ പരിഹാരം പ്രതീക്ഷിച്ചുകൊണ്ടും ഇങ്ങനെ പ്രാർത്ഥിക്കട്ടെ : "തമസോമാജ്യോതിർഗമയാ".

" വിദ്യാഭ്യാസരത്തിന് അനുപേക്ഷണീയമായ ചില അന്തസ്സാരങ്ങളുണ്ട്. വളരുന്ന കുട്ടിക്ക് ബുദ്ധിപരവും സ്വഭാവപരവും മൂല്യപരവുമായ ഉൾക്കനം ഉണ്ടാക്കിക്കൊടുക്കുക എന്ന മൗലികകർത്തവ്യം അതിൽപ്പെടുന്നു. മറ്റെല്ലാറ്റിനും വേറെ ചരിചാലകരുണ്ട്. എന്നാൽ ഈ കർത്തവ്യത്തിന് മറ്റാരു രക്ഷിതാവുമില്ല, വിദ്യാലയമല്ലാതെ. അന്യാശയങ്ങളുടെ അനുധാവനത്തിനിടയിൽ നമ്മുടെ വിദ്യാലയങ്ങൾ ഈ മൗലികമായ കർത്തവ്യം വളരെയേറെ വിസ്മരിക്കുകയുണ്ടായി. "

- *സുകുമാർ അഴീക്കോട്.*





ഒരുനാടിന്റെ വികസനോൻമുഖമായ പ്രവർത്തനത്തിന് സുപ്രധാന പങ്ക് ഗതാഗതത്തിനാണ്. പുരാതനകാലങ്ങളിൽ യാത്രയ്ക്ക് കാൽനട മാത്രമായിരുന്നു മാർഗ്ഗം. ദിവസങ്ങളോളം നടന്ന് മാത്രമായിരുന്നു മനുഷ്യർ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്ത് എത്തിച്ചേർന്നിരുന്നത്. സാധനങ്ങൾ വഹിക്കുന്നതിന് "തലച്ചുമട്" വേണ്ടിവന്നിരുന്നു. ചുമടുമായി മൈലുകളോളം ആൾക്കാർ നടന്നിരുന്നു. ഇടയ്ക്ക് വിശ്രമസ്ഥലങ്ങൾ, ചുമടുതാങ്ങികൾ എന്നിവ ഒരാശ്രയമായിരുന്നു. കാടുകൾ വെട്ടിത്തെളിച്ച നടപ്പാതകൾ മാത്രം ആയിരുന്നു ആദ്യകാലവഴികൾ. കാലക്രമേണ കാളവണ്ടി വന്നതോടെ കാൽനടയാത്രയും, ചരക്കുകൾ ചുമക്കുന്നതും ക്രമേണ കുറഞ്ഞു.


മനുഷ്യന്റെ വിദ്യാഭ്യാസത്തിൽ മാറ്റവും, സംസ്കാരത്തിൽ മാറ്റവും ഉണ്ടായതോടെ ഗതാഗതം കുറെക്കൂടി പുരോഗതി പ്രാപിച്ചു. അതിൽ സുപ്രധാനം ജലഗതാഗതത്തിനായിരുന്നു. യാത്രകൾക്കും, ചരക്കു ഗതാഗതത്തിനും

# ഗതാഗതം

# ഊർജ്ജം

# മാർക്കറ്റ്

കടത്തുവള്ളങ്ങളും, നൗകകളും, തടികൾ കൂട്ടിക്കെട്ടിയ ചങ്ങാടങ്ങളും ഉപയോഗിച്ചുപോന്നിരുന്നു. ഇന്ന് അതിന്റേയും കാലം കൊഴിഞ്ഞുപോയിരിക്കുന്നു. ഇന്ന് ജലഗതാഗതത്തിൽ പഴയ കടത്തുവള്ളങ്ങളുടെ കുത്തക നഷ്ടപ്പെടുകയും പകരം ബോട്ട് സർവ്വീസുകളും, കപ്പൽ സർവ്വീസുകളും (ഭാഗികമായി) നടത്തിവരികയും ചെയ്യുന്നു. ബോട്ട് സർവ്വീസ്. കേരളത്തിൽ രണ്ട് ഏജൻസികളുടെ വകയായി നടത്തപ്പെടുന്നു. ഈ രണ്ട് ഏജൻസികളുടേയും കീഴിലായി 109 ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇതിനുപുറമേ പല സ്ഥലങ്ങളിലും കടത്തുവള്ളങ്ങൾക്കു പകരം ബോട്ടുകൾ ഉപയോഗിക്കുന്നു.



ഇത്രയുമൊക്കെ വികസനങ്ങൾ ജലഗതാഗതത്തിൽ വന്നതുകൊണ്ടു തന്നെയായിരിക്കും ആദികാലങ്ങളിൽ വളരെ പരിശ്രമഫലമായി നിർമ്മിച്ചെടുത്ത് ചിലവുകുറഞ്ഞ തോതിൽ യാത്രയും ചരക്ക് കടത്തലും നടത്തിക്കൊണ്ടിരുന്ന തോടുകൾ ഇന്ന് അന്ത്യശ്വാസം എടുത്തുകൊണ്ടിരിക്കുന്നത്.

ശാസ്ത്രത്തിന്റെ വളർച്ചയുടെ ഫലമായി റോഡുഗതാഗതവും, റെയിൽഗതാഗതവും, വ്യോമഗതാഗതവും ആവിർഭവിച്ചു. അതോടെ നാടുകൾ പുരോഗതിയിലേയ്ക്ക് നീങ്ങിത്തുടങ്ങി. റോഡുകളുടെ എണ്ണം വർദ്ധിച്ചു. കാൽനടയാത്ര പാടെ ഇല്ലാതായി. നിമിഷങ്ങൾക്കകം എവിടെയും എത്തിച്ചേരാം എന്ന സ്ഥിതിയായി.

ഇന്ന് കേരളത്തിലെ റോഡുകളുടെ ആകെ നീളം 139042 കി:മീ: ആണ്. കേരളത്തിൽ ദീർഘദൂരഗതാഗതം സ്റ്റേറ്റ് റോഡ് ട്രാൻ: കോർപറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്. സ്വകാര്യസർവ്വീസുകൾ ചെറിയ ദൂരങ്ങളിലാണ്. സംസ്ഥാനത്ത് ഇന്നേവരെ ഏകദേശം 1.10 ലക്ഷം വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

കേരളത്തിലെ റെയിൽവേ സംവിധാനം തിരുവനന്തപുരം, പാലക്കാട്, മധുര എന്നീ ഡിവിഷനുകളിലാണ്. കേരളത്തിൽ 1009 കി:മീറ്റർ ബ്രോഡ്ഗേജ് ലൈനും, 113 കി:മീറ്റർ മീറ്റർഗേജ് ലൈനുമാണ് ഉള്ളത്. ഇവിടെ ആദ്യമായി റെയിൽവേ ആരംഭിച്ചത് മലബാറിലാണ്. ഇത് തുടങ്ങിവച്ചത് മദ്രാസ് റെയിൽവേ കമ്പനിയാണ്. എന്നാൽ തിരുവിതാംകൂറിൽ റെയിൽവേ ലൈനിന്റെ പണിയെക്കുറിച്ച് ആലോചിച്ചത് 1896 ൽ ആണ്.

കുണ്ടറ ഗ്രാമപഞ്ചായത്തിൽ 1- ാം വാർഡിൽ പഞ്ചായത്തിന്റെ അധീനതയിൽ നടപ്പതയുൾപ്പെടെ 4.345 കി:മി: റോഡാണ് ഉള്ളത്. ഇതിയിൽ 800 മീറ്റർ റോഡ് ടാർ ചെയ്തതാണ്. ഇവ കൂടാതെ കുണ്ടറ അടൂർ റോഡിന്റെ ഇളംപള്ളിയൂർ മുതൽ കാഞ്ഞിരകോട് സ്റ്റാച്യൂ ജംഗ്ഷൻ വരെയുള്ള പി. ഡബ്യൂ. ഡി. റോഡും, കുണ്ടറ മുക്കട മുതൽ റോഡുകടവുവരെയുള്ള റോഡും ഈ വാർഡ് തലത്തിലുള്ളതാണ്. മേൽപ്പറഞ്ഞ P.W.D റോഡുകളിൽ ഗതാഗതതിരക്കുള്ളതുമാകുന്നു.

## ഗ്രാമസഭാതലത്തിലുള്ള ആവശ്യങ്ങൾ

ചിറയിൽ മുസ്ലീംപള്ളി മുതൽ നാന്തിരിക്കൽവരെയുള്ള റോഡ്, റോഡ്കടവ് ക്ലാരപ്പൊയ്കറോഡ്, റോഡ്കടവ് പരപ്പുമാട്ടേൽ റോഡ്, എം. എസ്സ്. റോഡ്, പാലമുട്മുക്ക് മുതൽ കായലുവാരം വരെയുള്ള റോഡ്, നേടിയവിള റോഡ് മേൽപ്പറഞ്ഞ റോഡുകൾ ടാറ് ചെയ്തും ഓടകൾ കെട്ടിയും ഗതാഗതയോഗ്യമാക്കുക. കുണ്ടറ ഇളംപള്ളിയൂർ ഓവർബ്രിഡ്ജിന്റെ നിർമ്മാണം അത്യാവശ്യമായും നടത്തുക. റോഡ്കടവ് കൈതാകോടി കടവുകളിൽ കടത്തുവെള്ളം ഏർപ്പെടുത്തുക.

2 - ാം വാർഡിൽ 5.548 കി:മീ. റോഡാണ് പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളത്. ഇതിൽ 2.248 കി:മീ: ടാറ് ചെയ്തതാണ്. ഇതിന്റെ തെക്കെ അതിർത്തിയിലൂടെ കൊല്ലം ചെങ്കോട്ട റെയിൽവേപ്പാത കടന്നുപോകുന്നു.

തെറ്റിക്കുന്ന് കുരുവിക്കാട് റോഡ്, കാക്കാലിൻ കുന്നിൽപുറം മുതൽ അമ്പലംവിള റോഡ്, ആശുപത്രിമുക്ക് അടുക്കോട് ഏലാ റോഡ്, തെറ്റിക്കുന്ന് പൂന്താരത്തുറോഡ്, സിനി ടെയിലറിംഗ് മുതൽ സിറാമിക്സ് പമ്പ്ഹൗസ് വഴിയുള്ള റോഡ്, മേൽപ്പറഞ്ഞ റോഡുകൾ അടിയന്തിരമായി ടാറ് ചെയ്ത് ഗതാഗത യോഗ്യമാക്കണം. തെറ്റിക്കുന്ന് പനയംകോടുവരെയുള്ള സ്ഥലത്ത് നാട്ടുകാർ ശ്രമദാനമായി നിർമ്മിച്ച റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് പുനരുദ്ധാരണം നടത്തി ഗതാഗത യോഗ്യമാക്കണം. പിള്ളവീട് ഇനാമിൽ റോഡ് മെയിന്റനൻസ് ചെയ്യുക. ഇടത്തിംഗൽ കുരുവിക്കാട് റോഡിന്റെ പണിപൂൽത്തീകരിച്ച്

കുരുവിക്കാട് നാടന്നൂർ മുക്കുമായി ബന്ധിക്കുക. ഇടത്തിംഗൽ കുരുവിക്കാട് റോഡ് നടത്തോട് വഴി മുകളിലോട്ട് പടിയംഗൽ റോഡുമായി ബന്ധിക്കുക.

3-ാം വാർഡിൽ 6.345 കി:മി: റോഡാണുള്ളത്. ഇതിൽ 1.595 കി:മീ: റോഡ് ടാറിട്ടതും 0.625 കി:മീ: നടപ്പാതയുമാണ്.

*ആവശ്യങ്ങൾ*

വിജയേശ്വരി പൂളച്ചിറ റോഡ്, ഇതിന്റെ ശാഖയായ കൈത്തറി ചുറ്റി സെന്റ് മാർഗറ്റ്സ് ആഡിറ്റോറിയം റോഡും ടാറ് ചെയ്യുക. ആൾത്താമുകൾ ഹരിജൻ കോളനിയും 92 ൽ J.R.Y. സ്കീമിൽ നിർമ്മിച്ച റോഡ് ചിലർ കയ്യേറിയിട്ടുണ്ട്. ഈ കയ്യേറ്റക്കാരെ ഒഴിപ്പിച്ച് റോഡ് പുനഃസ്ഥാപിക്കുക. ആൾത്താമുകൾ നീരോഴിക്കൽ റോഡും ടി. റോഡിൽ പ്ലാവിള മുക്കുമുതൽ കുളപ്പൊയ്കയുടെ കിഴക്കുവശം കൂടി മായംകോട് അംബേദ്ക്കർ കോളനിയിൽ പ്രത്യേക ഘടകപദ്ധതി പ്രകാരം പുനരുദ്ധരിച്ച് ടാറ് ചെയ്യാൻ സർക്കാർ അനുമതി നൽകിയിട്ട് ഏകദേശം ഒരു വർഷം കഴിഞ്ഞിരിക്കുന്നു. അത്യാവശ്യമായും ഈ റോഡിന്റെ പുനരുദ്ധാരണ നടപടികൾ സർക്കാരിൽനിന്നും ഉണ്ടാകണം. ഇടത്തിംഗൽ ഇറ മുതൽ പീലിമുക്ക് വരെയുള്ള റോഡ് സൈഡ് വാൾ കെട്ടിയും ടാറ് ചെയ്തും ഗതാഗത യോഗ്യമാക്കുക. താഴത്ത് നല്ലൂർ ജംഗ്ഷൻ മുതൽ ഉള്ള നടപ്പാത വീതി കൂട്ടി കുളപ്പൊയ്കയുടെ മധ്യഭാഗത്തുള്ള താമസക്കാർക്ക് ഗതാഗത യോഗ്യമാക്കുക. ടാറ് ചെയ്ത റോഡുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി ചെയ്യുക.

4 ാം വാർഡിൽ 4.648 കി:മീ: റോഡാണുള്ളത്. ഇതിൽ 500 മീറ്റർ റോഡ് ടാറ് ചെയ്തതാണ്. മങ്ങാടൻമുക്കുമുതൽ കാക്കോലിൽ വരെയുള്ള റോഡിന്റെ ടാറിംഗ് ജോലികൾ നടന്നുവരുന്നു. കുണ്ടറ ആശുപത്രിമുക്കുമുതൽ മുളവന പുന്നത്തടം വരെ P.W.D. റോഡും കടന്നുപോകുന്നു. മുളവന പുന്നത്തടം മുതൽ പീലുമുക്കുവരെയുള്ള റോഡും ടാറിംഗ് ചെയ്തിട്ടുള്ളതാണ്.

*ആവശ്യങ്ങൾ*

ഉരിയരിക്കുന്ന് മുളവന പുന്നത്തടം തണ്ണിക്കോട് ഹരിജൻ കോളനിറോഡ്, അടുക്കോട് അമ്പരംവിളറോഡ്, തെങ്ങുവിള മേലതിൽ മുതൽ ഗുരുമന്ദിരം റോഡ് എന്നീറോഡുകൾ ടാറ് ചെയ്യുകയും ഗുരുമന്ദിരം കുണ്ടുകുളം വരെയുള്ള റോഡും, പുന്നത്തടം മുസ്ലീംപള്ളി മുതൽ ചെട്ടിയാരഴികം ജയന്തികോളനിയിലേയ്ക്കുള്ള റോഡും ഗതാഗതയോഗ്യമാക്കുക. തണ്ണിക്കോട് ഏലാ ക്രോസ് ചെയ്ത് സിറാമിക്സ് ക്ലേമൈൻസിന് വടക്കുവശം കൂടിയുള്ള നടപ്പാതയ്ക്ക് വീതി കൂട്ടി പീലുമുക്കുവരെയുള്ള പുതിയ റോഡ് നിർമ്മിക്കുക.

5-ാം വാർഡിൽ 6.945 കി:മീ: റോഡാണുള്ളത്. ഈ വാർഡിന്റെ പടിഞ്ഞാറെ അതിർത്തിയിൽ കൂടി കൊല്ലം കല്ലട റോഡ് കടന്നുപോകുന്നു. തെക്കെ അതിർത്തിയിൽ കൂടി റെയിൽവേയും, കൊല്ലം ചെങ്കോട്ട റോഡും കടന്നുപോകുന്നു. പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളിൽ 1.260 റോഡ് ടാറിട്ടതാണ്.

*ആവശ്യങ്ങൾ*

പുലിപ്പറ ഐക്യരഴികം ഏലാ റോഡ്, പുലിപ്പറ ദേവീക്ഷേത്രം മുതൽ ഏലാവരെയുള്ള റോഡ്, പ്ലാച്ചിമുക്കു മുതൽ പഞ്ചായത്ത് കുളം വരെയുള്ള റോഡ്, പ്ലാച്ചിമുക്കു മുതൽ ഫയർസ്റ്റേഷൻ വരെയുള്ള റോഡ്,, പാട്ടമുക്ക് ഏലാ റോഡ്, എം. ജി. ഡി. കുരിശടിമുക്ക് മണലയ്യം ഏലാവഴി ശ്മശാനത്തേയും ജയന്തികോളനിയേയും ബന്ധിപ്പിക്കുന്ന റോഡ്, ശാലേം പള്ളി പുലിപ്പറ കരിപ്പുറവുമായി ബന്ധിപ്പിക്കുന്ന റോഡ്, വെള്ളിയാനോട്മുക്കുമുതൽ പഞ്ചായത്തുകിണറുവഴി പ്ലാച്ചിമുക്കിൽ കയറുന്ന റോഡ്, ചിത്രാമുക്ക് കരിപ്പുറം

റോഡ് മേൽപ്പറഞ്ഞ റോഡുകൾക്ക് ആവശ്യമുള്ള സ്ഥലങ്ങളിൽ സൈഡ് വാളും, ഓടകളും കെട്ടിയും, വീതികൂട്ടിയും ടാറ് ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

6 ാം വാർഡിൽ 6.694 കി:മീ: റോഡാണുള്ളത്. കൊല്ലം / കല്ലട റോഡ് ഇതിന്റെ പടിഞ്ഞാറെ അതിർത്തിയിൽ കൂടി കടന്നുപോകുന്നു. പഞ്ചായത്ത് അധീനതയിലുള്ള റോഡിൽ .814 മീറ്റർ റോഡ് താറിട്ടതാണ്. പുതുവീട് ലക്ഷം വീട് കോളനി പാട്ടമുക്ക് വഴി ശിവക്ഷേത്രം റോഡ് 96 ൽ അൺടൈയ്ഡസ് ഫണ്ട് ഉപയോഗിച്ച് ടാറിംഗിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

### ആവശങ്ങൾ

മുളവന കരയോഗമന്ദിരത്തിന്റെ കിഴക്കുവശത്തുകൂടി പാട്ടമുക്കിൽ എത്തിച്ചേരുന്ന റോഡ്, പുതുവീട് ലക്ഷം വീട് കോളനി റോഡ്, നെല്ലിവിളമുക്ക് ചെപ്പള്ളി ഭാഗം വഴിയുള്ള റോഡ്, മേലോട്ട് കിഴക്കതിൽ പുതിയ ലക്ഷം വീട് കോളനി റോഡ്, പേരയംമുക്ക് മുതൽ താഴോട്ട് വയലിൽ ചെല്ലുന്ന റോഡ്, പഴയ ഷാപ്പ്മുക്കിൽ നിന്നും കട്ടാശ്ശേരികുളം വഴി കിഴക്കോട്ട് ഏലായിൽ ചെല്ലുന്ന റോഡ്, പഴയ ഷാപ്പ്മുക്ക് മുതൽ കിഴക്കോട്ട് പാട്ടമുക്കുവഴി 5 ാം വാർഡിനേയും, 6 ാം വാർഡിനേയും തിരിക്കുന്ന റോഡിലൂടെ 8 ാം വാർഡിൽ സ്ഥിതിചെയ്യുന്ന മുക്കൂട് സ്കൂളിൽ ചെല്ലുന്ന റോഡ്, പുന്നത്തടം മുസ്ലീംപള്ളി ജംഗ്ഷൻമുതൽ പയറ്റുവിളഭാഗംവഴി പുതുവീട് ലക്ഷം വീട് കോളനിയിൽ എത്തുന്ന റോഡ് ഇവ ഗതാഗതയോഗ്യമാക്കണം. ഇതിൽ ആദ്യം പറഞ്ഞ റോഡിന്റെ വികസനത്തിന് തടസ്സമായിനിൽക്കുന്ന സ്ഥലത്തിന്റെ ഉടമകൾ റോഡിനാവശ്യമായ സ്ഥലം വിട്ടുനൽകാൻ തയ്യാറാണെന്ന് ഗ്രാമസഭമുമ്പാകെ വാഗ്ദാനം ചെയ്തിട്ടുള്ളതുമാകുന്നു.

കുണ്ടറ ഗ്രാമപഞ്ചായത്തിൽ 7 ാം വാർഡിൽ 9.820 കി:മീ: റോഡാണ് പഞ്ചായത്ത് അധീനതയിലുള്ളത്. ഇതിൽ 5.780 കി:മീ: റോഡുകൾ ടാറ് ചെയ്തിട്ടുള്ളതാണ്. ഈ വാർഡിന്റെ പടിഞ്ഞാറു ഭാഗത്തുകൂടിയും, വടക്ക് ഭാഗത്തുകൂടിയും PWD റോഡുകൾ കടന്നുപോകുന്നു.

### ആവശ്യങ്ങൾ

മുളവന ഇരുനിലമുക്ക് കുണ്ടറവിള റോഡ്, മുളവന ഇരുനിലമുക്ക് ആനക്കുഴി വഴി മാടൻകാവ് റോഡ്, മാടൻകാവ് കരിപ്പുറം റോഡ്, മുളവന പള്ളിമുക്ക് അമ്പലം വഴി കടയറ്റ് ഏലാ റോഡ്, കുണ്ടറവിളമുക്ക് ചാമുണ്ഡിവിള റോഡ്, കുണ്ടറവിളമുക്ക് മുല്ലശ്ശേരി ഏലാ റോഡ്, പഴവിള മുതൽ പരിഹാരക്കോട് റോഡ് എന്നി റോഡുകൾ ഗതാഗതയോഗ്യമാക്കണം. മുളവന ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കേണ്ടതാണ്. കരിപ്പുറം വഴിയുള്ള ബസ്സുകൾ മുളവനവരെ നീട്ടുക. കൊട്ടാരക്കരനിന്നും ചീരങ്കാവ്, റേഡിയോമുക്ക്, മുളവന വഴി കല്ലടയ്ക്ക് ബസ്സുകൾ അനുവദിക്കുക. കുണ്ടറ പള്ളിമുക്കിൽ ഒരു ഓവർബ്രിഡ്ജ് നിർമ്മിച്ച് കല്ലട റോഡിലെ ഗതാഗതകുരുക്കുകൾ ഇല്ലാതാക്കുക.

കുണ്ടറ ഗ്രാമപഞ്ചായത്തിൽ 6 ാം വാർഡിൽ 5.932 കി:മീ: റോഡാണ് പഞ്ചായത്ത് അധീനതയിലുള്ളത്. ഇതിൽ .362 മീറ്റർ റോഡാണ് ടാറ് ചെയ്തിട്ടുത്. വാർഡിന്റെ വടക്കുവശത്തുകൂടി PWD റോഡ് കടന്നുപോകുന്നു.

### ആവശ്യങ്ങൾ

നെടുമ്പായിക്കുളം രാമൻകുന്ന് റോഡ്, നെടുമ്പായക്കുളം നിരപ്പുവിള റോഡ്, ഗവ. യു. പി. സ്കൂൾ മുതൽ ജവാൻമുക്ക് റോഡ്, വേലായുധമംഗലം മുക്കൂട് യു. പി. എസ്സ്. റോഡ്, കുരിശ്ശടി മുക്ക് ജയന്തി കോളനി റോഡ്, കരിപ്പുറം പള്ളിമുക്ക് മുളവന ഏലാവരെയുള്ള റോഡ്, നിരപ്പുവിള കടമുക്കിൽ നിന്നും മുക്കൂട്വരെയുള്ള റോഡ് മേൽപ്പറഞ്ഞ റോഡുകളുടെ നീളം അരകിലോമീറ്റർ മുതൽ ഒന്നര കി:മീ: വരെയുള്ളതാണ്. ഈ റോഡുകൾ സഞ്ചാരയോഗ്യമാക്കുക. ഈ റോഡിൽ വാഹനഗതാഗതം ചെന്നെത്താത്ത പ്രദേശങ്ങളും, ഗതാഗത യോഗ്യമല്ലാ

നടപ്പാതകളും ഉണ്ട്. ഇവ താഴെപ്പറയുന്നു.

- ☐ തുണ്ടുവിള ജംഗ്ഷൻ മുതൽ കോന്നക്കൂട്ടം ജംഗ്ഷൻ വരെ.
- ☐ ജയന്തി കോളനി എൽ. എം. എസ്. സ്മശാനം.
- ☐ പ്ലാവറ ജംഗ്ഷൻ മുളവന ഏലാ.
- ☐ റേഡിയോമുക്ക് കൊന്നക്കൂട്ടം. (വലിയ മുക്കൂട് എൽ. പി. എസ്സ്)

കുണ്ടറ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഗതാഗതത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന പ്രദേശമാണ് 9 ാം വാർഡ്. ഗ്രാമസഭയിൽ അവിടുത്തെ ജനങ്ങൾ പ്രധാനമായി ഉന്നയിച്ചത് ഗ്രാമീണറോഡുകൾക്ക് വേണ്ടിയായിരുന്നു. ഈ വാർഡിൽ 5.185 കി:മീ: റോഡുകൾ പഞ്ചായത്ത് അധീനതയിൽ ഉണ്ടെങ്കിലും കേവലം 600 മീറ്റർ റോഡാണ് ടാറ് ചെയ്തിട്ടുള്ളത്. വാർഡിന്റെ കിഴക്കുവശം കൂടി പുത്തൂർ ചീരങ്കാവ് PWD റോഡ് കടന്നു പോകുന്നു. റെയിൽവേയും കടന്നു പോകുന്നു.

### *ആവശ്യങ്ങൾ*

കോലിഞ്ചവിള ഇടയിലവിള വീട്, മുക്കൂട് സ്കൂൾ ജംഗ്ഷൻ വരെയുള്ള റോഡ്, ശക്തിധരൻ വീട് വഴി പാലവിള പുരയിടം. മുക്കൂട് ഏലാവരെയുള്ള റോഡ്, മുക്കണ്ടം വഴിയിൽ നിന്ന് പരുത്തംപാറജംഗ്ഷൻ വരെയുള്ള റോഡ്, തമ്പാന്റെ വീട് മുതൽ മേലേക്കുളത്തിൽ കയറാനുള്ള വഴി മേൽപ്പറഞ്ഞ വഴികൾ വീതി കൂട്ടി ടാറ് ചെയ്ത് ഗതാഗതയോഗ്യമാക്കണം. നെടുമ്പായിക്കുളം കരിപ്പുറം രാമൻകുന്ന് ജംഗ്ഷൻവരെയുള്ള റോഡ് ടാറിട്ടതിന്റെ ബാക്കി ഭാഗം ടാറ് ചെയ്യണം. ഈ വാർഡിലെ മുണ്ട്പ്പൊയ്ക എന്ന പ്രദേശത്ത് നടവഴികൾ ഗതാഗതത്തിനുള്ള ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാകുന്നു.

കുണ്ടറ ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ നടപ്പിലാക്കിയ 55.492 കി:മീ: റോഡുകളാണുള്ളത്. അതിൽ കേവലം 14.159 കി: മീ: റോഡാണ് ടാറ് ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുള്ളത്.

## ഊർജ്ജം

ഒരു പ്രദേശത്തിന്റെ വികസന പ്രക്രിയയിൽ മർമ്മ പ്രധാനമായ ഒന്നാണ് ഊർജ്ജത്തിന്റെ ലഭ്യത. ഇതനുസരിച്ചാണ് നാടിന്റെ വികസനം ത്വരിതപ്പെടുന്നത്. കേരളത്തിലെ ആദ്യത്തെ വൈദ്യുതി നിലയമായ പള്ളിവാസലിൽ വൈദ്യുതി ഉല്പാദിപ്പിച്ച നാൾ മുതൽ വൈദ്യുതിയുടെ സംഭരണ വിതരണത്തിൽ കുണ്ടറയ്ക്ക് മുഖ്യമായ പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുണ്ടറയിൽ വ്യവസായാവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമായതും, കായൽമാർഗ്ഗമുള്ള ഗതാഗതം, റെയിൽ ഗതാഗതം, റോഡു ഗതാഗതം ഈ കാരണങ്ങളാലാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കുണ്ടറയ്ക്ക് വ്യവസായ ഭൂപടത്തിൽ പ്രമുഖ സ്ഥാനം ലഭിച്ചത്. 55 - 70 കാലഘട്ടങ്ങളിൽ കുണ്ടറയിൽ പവ്വർ സ്റ്റേഷനോട് അനിബന്ധിച്ച് നൂറ്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന അനുബന്ധ വ്യവസായങ്ങളും വൈദ്യുത ബോർഡിന്റെ കീഴിൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് കാലാകാലങ്ങളിൽ വന്ന ജനകീയ ഭരണാധികാരികൾ രാഷ്ട്രീയ താല്പര്യങ്ങൾ കണക്കിലെടുത്ത് ഈ അനുബന്ധ വ്യവസായങ്ങൾ കുണ്ടറയിൽ നിന്നും മാറ്റിക്കൊണ്ടുപോവുകയാണുണ്ടായത്. അതിന്റെ ഉദാഹരണമാണ് കുണ്ടറ ട്രീറ്റുമെന്റ് യാർഡ്. ഇവിടെ നൂറോളം സ്ഥിരം തൊഴിലാളികളും 150 ൽ പരം താത്കാലിക ജോലിക്കാരും പണിയെടുത്തിരുന്നു. അവർക്കിന്ന് തൊഴിൽ നഷ്ടപ്പെട്ടു എന്നു മാത്രമല്ല ഏകദേശം മൂന്ന് കോടിയിൽപരം രൂപയുടെ യന്ത്രസാമഗ്രികൾ നശിച്ചുപോവുകയും ചെയ്തിട്ടുണ്ട്. കുണ്ടറയിലെ വ്യവസായങ്ങൾ തകരുവാനുണ്ടായ പ്രധാനകാരണം വൈദ്യുതക്ഷാമംകൊണ്ടുതന്നെയാണ്. ഈ പ്രദേശത്ത് വൈദ്യുതി ഒരു പ്രധാന ഊർജ്ജമായി ഉപയോഗിക്കുന്നു. വീടുകളിലും, ഹോട്ടലുകളിലും ആഹാരം പാകംചെയ്യുന്നതിനു വേണ്ടി ബഹുഭൂരിപക്ഷം പേരും

വിറകിനെ ആശ്രയിക്കുന്നു. കൂടാതെ ഈർച്ചമില്ലുകളിലെ അറക്കപ്പൊടി, തൊണ്ട്, ചിരട്ട മുതലായവയും ഉപയോഗിക്കുന്നു. മണ്ണെണ്ണയും ഉപയോഗിക്കുന്നുണ്ട്. പാചകഗ്യാസ് 100 താഴെ ആൾക്കാർ മാത്രമാണ് ഉപയോഗിക്കുന്നത്. ഗോബർ ഗ്യാസ് ചിലവീടുകളിൽ ആരംഭിച്ചെങ്കിലും നിർത്തിവയ്ക്കുകയാണുണ്ടായത്. ഇതിനുള്ള പ്രധാനകാരണം ഇതിന്റെ അസംസ്കൃതപദാർത്ഥമായ ചാണകത്തിന്റെ വിലയും, ഗോബർ ഗ്യാസ് ഉപയോഗിച്ചതിന് ശേഷമുള്ള ചാണകത്തിന്റെ സംസ്കരണത്തിന് ആവശ്യമായ പരിമിതികളും കൊണ്ടാണ്. ഈ പഞ്ചായത്തിലെ മിക്ക വീടുകളും വൈദ്യുതീകരിച്ചതാണ്. എന്നാൽ വൈദ്യുതീകരിക്കാത്ത വീടുകളിൽ ഒട്ടുമിക്കവയും പട്ടികജാതിക്കാരുടെ വീടുകളാണ്. ഈ പഞ്ചായത്തിൽ തെരിവ് വിളക്കുകൾക്കായി 95 - 96 Rs. 248051.50 (രണ്ടുലക്ഷത്തിനാൽപ്പത്തെണ്ണായിരത്തി അമ്പത്തിയൊന്നു രൂപാ അൻപത് പൈസ) അടച്ചിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി പഞ്ചായത്തിഫണ്ട് ഉപയോഗിച്ചതായി കാണപ്പെടുന്നു. എന്നാൽ ഇവ കൃത്യമായി പ്രകാശിപ്പിക്കുന്നതിനോ, ബൾബുകൾ മാറിയിടുന്നതിനോ വൈദ്യുതി ബോർഡ് താല്പര്യം കാണിക്കുന്നില്ല. പഞ്ചായത്ത് പണമടച്ച് വൈദ്യുതി ബോർഡ് തെരുവോരങ്ങളിൽ പോസ്റ്റുകൾ സ്ഥാപിക്കുന്ന ട്യൂബലൈറ്റുകൾ, വേപ്പർ സോഡിയം ലാംബുകൾ മുതലായവ മെയിന്റനൻസിനായി അഴിച്ചുകൊണ്ടുപോയാൽ പുനഃ സ്ഥാപിക്കുന്നത് അപൂർവമായിട്ടാണ്. ഇതുമൂലം ഉപയോഗിക്കാത്ത ലൈറ്റുകൾക്കും വൈദ്യുതിയിനത്തിൽ പ്രതിവർഷം പതിനായിരങ്ങൾ പഞ്ചായത്ത് ഖജനാവിൽ നിന്നും നഷ്ടമാകുന്നുണ്ട്.

*ആവശ്യങ്ങൾ*

1. ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. ട്രാൻസ്ഫോർമുകളും സ്ഥാപിച്ച് പഞ്ചായത്തിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നവർക്ക് നിയമക്കുരുക്കുകൾ അഴിച്ച് എത്രയും പെട്ടെന്ന് വൈദ്യുതി നൽകാനുള്ള ഏർപ്പാട് സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതാണ്. വൈദ്യുതിക്ഷാമം രൂക്ഷമായ സംസ്ഥാനത്ത് ഗാർഹിക ആർഭാഡ ആവശ്യത്തിനും, സർക്കാർ ഓഫീസുകളിലെ അനാവശ്യമായ വൈദ്യുത ഉപയോഗവും കർശനമായി തടയുക.

2. മണ്ണെണ്ണ പെർമിറ്റുകൾ വരുമാന പരിധി നോക്കാതെ സാധാരണക്കാരന് കൂടി നൽകുക. കുണ്ടറയിലും പരിപരപ്രദേശങ്ങളിലും ഗ്യാസ് കണക്ഷനുവേണ്ടി വർഷങ്ങളോളം പണമടച്ച് കാത്തിരിക്കുന്നവർക്ക് ഗ്യാസ് നൽകാൻ ഏർപ്പാട് ചെയ്യിക. കുക്കിംഗ് ഗ്യാസ് ഉപഭോക്താവിന്റെ വീട്ടിൽ എത്തിക്കുക എന്നത് ഏജൻസിയുടെ ചുമതലയാണ്. എന്നാൽ കുണ്ടറയിലെ ഏജൻസികൾ ഉപഭോക്താക്കൾക്ക് മണിക്കൂറുകളോളം ക്യൂവിൽ നിന്ന ശേഷം മാത്രമേ ഗ്യാസ് ലഭ്യമാകുന്നുള്ളൂ. ഈ പ്രശ്നത്തിൽ അടിയന്തിരമായും ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ പതിയണം.

3. പുകശല്യമില്ലാത്ത അടുപ്പുകൾ, നാടൻ തെർമോസ്റ്റോറുകൾ എന്നിവ വ്യാപകമാക്കി ഊർജ്ജം ലാഭിക്കാൻ നടപടിയെടുക്കുക.

4. കോളനികളിൽ അനെർട്ടിന്റെ സഹായത്തോടെ വൈദ്യുതീകരിച്ചാൽ ദീർഘകാല ഉപയോഗത്തിന് ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നതിലൂടെ വലിയ സാമ്പത്തിക നേട്ടവും, ഊർജ്ജലാഭവും ഉണ്ടാകുന്നു.

5. അനെർട്ടിന്റെ സൗരോർജ്ജലൈറ്റുകളും, വൈദ്യുതി കുറച്ച് എടുക്കുന്ന ലൈറ്റുകളും വ്യാപകമാക്കാൻ നടപടിയെടുക്കുക.

6. അനെർട്ട് പ്രഷർകുക്കറുകൾ വ്യാപകമാക്കുക.

7. സൗരോർജ്ജവൈദ്യുതി ഉല്പാദകയൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ച് വൈദ്യുതി ക്ഷാമത്തിന് പരിഹാരം കാണാൻ പദ്ധതി ആവിഷ്കരിക്കുക.

പഞ്ചായത്തിൽ പ്രധാനമായും ഊർജ്ജം ആവശ്യമായിവരുന്നത് വ്യാപാരം, വ്യവസായം, ഗാർഹികം, കൃഷി എന്നീ ആവശ്യങ്ങൾക്കാണ്. ഇന്ന് ഇരുമ്പുപഴുപ്പിക്കുന്ന ആല മുതൽ, സിറാമിക്സ് ഫർണസ് വരെ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്നു. തേങ്ങാ തിരുമാനും, ചമ്മന്തി അരയ്ക്കാനും നാം വൈദ്യുതിയെ ആശ്രയിക്കുന്നു. വൈദ്യുതി ഉല്പാദനത്തിനും, വിതരണത്തിലും, ഉപഭോഗത്തിലും ശാസ്ത്രീയമായ ചിട്ടപ്പെടുത്തലുകൾ നടത്തേണ്ടതുണ്ട്. പാരമ്പര്യേതര സ്രോതസ്സുകളും, ചെറുകിട പദ്ധതികളും, സൗരോർജ്ജത്തിന്റെ ഉപയോഗപ്പെടുത്തലും ഒക്കെ ചേർന്ന് നാടിനുചേർന്ന ഉല്പാദനസംവിധാനങ്ങൾക്ക് പ്രാധാന്യം കൊടുക്കുകയും, വൈദ്യുതി ഉപയോഗത്തിൽ നിയന്ത്രണം വരുത്തുകയും ചെയ്യേണ്ടതാണ്. ആലയൂതാനും, തേങ്ങാചൂരണ്ടാനും വൈദ്യുതി ഉപയോഗിക്കുന്നത് സാമൂഹിക സദാചാരവിരുദ്ധമാണെന്ന് നാം തിരിച്ചറിയണം. വീടുകളിലും ഓഫീസുകളിലും വൈദ്യുതിയുടെ ദുരുപയോഗം കർശനമായി തടയണം. അന്യമായിക്കൊണ്ടിരിക്കുന്ന വൃക്ഷശേഖരങ്ങൾ, ഫലം, ഭക്ഷണം പാകം ചെയ്യാൻ വിറക് കിട്ടാത്ത അവസ്ഥ. ഇതിനുപകരംവയ്ക്കാവുന്നത് മണ്ണെണ്ണയും ഗ്യാസുമാണ്. ഇതിന്റെ രണ്ടിന്റെയും ദൗർലഭ്യം വീട്ടമ്മമാരെ വല്ലാതെ പ്രയാസപ്പെടുത്തുന്നു.

ഉപസംഹാരം.

പഞ്ചായത്തിൽ ആകെ 10258 വൈദ്യുതി ഉപഭോക്താക്കളാണുള്ളത്. ഇതിൽ ഗാർഹികം 8716, വ്യാപാരം 1261, വ്യാവസായികം 162, കാർഷികം 100, മറ്റുള്ളവ 19 എന്നാണ് കണക്ക്. വൈദ്യുതി കണക്ഷനുവേണ്ട വിവിധ പദ്ധതികളിലായി 381 പേർ അപേക്ഷകരായുണ്ട്. പഞ്ചായിൽ ആകെ 1112 ബൾബുകളും, 334 ട്യൂബുകളും, 44 മെർക്കുറി വേപ്പർ ലാംബുകളും, 3 സോഡിയം വേപ്പർ ലാംബുകളു മാണുള്ളത്. വഴിവിളക്കുകൾക്കായി പഞ്ചായത്ത് 1995 96 വർഷം അടച്ച തുക 248051 രൂപ 50 പൈസയാണ്. വൈദ്യുതീകരിക്കുന്നതിന് അശാസ്ത്രീയതകൾ പരിഹരിച്ചും, അശാസ്ത്രീയമായ വൈദ്യുതി ഉപയോഗത്തിന് മതിയായ ബോധവത്കരണം നടത്തിയും, അശ്രദ്ധയോടെയുള്ള വൈദ്യുതി നഷ്ടം തടഞ്ഞും ഊർജ്ജസംരക്ഷണം നടത്താൻ ആവശ്യമായ പദ്ധതികൾ വൈദ്യുതി ബോർഡിലെ വിദഗ്ദരുമായി കൂടി ആലോചിച്ച് നടപ്പിൽ വരുത്തേണ്ടതാണ്.

## മാർക്കറ്റ്

കുണ്ടറ പഞ്ചായത്തിൽ ഇളംപള്ളിയൂർ മത്സ്യമാർക്കറ്റാണ് ഇപ്പോൾ പഞ്ചായത്ത് അധീനതയിലുള്ളത്. ഈ മാർക്കറ്റ് ആദ്യകാലം കാഞ്ഞിരകോട് ക്രിസ്റ്റ്യൻ ഇടവകക്കാരുടേതായിരുന്നു. 53 ലെ പഞ്ചായത്ത് രൂപീകരണത്തോട് അനുബന്ധിച്ച് ഇത് ഇടവകക്കാർ പഞ്ചായത്തിന് വിട്ടുകൊടുത്തു. ഈ മാർക്കറ്റിന് 20 സെന്റ് സ്ഥലമുണ്ട്. ഇവിടുത്തെ പ്രധാന കച്ചവടം ഉൾനാടൻ മത്സ്യങ്ങളാണ്. കൂടാതെ ഈ മാർക്കറ്റിൽ കടൽ മത്സ്യത്തിന്റെ വില്പനയും, ഇറച്ചി സ്റ്റാളുകളുമുണ്ട്. ഇത് വർഷാവർഷങ്ങളിൽ ലേലം ചെയ്ത് നൽകുകയും ചെയ്യുന്നു. ഇതിൽ പണികഴിപ്പിച്ച ഷോപ്പിംഗ് കോംപ്ലക്സിൽ മിക്ക കടകളും വാടകയ്ക്ക് എടുക്കാൻ ആളില്ലാതെ അടഞ്ഞുകിടക്കുകയാണ് ലക്ഷങ്ങൾ മുടക്കി ഈ കോംപ്ലക്സ് പണിഞ്ഞത് ലോണ് എടുത്താണ്. ലോണിന്റെ തവണകൾ അടയ്ക്കാനുള്ള പണം പോലും വാടകയിനത്തിൽ ലഭിക്കുന്നില്ല. പഞ്ചായത്ത് രൂപീകരണകാലത്ത് കുണ്ടറ പഞ്ചായത്തിന് ലഭിക്കേണ്ട കുണ്ടറ ഈസ്റ്റ് മാർക്കറ്റ് (കുണ്ടറ ചന്ത) കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ കൈവശം ആകുകയും ചെയ്തു.

അനുകൂലമായി വിധിച്ചിട്ട് ഏകദേശം രണ്ട്വർഷം കഴിഞ്ഞു. കൊറ്റങ്കര പഞ്ചായത്തിൽ നിന്നും ചന്ത ഇതുവരെ ലഭ്യമായിട്ടുമില്ല. അടിയന്തിരമായി അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിയ്ക്കുകയും വേണം. അങ്ങനെയെങ്കിൽ കുണ്ടറ പഞ്ചായത്തിന് ലക്ഷങ്ങളുടെ വരുമാനവും ലഭ്യമാകും.

*ആവശ്യങ്ങൾ*

1. ഈ മാർക്കറ്റുകളിൽ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നികുതികൾക്ക് വിരുദ്ധമായി ലേലം കൈക്കൊള്ളുന്നവർ പിരിക്കുന്ന അമിത നികുതിയ്ക്ക് എതിരെ നടപടികൾ അടിയന്തിരമായി കൈക്കൊള്ളണം.

2. മാർക്കറ്റിനുള്ളിൽ മൃഗങ്ങളെ വധിക്കുന്നത് നിരോധിക്കുക.

3. മതിലുകൾ കെട്ടി കോമ്പൗണ്ടുകൾ തിരിച്ചും രാത്രികാലങ്ങളിൽ സാമൂഹികവിരുദ്ധരെ നിയന്ത്രിക്കുകയും ചെയ്യുക. തെരുവ് നായ്ക്കളുടെ ശല്യവും മാർക്കറ്റിൽ നിന്നും ഒഴിവാക്കാൻ നടപടിയെടുക്കുക.


ഉപസംഹാരം

മാർക്കറ്റിന്റെ നിലവിലെ അവസ്ഥ ദയനീയമാണ്. കുടിവെള്ളത്തിനായി കുഴിച്ച കിണർ പുഴുക്കളുടെ വംശവർദ്ധനവിനുള്ള ഇടമായിരിക്കുന്നു. മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സിനു മുകളിൽ ജലവിതരണത്തിന് വാട്ടർ ടാങ്കുകൾ വച്ചിട്ടുണ്ടെങ്കിലും, ഇതുവരെയും ജലവിതരണം സാദ്ധ്യമായിട്ടില്ല. മാർക്കറ്റിൽ ശുചീകരണപ്രവർത്തനം നടത്താൻ പഞ്ചായത്ത് രേഖയനുസരിച്ച് ഒരു ഫുൾ ടൈം സ്വീപ്പറെ നിയമിച്ചിട്ടുണ്ട്. 94 - 95 ൽ 18644 രൂപയും 95 - 96 ൽ 23412 രൂപയും ശമ്പള ഇനത്തിൽ ഈ തസ്തികയ്ക്കായി പഞ്ചായത്ത് ചിലവിട്ടിട്ടുണ്ട്. എന്നിട്ടും മാർക്കറ്റിൽ മാലിന്യങ്ങൾ കൂടുന്നതല്ലാതെ ശുചീകരണം നടക്കുന്നില്ല. ഈ സ്ഥിതിയ്ക്ക് മാറ്റമുണ്ടാകണം. മാർക്കറ്റ് കൃത്യമായം ശുചീകരിക്കുകയും, ആരോഗ്യ പ്രവർത്തകരും, മൃഗസംരക്ഷണവകുപ്പിലെ ഉദ്യോഗസ്ഥൻമാരും എല്ലാ ആഴ്ചയിലും മാർക്കറ്റിലെത്തി പരിശോധനനടത്തി മാർക്കറ്റിന്റെ അവസ്ഥ ആരോഗ്യകരമാണെന്ന് ഉറപ്പുവരുത്തുന്നതിനും സംവിധാനം ഉണ്ടാക്കണം. മത്സ്യമാംസചന്തകളിൽ നിന്ന് മറ്റ് സാധനസാമഗ്രികൾ വിൽക്കുന്ന ചന്തകൾ കൂടി പഞ്ചായത്ത് ആരംഭിക്കണം. IRDP ഉല്പന്നങ്ങളുടെ വിപണനയത്നം ഉദാഹരണമാണ്.

*റോബർട്ട് ബേൺസ് സ്കോട്ട്ലൻഡിലെ പ്രധാന കവിയായിരുന്നു. ഒരിക്കൽ ഒരു സ്നേഹിതനോടൊപ്പം നടക്കവേ ഒരു കൃഷിപ്പണിക്കാരനോട് ബോൺസൻ അല്പ നേരം സംസാരിച്ചു. അത് മറ്റയാൾക്ക് പിടിച്ചില്ല. അത് മനസ്സിലാക്കി കൃഷീവലൻ പിരിഞ്ഞപ്പോൾ ബോൺസ് പറഞ്ഞു.*

*"ഞാൻ സംസാരിച്ച് ആ മനുഷ്യന്റെ കീറിപ്പറിഞ്ഞ ഉടുപ്പിനോടല്ല ;പൊളിഞ്ഞ തൊപ്പിയോടല്ല ; ദ്രവിച്ച പാപ്പാസുകളോടുമല്ല ;അവയ്ക്കുള്ളിൽ പൊതിഞ്ഞിരുന്ന മനുഷ്യനോടാണ്. ആകൃതിയിലും, പ്രകൃതിയിലുംആ ചൈതന്യ സ്വരൂപത്തിനു നിങ്ങളോടും എന്നോടും ഏകീഭാവമുണ്ടല്ലോ".*

# വ്യവസായം



ഒരു പട്ടണത്തിന്റെ മുഖച്ഛായ കുണ്ടറയ്ക്ക് പ്രദാനം ചെയ്യുന്നത് വ്യവസായമാണ്. മനുഷ്യന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അവന്റെ ക്രിയാത്മകതയും സൗന്ദര്യബോധവും ചേർന്ന് രൂപപ്പെട്ടതാണ് വ്യവസായങ്ങൾ. മനുഷ്യന്റെ ആവശ്യങ്ങൾ സാക്ഷാത്കരിക്കാനും അവന്റെ സുഖഭോഗങ്ങൾ വർദ്ധിപ്പിക്കാനും വ്യവസായങ്ങൾ സഹായകമായി. ഈ വിഷയങ്ങൾ ഓർത്തുകൊണ്ട് കുണ്ടറയുടെ വ്യാവസായിക ചരിത്രം നോക്കാം. രാജഭരണകാലത്ത്, സർ. സി. പി.യുടെ വാഴ്ചയിൽതന്നെ കുണ്ടറയിൽ വ്യാവസായികമായ ഉണർവുണ്ടായി.

സി.പി. രാമസ്വാമി അയ്യരുടെ കാലത്താണ് ആലുവാകഴിഞ്ഞാൽ അടുത്ത വ്യാവസായികകേന്ദ്രമായി കുണ്ടറ ശ്രദ്ധ പിടിച്ചുപറ്റിയത്. റോഡ്, തീവണ്ടി, ജലം എന്നീമാർഗ്ഗങ്ങളിലൂടെയുള്ള ഗതാഗതസൗകര്യവും വിദ്യുച്ഛക്തിയുടെ ലഭ്യതയും അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും നാട്ടുകാരുടെ സഹകരണവും തൊഴിൽ ചെയ്യാനുള്ള താല്പര്യവുമാകാം കുണ്ടറ ഒരു വ്യാവസായിക കേന്ദ്രമായി ഉയരാൻ കാരണം. ഇന്ന് ജലമാർഗ്ഗം ഏതാണ്ട് അടഞ്ഞുകഴിഞ്ഞു. അലിന്റിൽനിന്ന് ബോട്ടുമാർഗ്ഗം ചരക്കുകൾ പുറത്തേക്കും കമ്പനിക്കുള്ളിലേക്കും കൊണ്ടു പോകാനുള്ള മാർഗ്ഗവും ഇപ്പോൾ അടച്ചു കഴിഞ്ഞു. എന്നാൽ റെയിൽ മാർഗ്ഗവും റോഡുമാർഗ്ഗവും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. 1896-ൽ ആണ് തിരുവിതാംകൂറിൽ റെയിൽവേലൈനിന്റെ പണിയെക്കുറിച്ച് ആലോചിച്ചത്. 1898-ൽ സർവേ ജോലി ആരംഭിച്ചു. 1899-ൽ ലൈൻ നിർമ്മാണം ആരംഭിച്ചു. 1904 നവംബർ 26 ന് തിരുനെൽവേലി-കൊല്ലം ലൈനും 1918 ജനുവരി ഒന്നിന് കൊല്ലം - തിരുവനന്തപുരം ലൈനും തുറന്നു. അങ്ങനെ റെയിൽവേ ഭൂപടത്തിൽ കുണ്ടറയ്ക്കും സ്ഥാനം വന്നു.

രാജഭരണകാലത്തുതന്നെ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റ് കുണ്ടറയിൽ പ്രവർത്തിച്ചിരിന്നു. ഒരു സബ്സ്റ്റേഷനായിരുന്നു അന്നുമുതൽ ഈ സ്ഥാപനം. പള്ളിവാസലിനും തിരുവനന്തപുരത്തിനുമിടയിലുള്ള കേന്ദ്രങ്ങളിലൊന്നായിരുന്നു കുണ്ടറ. കോതമംഗലം, പള്ളം എന്നിവയാണ് മറ്റുരണ്ടുകേന്ദ്രങ്ങൾ. വിദ്യുച്ഛക്തിയുടെ ലഭ്യത നമ്മുടെ നാടിന്റെ മുഖച്ഛായതന്നെ മാറ്റി. വിളക്കുകാലുകൾ (ഇലക്ട്രിക് പോസ്റ്റ്) സംസ്കരിക്കുന്ന ട്രീറ്റുമെന്റുയാർഡും

കെ. എസ്. ഇ. ബി യുടെ ഈ സബ് സ്റ്റേഷനി ലുണ്ടായിരുന്നു. ഇങ്ങനെ അനുകൂലമായ ഒരു പശ്ചാത്തലത്തിൽ നമ്മുടെ വ്യവസായം വളരുകതന്നെ ചെയ്തു.

കളിമണ്ണ് ഖനനം ചെയ്ത് സംസ്കരിക്കുന്ന കേരള സെറാമിക്സ് ഫാക്ടറിയുടെ കയോളിൻ ഡിവിഷനും സെറാമിക്സ് ഉല്പന്നങ്ങളുണ്ടാക്കുന്ന പോർസലൈൻ ഡിവിഷനും കാര്യക്ഷമമായി പ്രവർത്തിച്ചുവന്നിരുന്നു. ഇനാമൽ ഫാക്ടറി പൂർണ്ണമായും നശിച്ചുപോയി. പിയേഴ്സ്ലസ്ലി കമ്പനി തകർന്നു. 1950 - ൽ ആരംഭിച്ച അലിന്റിന്റെ രണ്ടുപ്ലാന്റുകളും ഇപ്പോൾ തകർച്ച യിലായിരിക്കുന്നു. 1500 ടൺ വൈദ്യുതവാഹികളായിരുന്നു പ്രവർത്തനം ആരംഭിച്ചപ്പോൾ അലിന്റിന്റെ ഉല്പാദനശേഷി. പിന്നീട് 10,000 ടണ്ണിലധികമാക്കാൻ 1971 ആയപ്പോഴേക്കും കമ്പനിക്കുസാധിച്ചു. 1957 - ൽ ഇൻസുലേറ്റഡ് കേബിളുകളുടേയും 1964 - ൽ അണ്ടർഗ്രൗണ്ട് കേബിളുകളുടേയും ഉല്പാദനം ആരംഭിച്ചു. 1961 - ൽ വൈദ്യുതവാഹികൾക്കുവേണ്ട ഉരുക്കുകമ്പികൾ നിർമ്മിക്കാനുള്ള ഫാക്ടറി ജപ്പാന്റെ സഹകരണത്തോടെ സ്ഥാപിതമാവുകയും പ്രവർത്തനം വിപുലീകരിക്കുകയും ചെയ്തു. 1962 - ൽ ഇൻഡ്യയിൽ നിന്നും സിലോണിലേക്കുകയറ്റുമതിചെയ്ത ആദ്യത്തെ കേബിളുകൾ കുണ്ടറയിൽ ഉല്പാദിപ്പിച്ചവയായിരുന്നു. കേരളാ ഇലക്ട്രിക്കൽ ആന്റ് ഇൻജിനിയറിംഗ് അലൈഡ് (KEL) എന്ന മറ്റൊരു ഫാക്റ്ററി കുണ്ടറയിൽ പ്രവർത്തിക്കുന്നു. ആൾട്ടർനേറ്റുകൾ (റെയിൽവേയ്ക്ക് ആവശ്യമായത്) വൈദ്യുതി ഉല്പാദനത്തിനാവശ്യമായ ഡീസൽ ജനറേറ്ററുകൾ, മറ്റുസാങ്കേതിക യന്ത്രവിഭാഗങ്ങൾ തുടങ്ങിയവ ഇവിടുത്തെ നിർമ്മിതിയിൽപ്പെടുന്നു. ട്രാവൻകൂർകെമിക്കൽസ് ആന്റ് മിനറൽസ് എന്ന ഫാക്ടറിയും കുണ്ടറയിലാണ്. [പഞ്ചായത്ത തിർത്തിക്കപ്പുറമാണിത്] അതുപോലെ ലക്ഷ്മി സ്റ്റാർച്ചുഫാക്ടറിയും കുണ്ടറവിലാസത്തിലാണ് അറിയപ്പെടുന്നത്. [പഞ്ചായത്തതിർത്തിക്കപ്പുറമാണിത്] FACT യുടെ ആദ്യയൂണിറ്റ് കുണ്ടറയാണു സ്ഥാപിച്ചത്. അവിടെനിന്നുള്ള ദുർഗ്ഗന്ധം കൊണ്ടും മലിനീകരണം കൊണ്ടും നാട്ടുകാരുടെ ചെറുത്തുനിൽപ്പുകൊണ്ടും അത് നിർത്തുകയാണുണ്ടായത്. FACT കാർട്ടേഴ്സ് അലിന്റിന്റെ വകയാണിപ്പോൾ.

കൊല്ലം ജില്ലയിൽ 252 കശുവണ്ടി ഫാക്ടറിയുണ്ടെങ്കിലും കുണ്ടറയിൽ രണ്ട് ഫാക്ടറികളാണ് ഈ മേഖലയിലുള്ളത്. അതിലൊന്ന് കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ഉടമയിലുള്ളതാണ്. കൂടാതെ മോട്ടോർ വർക്കുഷോപ്പുകൾ, ലെയ്ത്ത് സെന്ററുകൾ, പ്രസ്സുകൾ, ആട്ടുമില്ലുകൾ, അറക്കമില്ലുകൾ, കക്കനീറ്റൽ, നാടൻ ഭക്ഷ്യവസ്തുനിർമ്മാണം, കൊപ്രാ - വെളിച്ചെണ്ണമില്ലുകൾ, മെഴുകുതിരി നിർമ്മാണം, ബീഡിനിർമ്മാണം, ചോക്കുനിർമ്മാണം എന്നിങ്ങനെ ചെറുകിടതൊഴിൽ മേഖലകളും പ്രവർത്തിച്ചുവരുന്നുണ്ട്. ലക്ഷ്മണക്ലേമൈൻസും, ഫൈബർഗ്ലാസ് വാട്ടർടാങ്കു നിർമ്മിക്കുന്ന രണ്ടുയൂണിറ്റുകളും വ്യാവസായിക മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. കയർപിരിപ്പും കായലോരത്ത് നിലനിന്നുവരുന്നു. മോട്ടോർ വർക്കുഷോപ്പുകളുമുണ്ട്. റേഡിയോ ടെലിവിഷൻ സർവ്വിസ് ഷോപ്പുകളും, വീഡിയോ ഓഡിയോ കാസറ്റ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ബാർ അറ്റാച്ച്ഡ് ഹോട്ടൽ തുടങ്ങി സാധാരണ ഹോട്ടൽ വരെയും ടി. വി. ഫ്രിഡ്ജ്, വാഷിംഗ്മെഷീൻ ഇവ വിൽക്കുന്ന സെന്ററുകൾ മുതൽ സാധാരണ സ്റ്റേഷനറികടകൾ വരെയും ഇവിടെ പ്രവർത്തിക്കുന്നു. വസ്ത്രാലയങ്ങൾ, ബേക്കറികൾ, സ്വർണ്ണക്കടകൾ, സ്വകാര്യപണയമെടുപ്പുകാർ തുടങ്ങി മുത്തൂറ്റ് ബാങ്കേഴ്സിന്റെ ശാഖയും ഇവിടെയുണ്ട്. ഒരു സിനിമാശാലയും 2 പെട്രോൾപമ്പും സിമന്റ് - കമ്പി സാനിട്ടറിസാധനങ്ങൾ ഇവയുടെ വമ്പൻ ഏജൻസികളും ഇവിടെയുണ്ട്. കേരളാസെറാമിക്സിന്റെ ഒരു ഷോറൂം ഇവിടെ സജീവമാണ്. ഫോട്ടോസ്റ്റാറ്റ് കേന്ദ്രങ്ങളും ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ട്. വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ യൂണിറ്റും

പഞ്ചായത്തതിർത്തിയിലുണ്ട്.

ഇന്ത്യയുടെ വ്യാവസായിക ഭൂപടത്തിൽ സ്ഥാനമുള്ള കുണ്ടറയിലെ വിശേഷാൽ ഗ്രാമസഭയിലെ അഭിപ്രായങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞകാര്യങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം.

ഒന്നാം വാർഡിലാണ് അലിന്റ്, കെൽ എന്നീ ഫാക്ടറികൾ സ്ഥിതിചെയ്യുന്നത്. അലിന്റ് ഇപ്പോൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്. അതിന് നവജീവൻ നൽകാൻ വേണ്ട എല്ലാനീക്കങ്ങളുമുണ്ടാകണം. 'കെൽ' ക്ഷീണാവസ്ഥയിലാണ്. അതിനെ പരിരക്ഷിക്കാനും ശ്രമങ്ങൾ വേണം. കൂടാകെ വനിതകൾ പുരുഷൻമാർ എന്നിങ്ങനെ രണ്ടുവിഭാഗത്തിലായി ആവശ്യങ്ങൾ സ്വരൂപിച്ചിട്ടുണ്ട്. വസ്ത്ര - ഭക്ഷ്യ - പൂന്തോട്ട നിർമ്മിതികൾക്കു പ്രാധാന്യം കൊടുത്താണ് വനിതകൾ അഭിപ്രായസമന്വയം നടത്തിയിരിക്കുന്നത്. മിനിനിർമ്മിതി കേന്ദ്രം, മാൻപവർഏജൻസീസ്, കൈത്തറിയൂണിറ്റ്, ഹോളോബ്രിക്സ് ഫാക്ടറി തുടങ്ങിയ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നപുരുഷൻമാർ ഫാക്ടറികളിൽ 50% തദ്ദേശവാസികൾക്ക് സംവരണം വേണമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. അലിന്റിനെ രക്ഷിക്കാൻ ഗവൺമെന്റ് നടപടി ഏറ്റെടുക്കുകയും വേണം.

പരമ്പരാഗതമെന്നും ആധുനികമെന്നും രണ്ടായിത്തിരിച്ച് ചർച്ചചെയ്യുകയാണ് രണ്ടാം വാർഡിൽ. അതിന്റെ പരിധിയിലാണ് കേരളാസെറാമിക്സിന്റെ ഒരു ഡിവിഷൻ. ഈ കമ്പനിയും പരീക്ഷണങ്ങളെ നേരിടുകയാണ്. ആധുനികമായ വ്യവസായം തുടങ്ങാനുള്ള സാധ്യതകൾ വിശകലനം ചെയ്യൽ, വ്യാവസായികനയങ്ങളെ സംബന്ധിച്ചു പരിഗണിച്ചാൽ സാധ്യമല്ല. എങ്കിലും കുണ്ടറയിലെ വൻകിട വ്യവസായങ്ങൾക്കുള്ള ബൈ - പ്രോഡക്ട് നിർമ്മിക്കാനുള്ള പുതിയസംരംഭങ്ങൾ തുടങ്ങാവുന്നതാണ്. സാങ്കേതിക പരിജ്ഞാനം നേടിയവരുടെ ലഭ്യതയുമുണ്ട്. കേരളാ സെറാമിക്സ് പുതിയ ഉല്പന്നങ്ങളുലൂടെ വികസിപ്പിച്ചാൽ തൊഴിൽ സാധ്യതകൂടും. പരമ്പരാഗത തൊഴിലുകാരില്ലെന്നു പറയാം. റെഡിമെയ്ഡ്സ്, കശുവണ്ടി, സൗന്ദര്യവർദ്ധക വസ്തുക്കൾ, കാർഷികോല്പന്നം സ്വരൂപിക്കൽ ഇങ്ങനെ പല മേഖലകൾക്കും സാധ്യതയുണ്ട്.

വ്യവസായങ്ങൾ തുടങ്ങാനാവശ്യമായവർക്ക് സഹായം ചെയ്യണമെന്നും കയർ, ഇഷ്ടിക, ബീഡി തുടങ്ങിയവയുടെ നിർമ്മാണസാധ്യതകൾ നിരത്തുകയും ചെയ്യുന്നു മൂന്നാം വാർഡ്. കുണ്ടറ കേരളാ സെറാമിക്സിന്റെ രണ്ടാം മൈനിന്റെ ഭൂമി തരിശായിക്കിടക്കുന്നു. അവിടെ വ്യാവസായികയൂണിറ്റു തുടങ്ങാൻ വേണ്ടതുചെയ്യണമെന്ന നിർദ്ദേശവുമായി നാലാം വാർഡുകാർ. പ്ലാസ്റ്റിക് വ്യവസായം, ഫൈബർഗ്ലാസുല്പന്നങ്ങൾ, പട്ടുനൂൽവ്യവസായം, അലൂമിനിയം പാത്രനിർമ്മാണം, ക്ലേ - മൈനിംഗ് തുടങ്ങിയവയുടെ സാധ്യതകളാരായുന്നു.

അഞ്ചാംവാർഡിലെ ഗ്രാമവാസികൾക്കു പറയാനുള്ളത് ഉള്ളസ്ഥാപനം നിലനിർത്തണമെന്നും പുതിയവതുടങ്ങാൻ സാമ്പത്തികസഹായം, ഇലക്ട്രിസിറ്റി, ലൈസൻസ് ഇവ കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നുമാണ്. വാഹനസൗകര്യവും വേണം. ഉദ്യോഗസ്ഥൻമാരുടെ സഹകരണം ചെറുകിട വ്യവസായത്തിനാവശ്യമാണ് കൈക്കൂലിപോലെയുള്ള ഏർപ്പാട് ഒഴിവാക്കുകയും വേണം.. യൂണിറ്റുകളെ നികുതികളിൽനിന്ന് ഒഴിവാക്കുകയും ചെയ്താൽ പുരോഗതിയുണ്ടാകും. ആറാം വാർഡിന് സിമിന്റ്ഫാക്ടറി നിർമ്മിക്കാനുള്ള നിർദ്ദേശം മാത്രമാണു മുന്നോട്ടു വയ്ക്കാനുള്ളത്. വനിതാസഹകരണസംഘം സ്ഥാപിച്ച് വനിതകൾക്ക് തൊഴിൽ പരിശീലനം നൽകണമെന്ന് എട്ടാം വാർഡുകാർ നിർദ്ദേശിക്കുമ്പോൾ 9-ാം വാർഡിന് തടി, കളിമൺ, ബീഡി തുടങ്ങിയ കൂടിൽ വ്യവസായം ശക്തിപ്പെടുത്തണമെന്നും എണ്ണപ്പനക്കുരുവിൽ നിന്ന് വിവിധഉല്പന്നങ്ങളുണ്ടാക്കുന്നത് പരീക്ഷിക്കണമെന്നുമാണ് നിർദ്ദേശം.

## നിർദ്ദേശങ്ങൾ

1. ആയിരത്തിൽപരം കുടുംബങ്ങൾ ആശ്രയിക്കുന്ന കുണ്ടറ അലിന്റ് ഫാക്ടറിയെ സ്തംഭനത്തിൽ നിന്ന് രക്ഷിക്കാൻ കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ മുൻകൈയെടുത്ത് വേണ്ടതുചെയ്യണം.

2. കുണ്ടറമേഖലയിലെ ഫാക്ടറികൾക്കാവശ്യമുള്ള ബൈ - പ്രോഡക്ടുകൾ കുണ്ടറയിൽ തന്നെ നിർമ്മിക്കാനുള്ള യൂണിറ്റുണ്ടാക്കുക.

3. ചീനക്കളിമണ്ണ് സുലഭമായതുകൊണ്ട് അതുമായി ബന്ധപ്പെട്ട് സെറാമിക്സ് ഫാക്ടറിയിൽ പുതിയ ഉല്പന്നങ്ങളുണ്ടാക്കുകയും ഏറെപ്പേർക്ക് തോഴിൽ നൽകുകയും ചെയ്യാവുന്നതാണ്.

4. കളിമണ്ണുള്ളതു കൊണ്ട് ചെറുകിടവ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ചോക്ക്, ചെറുശില്പ നിർമ്മാണം, പൂത്തട്ടം (Flowerwase) തുടങ്ങിയവയിൽ യൂണിറ്റുണ്ടാക്കാൻ ധനസഹായം നൽകി പ്രോത്സാഹിപ്പിക്കണം.

5. കയർ നിർമ്മാണമുള്ളതുകൊണ്ട് അതുമായിബന്ധപ്പെട്ട ചെറുകിടയൂണിറ്റുകൾ തുടങ്ങാൻ വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകണം.

6. നിർമ്മിതികേന്ദ്രത്തിന്റെ ഉപ - ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള യൂണുറ്റുകളെ പ്രോത്സാഹിപ്പിക്കണം.

7. ഹോളോ - ബ്രിക്സ് നിർമ്മാണത്തിന് ഒരു ഘടകം അനുവദിച്ച് പ്രവർത്തിപ്പിക്കുക.

8. ഐസ്ഫാക്ടറിയും ചെമ്മീൻവളർത്തൽ കേന്ദ്രവും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

9. ചെറുകിട സോപ്പ്, പ്ലാസ്റ്റിക്, റേഡിമെയ്ഡ്, മെഴുകുതിരി, ചന്ദനത്തിരി, കറിപൗഡർ നിർമ്മാണശാലകൾ സ്ഥാപിക്കാനും പ്രവർത്തിക്കാനും സഹായസഹകരണമുണ്ടാക്കുക.

10. ബീഡിത്തൊഴിൽ അറിയാവുന്നവരുടേതായ ഒരു സഹകരണസംഘം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക.

11. എല്ലാത്തരം കുടിൽ വ്യവസായത്തിനും പഞ്ചായത്ത് നിയന്ത്രണം ഏർപ്പെടുത്തുകയും അവയ്ക്ക് ഉദാരമായ വ്യവസ്ഥകളുണ്ടാക്കുകയും ചെയ്യുക.

12. Man Power Agencies രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുക.

13. സഹകരണാടിസ്ഥാനത്തിൽ കൈത്തറി വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.

14. പഞ്ചായത്തിലുള്ള ഫാക്ടറികളിൽ വരും കാലങ്ങളിലുണ്ടാകാവുന്ന നിയമനങ്ങളിൽ യോഗ്യതയ്ക്കനുസരിച്ച് സ്ഥലവാസികൾക്ക് 50% സംവരണ മേർപ്പെടുത്തുക.

15. അലിന്റ് ഫാക്ടറി ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് വ്യവസായവും തൊഴിലും സംരക്ഷിക്കുക.

16. സർക്കാർവക തരിശുഭൂമികളോ അല്ലാതെ ഭൂമികണ്ടെത്തിയോ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ നടപടിവേണം.

17. അടുക്കളത്തോട്ടങ്ങളും പൂന്തോട്ടങ്ങളും വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കാൻ പദ്ധതികളുണ്ടാക്കുക. കൂട്ടിമുല്ലകൃഷി പ്രോത്സാഹിപ്പിക്കുക.

18. ഇഷ്ടികനിർമ്മാണത്തിന് വേണ്ടസഹായം ചെയ്യുക.

19. കൊപ്രസംസ്കരണം, വെളിച്ചെണ്ണനിർമ്മാണം ഇവയെ പ്രോത്സാഹിപ്പിക്കുക.

20. ഫൈബർ ഗ്ലാസുല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുക.

21. അലൂമിനിയം ഗൃഹോപകരണനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുക.

22. കേരളാസിറാമിക്സ് മൈനിംഗിന് എടുത്തിട്ട തരിശുഭൂമി ഏതെങ്കിലും വ്യാവസായിക യൂണിറ്റ് തുടങ്ങാൻ പ്രയോജനപ്പെടുത്തണം.

23. ചെറുകിടവ്യവസായങ്ങൾ തുടങ്ങാൻ സാമ്പത്തിക

സഹായം കാലതാമസമില്ലാതെ ലഭ്യമാക്കുകയും ഇലക്ട്രിസിറ്റി, ലൈസൻസ് ഇവയ്ക്കുള്ള നിയമതടസ്സങ്ങൾ പരിഹരിക്കുകയും ചെയ്യുക.

24. വ്യാവവസായികമേഖല വികസിപ്പിക്കാൻ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

25. ചെറുകിടവ്യവസായങ്ങളെക്കുറിച്ച് പഠിക്കാനും പ്രായോഗികതലത്തിൽ വിജയിപ്പിക്കാനും ഉദ്യോഗസ്ഥരുടെ സഹകരണം ഉറപ്പുവരുത്തുക. കൈക്കൂലിവാങ്ങുന്നവരെ കർശനമായി നേരിടുക.

26. ചെറുകിടവ്യവസായങ്ങൾക്ക് ലാഭപരിധി നിശ്ചയിച്ച് ടാക്സിൽനിന്നും ഒഴിവാക്കുക.

27. സിമിന്റുഫാക്ടറിയുടെ സാധ്യതകളാരാഞ്ഞ് നടപ്പിൽ വരുത്താൻ ശ്രമിക്കുക.

28. ടെലിഫോൺ അസംബിൾ ചെയ്യുന്ന ചെറുകിടയൂണിറ്റ് തുടങ്ങാൻ നടപടിയുണ്ടാക്കുക.

29. ഇലക്ട്രിക് ബെൽ ഉണ്ടാക്കൽ, ഇലട്രോണിക് കളിക്കോപ്പുകളുടെ നിർമ്മാണം ഇവയ്ക്ക് പ്രോത്സാഹനം നൽകുക.

30. ചെരിപ്പ്, തൊപ്പി, കാലുറ, ബാഗ്, കേശാലങ്കാരസാധനങ്ങൾ ഇവയുടെ ചെറുയൂണിറ്റുകൾക്ക് വേണ്ടനിർദ്ദേശവും പരിശീലനവും സഹായവും നൽകുക.

31. പട്ടുനൂൽകൃഷി വികസിപ്പിക്കാൻ വേണ്ടസഹായം ചെയ്യുക.

32. കുട്ടികളെ തൊഴിലെടുപ്പിക്കുന്നത് കർശനമായി തടയണം.

33. പുസ്തകപ്രസാധനത്തിന് വേണ്ട സഹായസഹകരണങ്ങൾ ചെയ്യുക.

❐ ഇന്ത്യയിൽ ആദ്യമായി ആലയുടെ സഹായത്തോടെ ഉരുക്ക് ഉണ്ടാക്കി ചരിത്രം കുറിച്ചത് മുക്കൂട്ടിലാണ്. കുണ്ടറപഞ്ചായത്തിന്റെ തന്നെ ഭാഗമായ മുക്കൂട്ടിൽ തന്നെയാണ് എണ്ണപ്പനകുരുവിൽനിന്ന് എണ്ണയെടുക്കുന്ന യന്ത്രം കണ്ടുപിടിച്ചതും. എണ്ണപ്പനപ്പഴത്തിൽ നിന്ന് 25% എണ്ണ കിട്ടും. എണ്ണയെടുത്തശേഷം കളയുന്ന എണ്ണപ്പനക്കുരുവിൽ നിന്ന് അഞ്ചുശതമാനവും ഓയിൽപാം കളയുന്ന വേസ്റ്റ് ഉപയോഗപ്പെടുത്തിയാൽ ഈ വ്യവസായം വൻ പുരോഗതി പ്രാപിക്കും. കൊഴുപ്പ് ഒട്ടും തന്നെയില്ലാത്ത ഭക്ഷ്യയോഗ്യമായ എണ്ണയാണ് ഇവിടെ ഉല്പാദിപ്പിക്കാൻ കഴിയുക. ഓയിൽപാമിന്റെ ഒരനുബന്ധവ്യവസായമായി പ്രവർത്തിപ്പിക്കാവുന്ന സ്ഥാപനമാണ് മുക്കൂട്ടിലുള്ളത്. ഗവൺമെന്റ് തലത്തിൽ ഇടപെട്ട് ഉദ്യോഗസ്ഥവാശി ഉപേക്ഷിച്ച്, പൊതുതാല്പര്യം മുൻനിർത്തിയുള്ള വ്യവസ്ഥകൾക്ക് വിധേയമായി മതിയായ അളവിൽ അസംസ്കൃതപദാർത്ഥമായ നട്ട് ഫൈബർ നൽകി ഈ വ്യവസായത്തെ പുഷ്ടിപ്പെടുത്തി ജനകീയാസൂത്രണ പ്രക്രിയയ്ക്ക് അർത്ഥം നൽകാവുന്നതാണ്. വ്യവസായരംഗത്തെ പുത്തൻ ഉണർവിനും സ്വകാര്യമൂതലിറക്കാനും ഇത് പ്രയോജനമാകും. ❐


❐

**" വൈദ്യുതി പാഴാക്കരുത്."**

❐

**"ജലവും പരിസരവും മലിനമാക്കരുത്. "**

❐



# സഹകരണമേഖല

ഭരണം ജനകീയമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കേണ്ടവയാണ് സഹകരണപ്രസ്ഥാനങ്ങൾ. ജനകീയ ഭരണവ്യവസ്ഥയിൽ അസൂത്രിത സാമ്പത്തിക വികസനങ്ങളെ സഹായിക്കുക എന്ന ലക്ഷ്യമാണ് സഹകരണപ്രസ്ഥാനങ്ങൾക്കുള്ളത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ലോകത്ത് സഹകരണപ്രസ്ഥാനം രൂപം കൊണ്ടിരുന്നു. 1904 ലെ കോ ഓപ്പറേറ്റീവ് സൊസൈറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘത്തിന്റെ സ്ഥാപനമാണ് ഇന്ത്യയിൽ സഹകരണപ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്. 1913 ൽ കൊച്ചി പരസ്പരസഹായ സംഘം റേഗുലേഷനും, 1914 ൽ തിരുവിതാംകൂർ പരസ്പരസഹായ സഹകരണസംഘം നിയമവും നിലവിൽവന്നു. കേരള സഹകരണസംഘം നിയമമാകട്ടെ 1969 ൽ നിലവിൽ വന്നു. തുടർന്ന് സഹകരണമേഖലയിൽ നിരവധി സ്ഥാപനങ്ങൾ നിലവിൽ വന്നു. കാർഷിക സഹകരണസംഘങ്ങൾ, കാർഷികേതര സഹകരണ സംഘങ്ങൾ, പാൽ ഉല്പാദക സഹകരണസംഘങ്ങൾ തുടങ്ങി ജീവിതത്തിന്റെ മിക്ക മേഖലയേയും സ്പർശിക്കുന്ന സഹകരണസ്ഥാപനങ്ങൾ നാട്ടിൽ വ്യാപകമായി. ഭാരതത്തിൽ ഒരുപക്ഷെ ആദ്യത്തെ സഹകരണാടിസ്ഥാനത്തിലുള്ള പുസ്തകപ്രസാധക സംഘം കേരളത്തിലെ സാഹിത്യ പ്രവർത്തക സഹകരണസംഘമാണ്. സഹകരണ വൈദ്യസ്ഥാപനങ്ങൾ, സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ സാങ്കേതിക സ്ഥാപനങ്ങൾ, തുടങ്ങി സഹകരണ പ്രസ്ഥാനം കടന്ന് ചെല്ലാത്ത മേഖലകൾ ഇന്ന് കേരളത്തിൽ വിരളമാണ്. നാടിന്റെ നിത്യത്തുടിപ്പുകൾ ഓരോന്നും ഇന്ന് സഹകരണമേഖലയെ സ്പർശിച്ചു കൊണ്ടുള്ളതാണ്. സാമൂഹികപുരോഗതിയിൽ സുപ്രധാനമായ പങ്ക് വഹിക്കുന്ന സഹകരണമേഖല ഇന്ന് കെടുകാര്യസ്ഥതയുടേയും, അഴിമതിയുടേയും, കയർലക്ഷ്യശൂന്യതയുടേയും പിടിയിലാണ്. ഈ പോരായ്മകൾ പരിഹരിച്ചാൽ മാത്രമേ സഹകരണമേഖലയെ ജനാധിപത്യ ആസൂത്രണ പ്രക്രിയയുടെ പ്രധാനോപാധിയാക്കി മാറ്റിയെടുക്കുവാൻ കഴിയുകയുള്ളു.

കുണ്ടറാ ഗ്രാമപഞ്ചായത്തിൽ സഹകരണ മേഖലയ്ക്ക് വലിയ സ്വാധീനമൊന്നും ചെലുത്താൻ കഴിഞ്ഞിട്ടില്ല. ഭാരതത്തിന്റെ വ്യാവസായിക ഭൂപടത്തിൽ നിർണ്ണായകസ്ഥാനമുണ്ടായിരുന്ന കുണ്ടറയിൽ സഹകരണ വ്യവസായ സംരംഭം നാമമാത്രമാണ്. ഒന്നാം വാർഡിൽ പ്രവർത്തനം ആരംഭിക്കുകയും ഇപ്പോൾ മൂന്നാം വാർഡിലേയ്ക്ക്

മാറ്റി സ്ഥാപിക്കുകയും ചെയ്ത കുണ്ടറ വ്യവസായ സഹകരണ സംഘമാണ് പരമ്പരാഗത വ്യവസായ മേഖലയുമായി ബന്ധപ്പെട്ട ഏക സഹകരണ സ്ഥാപനം. 401 ാം നമ്പർ കുണ്ടറ സർവ്വീസ് സഹകരണ ബാങ്ക് കുണ്ടറ ഗ്രാമപഞ്ചായത്തിലെതാണെങ്കിലും അത് നിലവിൽ സ്ഥിതിചെയ്യുന്നത് സമീപ പഞ്ചായത്തായ കൊറ്റങ്കര പഞ്ചായത്തിലാണ്. കുണ്ടറ പഞ്ചായത്ത് കുണ്ടറ പേരയം പഞ്ചായത്തുകളായി വിഭജിക്കുന്നതിനുമുൻപ് രൂപീകരിച്ചിട്ടുള്ള പേരയം സർവ്വീസ് സഹകരണ സംഘം (നമ്പർ 2369) ഇപ്പോൾ പേരയം പഞ്ചായത്ത തിർത്തിയിലാണ് പ്രവർത്തിക്കുന്നത്. ഈ രണ്ട് ധനകാര്യസ്ഥാപനങ്ങളുടേയും പരിധിയിൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളും ഉൾപ്പെടുന്നുവെങ്കിലും സാമൂഹ്യാവശ്യം പരിഹരിക്കുവാൻ മതിയായ ശേഷി ഈ സ്ഥാപനങ്ങൾക്കില്ല. വനിതകളുടെ നേതൃത്വത്തിലുള്ള ഒരു വനിതാ നെയ്ത്ത് സഹകരണ സംഘം പ്രവർത്ത നമാരംഭിക്കാനുള്ള നടപടികൾ മൂന്നാം വാർഡിൽ പൂർത്തിയായിവരുന്നു. കൂടാതെ ഏഴാം വാർഡിൽ ഒരു ഹരിജൻ സഹകരണ സംഘം, ഒന്നാം വാർഡിൽ കരാർ തോഴിലാളികളുടെ സഹകരണ സംഘവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു കോ ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ഉണ്ടായിരുന്നത് കൊടുകാര്യസ്ഥതമൂലം ഇല്ലാതായി. പൊതുവേ സഹകരണ മേഖല ആരോഗ്യകരമായ അവസ്ഥയിലല്ല.

പഞ്ചായത്തിലെ നന്നായി പ്രവർത്തിക്കുന്ന ഏക ക്ഷീരവ്യവസായ സഹകരണ സംഘം നിലനിൽക്കുന്നത് രണ്ടാം വാർഡിലാണ്. കൂടാതെ ചിറ്റുമല ബ്ലോക്കിന്റെ കീഴിലുള്ള ക്ഷീരവ്യവസായ വികസന വകുപ്പിന്റെ പ്രവർത്തനപരിധിയിൽ ഈ പഞ്ചായത്തും ഉൾപ്പെടുന്നു. ഇവ കൂടാതെ വിദ്യാഭ്യാസസ്ഥാപനങ്ങളോട് ചേർന്ന് പ്രവർത്തിയ്ക്കുന്ന സഹകരണ സംഘങ്ങളും ഉണ്ട്.

കുണ്ടറയിലെ ആദ്യത്തെ സഹകരണ സംഘമാണ് പേരയം സർവ്വീസ് സഹകരണബാങ്ക് ലിമിറ്റഡ്. നമ്പർ 2369. ഈ സ്ഥാപനം 1944 ഫെബ്രുവരി മാസം രണ്ടാം തീയതി ആരംഭിച്ചു. 4200 അംഗങ്ങളുള്ള ഈ സംഘത്തിൽ ആകെ 4 ജീവനക്കാരാണുള്ളത്. ഹ്രസ്വകാല, മധ്യകാല ദീർഘകാല, കാർഷിക വായ്പകളും, കാർഷികതരവായ്പകളും, കൊടുക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനമേഖല പേരയം, കുണ്ടറ പഞ്ചായത്തുകളുടെ ഏഴുവാർഡുകളാണ്.

ബാങ്കിന്റെ സ്ഥിതി വിവരം (No.2369)

1992 - 1996

| | 1992 | 1993 | 1994 | 1995 | 1996 |
|---|---|---|---|---|---|
| നിക്ഷേപം | 1500000 രൂപ | 1800000 രൂപ | 1900000 രൂപ | 2000000 രൂപ | 250000 രൂപ |
| വായ്പ | 1481997 രൂപ | 1525116 രൂപ | 619890 രൂപ | 1491020 രൂപ | 4036888 രൂപ |
| വ്യാപാരം | 82867.50 രൂപ | 48501.85 രൂപ | 40997.15 രൂപ | 33531.65 രൂപ | 93676.32 രൂപ |
| അംഗങ്ങൾ | 35000 എണ്ണം | 3600 | 3900 | 4000 | 4200 |

കുണ്ടറ പഞ്ചായത്ത് അതിർത്തിയിൽ സജീവമായി പ്രവർത്തിക്കുന്ന സഹകരണ സംഘമാണ് 'കുണ്ടറ ക്ഷീരവ്യവസായ സഹകരണ സംഘം.' നമ്പർ Q88. 1954 ഏപ്രിൽ നാലാം തീയതി രജിസ്റ്റർ ചെയ്ത ഈ സംഘം 30-ാം തീയതി പ്രവർത്തനം ആരംഭിച്ചു. ഇത് ഒരു പരമ്പരാഗത ക്ഷീരവ്യവസായ സഹകരണ സംഘമാണ്. പ്രവർത്തനമേഖല മുളവന വില്ലേജും, കൊറ്റങ്കര വില്ലേജിന്റെ പുനുക്കന്നൂർ കരയുമാണ്. അംഗങ്ങളായി 513 ക്ഷീരോല്പാദകരും, 22 ജീവനക്കാരുമുണ്ട്. കഴിഞ്ഞ ഏഴു വർഷമായി ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ട്രോഫികൾ

ഈ സംഘത്തിനാണ് ലഭിച്ചിട്ടുള്ളത്. പാൽ സംഭരിച്ച് വിതരണം ചെയ്യുക, കാലിത്തീറ്റ, പുൽവിത്തുകൾ, ചോളം, പയർ, മിനറൽ മിക്സർ, മീനെണ്ണ മുതലായവ കർഷകർക്ക് എത്തിച്ചുകൊടുക്കുന്നു. കർഷകസമ്പർക്ക പരിപാടികൾ നടത്തിവരുന്നു.

സംഘത്തിന്റെ കഴിഞ്ഞ അർദ്ധ വർഷത്തെ വിറ്റുവരവ്

നമ്പർ 2369

| വർഷം | പാൽ | കാലിത്തീറ്റ |
|---|---|---|
| 1991-92 | 3830058.32 രൂപ | 619559.20 രൂപ |
| 1992-93 | 5475046 രൂപ | 995479.70 രൂപ |
| 1993-94 | 6525465.36 രൂപ | 1278881.55 രൂപ |
| 1994-95 | 7868695.44 രൂപ | 1951358.55 രൂപ |
| 1995-96 | 8806664.04 രൂപ | 2300324.80 രൂപ |

പഞ്ചായത്തിൽ കായൽ തീരമുള്ള ഏക വാർഡ് ഒന്നാം വാർഡാണ്. പരമ്പരാഗത വ്യവസായമായ കയറുപിരിപ്പിന്റെ സാദ്ധ്യതകൾ ഏറെയുള്ള പ്രദേശവും. പുതിയ സ്ഥലം വാങ്ങി ഇവിടെ പ്രവർത്തിച്ചിരുന്ന കയർ സഹകരണ സംഘം മൂന്നാം വാർഡിലേക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ട്. ഈ മാറ്റിസ്ഥാപിക്കൽ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത, വ്യവസായ സാഹചര്യം എന്നിവ കണക്കിലെടുത്താൽ അശാസ്ത്രീയമാണ്. കായൽ വാരത്ത് പ്രവർത്തിയ്ക്കുന്ന കയർ സംഘം കുന്നിൻ പുറത്തേയ്ക്കു മാറ്റുന്ന നടപടികൾ വികസനത്തെ പുറകോട്ടടിയ്ക്കും. രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന ക്ഷീര വ്യവസായത്തിൽ പാലിന്റെ ഗുണ മേൻമ പരിശോധിച്ചെടുക്കുവാനുള്ള സൗകര്യം ഉണ്ടെങ്കിലും പലപ്പോഴും തൃപ്തികരമാകാറില്ല. മറ്റൊരു പ്രധാന പ്രശ്നം വിതരണത്തിനായി ജീവനക്കാരെയേൽപ്പിക്കുന്ന പാൽ ഗുണ മേൻമയിൽ നിലവാരം നിലനിർത്തിതന്നെയാണ് ഉപഭോക്താവിന്റെ കൈകളിൽ എത്തുന്നതെന്ന് ഉറപ്പുമില്ല. ഇതിന് സംവിധാനം ഉണ്ടാകണം. പുതിയ അംഗങ്ങളെ ചേർത്തുകൊണ്ട് പുതിയ ശാഖകൾ രൂപീകരിക്കണം. ഒരു വനിതാ നെയ്ത്തു സഹകരണ സംഘം മൂന്നാം വാർഡിൽ സ്ഥലം വാങ്ങി പണി അരംഭിച്ചെങ്കിലും പുരോഗതി കാണാതെ കിടക്കുന്നു. ഏഴാം വാർഡിൽ ഒരു ഹരിജൻ സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും എന്നെങ്കിലും പ്രവർത്തനം നടക്കുന്നതായി സൂചനയില്ല.

## സഹകരണമേഖലയിൽ കുറെ ഗ്രാമപഞ്ചായത്തിന്റെ വികസന സാധ്യതകളും, പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും :

ആകെ ജനസംഖ്യയിൽ പണിയെടുക്കുവാൻ കഴിവുള്ളവരിൽ 32% വിവിധ മേഖലയിൽ പണി ചെയ്യുന്നവരാണ്. 68% വരുന്ന ബാക്കി യാതൊരു തൊഴിലിലും ഏർപ്പെടാത്തവരാണ്. അതിൽ ഭൂരിഭക്ഷവും അദ്ധ്വാന ശേഷിയുള്ളവരും ഏതെങ്കിലും തൊഴിലിൽ ഏർപ്പെടാൻ തല്പരരുമാണ്. ഭൂപ്രകൃതിയും കാലാവസ്ഥയും, ജലലഭ്യതയും നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് അനുകൂല ഘടകങ്ങളാണ്. കരമാർഗവും, ജലമാർഗവും, റയിൽമാർഗവും ഉല്പന്നങ്ങൾ നഗരങ്ങളിൽ എത്തിക്കുന്നതിനുള്ള സൗകര്യമുണ്ട്. കാർഷിക, സേവന വ്യാവസായിക രംഗത്ത് ഏറെ പുരോഗതി കൈവരിക്കാൻ സഹായകമായസാധ്യതകൾ ഉള്ള പഞ്ചായത്താണിത്. പഞ്ചായത്തിന്റെ സമഗ്രപുരോഗതിയ്ക്ക് സഹകരണമേഖലയ്ക്ക് ചെയ്യാവുന്നത്.

1. കൃഷിയും അനുബന്ധ മേഖലകളുടേയും വികസനത്തിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രൂപീകരിയ്ക്കുക. പഞ്ചായത്തിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനുവേണ്ടി ആവശ്യമെങ്കിൽ ശാഖാ ഓഫീസുകൾ സ്ഥാപിക്കുക. ഇതിന്റെ പരിധിയിൽ വരേണ്ട വിഷയങ്ങൾ.

- കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ഗ്രൂപ്പ് ഫാമിംഗിന് നേതൃത്വം നൽകുക.
- കാർഷിക ഉപകരണങ്ങളുടെ ഉടമസ്ഥതയും ഉപയോഗവും നിയന്ത്രിക്കുക.
- വിത്ത് ഉല്പാദനവും - വിതരണവും - ഉപയോഗിക്കലും ഏറ്റെടുക്കുക.
- കൃഷിരീതി ക്രമം, കൃഷിപരിപാലനം, കീടനശീകരണം തുടങ്ങിയ കാര്യങ്ങളിൽ തൽസമയ ബോധവൽക്കരണവും, അത് പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ

ബോധവൽക്കരണവും നൽകുക.

- പ്രദേശത്തെ കൃഷിയുടെ പ്രത്യേകതകളും മറ്റും പഠിച്ച് കൃഷി മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ഗവേഷണ ഗ്രൂപ്പിനെ സജ്ജരാക്കുക, പ്രവർത്തിപ്പിക്കുക.
- കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കാനും വിപണനം നടത്താനും സൗകര്യം ഉണ്ടാക്കുക.
- ജനകീയമായി ജൈവ വളം ഉല്പാദിപ്പിക്കുന്നതിനും വളങ്ങൾ ശേഖരിച്ച് മിതമായ വിലയിൽ കർഷകർക്ക് എത്തിക്കുന്നതിനും സഹായിക്കുക.
- പച്ചക്കറി പ്രോത്സാഹിപ്പിക്കുക.
- എല്ലാ വീടുകളിലും പച്ചക്കറിത്തോട്ടങ്ങൾ നടത്തുന്നതിനും പരിപാലനത്തിനും നേതൃത്വം കൊടുക്കുക.
- പുൽകൃഷി പ്രോത്സാഹിപ്പിക്കുക.

2. ക്ഷീരോല്പാദന സഹകരണ സംഘം.

- മൃഗപരിപാലനത്തിനും മൃഗസംരക്ഷണവകുപ്പുമായി ചേർന്നു ശാസ്ത്രീയ ബോധവൽക്കരണത്തിനു നേതൃത്വം കൊടുക്കുക.
- മുഴുവൻ വാർഡുകൾക്കും സൗകര്യപ്രദമായ വിധത്തിൽ സബ് സെന്ററുകൾ സ്ഥാപിച്ച് പാൽ ശേഖരണവും വിതരണവും നടത്തുക.

3. കോഴി വളർത്തൽ.

- ഓരോ വീട്ടിലും കോഴി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു നേതൃത്വം കൊടുക്കുക.
- കോഴിത്തീറ്റ ഉല്പാദക യൂണിറ്റ് പ്രവർത്തിപ്പിക്കുക. മിതമായ നിരക്കിൽ ഉപഭോക്താവിനു കോഴിത്തീറ്റ വിതരണം ചെയ്യുക.
- കാലി - കോഴി രോഗങ്ങൾക്ക് എതിരേ ബോധവൽക്കരണം യഥാ സമയങ്ങളിൽ നടത്തുക.

4. ചട്ടിക ജാതി ചട്ടികവർഗ സഹകരണ സംഘം.

- നിലവിൽ ഈ വിഭാഗത്തിനു സർക്കാർ സൽകി വരുന്ന ധന സഹായം ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഗുണഭോക്താവിന് കഴിയുന്നില്ല. ഇവയൊക്കെ ഏറ്റെടുത്ത് ഭംഗിയായി നിർവ്വഹിക്കാൻ ഈ സംഘത്തിനു കഴിയണം.
- കരകൗശല വസ്തുക്കളുടെ ഉല്പാദനവും ശേഖരണവും നടത്തുക.
- ദളിത് കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിച്ച് മെച്ചപ്പെട്ട വിധത്തിൽ നടത്തുക.
- വിവിധ കുടിൽ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുക.

5. വനിതാ സഹകരണ സംഘങ്ങൾ

- തയ്യൽ പരിശീലന കേന്ദ്രങ്ങൾ, റെഡിമെയ്ഡ് നിർമ്മാണ ശാലകളും തുറക്കുക.
- വനിതാ സഹകരണ സ്റ്റോറുകൾ നടത്തുക.
- ലഘു ഭക്ഷണ പദാർത്ഥങ്ങളുടെ ഉല്പാദനവും വിപണനവും.
- ഫാൻസി സാധനങ്ങളുടെ നിർമ്മാണം.
- വനിതാ തൊഴിൽ പരിശീലന കോഴ്സുകൾ നടത്തുക.


6. വായ്പാ സഹകരണ സംഘം.

- കൃഷി, ചെറുകിട വ്യവസായം, മൃഗ പരിപാലനം എന്നിവയ്ക്കും വായ്പകൾ നൽകുക.
- കുടുംബക്ഷേമ വായ്പകൾ.
- വീട് വയ്ക്കാൻ, ഭവന നിർമ്മാണ വായ്പകൾ.
- ഗൃഹോപകരണങ്ങൾ വാങ്ങാനായി വായ്പകൾ.
- സഹകരണ വ്യാപാര വായ്പകൾ.
- മെഡിക്കൽ സ്റ്റോറുകൾ.
- കാർഷിക ഗൃഹ ഉപകരണ ശാല.

7. ആർട്ടിസൻസ് സഹകരണ സംഘം.

- കെട്ടിട നിർമ്മാണം ഏറ്റെടുത്ത് നടത്തുക.
- നിർമ്മിതി കേന്ദ്രങ്ങളുമായി സഹകരിച്ച് കെട്ടിട നിർമ്മാണ കരാറുകൾ ഏറ്റെടുത്തു നടത്തുക

# ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും



" ഉണ്ണുവാനുറങ്ങുവാനുടുക്കുവാൻ ചോരാത്ത
മൺകൂരയെങ്കിലും സ്വന്തമാക്കീടുവാൻ "

ഉള്ള അഭിലാഷം ലോകത്താകെയുള്ള ഭൂരിപക്ഷത്തിന്റേതാണ്. കാട്ടുജിവിയായിരുന്ന മനുഷ്യൻ മരച്ചുവടുകളിലും, ഗുഹാന്തർഭാഗങ്ങളിലും അവന്റെ കൂടുകൾ കണ്ടെത്തിയിരുന്നു. തമ്മിലടിച്ചും നായാടിയും നടന്നിരുന്ന അവർ ആദ്യകാലങ്ങളിൽ സാമൂഹ്യജീവിതരീതി തുടർന്നിരുന്നു. സമൂഹം ഗോത്രങ്ങളായി, ഗോത്രങ്ങൾ കൂട്ടുകുടുംബങ്ങളായി. കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായി. മനുഷ്യബന്ധങ്ങളിൽ വന്നമാറ്റം സാമൂഹ്യബന്ധങ്ങളിലും, സാംസ്കാരികതലങ്ങളിലും മാറ്റങ്ങൾക്ക് കാരണമായി. വീട് ഇന്ന് അന്തിയുറങ്ങാനുള്ള ഒരിടം എന്നതിൽ നിന്ന് മാറി ആർഭാടത്തിന്റേയും അഹങ്കാരത്തിന്റേയും പ്രതീകമായി അധഃപതിച്ചിരിക്കുന്നു. പ്രകൃതിയിൽ നിന്ന് രക്ഷനേടാനും, വ്യക്തിപരമായ സ്വകാര്യത കാത്തുസൂക്ഷിക്കാനും, ഉള്ള ഒരിടം എന്ന സാമാന്യാർത്ഥിൽ നിന്ന് വീടെന്ന സങ്കല്പം അകന്നിരിക്കുന്നു. ആർത്തിയുടെ അശുദ്ധിയിൽ വീടെന്ന സങ്കല്പത്തിന്റെ സാമൂഹ്യവിശുദ്ധി നഷ്ടമായിരിക്കുന്നു.

കേരളീയ വസ്തുശില്പമാതൃകകൾ, കൊത്തുപണികൾ ചെയ്ത് ഭംഗിവരുത്തിയ തടിയിൽ തീർത്ത എടുപ്പുകളും, അറകളും, തട്ടുടിയും, ആട്ടുകട്ടിലും, മണിചിത്രത്താഴുമുള്ള വീടുകൾ, ക്ഷേത്രങ്ങൾ, പള്ളികൾ ഇവ നമ്മുടെ ഗ്രാമത്തിലും സമൃദ്ധമായിരുന്നു. പടിപ്പുരകളും, കളപ്പുരകളും, നിലവറകളും അപൂർവ്വമായിരുന്നില്ല. നെല്ലിയും, വേപ്പും, അശോകവും, തെറ്റിയും സമൃദ്ധമായ കുളവും നിലനിന്നിരുന്ന തൊടികളുടെ സമ്പന്നത നമ്മുടെ പൂർവ്വികർ അനുഭവിച്ചിരുന്നു. പേർഷ്യൻ മാതൃകയിൽ തീർത്ത പള്ളികളും, വിദേശമാതൃകയിൽ തീർത്ത വീടുകളും നമുക്കുണ്ടായിരുന്നു. പുറം കാലാവസ്ഥയ്ക്കും മനുഷ്യപ്രകൃതിയ്ക്കും ഇടയിൽ സുഖശീതളിമയുടെ സുന്ദരഗൃഹങ്ങളായി അവ വാണിരുന്നു. മതിയായ പ്രകാശവും, കാറ്റും, സുരക്ഷിതത്വവും, സ്വകാര്യതയും പഴയവീടുകൾ നൽകിയിരുന്നു. ആധുനികതയുടെ അനുസരണക്കേടുകൾ നമ്മുടെ സമൂഹത്തേയും ക്യാൻസർ പോലെ ബാധിച്ചു. പഴമയോടെല്ലാം പരമപുച്ഛവും, പുതുമകളുടെ വിഡ്ഢിത്വത്തോട് വികലമായ അഭിനിവേശവും നമുക്ക് കിട്ടി. നമ്മുടെ മാനസവിശുദ്ധിയുടെ ശ്രീകോവിലുകളായിരുന്ന മനോഹര ഗേഹങ്ങൾ ആക്രിവിലയ്ക്ക് പൊളിച്ച് വിറ്റ് നാം കോൺക്രീറ്റ് സൗധങ്ങൾ പടുത്തുയർത്തി. കാറ്റും, കാലാവസ്ഥയും, ഭൂമിയുടെ കിടപ്പും പരിഗണിക്കാതെ നാം ആഢംബരത്തിന്റെ പിറകെ പാഞ്ഞു. ആരോഗ്യവാൻമാരായിരുന്ന ഒരു ജനതയെ

രോഗാതുരമാക്കിയതിൽ ആധുനിക 'കോൺക്രീറ്റ് കെട്ടിടങ്ങൾ'ക്ക് ഒരു പ്രധാന പങ്കുണ്ട്. മുറ്റവും, തൊടികളും, സമൃദ്ധമായിരുന്നിടത്ത് ഇന്ന് 'കോൺക്രീറ്റ് ഫ്ലാറ്റു'കളാണ്. ഭൂമിയുടെ ഫലഭൂയിഷ്ഠതയും ജലസംഭരണശേഷിയേയും ഇത് പ്രതികൂലമായി ബാധിക്കുന്നു. അതിരുകൾകൊണ്ടിടുങ്ങിയ ചുറ്റുപാടുകൾ, കുട്ടികളുടേയും, മുതിർന്നവരുടേയും മാനസിക ഘടനയെപ്പോലും പ്രതികൂലമായി സ്വാധീനിയ്ക്കുന്നു. വിഭജിക്കപ്പെട്ട ബന്ധങ്ങളുടെ വീർപ്പുമുട്ടലുകളായി ആധുനിക വീടുകൾ മാറുന്നു. ഇതൊക്കെ കൂടിലും കൊട്ടാരവും സ്വന്തമായവരുടെ പ്രശ്നങ്ങൾ.

എന്നാൽ ഇമകൂട്ടാനിടമില്ലാതെ തെരുവോരങ്ങളിലും, മരച്ചുവടുകളിലും മറ്റ് ഗൃഹങ്ങളിലും കഴിയുന്നവർ അനേകം. ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിയ്ക്കാൻ അവരെക്കൊണ്ടാവില്ലെന്നത് ഒരു യാഥാർത്ഥ്യം. ഇന്ന് ലോകത്താകെയുള്ള പാർപ്പിടരഹിതരുടെ പ്രശ്നങ്ങൾ പരിഗണിയ്ക്കാനും, പരിഹാരം കാണുവാനായി ലോകപാർപ്പിട ദിനം (ഒക്ടോബർ 3 - World Habitat Day) വരെ നാം ആചരിയ്ക്കുന്നു. ഇതെല്ലാം ചൂണ്ടിക്കാണിയ്ക്കുന്നത് ഈ പ്രശ്നത്തിലെ സാമൂഹ്യഗൗരവത്തെയാണ്.

ഇന്ത്യയിലും, കേരളത്തിലും പാർപ്പിട പ്രശ്നം പരിഹരിയ്ക്കുന്നതിനായി സർക്കാർതലത്തിൽതന്നെ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവശജനവിഭാഗത്തിനും, മറ്റ് മുന്നോക്കവിഭാഗങ്ങളിലെ താഴ്ന്ന വരുമാനക്കാർക്കും ഇതിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. കേരളത്തിലെ ലക്ഷംവീട് പദ്ധതി ഈ മേഖലയിലെ ഒരു മാതൃകാപരമായ ചുവടുവയ്പായിരുന്നു. ഈ പദ്ധതി താത്വീകമായി സാമൂഹ്യസംപുഷ്ടമായിരുന്നെങ്കിലും പ്രായോഗികമായി അത് വലിയ വീഴ്ചകൾ വരുത്തിയിരുന്നുവെന്ന് അതുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലും പദ്ധതിനടപ്പിലാക്കുന്നതിലും ഗുരുതരമായ പാളിച്ചകൾ ഉണ്ടാകുന്നു. ഇതിന് പരിഹാരമായി ജനകീയ കമ്മിറ്റികൾ മാത്രം രൂപീകരിച്ചതുകൊണ്ട് പ്രശ്നം തീരില്ല. അതിന്റെ പ്രവർത്തനം സുതാര്യവും, തുടർച്ചയായുള്ള വിലയിരുത്തലിന് വിധേയമാവുകയും വേണം.

കൊല്ലം ജില്ലയിൽ 495190 വീടുകളിലായി 489774 കുടുംബങ്ങൾ പാർക്കുന്നു. കൊല്ലം താലൂക്കിൽ 171177 വീടുകളിലായി 174496 കുടുംബങ്ങൾ പാർക്കുന്നു. പഞ്ചായത്തിലാകെ 3636 വീടുകളിലായി 3649 കുടുംബങ്ങൾ ജീവിക്കുന്നു. പഞ്ചായത്ത് റിപ്പോർട്ട് പ്രകാരം ആകെ 5507 കെട്ടിടങ്ങളും ഒന്നിൽ കൂടുതൽ നിലകളുള്ളത് 122, കോൺക്രീറ്റ് 1358, ഓടിട്ടത് 2674, ഓലമേഞ്ഞത് 949, മറ്റുള്ളവ 404 എന്നാണ് കണക്ക്. റെയിൽവേ പുറംപോക്കിലും, പി. ഡബ്ലു. ഡി. പുറംപോക്കിലും കായൽ തീരങ്ങളിലും നിരവധി കുടുംബങ്ങൾ താമസിക്കുന്നു. പഞ്ചായത്ത് ലക്ഷംവീട് കോളനികളുണ്ട്. മിക്ക കോളനികളുടേയും സ്ഥിതി മെച്ചമല്ല. അടിസ്ഥാനസൗകര്യങ്ങൾ കോളനികളിലില്ല. കിണറുകളും, കക്കൂസുകളും ഇല്ലാത്തവർ നിരവധിയാണ്.

സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് സാമൂഹ്യക്ഷേമബോർഡ് നിയന്ത്രണത്തിലുണ്ട്. വനിതകൾ, ശിശുക്കൾ, വൃദ്ധജനങ്ങൾ തുടങ്ങിയവരുടെ ക്ഷേമപ്രവർത്തനങ്ങൾ ഈ ബോർഡിന്റെ കീഴിലാണ്. ശിശുഭവനം, ഷെൽട്ടർ, മനോരോഗകേന്ദ്രം, അബലമന്ദിരം, കെയർ ഹോം, റെസ്റ്റ് ഹോം, വൃദ്ധൻമാർക്കും, വികലാംഗർക്കുമായി തൊഴിൽ കേന്ദ്രങ്ങൾ, യാചക മന്ദിരം, അനാഥശാലകൾ, വൃദ്ധസദനം എന്നിവ സാമൂഹ്യവകുപ്പിന്റെ കീഴിലുണ്ടെങ്കിലും ഇതിലൊന്നുംതന്നെ നമ്മുടെ പഞ്ചായത്തിലില്ല. ഭവനനിർമ്മാണപ്രവർത്തനങ്ങൾക്ക് എല്ലാപഞ്ചവൽസര പദ്ധതികളിലും ഭവനനിർമ്മാണ പദ്ധതികൾക്ക് ഗണ്യമായ സ്ഥാനം നൽകിയിട്ടുണ്ടെങ്കിലും, പഞ്ചായത്തിൽ ഇതിന്റെ പ്രയോജനം നാമമാത്രമാണ്.

ഗ്രാമസഭറിപ്പോർട്ടുകളുടെ ക്രോഡീകരണം

1. പുറംപോക്കുകളിൽ താമസിക്കുന്ന എല്ലാ നിർദ്ധനർക്കും പാർപ്പിട സൗകര്യം ഉണ്ടാക്കുക.

2. ഒരു ഭവന നിർമ്മാണ സഹകരണസംഘം സ്ഥാപിക്കുക.

3. വൃദ്ധമന്ദിരം സ്ഥാപിക്കുക.

4. മൽസ്യമേഖലയും, കയർമേഖലയുമായ റോഡുകടവിൽ മാസത്തിൽ ഒരിക്കൽ മെഡിക്കൽ ടീം സന്ദർശിക്കുകയും സൗജന്യവൈദ്യസഹായം ഉറപ്പാക്കുകയും ചെയ്യുക.

5. കക്കൂസില്ലാത്ത എല്ലാവീട്ടുകാർക്കും ഏതെങ്കിലും സാമൂഹ്യ പദ്ധികളിൽ ഉൾപ്പെടുത്തി കക്കൂസ് നൽകുക.

6. കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടങ്ങളും, പഠനവിനോദ ഉപകരണങ്ങളും അടിയന്തിരമായി നൽകുക.

7. കുടിവെള്ള ക്ഷാമം പരിഹരിയ്ക്കാൻ മുഴുവൻ വീടുകൾക്കും കിണറോ, ജലലഭ്യമായ ടാപ്പോ നൽകാനുള്ള പരിപാടി ആവിഷ്കരിക്കുക.

8. പഞ്ചായത്തിൽനിന്നും അനുവദിച്ചിട്ടുള്ള വീടുകളും, കക്കൂസുകളും പൂർത്തിയാക്കാനുള്ള നടപടി കാണുക.

9. നിർദ്ധനവിഭാഗങ്ങൾക്ക് വീടിനും വസ്തുവിനുമുള്ള തുക വർദ്ധിപ്പിക്കുക.

10. ആൽത്തറമുക്കൾകോളനി മായംകോട് അംബേദ്കർ കോളനിയോട് യോജിപ്പിക്കുക.

11. ലക്ഷംവീട് കോളനികളിൽ ഒന്നിലധികം കുടുംബങ്ങൾ ഒരു വീട്ടിൽ താമസിക്കുന്നു. ഇവരെ പുനരധിവസിപ്പിക്കുക.

പഞ്ചായത്തിൽ പൊതുവെ കോൺക്രീറ്റ് സംസ്കാരം ഉയർന്നുവരുന്നു. വീടില്ലാത്തവരുടെ ശരിയായ കണക്ക് ലഭ്യമല്ല. ഇത് കണ്ടെത്താനായി സന്നദ്ധസേവനത്തിലൂടെ വീട്, കക്കൂസ്, കിണറുകൾ എന്നിവ ഇല്ലാത്തവരുടെ വാർഡ് തിരിച്ച്കണക്ക് ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. വീടുമായി ബന്ധപ്പെട്ട ആർഭാഢങ്ങൾക്ക് കടിഞ്ഞാണിടേണ്ടിയിരിക്കുന്നു. വീടുകളുടെ വിസ്തീർണ്ണവും നിർമ്മാണച്ചിലവും കണക്കാക്കി കെട്ടിടനികുതി പുനർനിർണ്ണയിക്കുകയും രണ്ട് ലക്ഷത്തിൻമേൽ നിർമ്മാണച്ചിലവ് വരുന്ന എല്ലാവീടുകൾക്കും സൂപ്പർടാക്സ് ഏർപ്പെടുത്തുകയും വേണം. ചിലവുകൂടിയ വീട് നിർമ്മാണം നിരുത്സാഹപ്പെടുത്താൻ നിയമമുണ്ടാകണം. അത് ദുരുപയോഗപ്പെടുത്താതിരിയ്ക്കാനുള്ള സംവിധാനവും നിർമ്മിതികേന്ദ്രവുമായി ബന്ധപ്പെട്ട ഭവനനിർമ്മാണസംഘം രൂപീകരിയ്ക്കുകയും ചിലവുകുറഞ്ഞനിർമ്മാണരീതി പ്രോത്സാഹിപ്പിക്കുകയും വേണം. ഒരുലക്ഷത്തിൽ താഴെയുള്ള വീടുകൾ നികുതിയിൽ നിന്ന് ഒഴിവാക്കണം. വായുവും, വെളിച്ചവും കടക്കുന്നതരത്തിൽ വീടുകളുടെ ഡിസൈൻ ശാസ്ത്രീയമായി പരിഷ്കരിക്കുകയും വേണ്ടതാണ്. നിർമ്മാണച്ചെലവിലെ വർദ്ധന തടയുന്നതിനായി കെട്ടിടനിർമ്മാണസഹകരണസംഘം ആരംഭിക്കുകയും, കെട്ടിടനിർമ്മാണസാമഗ്രികൾ നിർമ്മിച്ച് ന്യായവിലയ്ക്ക് നൽകുകയും നിർമ്മാണപ്രവർത്തനങ്ങൾ 'നിർമ്മിതികേന്ദ്രം - ശൈലിയിൽ' ഏറ്റെടുത്ത് നടത്തുകയും ചെയ്താൽ ഭവനനിർമ്മാണത്തിലെ പാഴ്ചിലവും, വർദ്ധനയും തടയാവുന്നതാണ്. നാടിന് ചേർന്ന സാങ്കേതികവിദ്യയും, നാട്ടിലെ സാധനങ്ങളുടെ ലഭ്യതയും കൂട്ടിയിണക്കി ഒരു പുതിയ ഭവനനിർമ്മാണസംസ്കാരം വളർത്തിയെടുക്കാൻ ശ്രമിക്കേണ്ടതാണ്.

## സാമൂഹ്യക്ഷേമം

ലാഭേച്ഛ കൂടാതെയുള്ള സഹായമാണ് ക്ഷേമപ്രവർത്തനങ്ങൾ. സാമൂഹ്യനൻമയും സന്നദ്ധ സേവനബോധവുമാണ് ഇതിന് പിന്നിൽ. സാമ്പത്തികവും,

സാമൂദായികവും, സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്ക് നിത്യജീവിതത്തിന് അത്താണി യാവുകയാണ് ക്ഷേമപ്രവർത്തനങ്ങളുടെ ലക്ഷ്യം. ദാരിദ്രരേഖയുടെ താഴെവസിക്കുന്നവരുടേയും ദുർബലവിഭാഗങ്ങളുടേയും ഉന്നമനത്തിനായി കേന്ദ്രസംസ്ഥാനഗവൺമെന്റ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ, തൊഴിലാളികളും, ഗവൺമെന്റും തൊഴിലുടമകളും ചേർന്ന് നടത്തുന്ന ക്ഷേമനിധികൾ എല്ലാം ഇതിൽപ്പെടുന്നു. വിവിധയിനം പെൻഷനുകളും സഹായനിധികളും നേടുന്നവർ നമ്മുടെ പഞ്ചായത്തിൽ വളരെക്കുറച്ചുപേർക്കുമാത്രമേയുള്ളു. മത്സ്യ ത്തൊഴിലാളിക്ഷേമനിധി ബോർഡിന്റെ ഓഫീസും, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസും പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്നു. മൂളവന വില്ലേജോഫിസിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 1992 - 96 കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ ഒരാൾക്കുപോലും അഗതിപെൻഷൻ ലഭിച്ചിട്ടില്ല. വിധവാ പെൻഷൻ ലഭിച്ചത് കേവലം 30 പേർക്ക് മാത്രമാണ്. വികലാംഗ പെൻഷൻ 26 പേർക്ക്, ക്ഷയരോഗികൾക്കുള്ള പെൻഷൻ 113 പേർക്കും, കർഷകതൊഴിലാളിപെൻഷൻ 413 പേർക്കും, തൊഴിൽരഹിതവേതനം വാങ്ങുന്നവർ 1311 പേരാണ്. വാർദ്ധക്യകാലപെൻഷൻ അവശകലാകാര സാഹിത്യകാര പെൻഷൻ, അവശകായികതാര പെൻഷൻ, കുഷ്ഠരോഗിപെൻഷൻ, ക്യാൻസർരോഗി പെൻഷൻ എന്നിവവാങ്ങുന്ന ഒരാൾപോലും പഞ്ചായത്തിലില്ല.

പെൻഷനുകൾ നൽകുകയും സേവനതുറകളിൽ സഹായം എത്തിക്കുകയും എന്നതിനോടൊപ്പം സാമൂഹികബോധവത്ക്കരണവു ഒരു പ്രധാന ഘടകമാണ്. സാമൂഹികക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവുപോലും സാമാന്യജനങ്ങൾക്കില്ല. വൃദ്ധജനങ്ങളും, വികലാംഗകരും അവശ കായിക കലാകാരൻമാരും നമ്മുടെ പഞ്ചായത്തിൽ ഇല്ലാത്തതിനാലല്ല, ആ വിഭാഗത്തിൽ അപേക്ഷകർ എത്താതിരുന്നതും, പെൻഷൻ പദ്ധതികളെക്കുറിച്ചുള്ള അജ്ഞതകൊണ്ടുമാത്രമാണ്. ആർക്ക് എപ്പോൾ എങ്ങനെ അപേക്ഷകൊടുക്കണം അപേക്ഷയിൽ ഉണ്ടായിരിക്കേണ്ട വിവരങ്ങൾ എന്തൊക്കെയാണ് എന്ന കാര്യങ്ങൾ ഗുണഭോക്താവിൽ എത്താത്തതാണ് പ്രധാനകാരണം. ക്ഷേമപ്രവർത്തനങ്ങൾക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പുകൾ യഥാസമയം ഗുണഭോക്താവിന് എത്താത്തതാണ് ഒരു പ്രധാന പോരായ്മ. സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ചുള്ള ബോധവത്കരണം അനിവാര്യമാണ്. ഉപഭോക്തൃനിയമം, പഞ്ചായത്ത് നിയമം, നീതിന്യായവകുപ്പിലെ ദൈനംദിനജീവിതവുമായി ബന്ധപ്പെടുന്ന നിയമങ്ങൾ, പൗരാവകാശങ്ങൾ തുടങ്ങിയ തുറകളിൽ സന്നദ്ധബോധവത്കരണം അനിവാര്യമാണ്. പഞ്ചായത്തുകമ്മിറ്റിയുടെ നിയന്ത്രണത്തിൽ സജീവമായ പ്രവർത്തനമുണ്ടാകണം.

കുണ്ടാഗ്രാമപഞ്ചായത്തുപരിധിയിൽ മൂന്ന് വി. ഇ. ഓ. ഓഫീസുകളാണുള്ളത്. മൂന്ന് ഓഫീസുകളും വാടക കെട്ടിടത്തിലാണ്. സ്ഥിരമായ ഓഫീസ് സംവിധാനം സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്. നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങൾ അവശജന വിഭാഗങ്ങളോടൊപ്പം അവരുടെ ആനുകൂല്യം നിലനിർത്തിക്കോണ്ടുതന്നെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ പേർക്കും സഹായം ലഭ്യമാക്കണം. ഐ. ആർ. ഡി. പി. സഹായം ലഭ്യമാക്കുന്നതുന് ഇന്നുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നിബന്ധനകൾ ലഘൂകരിക്കണം. ക്ഷേമപ്രവർത്തനത്തിന്റെ എല്ലാഘട്ടത്തിലും സാമൂഹിക ഇടപെടൽ ഉണ്ടാകത്തക്കവിധത്തിൽ സുതാര്യമാവണം. ക്ഷേമപ്രവർത്തനങ്ങൾക്കായി നൽകുന്ന ധനസഹായം തീരെ അപര്യാപ്തമാണ്. കാലോചിതമായ വർദ്ധന അടിയന്തിരമായി നടപ്പിലാക്കുക. പഞ്ചായത്തിൽ ആകെ 21 അംഗൻവാടികളാണുള്ളത്. മാതൃസംരക്ഷണത്തിനും, ശിശുസംരക്ഷണത്തിനും ഇതുവഴി ബോധവൽക്കരണപ്രവർത്തനങ്ങൾ നടക്കുന്നു. പരാധീനതകളിൽ നിന്ന് മുക്തമായ ഒരൊറ്റ അംഗൻവാടി

പോലുമില്ല. മതിയായ കെട്ടിടവും ഉപകരണങ്ങളും, കളിപ്പാട്ടങ്ങളും മിക്കയിടത്തുമില്ല. ഇതൊക്കെ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. 1000 പേർക്ക് ഓരംഗൻവാടി എന്നതാണ് ഐ. സി. ഡി. എസ്. ന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിന്റെ പരിസരത്തിൽ പോലും നാം എത്തുന്നില്ല. നിലവിലുള്ള അംഗൻവാടിയിൽ കുട്ടികളുടെ കുറവ് പ്രകടമാണ്. അനാകർഷമായ സൗകര്യവും പാനോപകരണങ്ങളുടേയും, കളിക്കോപ്പുകളുടേയും അഭാവവും അധികാരികളുടെ അശ്രദ്ധയും ഇതിന് കാരണമാണ്. അംഗൻവാടിപ്രവർത്തകരെയും, രക്ഷകർത്താക്കളെയും ഒരേപോലെ വേദനിപ്പിക്കുന്ന വസ്തുതകളാണ്. ഇവിടെ ജോലിചെയ്യുന്നജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ് അംഗൻവാടി പ്രവർത്തനവും ഗൃഹസന്ദർശനവും ഇവർതന്നെ നടത്തേണ്ടിവരുന്നു. ഇവരുടെ വേതനം വർദ്ധിപ്പിക്കുകയും, സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ ജോലിഭാരം കുറയ്ക്കുകയും വേണം.

## നിർദ്ദേശങ്ങൾ

1. സന്നദ്ധസംഘടനകളുടെ സഹായത്താലോ, കേന്ദ്ര ഗവ : ഫണ്ട് ഉപയോഗിച്ചോ സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് അത് നേടാനുള്ള പദ്ധതി നടപ്പിലാക്കുക.

2. വ്യാപാരിവ്യവസായി ഏകോപനസമിതി, വൈസ്മെൻസ് അസോസിയേഷൻ, റോട്ടറിക്ലബ് തുടങ്ങിയ സംഘടനകളുമായി ബന്ധപ്പെട്ട് അംഗൻവാടികൾക്ക് കളിക്കോപ്പുകൾ സ്പൊൺസർ ചെയ്യിപ്പിക്കുക.

3. പുകശല്യമില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

4. മുഴുവൻ അംഗൻവാടി ജീവനക്കാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുക., താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

5. അംഗൻവാടിയുടെ പ്രവർത്തനത്തിൽ സഹായിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക ജാഗ്രതാസമിതികൾ രൂപീകരിക്കുക.

6. കുണ്ടറ പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ പോലുമില്ല. മുളവനയിൽ ഒരു മാവേലിസ്റ്റോർ അടിയന്തിരമായി സ്ഥാപിക്കുക.

7. പെരിനാട്, പേരയം, കൊറ്റങ്കര പഞ്ചായത്തുകൾക്ക് പ്രയോജനപ്രദമായി സിറാമിക്സിന്റേയോ, കെ. എസ്. ഇ. ബി. യുടേയൊ സ്ഥലം കണ്ടെത്തി കുണ്ടറ മുക്കടയിൽ കൃഷിഭവന്റെ നേതൃത്വത്തിലുള്ള പച്ചക്കറിചന്ത സ്ഥാപിക്കുക.

8. റേഷൻകടകളുടെ പ്രവർത്തനം തൃപ്തികരമല്ല. റേഷൻകടകളെപ്പറ്റി ഗുണഭോക്താക്കൾക്കും ഷോപ്പുടമകൾക്കും പരാതികളാണുള്ളത്. റേഷൻകടകളെ പുനർനിർമ്മിക്കുവാനുള്ള ഉത്തരവാദിത്വം പഞ്ചായത്തുകൾ ഏറ്റെടുക്കുക.

9. ഉപഭോക്തൃഫോറങ്ങൾ, വനിതാസംരക്ഷണ സമിതികൾ, സ്ത്രീ നീതി സംഘടകൾ എന്നിവ രൂപീകരിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുക.

10. മദ്യവിമുക്ത മനഃശാസ്ത്ര കേന്ദ്രങ്ങൾ തുറക്കുക.

*" രാജ്യം നിങ്ങളിലോരോരുത്തരിലും ഓരോ മൂർത്തിയായി അവതാരം ചെയ്യട്ടെ, എന്റെ സഹോദരൻമാർക്ക് നേരിടുന്ന സുഖദുഃഖങ്ങളുടെ മുഴുവൻ ഉത്തരവാദിതാനാണെന്ന് ഓരോരുത്തരും കരുതുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യട്ടെ "*

- മെസ്സീനി



## വനിത

ലോകത്തിന്റെ ശില്പികൾ അമ്മമാരാണ്. അവളിലെ ഔദാര്യമാണ് തലമുറകളുടെ നിലനില്പ്. അതുകൊണ്ട് സ്ത്രീയുടെ അറിവും ബോധവും കാര്യശേഷിയും സൻമാർഗചിന്തയും യുക്തിവിചാരവും തലമുറകളിലൂടെ പകർന്ന് നിലനിൽക്കും. അടിച്ചമർത്തപ്പെട്ട മാതൃത്വത്തിൽ നിന്ന് കുഞ്ഞിന് സുരക്ഷാബോധം ലഭിക്കില്ല. അവന്റെ ഇച്ഛാശക്തി ക്ഷയിക്കാൻ അതു കാരണമാകും. അമ്മയുടെ അറിവില്ലായ്മ കുഞ്ഞിന്റെ വിജ്ഞാന തൃഷ്ണയെ കെടുത്തിക്കളയുകയും അന്ധവിശ്വാസവും ഭയവും അപകർഷതാബോധവും കുട്ടികളിൽ വളർത്തുകയും ചെയ്യും. ഇങ്ങനെ ഓരോ ഘടകത്തിലും അമ്മയുടെ പരിമിതികൾ കുഞ്ഞിനെ ഞെരുക്കും. ഭാവിതലമുറ അമ്മയുടെ കൈകളിൽ രൂപപ്പെടുകയാണെന്ന് ചുരുക്കം. നല്ല അമ്മ നല്ല ലോകത്തെ സൃഷ്ടിക്കുന്നു. ഇത്രയുംആമുഖമായി പറഞ്ഞത് വനിതയ്ക്ക് പഞ്ചായത്ത് തലത്തിൽ മാത്രമല്ല, സംസ്ഥാനതലത്തിലും മറ്റുമുള്ള അധഃസ്ഥിതാവസ്ഥകൊണ്ട് വരാവുന്ന ഭീഷണി സൂചിപ്പിക്കാനാണ്.

ഇന്ത്യൻ ഭരണഘടനപ്രകാരം സ്ത്രീക്കും പുരുഷനും തുല്യാവകാശമാണെങ്കിലും സ്ത്രിക്ക് രണ്ടാം പൗരത്വമാണ് പുരുഷൻ അടിച്ചേൽപ്പിച്ചിരിക്കുന്നത്. ഇതൊട്ടെക്കെ മാറുന്നത് ആശാവഹമാണ്. സ്ത്രീകൾക്ക് തന്റെ കഴിവുകളെക്കുറിച്ചും കർത്തവ്യത്തെക്കുറിച്ചും സ്വയം ബോധ്യമുണ്ടാകണം. അതിന് വിദ്യാഭ്യാസ തലത്തിൽ സമൂലമായ ബോധവൽക്കരണം ആവശ്യമാണ്. പൂർവകാലങ്ങളിൽ സ്ത്രീമേധാവിത്വമുണ്ടായിരുന്നുവെന്ന് ചരിത്രം പറയുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസയോഗ്യത ഉയർന്നതിനാൽ ഇന്ന് ഏതു കർമ്മരംഗത്തും അവൾ അവസരസമത്വം നേടുന്നു. സാധാരണക്കാരെയും താഴ്ന്ന വർഗ്ഗക്കാരെയും അത്തരത്തിൽ മുന്നോക്കം നയിക്കാൻ പദ്ധതികളുണ്ടാക്കണം.

കുണ്ടറ പഞ്ചായത്തിൽ സ്ത്രീ നിയന്ത്രണത്തിലുള്ള കുടുംബങ്ങൾ താരതമ്യേനകുറവാണെങ്കിലും ഭൂരിഭാഗവും തുല്യനിയന്ത്രണത്തിലാണ് കഴിയുന്നത്. സ്ത്രീയുടെ അഭിപ്രായങ്ങൾ മാനിക്കയും പരിഗണിക്കുകയും ചെയ്യുന്നവർ കൂടുതലുണ്ട്. സ്ത്രീകളിൽ ഭൂരിഭാഗത്തിനും തൊഴിലില്ല. അഭ്യസ്തവിദ്യരും നാടൻ തൊഴിൽ പരിചയമുള്ളവരുമുണ്ട്. സംഘടനാതലത്തിൽ മഹിളാസമാജങ്ങൾ പരിമിതമാണ്. മഹിളാ സ്വസ്ത് സംഘടനയും N.S.S. മഹിളാവിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

സ്കൂൾ കോളേജ് തലത്തിൽ പെൺകുട്ടികളാണ് കൂടുതലും പഠിക്കുന്നത്. പെൺകുട്ടികൾക്കുമാത്രമുള്ള സ്കൂളുകളും പഞ്ചായത്തിലുണ്ട്. കോളേജിലും സ്കൂളുകളിലും പോകുന്ന പെൺകുട്ടികൾക്ക് ബസ്സുകളിൽ

പുരുഷയാത്രക്കാരിൽനിന്ന് മോശമായ പെരുമാറ്റം ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് വനിതാ ബസ്സർവീസുകൾ സ്കൂൾ, കോളേജ്, ഓഫീസ് സമയത്ത് സാർവ്വത്രികമാക്കണം. ബസ്സിലെ ശല്യത്തെക്കുറിച്ച് ഉദ്യോഗസ്ഥകളും അനുഭവങ്ങൾ പറയുന്നുണ്ട്. പെൺകുട്ടികൾക്ക് സാങ്കേതികവിദ്യാഭ്യാസത്തിനുള്ള യൂണിറ്റുകൾ എല്ലാവാർഡിലും സ്ഥാപിച്ചാൽ അവരുടെ ഉന്നമനത്തിന് അത് സഹായകമാകും.

സ്ത്രീകൾ തൊഴിൽ മേഖലയിൽ തങ്ങളുടെ പ്രാതിനിധ്യം നിലനിർത്തുന്നുണ്ട്. പുതിയ വനിതാ തൊഴിലാളികളുടെ എണ്ണം കൂടുകയും ചെയ്യുന്നു. ഓഫീസ് രംഗത്ത് ഇവരെകൂടാതെ അദ്ധ്യാപനരംഗത്തും സ്ത്രീകൾ ധാരാളം പേരുണ്ട്. കശുവണ്ടി, കയർ, ഇഷ്ടികനിർമ്മാണം, കെട്ടിടനിർമ്മാണം, ചുമടെടുപ്പ്, തയ്യൽ എന്നിങ്ങനെ വിവിധമണ്ഡലങ്ങളിൽ പണിയെടുക്കുന്നവരുണ്ട്. ചെറുകിടവ്യവസായങ്ങളിൽ തൊഴിൽചെയ്യുന്നവരുമുണ്ട്. വനിതകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ പുതുവൽസ്ഥലങ്ങളിൽ പഞ്ചായത്തുവക ചെറുകിട യൂണിറ്റുകൾ തുടങ്ങണം. കശുവണ്ടിസ്ഥാപനങ്ങളിൽ എല്ലാപ്രവർത്തിദിവസങ്ങളിലും തൊഴിൽ ലഭ്യമാക്കാൻ സംവിധാനമുണ്ടാക്കണം. തുല്യവേതനം അംഗീകരിച്ചിട്ടില്ലാത്ത മേഖലയിൽ പുരുഷനോടൊപ്പം സ്ത്രീയ്ക്കും വേതനം ക്ലിപ്തപ്പെടുത്താൻ വേണ്ടനിർദ്ദേശം അതത് മേഖലകളിലെ അധികാരികൾക്ക് നൽകണം. കയർ തൊഴിലാളികൾക്കും മറ്റും വെയിലും മഴയും മേൽക്കാതിരിക്കാൻ ഷെഡ്ഡ് നിർമ്മിച്ചു നൽകേണ്ടതുമാണ്. അതുപോലെ സ്ത്രീതൊഴിലാളികൾക്ക് സ്ഥാപനങ്ങളോടനുബന്ധിച്ച് മൂത്രപ്പുരയും, കക്കൂസും നിർമ്മിച്ചുനൽകേണ്ടതാണ്. അതുപോലെ ക്രെഷ് സൗകര്യമില്ലാത്തിടത്ത് ആ സംവിധാനമുണ്ടാക്കണം. കയർത്തൊഴിലാളികൾക്ക് കൈയുറകൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശവും പൊന്തിവന്നിട്ടുണ്ട്. ലോൺ ആവശ്യമുള്ള സ്ത്രീതൊഴിൽ യൂണിറ്റിന് കാലതാമസം കൂടാതെ അനുവദിച്ചുകിട്ടണം. Project Report തയാറാക്കാൻ ഉദ്യോഗസ്ഥൻമാരുടെ സഹായം ലഭ്യമാക്കണം. എല്ലാതൊഴിൽ മേഖലയിൽപ്പെടുന്ന സ്ത്രീകൾക്കും ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്താൻ പദ്ധതിയുണ്ടാക്കണം. കൃഷിപ്പണികൾക്ക് 50 മുതൽ 80 വരെ രൂപയാണ് കൂലി. കെട്ടിടതൊഴിലാളികൾക്ക് 75 മുതൽ 80 വരെ രൂപാകൂലിയാണ്. ചിലേടത്ത് പുരുഷനുതുല്യമായി സ്ത്രീക്ക് കൂലിലഭിക്കുന്നുണ്ട്.

ചന്തകളിലും, റേഷൻകടകളിലും സ്ത്രീകളാണ് കൂടുതലും വന്നുപോകാറുള്ളത്. ചിലവാർഡുകളിൽ വളരെദൂരം നടന്നാൽ മാത്രമേ പൊതുമാർറ്റിലെത്താനാവുകയുള്ളു. എല്ലാ വാർഡിലും ന്യായവില ഷോപ്പുകളും റേഷൻകടകളും സ്ഥാപിക്കണം. മത്സ്യച്ചന്തകളിൽ പഴക്കമുള്ള മത്സ്യം വിൽക്കുന്നതായി പരാതിയുണ്ട്. മാർക്കറ്റ് ശുദ്ധമായി സൂക്ഷിക്കാൻ അധികാരികൾ ശ്രദ്ധിക്കണമെന്ന് നിർദ്ദേശം വന്നിട്ടിണ്ട്.

മദ്യത്തെ സംബന്ധിച്ച് വനിതകൾക്ക് ആക്ഷേപമേയുള്ളു. കുടുംബബന്ധങ്ങൾ ശിഥിലമാകുകയും ദുരിതങ്ങൾ തുടരുകയും കുട്ടികളുടേയും, സ്ത്രീകളുടേയും മാനസികതകർച്ചയ്ക്ക് കാരണമാവുകയും മാന്യത നഷ്ടപ്പെടുകയും ചെയ്യുന്നുവെന്നത് പ്രത്യക്ഷഫലങ്ങളാണ്. സ്ത്രീകളുടെനേരെയും കുഞ്ഞുങ്ങളുടെ നേരെയുമുള്ള ആക്രമണത്തിനും മദ്യം കാരണമാണ്. കുട്ടികളുടെ ശീലം വഷളാക്കുന്ന ഒരു പ്രധാനഘടകമായി മദ്യം നിലനിൽക്കുന്നു. സൈരംകെടുത്തുന്ന ഗുഹാന്തരീക്ഷംമാറ്റാൻ സമ്പൂർണ്ണമദ്യനിരോദനം വേണമെന്നാണ് കുണ്ടറയിലെ എല്ലാവാർഡിലേയും വനിതതൾക്കഭിപ്രായമുണ്ട്. വ്യാജമദ്യം വ്യാപകമായി വിറ്റഴിക്കപ്പെടുന്നുണ്ടെന്ന് അഭിപ്രായമുണ്ട്. അതിൽ നിഷ്ക്രായത്വം കാട്ടുന്ന പോലീസ് എക്സൈസ് ഉദ്യോഗസ്ഥർക്ക് കഠിനമായ ശിക്ഷനൽകണം. സ്ത്രീസംബന്ധമായ പീഡനങ്ങൾ സ്ത്രീകളനുഭവിക്കുന്നുണ്ട്. അതിനെതിരെ സംഘടനകൾ മുന്നോട്ടുവരണം. സ്ത്രീധനം നൽകുന്നതും വാങ്ങുന്നതും

കർശനമായി തടയുകയും നിയമം പാലിക്കാൻ അധികാരികളെ പ്രേരിപ്പിക്കുകയും വേണം. ദാമ്പത്യം കുടുംബജീവിതം ഇവയെ സംബന്ധിച്ച് ബോധവൽക്കരണം ആവശ്യമാണ്. കുടുംബബന്ധങ്ങൾ ശിഥിലീകരിക്കാതിരിക്കാൻ വിദഗ്ദ്ധ സമിതിയെ രൂപപ്പെടുത്തി കുടുംബക്ലാസുകൾ നടത്തണം. കൗൺസിലിംഗ് ഫോറം രൂപീകരിച്ച് ശിഥിലമായ കുടുംബബന്ധങ്ങളെ ശക്തമാക്കാൻ സഹായിക്കാവുന്നതാണ്.

കുടിവെള്ളദാരിദ്ര്യമുണ്ടാകുമ്പോൾ ദൂരെനിന്ന് വെള്ളം ചുമന്നുകൊണ്ടുവരേണ്ടത് സ്ത്രീകളാണ്. ക്ഷാമം പരിഹരിക്കുന്നതിന് സ്ഥിരമായ സംവിധാനമുണ്ടാകണം. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ യൂണിറ്റ് എല്ലാ വാർഡിലും സ്ഥാപിക്കാൻ നീക്കമുണ്ടാകണം. അതുപോലെ പ്രാഥമികാരോഗ്യകേന്ദ്രത്തിലും യൂണിറ്റിലും ലേഡിഡോക്ടർമാരുടെ സേവനം ഉണ്ടാകണം. ഗർഭിണികളുടേയും, ശിശുക്കളുടേയും സംരക്ഷണത്തിന് അതത്യാവശ്യമാണ്. P.H.C. യിൽ രാത്രിയിൽ ഗർഭിണികളെ അഡ്മിറ്റ്ചെയ്യേണ്ടി വന്നാൽ അവരെ സംരക്ഷിക്കാൻ വേണ്ട നടപടി വേണം. P.H.C. എന്ന നില മാറ്റി ഒരാശുപത്രിയായി ഉയർത്തിയാലെ അത് സാധ്യമാകൂ.

സ്ത്രീകൾ പൊതുരംഗത്തേയ്ക്ക് കടന്നു വരാത്തതിന് പലതാണ് കാരണം. ഗൃഹഭരണവും കുടുംബചുമതലയും അലട്ടുന്നതാണ് പ്രധാനപ്പെട്ട ഒരുകാരണം. വിവരവും വിദ്യാഭ്യാസവും ജനസമ്പർക്കവും കുറയുന്നതാണ് മറ്റൊരു കാര്യം. സ്ത്രീകളുടെ അപകർഷതാബോധം സാമൂഹ്യമായ തരംതാഴ്ത്തൽ ഇവ മറ്റൊരു പ്രധാനകാരണമാണ്. സ്ത്രീ നന്നായാൽ സമൂഹം നന്നാവുമെന്ന പ്രമാണം വച്ച് അവരെ മുന്നോട്ട്കൊണ്ടുവരാൻ ബോധവൽക്കരണം നടത്തണം.

### പ്രധാനനിർദ്ദേശങ്ങൾ

1. പൊതുവായ സംഘടനയുണ്ടാക്കി പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കാൻ മാർഗ്ഗമുണ്ടാക്കണം.

2. തൊഴിലറിയാവുന്നവർക്ക് അവസരവും സഹായ സഹകരണവും ചെറുകിട യൂണിറ്റ് ഉണ്ടാക്കാൻ ലോണുകളും തരപ്പെടുത്തുക.

3. സ്ത്രീകൾക്ക് അവകാശബോധമുണ്ടാക്കാൻ കർത്തൃങ്ങൾ മനസ്സിലാക്കാനും ജനസമ്പർക്കപരിപാടി ആസൂത്രണം ചെയ്യണം.

4. മാതൃ - ശിശു സംരക്ഷണത്തിന് പര്യാപ്തമായ തരത്തിൽ P.H. Centre ന്റെ പരിപാടികൾ ചിട്ടപ്പെടുത്തുക.

5. അശ്ലീല പരസ്യങ്ങൾക്കും, സിനിമകൾക്കുമെതിരെയുള്ള നിയമം കർശനമാക്കുക.

6. സ്ത്രീയെ ആദരിക്കാനും അംഗീകരിക്കാനും പര്യാപ്തമായതരത്തിൽ ബോധവൽക്കരണം നടത്തുക.

7. സ്ത്രീധനത്തിനെതിരെ ബോധവത്ക്കരണവും സ്ത്രീപീഡനത്തിനെതിരെ ശക്തമായ പ്രചരണപരിപാടികളും നടത്തണം. നിയമങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

8. ശിഥിലമായ കുടുംബബന്ധങ്ങളെ സമന്വയിപ്പിക്കാൻ കൗൺസിലിംഗ് ഫോറം രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.

## ഉപസംഹാരം


സ്ത്രീസമൂഹത്തിന്റെ അടിസ്ഥാനഘടകമാണ്. അവൾകുടുംബത്തിന്റെ എല്ലാകോണിലുമെത്തണം. എന്നാലും അവൾ എങ്ങുമില്ലെന്ന അവസ്ഥയാകുന്നു. അവൾ അവളുടേതല്ല. കുടുംബത്തിന്റേതാണ്. സ്വന്തം സ്ഥലം മാത്രമല്ല. സ്വന്തം സമയവും അവൾക്കില്ല. അവളുടെ പ്രതിഭ വികസിപ്പിക്കാൻ പുരുഷൻമാരുടെ


(അച്ഛൻ, ഭർത്താവ്, സഹോദരൻ) ഔദാര്യം വേണമെന്നാണ്. അതവളുടെ പ്രവർത്തനത്തെ മുരടിപ്പിക്കുന്നു. സ്ത്രീ ദുർബലയാണെന്ന ബോധത്തിൽ അവളെ പീഡിപ്പിക്കുന്നത് പുരുഷന്റെ ശീലമായിരിക്കുന്നു. "പെണ്ണായിപിറക്കുന്ന ഓരോ പ്രതിഭയും മനുഷ്യവംശത്തിനു നഷ്ടപ്പെടുന്നു" എന്ന് സ്റ്റെന്താൾ അഭിപ്രായപ്പെടുന്നത് ഇവിടെ ഓർക്കാവുന്നതാണ്. സ്ത്രീകൾ അവളുടെ ആവശ്യങ്ങൾ ചോദിച്ചുവാങ്ങാൻ സന്നദ്ധയാകണം. "സ്ത്രീകൾ നിശ്ശബ്ദരായിരുന്നാൽ അവർ ചരിത്രത്തിന്റെ പുറത്താകുന്നു. അവർ ആൺമൊഴിയിൽ സംസാരിച്ചുതുടങ്ങിയാലോ പരതന്ത്രരും അന്യവൽകൃതരുമായിട്ടാണ് ചരിത്രത്തിൽ പ്രവേശിക്കുക. അതുകൊണ്ട് ചരിത്രത്തെ തകർക്കാൻ അവർക്കുകഴിയാതെ പോകുന്നു" എന്ന് സേവിയേറെഗോത്തിയേ അഭിപ്രായപ്പെടുന്നു. അതുകൊണ്ട് സ്ത്രീ കാലത്തിന്റെ മുഴക്കമാകണം. അതിന് ജനകീയമായ ഉണർവാണ് ആവശ്യം.









# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഭൂരഹിതരായ ഇന്ത്യൻ ഭൂരിഭക്ഷമാണ് ദളിതർ അന്നും ഇന്നും. 'ദൈവത്തിന്റെ പുത്രൻമാർ' എന്ന വിഷേഷണത്തിൽ അധസ്ഥിത വർഗ്ഗത്തിന് സാമൂഹ്യ അംഗീകാരം നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ മഹാത്മാഗാന്ധിയുടെ കാലത്തിന് മുൻപ് തന്നെ സജീവമായിരുന്നു. നൂറ്റാണ്ടുകളായി സാമൂഹ്യമായും, സാമ്പത്തികമായും, മതപരമായും അടിച്ചമർത്തപ്പെട്ടിരുന്ന ബഹുഭൂരിപക്ഷത്തിന് അധികാരം എന്നും അകലെയായിരുന്നു. ഇന്ത്യൻ ഭരണ ഘടന വിവിധ വകുപ്പുകളിലൂടെ അവശജനവിഭാഗത്തിന്റെ സാമൂഹ്യ ഉന്നമനത്തിന് നിരവധി നിർദ്ദേശങ്ങളും, വകുപ്പുകളും എഴുതിച്ചേർത്തിരുന്നെങ്കിലും ഉണ്ടായിട്ടുള്ള പുരോഗതി ആശാവഹമല്ല. ലോകസഭകളും നിയമസഭകളും ഈ ദിശയിൽ നിരവധി നിയമ നിർമ്മാണം നടത്തുകയും, പുരോഗമനാപരമായ പല ബില്ലുകളും അവതരിപ്പിക്കപ്പെടുകയും ചെയ്തുട്ടുണ്ടെങ്കിലും, അവയൊക്കെ നടപ്പിൽ വരുത്തുന്നതിൽ അനുവർത്തിച്ചു വന്നിട്ടുള്ള അലംഭാവം അവശവിഭാഗത്തിന്റെ പുരോഗതിയെ പുറകോട്ടടിച്ചിട്ടുണ്ട്. ഇന്ത്യയിലെ പൊതു സ്ഥിതിയെ അപേക്ഷിച്ച് കേരളത്തിലെ സ്ഥിതി കുറേ കൂടി ആശാവഹമാണ്. അഖിലേന്ത്യാ തലത്തിൽ അംബേദ്ക്കറുടെ ഉശിരൻ പോരാട്ടങ്ങളും ഗാന്ധിജിയുടെ അയിത്തോച്ചാടനയത്നങ്ങളും ദളിതരെ അവഗണിയ്ക്കാൻ പറ്റാത്ത ശക്തിയായി അംഗീകരിപ്പിയ്ക്കാൻ കഴിഞ്ഞു. കേരളത്തിലാകട്ടെ അയ്യങ്കാളിയുടെയും, നാരായണ ഗുരുവിന്റേയും, സഹോദരൻ അയ്യപ്പന്റേയും, സി. കേശവന്റേയും, ഡോ. പൽപ്പുവിന്റേയും നേതൃത്വത്തിലുള്ള നവോത്ഥാന പ്രസ്ഥാനം അധ:സ്ഥിതന്റെ സ്വത്വ ബോധവും, സാമൂഹ്യ ബോധവും വളർത്തുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ചു. സംഘടിക്കുവാനും ശക്തരാകുവാനും, അറിവും, അർത്ഥവും അന്തസ്സും നേടുവാനും അവർ സജ്ജരായി. എന്നാൽ കൂട്ടത്തിൽത്തന്നെ കൂടാരങ്ങൾ തീർക്കാൻ തന്ത്രശാലികൾക്കു കഴിഞ്ഞു. ഒത്തൊരുമിച്ചു നിൽക്കേണ്ട ജനതയെ ഒരു സാമൂഹ്യ സദാചാരബോധത്തിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് നിർത്തുന്നതിനു പകരം പിന്നീടുവന്ന രാഷ്ട്രീയ സാമൂഹ്യ നേതൃത്വങ്ങൾ അവരെ വ്യത്യസ്ത സംഘടനകളിലായി വിഘടിപ്പിച്ചു നിർത്തുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി സജീവമായിരുന്ന മതപരവും ജാതിപരവുമായ വർഗ്ഗീയ വൽക്കരണം ദളിതന്റെ സംഘശേഷിയെ പ്രതിലോമമായി ബാധിച്ചിട്ടുണ്ട്. കോടികൾ കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളും ഇതര സന്നദ്ധ സംഘടനകളും അവശവിഭാഗത്തിന്റെ ഉന്നമനത്തിനായി ചെലവിട്ടിട്ടുണ്ടെങ്കിലും അതൊക്കെ കുറെ സ്ഥാപിത

താൽപര്യക്കാരുടെ കൈകളിൽ ഭദ്രമായതല്ലാതെ, യഥാർത്ഥ ഗുണഭോക്താവിന് എത്തിച്ചേർന്നിട്ടില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. സർക്കാരുകളുടെ കീഴിൽ വ്യത്യസ്ത വകുപ്പുകൾ തന്നെ രൂപീകരിച്ച് ദളിതരുടെ സ്ഥിതി മെച്ചപ്പെടുത്തുവാൻ ലക്ഷ്യമാക്കിയിട്ടുണ്ടെങ്കിലും അതൊക്കെ ആ വകുപ്പുകാരുടെ സ്ഥിതി മെച്ചപ്പെടുത്തുന്ന മിനിമം പരിപാടിയിൽ ഒതുങ്ങിയ കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുക. പുരപ്പുറത്തും, മൈതാനത്തറകളിലും, കവലവേദികളിലും ദളിതന്റെ ഉന്നമനത്തിനായി ധാരാളം പരസ്യ പരിശ്രമങ്ങൾ നടത്തുന്നുവെങ്കിലും അവയൊന്നുംതന്നെ ഗുണഭോക്താവിൽ എത്തപ്പെടുന്നില്ല. ഇതിനു പ്രധാനകാരണം ഭരണ രംഗത്തെ അതാര്യതയും അതു തകർക്കാൻ ദളിതനേതൃത്വം കാണിക്കുന്ന വിമുഖതയുമാണ്. സംഘടനകളും സംഘടനാ നേതൃത്വങ്ങളും സത്യസന്ധവും, ത്യാഗധനരും, ആദർശീലരും ആയാൽ മാത്രമേ ഈ സാമൂഹ്യ ചൂഷണത്തിൽ നിന്ന് ദളിതർക്ക് മോചനമുള്ളൂ.

സർക്കാർവക സഹായങ്ങളും, പരിഗണനകളും കൊണ്ട് മാത്രം ഒരു ജനവിഭാഗവും പുരോഗതിയിൽ എത്തപ്പെടില്ല. എന്നാൽ സമഗ്രമായ സാമൂഹ്യ ഉന്നമനപ്രക്രിയയുടെ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന ഈ വിധ സഹായങ്ങളും സാദ്ധ്യതകളും ബോധപൂർവ്വം ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ അതൊരു നേട്ടം തന്നെയാണ്. ഗ്രാമ പഞ്ചായത്ത് തലത്തിൽ നിലവിലുള്ള ദളിതരുടെ സ്ഥിതി വിലയിരുത്തപ്പെടുകയും അവരുടെ പ്രശ്നങ്ങളും പരാധീനതകളും പട്ടികപ്പെടുത്തുകയും മാത്രമാണ് ഇവിടെ, ഒപ്പം പരിഹാര നിർദ്ദേശങ്ങളും.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 21 ശതമാനത്തോളം വരുന്ന ജന വിഭാഗം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്നു. ഭൂരിഭാഗവും വിവിധ വാർഡുകളുടെ പത്തു കോളനികളിലായി താമസിയ്ക്കുന്നു. ഇടകലർന്നു ജീവിയ്ക്കുന്ന കുടുംബവും എല്ലാ വാർഡുകളുലുമുണ്ട്. നല്ല സാമ്പത്തിക ശേഷിയും ഉയർന്ന ഉദ്യോഗവും നേടിയവരും, നിരക്ഷരരും നിരാലംബരും ഈ വിഭാഗത്തിലുണ്ട്. സാക്ഷരതാ നിരക്ക് ഈ വിഭാഗത്തിന്റെ ഇടയിൽ മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ചു കുറവാണ്. മത്സ്യമേഖല, കക്കാവാരൽ, കൂലിപ്പണി, കാഷ്യൂഫാക്ടറി ജോലി, നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി വൈവിദ്ധ്യമാർന്ന തൊഴിലുകളിൽ ഇവർ ഏർപ്പെട്ടിരിക്കുന്നു. ഏകദേശം 400 – 450 ഇടയിൽ ദളിതകുടുംബങ്ങളുണ്ട്. സ്വന്തമായ ഭൂമിയും വീടുമില്ലാത്ത കുടുംബങ്ങളുടെ എണ്ണവും കുറവല്ല. ഉള്ള വീടുകളിൽ പലതും അറ കുറ്റ പണികൾ ചെയ്യാത്തതുമൂലം നാശത്തെ നേരിടുന്നു. ഔദ്യോഗികവും അനദ്യോഗികവുമായ പല സംഘടനകളും, ഡിപ്പാർട്ടുമെന്റുകളും ഉണ്ടെങ്കിലും ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള സന്നദ്ധ പ്രവർത്തനം ഇന്നും ഫലപ്രദമല്ല. വിദ്യാഭ്യാസമായി വളരെ പിന്നോക്കം നിൽക്കുന്ന വിഭാഗമാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ സജീവ ശ്രദ്ധ ചെലുത്തുവാൻ മാതാപിതാക്കൾക്കു കഴിയാത്തതിനാൽ വിദ്യാഭ്യാസ പുരോഗതി ആശാവഹമല്ല. സർവകലാശാല വിദ്യാഭ്യാസത്തിന് പോകുന്നവർ വിരളമാണ്. പ്രീഡിഗ്രിയ്ക്കു പോകുന്ന ഭൂരിപക്ഷവും വിദ്യാഭ്യാസം പൂർത്തിയാകാതെ നിലനിൽക്കുന്ന അവസ്ഥയാണുള്ളത്. പണിയില്ലാതെ നിൽക്കുന്ന അഭ്യസ്തവിദ്യർ ഈ വിഭാഗത്തിനിടയിൽ വിരളമാണെന്നുള്ളത് ഇവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ അനിവാര്യതയിലേക്കു വിരൽ ചൂണ്ടുന്നു.

സർക്കാരിൽ നിന്നു ലഭിയ്ക്കുന്ന ആനു കൂല്യങ്ങളും മറ്റും ഔദാര്യമെന്ന നിലയിൽ ഉൾക്കൊള്ളാനല്ലാതെ അവകാശമെന്ന നിലയിൽ പിടിച്ചെടുക്കാനുള്ള നിലവാരത്തിലേയ്ക്ക് ഇനിയും ഉയരേണ്ടിയിരിക്കുന്നു. സാമൂഹ്യക്ഷേമപദ്ധതിയികളെക്കുറിച്ചുള്ള അറിവും ലഭിക്കുന്ന സഹായം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ട കഴിവും ആർജിക്കേണ്ടിയിരിക്കുന്നു. സാംസ്കാരികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും താഴെയാണെങ്കിലും സംഘടിത പ്രസ്ഥാനങ്ങളുടെ പിന്നിൽ സംഘം ചേരുന്നതിൽ ഈ വിഭാഗം മുൻപന്തിയിലാണ്. 'ഒരുനൂറുസമരപോരാട്ടങ്ങൾക്ക്' ഇവരെ ഉപയോഗപ്പെടുത്തുന്നതിനല്ലാതെ നേതൃത്വനിരയിലേക്ക് എത്തിക്കുന്നതിന് ഒരു സംഘടനയും ആത്മാർത്ഥമായി ശ്രമിക്കുന്നില്ല. പഞ്ചായത്തിലെ ആകെ ദളിത് ജന സംഖ്യയിൽ അഞ്ചു ശതമാനം പോലും നേതൃത്വനിരയിലുള്ളവരായി ഗ്രാമസഭാ റിപ്പോർട്ടുകളിൽ സൂചിപ്പിക്കുന്നില്ല. പ്രാദേശിക ഭരണ തിരഞ്ഞെടുപ്പുകളിൽ ജനറൽ സീറ്റുകളിൽ ഇവരെ ഒരു സംഘടനയും പരിഗണിക്കുന്നില്ലെന്ന് ശ്രദ്ധേയമാണ്. ഇവര

ആരാധനയിലിരുന്ന ക്ഷേത്രങ്ങളിൽപോലും, അവിടുത്തെ പൂജാരി സ്ഥാനവും ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുന്നു. ജാതീയ ഉച്ചനീചത്വങ്ങൾ പ്രകടമല്ലെങ്കിലും മറ്റ് ജാതി വിഭാഗങ്ങൾ പരസ്പരം ഇടപെടുന്നതുപോലെ ആഘോഷങ്ങളിലും വിശേഷങ്ങളിലും സ്വതന്ത്രമായ സഹകരണരീതി നിലവിലില്ല. കാലം അടിച്ചേൽപ്പിച്ച അധ:സ്ഥിതത്വവും, കമ്പോള സംസ്കാരത്തിന്റെ തിളക്കത്തിനുമിടയിൽ സ്വത്വം നഷ്ടപ്പെടുന്ന ഒരു വിഭാഗമായി ഇവർ മാറിയിരിക്കുന്നു. ആസൂത്രിതവും, ആത്മാർത്ഥവുമായ സന്നദ്ധ പ്രവർത്തനത്തിന്റെ സഹായത്തോടെ മാത്രമേ ഇവരുടെ സമഗ്രമായ ഉന്നമനം സാദ്ധ്യമാകൂ.

## ഗ്രാമ സഭാ പ്രശ്നങ്ങളും - നിർദ്ദേശങ്ങളും

1. എല്ലാ കോളനികളിലും സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ മറ്റു കുടുംബങ്ങളോടൊപ്പം താമസിക്കുന്നുണ്ട്. സന്നദ്ധ പ്രവർത്തനത്തിലൂടെ ഇവരെക്കുറിച്ചുള്ള വിവര ശേഖരണ സർവ്വേ നടത്തി, പുനരധിവാസ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

2. വൈദ്യുതി ലഭിക്കാത്ത വീടുകൾക്ക്, സർക്കാർ സഹായമോ, സന്നദ്ധ സംഘടനകളുടെ സഹായമോ ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കാനുള്ള ഒരു സമഗ്രപരിപാടി തയ്യാറാക്കി പ്രവർത്തനം ആരംഭിക്കണം.

3. കാഞ്ഞിരകോട് ലക്ഷം വീട് കോളനിയിലെ പൊതു കിണർ മലിനീകരണത്തിൽ നിന്ന് രക്ഷിക്കുന്നതിനായി കിണർ മൂടികൊണ്ട് സംരക്ഷിക്കുകയും, ഒരു വാട്ടർട്ടാങ്കും, പമ്പു സെറ്റും, ടാപ്പുകളും സ്ഥാപിച്ച് കോളനിയിലെ ജല ദൗർലഭ്യം പരിഹരിക്കുകയും വേണം.

4. ആൽത്തറമുകൾ കോളനിയെ പട്ടിക വർഗ്ഗ കോളനിയായി അംഗീകരിച്ച് വികസനപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.

5. സ്ഥിരമായി സ്കൂളിൽ പോകാത്ത കുട്ടികളെ സ്കൂളിൽ എത്തിയ്ക്കുന്നതിനും, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കോളനി തലത്തിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക. ഇവരെ സഹായിക്കാൻ പഞ്ചായത്ത് തലത്തിൽ പരിപാടികൾ ആവിഷ്കരിച്ച് പദ്ധതികൾ നടപ്പിലാക്കുക.

6. കോളനികളിൽ കുടിവെള്ളവും, ആരോഗ്യ പരിപാലനവും പരിതാപകരമായ സ്ഥിതിയിലാണ്. ശുദ്ധജല ദൗർലഭ്യവും ആരോഗ്യബോധത്തിന്റെ അഭാവവും രോഗാതുരയുടെ കാരണമാണ്. ആരോഗ്യകേന്ദ്രം വഴിയും ഐ.സി.ഡി.എസ് ഓഫീസുവഴിയും നടത്തിവരുന്ന പ്രവർത്തനങ്ങൾ സമന്വയിപ്പിക്കണം.

7. കോളനികൾ കേന്ദ്രീകരിച്ച്, മദ്യ പാന സംഘങ്ങളും, ചീട്ടുകളി സംഘങ്ങളും നിലനിൽക്കുന്നു. ഇത് കോളനികളുടെ സാംസ്കാരികവും, മാനസികവുമായ ആരോഗ്യ നിലവാരത്തകർച്ചയ്ക്ക് മുഖ്യ കാരണമാകുന്നു. നിരന്തരമുള്ള പോലീസ് സന്ദർശനത്തിലൂടെയും, സമാന്തര ബോധവൽക്കരണത്തിലൂടെയും ഈ പ്രവണതയ്ക്ക് കടിഞ്ഞാണിടേണ്ടതാണ്. പ്രദേശത്തെ പ്രമുഖരും, പഞ്ചായത്തുസമിതിയും, പോലീസ് വകുപ്പും അർപ്പണബോധത്തോടെ കൂട്ടായി പ്രവർത്തിയ്ക്കേണ്ടതാണ്.

8. കോളനികളിൽ സ്ഥാപിച്ചിട്ടുള്ള ടി. വി. സെറ്റുകളുടെ റിപ്പയറിംഗ് നടത്തി ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കണം.

9. വീട് വയ്ക്കാനുള്ള ഗ്രാന്റ് 5000. രൂപയായി ഉയർത്തുക.

10. തണ്ണിക്കോട് പ്രദേശം പട്ടികജാതി പട്ടികവർഗ്ഗ കോളനിയായി പ്രഖ്യാപിച്ച്, വൈദ്യുതി ഗതാഗതം,കുടിവെള്ളം എന്നിവ ലഭ്യമാക്കുക.

11. തണ്ണിക്കോട് മുക്കിൽ ഒരു ചെറു വാഹനം പോലും വന്ന് തിരിയാനുള്ള സ്ഥലമില്ല. പഞ്ചായത്തിൽ നിരവധിതവണ നിവേദനം കൊടുത്തിട്ടും പരിഗണിയ്ക്കാത്ത ഈ ആവശ്യം അടിയന്തിരമായി പരിഗണിയ്ക്കേണ്ടതാണ്.

12. ടി. വി. സെറ്റുകൾ ഇല്ലാത്ത കോളനികളിൽ അതു സ്ഥാപിക്കുക.

13. എല്ലാ കോളനികളിലും പ്രീ പ്രൈമറി സ്കൂളുകൾ സ്ഥാപിയ്ക്കുക.

14. കക്കൂസില്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകുക.

15. ഈ വിഭാഗത്തിൽ അർഹരായ എല്ലാവർക്കും വിധവാ പെൻഷൻ വാർദ്ധക്യകാല പെൻഷൻ എന്നിവ നൽകുക.

16. കോളനികളുമായി ബന്ധപ്പെടുത്തുന്ന നിലവിലുള്ള എല്ലാ

റോഡുകളും സഞ്ചാരയോഗ്യമാക്കുകയും നിലവിൽ റോഡുകളെത്താത്ത കോളനികളിലേക്ക് റോഡു നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

17. എല്ലാ കോളനികളിലും സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക. വായനയ്ക്കും, വിനോദത്തിനും, ചർച്ചക്കും, സംവാദത്തിനും വേദി ഒരുക്കുക.

18. പൊതു ലൈറ്റുകൾ എത്താത്ത കോളനികളിൽ അവ സ്ഥാപിക്കുക.

19. ചില പ്രദേശങ്ങളിലെങ്കിലും ജാതീയമായ അവഗണന പ്രത്യക്ഷമല്ലെങ്കിലും അനുഭവപ്പെടുന്നു. ഇതിനെതിരായ ബോധവൽക്കരണം മറ്റ് വിഭാഗം ആൾക്കാരുമായിചേർന്ന് അനസ്യൂതം നടത്തണം.

20. വീട് പുതുക്കി പണിയുന്നതിനും, അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ഗൃഹോപകരണങ്ങൾ സമ്പാദിക്കുന്നതിനും, ചികിത്സാ - വിദ്യാഭ്യാസ ചെലവുകൾക്കും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

21. പരിഹാരക്കോട് കോളനി ചരിഞ്ഞ പ്രദേശമായതിനാൽ മണ്ണിടിച്ചിൽ തടയുവാൻ സൈഡ് വാൾ കെട്ടുക.

22. എല്ലാ കോളനിയിൽ നിന്നും പൊതുശ്മശാനത്തിലേക്കു റോഡ് സുഗമമാക്കുക.



" അസ്പൃശ്യത ജാതി വ്യവസ്ഥയുടെ പ്രത്യേകതയാണ്. ജാതി വ്യവസ്ഥ വർണ്ണാശ്രമ ധർമ്മങ്ങളിൽ നിന്നുണ്ടായതാണ്. വർണ്ണാശ്രമ ധർമ്മങ്ങളാകട്ടെ ബ്രാഹ്മണ സൃഷ്ടിയും ; അതിന്റെ ലക്ഷ്യമാകട്ടെ രാഷ്ട്രീയ അധികാരവും. "

***- ഡോ.ബി.ആർ. അംബേദ്കർ.***

# വിഭവ സമാഹരണം



ഇന്ത്യയുടെ വ്യാവസായിക ഭൂപടത്തിലെ മാണിക്യമായിരുന്ന കുണ്ടറ ഇന്ന് വ്യാവസായങ്ങളുടെ ശവപ്പറമ്പായിമായിരിയ്ക്കുന്നു. കശുവണ്ടി,കയർ മേഖലകളിലെ മാന്ദ്യവവും, വ്യവസായ ശാലകളുടെ തകർച്ചയും നമ്മുടെ പഞ്ചായത്തിനെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിൽ എത്തിച്ചിരിക്കുന്നു. കാർഷികരംഗവും ചെറുകിടവ്യവസായരംഗത്തും ഉണ്ടായിട്ടുള്ള തൊഴിലവസര തകർച്ചയും നമ്മുടെ സാമ്പത്തിക സ്ഥിതിയെ ബാധിച്ചിട്ടുണ്ട്. പരമ്പരാഗതമേഖലകളിൽ നിന്നും തൊഴിലിനായി സ്ത്രീകളും , പുരുഷൻമാരും മറ്റ് മേഖലകളിലേയ്ക്ക് പോയിടുന്നു. നാമമാത്രമായ വേതനം പറ്റിക്കൊണ്ട് പബ്ലിക് ടെലിഫോൺ ബൂത്തുകളിലെ ഓപ്പറേറ്റൻമാരായും കടകളിലെ എടുത്തുകൊടുപ്പുകാരായും ജോലി നോക്കുന്നു. മനുഷ്യവിഭവശേഷി സമൃദ്ധമായ പഞ്ചായത്താണ് നമ്മുടേത്. വിഭവസമാഹാരം എങ്ങനെ എന്നറിയാൻ പഞ്ചായത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള അറിവ് അനിവാര്യമാണ്. പഞ്ചായത്ത് പരിധിയിൽ കാത്തലിക്ക് സിറിയൻ ബാങ്കിന്റെയും, ഫെഡറൽ ബാങ്കിന്റെയും ഓരോ ശാഖകളും, ഒരു സഹകാര്യബാങ്കും, രണ്ട് സർവ്വീസ് സഹകരണസംഘങ്ങളുടെ പ്രവർത്തനവും പഞ്ചായത്തിന് ലഭിക്കുന്നു.

വരവ് സംബന്ധിച്ച വിവരം (1995 - 96) പട്ടികയിൽ കൊടുത്തിട്ടുണ്ട്.

നികുതികൾ ചുമത്തുന്നതിലെ താല്പര്യവും, പരിഗണനകളും, ധനസമാഹരണത്തിന് തടസ്സമായി നിൽക്കുന്നു യഥാർത്ഥ നികുതിദായകനെ സത്യസന്ധമായി നികുതിഒടുക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും നികുതി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ പ്രസിദ്ധീകരിക്കുകയും നികുതിദായകൻ മാനദണ്ഡമനുസരിച്ച് നൽകേണ്ടനികുതി പഞ്ചായത്തിന് എത്തിയ്ക്കാൻ അവസരം ഒരുക്കുകയും വേണം. നമ്മുടെ പഞ്ചായത്തിലെ ഒട്ടുമിക്ക വ്യാപാരസ്ഥാപനങ്ങളും, വ്യവസായ, വിദ്യാഭ്യാസ

സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ചെറുതും വലുതുമായ ഇനിയും നികുതി നൽകേണ്ട കുറച്ചധികം സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലിസ്റ്റിൽപ്പെടുത്താൻ ശ്രദ്ധവെയ്ക്കണം. പഞ്ചായത്തിന് യാതൊരു പ്രയാസവും കൂടാതെ നികുതി നൽകാൻ കെൽപുള്ള സ്ഥാപനങ്ങളും വ്യക്തികളും പഞ്ചായത്തിന്റെ പിടിയിൽ നിന്ന് വഴുതിപ്പോകുന്നു. ഇത് പഞ്ചായത്തിന്റെ ധനസമാഹരണത്തെ പ്രതികൂലമായി ബാധിയ്ക്കും. വിനോദനികുതി പിരിക്കുന്നതിലെ അഴിമതി അതുമായി ബന്ധപ്പെട്ടകണക്കുകൾ സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകും. ഇത്രയും കുറഞ്ഞവരുമാനത്തിൽ സ്ഥാപനങ്ങൾ ലാഭത്തിലെന്നല്ല, നടത്തിക്കൊണ്ടുപോവുക തന്നെ അസാദ്ധ്യമാണ്. എന്നിട്ടും അത്തരം സ്ഥാപനങ്ങൾ നിലനിൽക്കുന്നത് പഞ്ചായത്തിന്റെ നികുതി തുക സ്വന്തം വരുമാനത്തോട് ചേർക്കുന്നതിലെ കൗശലം കൊണ്ടാണ്. ആർഭാഡവും ആഢംബരവും പര്യായമാകുന്ന വീടുകൾക്കും കെട്ടിടങ്ങൾക്കും സൂപ്പർ ടാക്സ് ഏർപ്പെടിത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കണം. കറണ്ട് ചാർജ്ജിനത്തിൽ പഞ്ചായത്ത് അടയ്ക്കുന്ന തുകയിൽ പകുതിയിലധികവും ഉപയോഗിക്കാത്ത വൈദ്യുതിയുടെ ചാർജ്ജാണ്നൽകുന്നത്. പഞ്ചായത്തിന്റെ ആവശ്യത്തിനുപയോഗിക്കുന്ന വൈദ്യുതിയുടെ അളവറിയാൻ പ്രത്യേകമീറ്റർ സ്ഥാപിച്ച് മീറ്റർ റീഡിംഗ് അനുസരിച്ചുള്ള തുക മാത്രം അടയ്ക്കുന്ന രീതി ഉണ്ടാക്കുക. 'സർക്കാർ പരിപാടി' എന്ന വിശേഷണത്തിലെ ദുർവ്യയം മാറ്റി നിർത്തിക്കൊണ്ട് ആർഭാഢരഹിതമായി പൊതുപരിപാടികൾ, ബോധവൽക്കരണകളരികൾ എന്നിവ നടത്താൻ കഴിഞ്ഞാൽ ധാരാളം തുക ലാഭിക്കാൻ കഴിയും. കുടിശ്ശികകിടക്കുന്ന നികുതികൾ പിരിയ്ക്കുകയും, കുടിശ്ശികയിൽനിന്ന് പിഴപലിശ ഈടാക്കുകയും വേണം.

## ഗ്രാമസഭാനിർദ്ദേശവും പൊതുനിർദ്ദേശവും

ഒന്നാം വാർഡിന് വിഭവസമാഹാരറിപ്പോർട്ടില്ല.

1. മനുഷ്യാധ്വാനവും, പ്രാദേശികവിഭവ സമാഹരണവും

2. വിദേശത്ത് ഉള്ളവരും, വിദേശത്ത് നിന്ന് മടങ്ങി എത്തിയവരേയും ആകർഷിക്കുന്നതിനുള്ള പരിപാടികൾ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യണം.

3. കുണ്ടാ മുക്കട ജംഗ്ഷനോട് ചേർന്ന് KSEB, സ്യൂസിറാമിക്സിന്റെയും റോഡരികിലുള്ള സ്ഥലങ്ങൾ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കാനായി വിട്ടുകിട്ടാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

4. കുണ്ടാ മുക്കട മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പോലെ പഞ്ചായത്തിന് ദീർഘകാല ബാധ്യതയുണ്ടാകുന്ന അശാസ്ത്രീയ മായ വികസന പ്രവർത്തന ശൈലി ആവർത്തിക്കാതിരിക്കുക. ഒപ്പം ഷോപ്പിംഗ് കോംപ്ലക്സ് വ്യാപാരയോഗ്യമാക്കുന്നതിനുള്ള ശുചീകരണപ്രവർത്തനങ്ങൾ ഫലപ്രദമാക്കിയാൽ അവിടെ നിന്നും ഇന്നലഭിച്ചു കൊണ്ടിരിക്കുന്ന വരുമാനം ഇരട്ടിയിലധികം വർദ്ധിപ്പിക്കാവുന്നതാണ്.

5. പഞ്ചായത്ത് ലൈബ്രറിയിൽ ഒരു ഫോട്ടോകോപ്പിയർ വാങ്ങിവച്ചാൽ നിലവിലുള്ള ലൈബ്രേറിയനെ അതിന്റെ ചാർജ്ജ് കൂടി കൊടുത്ത് ഫുൾടൈം ആക്കുകയും പഞ്ചായത്തിന് സമീപപഞ്ചായത്തുകളുടെ വർക്കുകൾ പിടിച്ച് ഒരു നല്ലവരുമാന മാർഗ്ഗം ഉണ്ടാക്കാവുന്നതുമാണ്.

6. ഓണം, ക്രിസ്മസ് തുടങ്ങിയ വിശേഷാ വസരങ്ങളിൽ ഉൽസവചന്തകളും, ട്രെയിഡ് ഫെയറുകളും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപിച്ച് ഓരോ വർഷവും വൻ തുകകൾ സംഭരിയ്ക്കാവുന്നതാണ്.

7. ആർഭാഢവിവാഹത്തിന് ആർഭാഢത്തിന്റെ തോതനിസരിച്ച് ടാക്സ് ഈടാക്കേണ്ടതാണ്.

8. ആരാധനാലയങ്ങളിലെ വരുമാനത്തിന്റെ അഞ്ച് ശതമാനം പഞ്ചായത്തിന് ലഭിയ്ക്കാൻ ജനകീയാഭിപ്രായസമന്വയത്തോടെ നടപടിയുണ്ടാക്കണം.

9. പഞ്ചായത്ത് അതിർത്തിയിൽ പ്രധാന കവലകളിൽ പൊതുസമ്മേളനങ്ങൾ നടത്തുന്നതിനുള്ള സഹായങ്ങൾ പഞ്ചായത്ത് നൽകുകയും, അതിന് ഒരു നിശ്ചിത ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ്.

10. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി സാമ്പത്തികശേഷിയുള്ള കുട്ടികൾക്ക് പ്രവേശനം കൊടുത്ത് പെയ്ഡ് നഴ്സറികൾ കൂടി ആരംഭിച്ചാൽ പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗമാകും.

11. പഞ്ചായത്തിന് സ്വന്തമായി ഒരു ആംബുലൻസ് വാങ്ങുക. കുണ്ടായിലും പരിസരത്തും ആംബുലൻസ് ലഭ്യമല്ലാത്ത അവസ്ഥയിൽ ഒരു ഡ്രൈവർക്ക് തൊഴിൽ കൂടികിട്ടുന്ന ഈ സംരംഭം പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗ്ഗമാണ്.

12. പഞ്ചായത്തിലെ വരവുചിലവുകണക്കുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുകയും, അച്ചടിച്ച് പ്രസിദ്ധീകരിയ്ക്കുകയും വേണം.

13. പണികൾക്കായി ധാരാളം പണം പഞ്ചായത്തും, പഞ്ചായത്ത്വഴിയും ചിലവിടുന്നു. നടപ്പിലാക്കിയ പണികൾ സമയബന്ധിതവും മേൻമയേറിയതുമായാൽ, ആവർത്തന ചിലവ് ഒഴിവാക്കുകവഴി നല്ല തുക ഓരോ വർഷവും പഞ്ചായത്തിന് ലഭിയ്ക്കാവുന്നതാണ്.

14. കേബിൾ ടി. വി. യെ വരിക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതിയുടെ പരിധിയിൽ പെടുത്തേണ്ടതാണ്.

15. പഞ്ചായത്ത് വ്യാപാരം, വ്യവസായം, ഹോട്ടലുകൾ, കടകൾ മറ്റുള്ളവ ഉൾപ്പെടെ 248 സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നത് 4295 രൂപയാണ്. ശരാശരി 17 രൂപ എന്ന നിരക്കിൽ. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ഇതിനുള്ളിൽ വന്നിട്ടില്ലെന്നത് സ്പഷ്ടം. ഒപ്പം ചുമത്തുന്ന നികുതിതന്നെ നാമമാത്രവും ഇത് പരിഹരിക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

" സ്വരാജ്യത്തിന്റെ
മഹനീയഗുണങ്ങളെപ്പറ്റി
പ്രശംസിക്കുന്നതിലല്ല,
അതിന്റെ അവശതകളെ
കണ്ടറിഞ്ഞ് അവയെ
പരിഹരിക്കുന്നതിലാണ് ഒരു
പൗരന്റെ മാന്യത മുഴുവൻ
കിടക്കുന്നത് ".

- മെസ്സീനി

# വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 340975-80 | 308848-20 | 32127-60 |
| സർവീസ് ചാർജ് | 64690-20 | 58740-80 | 5949-40 |
| ലൈബ്രറി സെസ്സ് | 17228-95 | 15622-25 | 1606-70 |
| തൊഴിൽ നികുതി | 475751 | 416006 | 59745 |
| വിനോദ നികുതി | 16776-65 | 16776-65 | - |
| അഡി. വിനോദ നികുതി | 10331-85 | 10331-85 | - |
| പ്രദർശന നികുതി | 2016 | 2016 | - |
| പ്രദർശന നികുതിയിലുള്ള സർചാർജ് | 504-50 | 504-50 | - |
| ചന്ത വരവ് | 269075 | 251610 | 17465 |
| ചന്ത വരവ് അഡ്വാൻസ് (96/97 ലേക്ക്) | 293685 | 293685 | - |
| ലൈസൻസ് ഫീസ് (പി & ഒ) | 5622 | 5622 | - |
| ലൈസൻസ് ഫീസ് (പി.എഫ്.എ) | 1224 | 1224 | - |
| വസ്തു കൈമാറ്റ നികുതി (75 %) | 381608 | 381608 | - |
| ഡപ്പോസിറ്റ് | 28575 | 28575 | - |
| മറ്റുള്ളവ | 522103-10 | 522103-10 | - |
| ആകെ | 2430167-01 | 2313273-35 | 116893-70 |

# നന്ദി

"എനിക്ക് എന്ത് കിട്ടും" എന്ന മനോഭാവത്തിൽ നിന്ന് എനിയ്ക്ക് എന്ത് നൽകാൻ കഴിയും എന്ന മനോഭാവത്തിന്റെ രൂപീകരണമാണ് നാടിന്ന് പ്രതീക്ഷിക്കുന്നത്. നാളിതുവരെ അവകാശപ്പെട്ടതൊക്കെ സൗജന്യമെന്നരീതിയിൽ ലഭിച്ചിരുന്ന ജനതയെ അവകാശബോധവും അധികാരത്തിന്റെ അറിവും നൽകുന്ന നടപടിയാണ് ജനകീയാസൂത്രണം. നമ്മുടെ പഞ്ചായത്തിന്റെ ചരിത്രമറിയാതെ, സ്ഥിതിയറിയാതെ, ആവശ്യങ്ങറിയാതെ, സാമൂഹികസാമ്പത്തിക അവസ്ഥകൾ അറിയാതെ ആചാരം പോലെ നടന്ന്വന്നിരുന്ന വികസന പരിപാടികൾ ഇനി ശാസ്ത്രീയമാകാൻ പോകുന്നു. കാഴ്ചക്കാമായിമാത്രം നിന്നിരുന്ന ജനത അമരക്കാരാകാൻ പോകുന്നു.ഒൻപതുഗ്രാമസഭകളിലും രണ്ട് ശില്പശാലകളിലുമായി ആയിരങ്ങൾ പങ്കെടുത്ത സജീവചർച്ചകൾ സന്നദ്ധപ്രവർത്തകരുടേയും ഉദ്യോഗസ്ഥൻമാരുടേയും ജനപ്രതിനിധികളുടേയും കൂട്ടായ്മ വിവിധവകുപ്പുകളിൽ നിന്ന് ശേഖരിച്ച സ്ഥിതിവിവരകണക്കുകൾ, പഠനപര്യടനരേഖകൾ എന്നിവ വായിച്ചും, ചർച്ചചെയ്തും, എഴുതിയും, തിരുത്തിയും തയ്യാറാക്കിയ റിപ്പോർട്ടുകൾ ഗ്രാമസഭാനിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സ്ഥിതിവിവര കണക്കുകളുടേയും, ഉദ്യോഗസ്ഥമേധാവികളുടേയും, റിപ്പോർട്ടുകളുടേയും പൂവടുപിടിച്ച് എഴുതിയുണ്ടാക്കിയ വികസനപത്രിക നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങളെ ഏറെക്കുറെ സമഗ്രമായി സത്യസന്ധമായി ഉൾക്കൊള്ളുന്നുണ്ട്. ചിലപോരായ്മകൾ സ്വാഭാവികം; അത് ബോധപൂർവ്വമല്ലതാനും.

കേരളീയ ജനത പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന ജനകീയാസൂത്രണപരിപാടി ഒരു പാഴ്വിനോദമല്ല. അത് ശാസ്ത്രീയവും സമഗ്രവുമായ ഒരു വികസന സംസ്കാരത്തിന്റെ കർമ്മപദ്ധതിയാണ്. ജനങ്ങളുടെ ആവേശവും ആത്മാർത്ഥതയും അർപ്പണബോധവുമാണ് ഈ റിപ്പോർട്ടിൽ അക്ഷരങ്ങളായിട്ടുള്ളത്. ആവശ്യങ്ങളും,

നിർദ്ദേശങ്ങളും ഇനി സ്കീമുകളാവുകയും, അവ പദ്ധതികളായി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാവുകയും വേണം. നമ്മുടെ ആവശ്യങ്ങൾ സ്കീമുകളാകുന്നതിന് മുൻപ് അവ വീണ്ടും സമഗ്രമായ ചർച്ചയ്ക്കും വിലയിരുത്തലിനും വിധേയമാവുകയും വിവേകപൂർണ്ണമായ കൂട്ടിച്ചേർക്കലുകൾ നടത്തുകയും വേണം. വികസനസെമിനാറിൽ, വാർഡ്തലത്തിൽ നിന്ന് എത്തിയിട്ടുള്ള വിശേഷാൽ ഗ്രാമസഭാനിർദ്ദേശങ്ങളുടെ പഞ്ചായത്തുതല മുൻഗണന തീരുമാനിയ്ക്കുകയും വേണം

ഈ സെമിനാറിലൂടെ നാം ജനകീയ വികസന സങ്കല്പത്തിന്റെ ഒരു പടവു കടക്കുന്നു. മുപ്രധാനമായ പടവുകൾ ഇനിയാണുള്ളത്. പദ്ധതിനേട്ടം ജനങ്ങളിൽ എത്തിയ്ക്കുന്നതിന് ഭരണപരവും നിയമപരവുമായി ഒട്ടേറെ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട്. പഞ്ചായത്തിന് നിലവിൽ നൽകാവുന്ന അഡ്മിനിസ്റ്ററേറ്റീവ് സാങ്ഷൻ 50000 രൂപയാണ്. ഇത് ഇന്നത്തെ അവസ്ഥയിൽ സുഗമമായ പ്രവർത്തനത്തിന് തടസ്സമുണ്ട്. ഈ പരിധി 200000 ആയി ഉയർത്തുകയും പദ്ധതി നടപ്പിൽ ജനമേൽനോട്ടത്തിനുള്ള നിയമപരമായ പരിരക്ഷ ഉറപ്പാക്കുകയും നടപടികൾ ലഘൂകരിക്കുകയും വേണം. എങ്കിൽ മാത്രമേ അധികാരം ജനങ്ങളിലെത്തുകയും, ഒൻപതാം പദ്ധതി ജനകീയ പദ്ധതിയാവുകയും ചെയ്യുകയുള്ളു.

ശാസ്ത്രീയവും, സമഗ്രവും, സമയബന്ധിതവും സുതാര്യവും അഴിമതിരഹിതവുമായ ഒരു വികസന പാതയിലേയ്ക്ക് നമുക്ക് പദമൂന്നാം. ഈ റിപ്പോർട്ടിന്റെ പൂർത്തീകരണത്തിന് സഹായവും, സഹകരണവും നൽകിയ എല്ലാ നല്ലമനസ്സുകളേയും സ്നേഹത്തോടെ ഓർക്കുന്നു.

# കുണ്ടറ ഗ്രാമപഞ്ചായത്ത്

## കീ. റിസോഴ്സസ് പേഴ്സൺ

1. പി. വൈ. വർഗ്ഗീസ് (ജനകീയ ആസൂത്രണ സമിതി ചിറ്റുമല ബ്ലോക്ക് കൺവീനർ)
2. ഒ. ഗീതയും
3. പി. സി. രശ്മിയും (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്)

## ജില്ലാ റിസോഴ്സസ് പേഴ്സൺമാർ

1. ശശിധരൻ പിള്ള
2. കുമാരി ഗൗരി
3. കുട്ടൻ പിള്ള
4. കുമാരൻ
5. ഡേവിഡ്സൺ
6. ദേവദാസ്
7. ഓമനക്കുട്ടൻ പിള്ള
8. സതീശൻ


## സ്ഥിതിവിവരശേഖരണം

1. കെ. രാജമ്മ
2. പി. വൈ. വർഗ്ഗീസ്
3. ഐ. തോമസ്
5. കുട്ടൻ പിള്ള
6. കുമാരൻ
7. സാലിക്കുട്ടി തങ്കച്ചൻ
8. ദേവദാസൻ
9. മുളവന രാജേന്ദ്രൻ
10. അമ്മിണിക്കുട്ടി തോമസ്
11. ജോർജ്
12. സന്തോഷ്

Fig.No 4

# KUNDARA PANCHAYAT

## WATER AVAILABILITY




ഗ്രാഫ് - 1

ആകെയുള്ള കിണറുകൾ (വാർഡ് തലത്തിൽ)

# KUNDARA PANCHAYAT

**TOTAL NUMBER OF WELLS**





Based on volunteer data

Series A

ഗ്രാഫ് 2


# KUNDARA PANCHAYAT

*Nature of Wells*



# KUNDARA PANCHAYAT

## ENVIRONMENTAL APPRAISAL




- $T_1L$ Ridge Crest with Lateritic Soil
- $T_2L$ Hill Crest with Lateritic Soil
- $S_4L$ Side slope - Steep with Lateritic soil
- $S_3L$ Side slope - Moderately steep with Lateritic soil
- $S_2L$ Side slope - Moderate with Lateritic soil
- $S_1L$ Side slope - Gentle with Lateritic soil


- $V_1A$ Valley floor with Alluvium
- $V_1C$ Valley floor with Colluvium
- R.k Reclaimed Kayal
- Interior Plain
- Water Logged Paddy Field
- Paddy Field acquired by Ceramics for Clay
- $E_2$ Moderate Erosion
- Scarp Face
- Thodu

- Clay Mine
- Dry Area
- Low water Potential
- Spring
- Ponds

Map 1So (5)


# KUNDARA PANCHAYAT

## SURFACE MATERIAL





| Symbol | Material | Texture | Colour | Depth | Drainage |
|---|---|---|---|---|---|
| L L L L L | Lateritic Soil | Loam (Gravelly) | Reddish | Moderate -Deep | Moderate |
| L L L L | Lateritic Soil | Loam (Gravelly) | Reddish | Moderate -Deep | Moderate |
| | Alluvium | Silty Clay | Greyish | Moderate | Poor |
| | Alluvium | Sandy Clay | Greyish | Moderate | Poor |
| | Colluvium | — | Reddish | Low | Moderate |
| | Lateritic Soil | Sandy Loam | Greyish | Moderate | Good |

## ഗ്രാഫ്3


KUNDARA PANCHAYAT
QUANTITY OF WATER
കിണറ്റു മുകളിലെ വെള്ളത്തിന്റെ ആഴം
NO. OF WELLS
90
80
70
60
50
40
30
20
10
0.0
1
2
3
4
5
6
7
8
9
WARDS
0-MTS.WATER
2-4 MTS
4-MTS
6-8 MTS
8MTS & ABOVE

ഗ്രാഫ് 4



KUNDARA PANCHAYAT
DISTRIBUTION OF MAJOR CROPS
3.0
2.5
2.0
1.5
1.0
0.5
0.0
MIXED
COCONUT
MIXED T
MT + MC CROPS
MT + CO
PADDY
OTHERS

ഭൂപടം-3

# KUNDARA PANCHAYAT

## LANDFORM

## ഭൂപ്രകൃതി




- Panchayat Boundary
- Metalled Road
- State Highway
- Railway
- Thodu
- Ridge Crest $T_1$
- Hill Crest $T_2$
- Moderately Steep $S_3$
- Slope Steep $S_4$
- Sideslope Gentle $S_1$
- Sideslope Moderate $S_2$
- Reclaimed Kayal $R_1$
- Low Erosion $E_1$
- Moderate Erosion $E_2$
- Scarp Face
- Valley floor $V_1$
- Interior plain $IP$

## 1993 – ൽ ഓരോ മാസത്തെ മഴയും താപനിലയും

| മാസം | മഴ | താപനില | |
|---|---|---|---|
| | മി. മി. | കൂടിയത് | കുറഞ്ഞത് (ഡിഗ്രി- സെൽഷ്യസ്) |
| ജനുവരി | 0 | 31 .7 | 21 .5 |
| ഫെബ്രുവരി | 50 .3 | 32 .3 | 22 .6 |
| മാർച്ച് | 49 .1 | 33 .3 | 24 .2 |
| ഏപ്രിൽ | 158 .6 | 33 .3 | 25 .1 |
| മെയ് | 179 .8 | 32 .7 | 22 .5 |
| ജൂൺ | 571 .6 | 30 .1 | 24 .1 |
| ജൂലൈ | 587 .3 | 29 .0 | 22 .5 |
| ആഗസ്റ്റ് | 204 .7 | 30 .3 | 23 .5 |
| സെപ്റ്റംബർ | 162 .3 | 31 .7 | 23 .5 |
| ഒക്ടോബർ | 477 .3 | 30 .1 | 23 .3 |
| നവംബർ | 368 .0 | 30 .0 | 23 .0 |
| ഡിസംബർ | 91 .00 | 30 .7 | 23 .0 |

## കൃഷിഭവനിൽ നിന്നും വിതരണം ചെയ്ത ഉപകരണങ്ങൾ

| | | | |
|---|---|---|---|
| (1) | പൗവ്വർ മില്ലർ | – | 1 എണ്ണം |
| (2) | സ്പെയറർ | – | 25 ,, |
| (3) | പമ്പ്സെറ്റുകൾ | – | 110 ,, |


## കാലാവസ്ഥ

മഴ (കൊല്ലത്തെ അളവ്)


സാധാരണമഴ – കൊല്ലം 2554. മി. മി. കേരളം 3063 മി. മി.

| വർഷം | കൊല്ലം മി. മി. | കേരളം മി. മി. |
|---|---|---|
| 1975 –76 | 2354 | 2729 |
| 76 – 77 | 2594 | 2731 |
| 77 – 78 | 2637 | 3256 |
| 78 – 79 | 2839 | 2788 |
| 79 – 80 | 4780 | 2799 |
| 80 – 81 | 3958 | 3039 |
| 81 – 82 | 2634 | 2215 |
| 82 – 83 | 897 | 1396 |
| 83 – 84 | 2197 | 3049 |
| 84 – 85 | 2059 | 2734 |
| 85 – 86 | 913 | 1970 |
| 86 – 87 | NA | 2046 |
| 87 – 88 | 1163 | 1828 |
| 88 – 89 | 2337 | 2466 |
| 89 – 90 | 2559 | 2801 |
| 90 – 91 | 2745 | 2966 |
| 91 – 92 | 2430 | 2840 |
| 92 – 93 | 3265 | 3232 |

## പ്രധാന വിളകൾ




## മണ്ണിലെ പ്രധാന പോഷണ മൂലക ലഭ്യത




മദ്ധ്യമം
കുറവ്

N- പാക്യ ജനകം
P- ഫോസ്ഫറസ്
P പൊട്ടാഷ്

## പ്രധാന കാർഷിക വിളകളും – അവയുടെ ഉത്പാദന ക്ഷമതയും, ഉത്പാദനവും, 1995 - 96

| നമ്പർ | വിള | വിസ്തൃതി ഹെക്ടർ | ഉത്പാദനക്ഷമത കിലോഗ്രാം/ഹെക്ടർ | ഉത്പാദനം ടൺ |
|---|---|---|---|---|
| (1) | നെല്ല് | | | |
| | (എ) വിരിപ്പ് | 81.4 | 2280 | 185.59 |
| | (ബി) മുണ്ടകൻ | 81.4 | 2342 | 190.64 |
| (2) | തെങ്ങ് | 465 | 3400 mt/hr<br>20 തേങ്ങ(മരമൊന്നിന്) | 1582360 |
| (3) | കശുമാവ് | 10 | 600 | 6 ടൺ |
| (4) | കുരുമുളക് | 15 | 123 | 1 .845 |
| (5) | കവുങ്ങ് | 15 | 1,09,600<br>അടക്ക | 1644000<br>അടക്ക |
| (6) | റബ്ബർ | 2 | 210 | .420 |
| (7) | മരച്ചീനി | 205 | 12000 | 2460 |
| (8) | വാഴ | 25 | 5 . 500 | 137 .5 |
| (9) | പയർ | 47 | 250 | 11 .75 |
| (10) | കാച്ചിൻ/കിഴങ്ങ് | 130 | 15000 | 1950 |
| (11) | ഇഞ്ചി | 5 | 2000 | 10 |
| (12) | മറ്റുപച്ചക്കറികൾ | 9 | 3500 | 31 .5 |

## വിളക്രമം

### നിലം

(1) നെല്ല് –നെല്ല് – തരിശ്
(2) നെല്ല്– നെല്ല് – പയർ
(3) നെല്ല്– നെല്ല്– എള്ള്


### പുരയിടം

(1) തെങ്ങ് – മരച്ചീനി
(2) തെങ്ങ്– പയർ – മുതിര
(3) തെങ്ങ് – പച്ചക്കറി


### മണ്ണിനങ്ങൾ

| | | |
|---|---|---|
| ചെങ്കൽമണ്ണ് | – | 1160ഹെക്ടർ |
| ചരൽകലർന്നചെളിമണ്ണ് | – | 61 ,, |
| മണൽകലർന്നചെളിമണ്ണ് | – | 20 .4 ,, |


വാഴകൃഷി ഉല്പാദനം (ഹെക്ടറിൽ)





കുരുമുളക് ഉല്പാദനം (ഹെക്ടറിൽ)





മരച്ചീനി ഉല്പാദനം (ഹെക്ടറിൽ)




നെല്ലുല്പാദനം (ഹെക്ടറിൽ)




നാളീകേര ഉത്പാദനം



## നിലവും കൃഷിക്കാരും

| നമ്പർ | ഏല | വിസ്തൃതി (ഹെക്ടർ) | കൃഷിക്കാർ |
|---|---|---|---|
| (1) | കാഞ്ഞിരക്കോട് | 16 .4 | 62 |
| (2) | ഉരിയരിക്കുന്ന് | 3 .0 | 15 |
| (3) | മുളവന | 26 .0 | 106 |
| (4) | പുലിപ്പറ | 7 .0 | 22 |
| (5) | പളളിയറ | 5 .0 | 18 |
| (6) | മുകൂട് | 20 .0 | 75 |
| (7) | കരിപ്പുറം | 4 .0 | 13 |
| (8) | ചുറ്റുമല-ചിറ | 1 | 5 |

## ഭൂ ഉടമാരീതി

| വിസ്തൃതി | ഉടമകൾ | മൊത്തംഭൂമി (ഹെക്ടർ) |
|---|---|---|
| 0 .1 ഹെക്ടറിൻതാഴെ | 5835 | 196 .62 |
| 0 .1 – 0 .2 | 5388 | 570. 45 |
| 0 .2 – 0 .5 | 1520 | 304 . 0 |
| 0 .5 – 1 .0 | 44 | 26 .4 |
| 1 .0 – 1 .5 | 49 | 58 .8 |
| 1 .5 – 2 .0 | 12 | 19 .2 |
| 2 .00 മുകളിൽ | 7 | 16 .0 |

## കർഷക സംഘടനകൾ

| | |
|---|---|
| (1) | കാഞ്ഞിരക്കോട് പാടശേഖര സമിതി |
| (2) | മുളവന പാടശേഖര സമിതി |
| (3) | കരിപ്പുറം പാടശേഖരസമിതി |
| (4) | കുണ്ടറ പഞ്ചായത്ത് കേര കർഷക സമിതി |

## പഞ്ചായത്തിലെ പാർപ്പിടം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|---|
| | | | ഒരുനിലയുള്ള കെട്ടിടങ്ങൾ | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 923 | 10 | 363 | 307 | 147 | 96 |
| II | 683 | 20 | 183 | 341 | 77 | 62 |
| III | 423 | 01 | 67 | 257 | 90 | 8 |
| IV | 590 | 32 | 121 | 313 | 99 | 25 |
| V | 707 | 30 | 171 | 312 | 73 | 121 |
| VI | 630 | 09 | 95 | 366 | 141 | 19 |
| VII | 642 | 08 | 153 | 335 | 130 | 16 |
| VIII | 522 | 04 | 107 | 264 | 124 | 23 |
| IX | 387 | 08 | 98 | 179 | 68 | 34 |
| X | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| ആകെ | 5507 | 122 | 1358 | 2674 | 949 | 404 |



" സമാനീവ ആകൂതിഃ
സമാനാ ഹൃദയാനിവഃ
സമാനമസ്തു വോ മനോ
യഥാ വഃ സുസഹായതി "

- ഋഗ്വേദം 10.

[ നിങ്ങളുടെ അഭിപ്രായവും നിങ്ങളുടെ ഹൃദയവും
നിങ്ങളുടെ മനസ്സും ഒന്നായിത്തീരട്ടെ,
അങ്ങനെ അന്യാദൃശമായ സംഘശക്തി നിങ്ങളിൽ
വർദ്ധിച്ചുവരുവാൻ ഇടയാകട്ടെ. ]

ാധനം കുണ്ടറ ഗ്രാമ പഞ്ചായത്ത്, കുണ്ടറ. പി.ഒ 691501 ഫോൺ 522288